2020 മാർച്ച്
31
ചൊവ്വ
1195 മീനം 18

മെട്രോ വാർത്ത

Scan me
www.metrovaartha.com

കൊച്ചി | തിരുവനന്തപുരം | കോഴിക്കോട് | തൃശൂർ | ആലപ്പുഴ | ഭോപ്പാൽ | ഇൻഡോർ | റായ്പുർ www.metrovaartha.com 12 പേജ് ₹ 7.00 KOZHIKODE

കരുതലിന്റെ മറുകാഴ്ചകൾ... *ക്ഷേമ പെൻഷനുകൾ വാങ്ങാൻ ബാങ്കുകൾക്കു മുന്നിൽ വൻ തിരക്കായിരുന്നു ഇന്നലെ. കൊവിഡ്19 വൈറസിനെ ചെറുക്കാൻ മാസ്ക് ഇല്ലാത്തതിനാൽ ന്യൂസ് പേപ്പർ മടക്കി മൂക്കും വായും മൂടി കാത്തിരിക്കുന്ന വയോധികൻ. മാസ്ക് ധരിച്ചും സാരി കൊണ്ട് മുഖം പൊത്തിയും കാത്തിരിക്കുന്ന അമ്മൂമ്മമാർ വേറെ. പ്രായമേറിയവർ ഏറെ സൂക്ഷ്മതയോടെ കഴിയേണ്ട കാലഘട്ടത്തിലാണ് തിരുവനന്തപുരം കരമന എസ്ബിഐക്കു മുന്നിൽ നിന്നുള്ള ഈ കാഴ്ച.*

കെ.ബി. ജയചന്ദ്രൻ

ഇതുവരെയില്ല, സമൂഹ വ്യാപനം

ന്യൂഡൽഹി: രാജ്യത്ത് കൊറോണ വൈറസിന്റെ സമൂഹ വ്യാപനം ഇതുവരെ ഉണ്ടായിട്ടില്ലെന്ന് കേന്ദ്ര സർക്കാർ. 21 ദിവസത്തെ ലോക്ക്ഡൗൺ നീട്ടാൻ ആലോചിച്ചിട്ടില്ലെന്നും വിശദീകരണം. അടിയന്തരാവസ്ഥ പ്രഖ്യാപിക്കുമെന്നും സൈന്യത്തെ ഇറക്കുമെന്നുമുള്ള സോഷ്യൽ മീഡിയയിലെ അഭ്യൂഹങ്ങൾ സൈന്യവും നിഷേധിച്ചിട്ടുണ്ട്.

തെറ്റായ വിവരങ്ങൾ പ്രചരിപ്പിക്കുന്നതിനെയും അന്ധവിശ്വാസങ്ങൾ പിന്തുടരുന്നതിനെയും ചെറുക്കാൻ പ്രധാനമന്ത്രി നരേന്ദ്ര മോദി സാമൂഹിക പ്രവർത്തകരോട് അഭ്യർഥിച്ചു. സാമൂഹിക പ്രവർത്തന മേഖലയിലുള്ളവരുമായി വിഡിയോ കോൺഫറൻസ് വഴി സംസാരിക്കുകയായിരുന്നു മോദി. വിശ്വാസത്തിന്റെ പേരിൽ സാമൂഹിക അകലം പാലിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചിലർ ലംഘിക്കുന്നുണ്ടെന്ന് പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി.

നിസാമുദീനിൽ ഏതാനും ദിവസം മുൻപ് അനുമതിയില്ലാതെ നടത്തിയ മതപരമായ ചടങ്ങിൽ പങ്കെടുത്ത നിരവധി പേരെ കൊറോണ ലക്ഷണങ്ങളോടെ വിവിധ ആശുപത്രികളിൽ പ്രവേശിപ്പിച്ചിട്ടുണ്ട്. ഇരുനൂറിലേറെ പേർ ഇതിൽ പങ്കെടുത്തു എന്നാണു സൂചന. നൂറ്റിയെഴുപത്തഞ്ചോളം പേർ ഡൽഹിയിലെ ആശുപത്രികളിലുണ്ട്. ഇതേത്തുടർന്ന് നിസാമുദീനിലെ വലിയൊരു ഭാഗം ഡൽഹി പൊലീസ് വളഞ്ഞു തിരിച്ചു.

രാജ്യത്ത് കൊറോണ ബാധിതർ നൂറിൽ നിന്ന് ആയിരത്തിലെത്താൻ 12 ദിവസമെടുത്തു എന്നാണ് കേന്ദ്ര ആരോഗ്യ മന്ത്രാലയം ചൂണ്ടിക്കാട്ടുന്നത്. പല വികസിത രാജ്യങ്ങളുടെയും രോഗവ്യാപനം ഇതിലുമേറെ വേഗത്തിലായിരുന്നു. ഇന്ത്യയെക്കാൾ ജനസംഖ്യ കുറഞ്ഞ ഏഴു വികസിത രാജ്യങ്ങളിൽ ഇതിന്റെ പതിന്മടങ്ങ് വേഗത്തിൽ രോഗം പടർന്നതായി ആരോഗ്യ മന്ത്രാലയത്തിലെ ജോയിന്റ് സെക്രട്ടറി ലവ് അഗർവാൾ വാർത്താസമ്മേളനത്തിൽ പറഞ്ഞു. സാമൂഹിക അകലം കർശനമായി പാലിക്കണം. ജനങ്ങൾ സഹകരിക്കുന്നതു കൊണ്ടാണ് സാമൂഹിക വ്യാപന ഘട്ടത്തിലേക്ക് കടക്കാതെ നോക്കാൻ കഴിയുന്നത്. കേന്ദ്ര- സംസ്ഥാന സർക്കാരുകൾ ഒറ്റക്കെട്ടായി പ്രവർത്തിക്കുന്നതിന്റെ ഫലം കാണുന്നുണ്ടെന്നും അഗർവാൾ.

അടച്ചുപൂട്ടൽ നീട്ടില്ല: കേന്ദ്രം

ന്യൂഡൽഹി: കോവിഡ് 19 വ്യാപനം തടയാൻ പ്രഖ്യാപിച്ച 21 ദിവസത്തെ അടച്ചുപൂട്ടൽ നീട്ടുന്നതു പരിഗണനയിലില്ലെന്നു കേന്ദ്രം. ഇതുസംബന്ധിച്ച റിപ്പോർട്ടുകളിൽ കഴമ്പില്ലെന്നു ക്യാബിനറ്റ് സെക്രട്ടറി രാജീവ് ഗൗബ അറിയിച്ചു. അടച്ചുപൂട്ടൽ നീട്ടുമെന്ന വാർത്തകൾ എനിക്കുതന്നെ അദ്ഭുതമായിരുന്നു. ഇവ അടിസ്ഥാനരഹിതമാണെന്നുംഗൗബ.

മാർച്ച് 24 നാണ് രാജ്യത്ത് സമ്പൂർണ അടച്ചുപൂട്ടൽ പ്രധാനമന്ത്രി പ്രഖ്യാപിച്ചത്. ഏപ്രിൽ 14 വരെയാണു നിലവിൽ നിയന്ത്രണം. എന്നാൽ, ഇതു കൂടുതൽ നീട്ടേണ്ടിവന്നേക്കാമെന്നു കഴിഞ്ഞദിവസങ്ങളിൽ സൂചനകളുണ്ടായിരുന്നു. ലോക്ഡൗൺ നിയന്ത്രണങ്ങൾ കർശനമായി നടപ്പിലാക്കാൻ സംസ്ഥാനങ്ങൾക്കും കേന്ദ്ര ഭരണപ്രദേശങ്ങൾക്കും നിർദേശം നൽകിയിട്ടുണ്ടെന്നും അദ്ദേഹം അറിയിച്ചു.

അതേസമയം ഇന്ത്യയിൽ സാഹചര്യങ്ങൾവെച്ച് കൊറോണ വൈറസിനെ പൂർണമായി പ്രതിരോധിക്കുന്നതിന് 49 ദിവസത്തെ ലോക്ക് ഡൗൺ ഏർപ്പെടുത്തേണ്ടിവരുമെന്ന് കേംബ്രിജ് സർവകലാശാലയിലെ ഗവേഷകർ അഭിപ്രായപ്പെട്ടിരുന്നു.

32 പേർക്കുകൂടി കൊവിഡ്

നിരീക്ഷണത്തിൽ 1.57 ലക്ഷം

തിരുവനന്തപുരം: ഇന്നലെ 32 പേർക്കു കൂടി കൊവിഡ് 19 കൊറോണ വൈറസ് ബാധ സ്ഥിരീകരിച്ചതോടെ സംസ്ഥാനത്തെ രോഗബാധിതരുടെ എണ്ണം 213 ആയി.

ഇന്നലെ സ്ഥിരീകരിച്ചതിൽ 17 പേർ വിദേശത്തു നിന്നു വന്നവരാണ്. 15 പേർക്ക് സമ്പർക്കം മൂലമാണ് രോഗം ബാധിച്ചത്. കാസർഗോഡ് 17 പേർക്കും കണ്ണൂരിൽ 11 പേർക്കും ഇടുക്കിയിലും വയനാട്ടിലും രണ്ടുപേർക്ക് വീതവുമാണ് ഇന്നലെ രോഗം സ്ഥിരീകരിച്ചത്.

ആകെ 1,57,253 പേരാണ് സംസ്ഥാനത്ത് നിരീക്ഷണത്തിലുള്ളത്. ഇതിൽ 1,56,660 പേരും വീടുകളിലാണ്.

അതിർത്തി പ്രശ്നത്തിൽ ഹൈക്കോടതി ഇടപെടുന്നു

- കർണാടക അഡ്വക്കേറ്റ് ജനറലുമായി സംസാരിക്കും

സ്വന്തം ലേഖകൻ

കൊച്ചി: കാസർഗോഡ് ജില്ലയിൽ കർണാടക അതിർത്തി അടച്ചതിനെതിരേ കേരള ഹൈക്കോടതി. മഹാമാരിയെ ചെറുക്കുന്നതിന്റെ പേരിൽ മനുഷ്യജീവനുകൾ പൊലിയുന്ന സാഹചര്യം പാടില്ലെന്ന് ഹൈക്കോടതി പറഞ്ഞു. ലോക്ക്ഡൗണിന്റെ ഭാഗമായി അതിർത്തി അടച്ച വിഷയം പരിഗണിക്കവേയാണ് ഫുൾ ബെഞ്ച് ഇങ്ങനെ പരാമർശിച്ചത്.

അതിർത്തി അടയ്ക്കാൻ കർണാടകയ്ക്ക് അധികാരമില്ലെന്നു സംസ്ഥാന സർക്കാർ ചൂണ്ടിക്കാട്ടി. ഇന്നു രാവിലെ 11നു കർണാടക അഡ്വക്കറ്റ് ജനറലിനെ വിഡിയോ കോൺഫറൻസ് വഴി ഹൈക്കോടതി കേൾക്കും. അവശ്യ സർവീസുകൾക്കും അടിയന്തര ആവശ്യങ്ങൾക്കും ദേശീയപാത അടക്കം അടയ്ക്കുന്ന സാഹചര്യം ഉണ്ടാകരുതെന്ന് ഹൈക്കോടതി പറഞ്ഞു.

വിഷയവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരും കർണാടക സർക്കാരുമായും ഒട്ടേറെ തവണ ചർച്ച നടത്തിയിട്ടും കർണാടക വഴങ്ങുന്നില്ലെന്ന് സംസ്ഥാന സർക്കാരിനു വേണ്ടി ഹാജരായ അഡീഷണൽ അഡ്വക്കറ്റ് ജനറൽ കോടതിയെ അറിയിച്ചു. വിഷയത്തിൽ കേന്ദ്ര സർക്കാരിന്റെ നിലപാട് കോടതി ആരാഞ്ഞു. അതിർത്തി അടച്ചതിനെതിരായ നിലപാടാണ് കേന്ദ്രം കോടതിയിൽ സ്വീകരിച്ചത്. അടിയന്തര നടപടി സ്വീകരിക്കാൻ നിർദേശിച്ചിട്ടുണ്ടെന്ന് കേന്ദ്രത്തിന്റെ അഭിഭാഷകൻ അറിയിച്ചു. കർണാടകയുടെ നിലപാടു കൂടി ആരായണമെന്നും കേന്ദ്ര സർക്കാരിനു വേണ്ടി ഹാജരായ അഭിഭാഷകൻ പറഞ്ഞു.

ഇതോടെയാണു കർണാടക അഡ്വക്കേറ്റ് ജനറലിന്റെ ഭാഗം കേൾക്കാൻ കോടതി തീരുമാനിച്ചത്. ഇന്നു രാവിലെ പതിനൊന്നിനു കർണാടക അഡ്വക്കേറ്റ് ജനറലുമായി കോടതി സംസാരിക്കും. അതിനു ശേഷം കോടതി ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കും.

പെരുമ്പാവൂരിലും ഇതരസംസ്ഥാനക്കാരുടെ പ്രതിഷേധം

രതീഷ് പുതുശേരി

പെരുമ്പാവൂർ: ജില്ലാ ഭരണകൂടം നൽകിയ ഭക്ഷണം പര്യാപ്തമല്ലെന്നും തങ്ങൾക്ക് നാട്ടിലേക്ക് മടങ്ങണമെന്നും ആവശ്യപ്പെട്ട് പെരുമ്പാവൂർ പാലക്കാട്ടുതാഴം ഭായി കോളനിയിൽ തിങ്ങിപ്പാർക്കുന്ന ഇതരസംസ്ഥാന തൊഴിലാളികൾ കൂട്ടത്തോടെ പ്രതിഷേധവുമായി രംഗത്തെത്തി.

ഭക്ഷണം ലഭിക്കുന്നില്ലെന്ന് കഴിഞ്ഞദിവസം പരാതിപ്പെട്ടതിനെത്തുടർന്ന് ആലുവ റൂറൽ പൊലീസ് ചീഫ്, ഡെപ്യൂട്ടി കലക്റ്റർ എന്നിവരുടെ നേതൃത്വത്തിൽ അതിനുള്ള സാഹചര്യങ്ങൾ ഒരുക്കിയിരുന്നു. എന്നാൽ ആ ഭക്ഷണം തികയുന്നില്ലെന്നും നിലവാരമില്ലാത്തതുമാണെന്നും അതിനാൽ നാട്ടിലേക്ക് മടങ്ങിപ്പോകണമെന്നും ആവശ്യപ്പെട്ട് നൂറോളം പേർ ഇന്നലെ ഉച്ചതിരിഞ്ഞ് ലഭിച്ച ഭക്ഷണവുമായി പുറത്തിറങ്ങി പ്രതിഷേധിക്കുകയായിരുന്നു. തുടർന്ന് ജില്ലാ പൊലീസ് ചീഫും തുടർന്ന് കലക്റ്ററും സ്ഥലത്തെത്തി സംസാരിച്ചു. അവരുടെ ഭാഷകളിൽ നിർദേശവും നൽകി. എന്നാൽ നാട്ടിലേക്ക് മടങ്ങുന്ന കാര്യത്തിൽ അവർ ഉറച്ചുനിന്നു.

അതോടെ കൃഷിമന്ത്രി വി.എസ്. സുനിൽകുമാർ കോളനിയിലെത്തി സംസാരിച്ച് പ്രശ്നം അവസാനിപ്പിക്കുകയായിരുന്നു. നാട്ടിലേക്ക് മടങ്ങുന്നത് ഇപ്പോൾ നടക്കില്ലെന്നും ഭക്ഷണം ലഭ്യമാക്കാൻ സർക്കാർ എല്ലാ സാഹചര്യങ്ങളും അടിയന്തിരമായി നടപ്പാക്കുമെന്നും മന്ത്രി ഉറപ്പ് നൽകി. ഉത്തരേന്ത്യൻ, കേരളാ ശൈലിയിൽ ഭക്ഷണം ഉണ്ടാക്കി നൽകും. ഇത് എത്ര പേർക്കായാലും നൽകും. അതിനെതിരെ ആര് നിന്നാലും നിയമനടപടികളെടുക്കുമെന്നും മന്ത്രി മാധ്യമങ്ങളോട് പറഞ്ഞു.

ഈ പ്രദേശത്ത് കൂടുതൽ പൊലീസുകാരെ വിന്യസിക്കാനും തീരുമാനിച്ചിട്ടുണ്ട്. കഴിഞ്ഞ ദിവസം പരിഹരിച്ച വിഷയം വീണ്ടും കുത്തിപ്പൊക്കി പ്രദേശത്ത് സംഘർഷാവസ്ഥ ഉണ്ടാക്കിയതിന് പിന്നിൽ ആരാണെന്ന് അന്വേഷണം നടത്തും.

പെരുമ്പാവൂരിരെ ഭായി കോളനി എന്നറിയപ്പെടുന്ന സ്ഥലത്ത് ഇതരസംസ്ഥാന തൊഴിലാളികൾ ഭക്ഷണപ്പാത്രങ്ങളുമായി പ്രതിഷേധിക്കുന്നു.

"കാസർഗോഡ് അതിർത്തികൾ മണ്ണിട്ട് അടച്ചതു തുറക്കുന്നതിൽ നല്ല പ്രതീക്ഷയുണ്ട്. അതിർത്തികൾ അടയ്ക്കരുത് എന്നുള്ളത് രാജ്യത്തിന്റെ പൊതുവായ രീതിയാണ്. ഒരു സംസ്ഥാനവും ചരക്കുനീക്കം തടയാൻ പാടില്ല. കേന്ദ്ര ക്യാബിനറ്റ് സെക്രട്ടറിവിളിച്ച യോഗത്തിൽ ഇക്കാര്യം ചീഫ് സെക്രട്ടറി വ്യക്തമാക്കിയിരുന്നു. അതിനുശേഷം കേന്ദ്രമന്ത്രി സദാനന്ദ ഗൗഡയുമായി സംസാരിച്ചു. ഞായറാഴ്ച പ്രധാനമന്ത്രിയെ വിളിച്ചു. ആഭ്യന്തര മന്ത്രി അമിത് ഷാ വിളിച്ചപ്പോൾ ദക്ഷിണ കനറ ജില്ലയുടെ ഭാഗമായിരുന്ന മംഗലാപുരത്തിന്റെയും കാസർഗോഡിന്റെയും പരസ്പര ബന്ധത്തിന്റെ ചരിത്രം വിവരിച്ചിരുന്നു. അദ്ദേഹം തിരിച്ചുവിളിക്കാമെന്ന് പറഞ്ഞെങ്കിലും വിളിച്ചില്ല".

പിണറായി വിജയൻ
മുഖ്യമന്ത്രി

സാലറി ചലഞ്ചുമായി സർക്കാർ

പ്രത്യേക ലേഖകൻ

തിരുവനന്തപുരം: കൊറോണ വ്യാപനം തടയാൻ സർക്കാർ ജീവനക്കാരും അധ്യാപകരും ഒരു മാസത്തെ ശമ്പളം നൽകണമെന്ന അഭ്യർഥനയുമായി മുഖ്യമന്ത്രി പിണറായി വിജയൻ. ജീവനക്കാർക്ക് കഴിയുന്നത്ര തുക എത്ര ഗഡുക്കളായി വേണമെങ്കിലും നൽകാമെന്ന് അദ്ദേഹം വാർത്താസമ്മേളനത്തിൽ ചൂണ്ടിക്കാട്ടി. ജീവനക്കാരുടെ സംഘടനകളുമായി മുഖ്യമന്ത്രി ഇതേപ്പറ്റി ചർച്ച നടത്തിവരികയാണ്.

സാലറി ചലഞ്ചിനോട് പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തലയും യോജിച്ചു. എന്നാൽ, ഒരു മാസത്തെ ശമ്പളം തന്നെ വേണോ എന്നത് ആലോചിക്കേണ്ട കാര്യമാണ്. തങ്ങൾക്ക് കഴിവുള്ള പോലെ ജീവനക്കാർ സാലറി ചലഞ്ചുമായി സഹകരിക്കുന്നതിൽ തെറ്റില്ല. എല്ലാ ജീവനക്കാരും ഉയർന്ന ശമ്പളം വാങ്ങുന്നവരല്ല. ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ പോലുള്ളവർക്ക് ഒരു മാസത്തെ ശമ്പളം മുഴുവനായി നൽകാൻ ബുദ്ധിമുട്ടുണ്ടാകും- ചെന്നിത്തല പറഞ്ഞു.

പ്രളയകാലത്ത് സാലറി ചലഞ്ചുമായി സർക്കാർ രംഗത്തെത്തിയെങ്കിലും പ്രതിപക്ഷം സഹകരിച്ചില്ല. ശമ്പളം സംഭാവനയായി നൽകാൻ സർക്കാർ നിർബന്ധിക്കരുതെന്ന് ഹൈക്കോടതിയും നിർദേശിച്ചു. ഒരു വർഷംകൊണ്ട് ഒരു മാസത്തെ ശമ്പളം പിടിക്കുന്ന സമീപനമാണ് പ്രളയകാലത്ത് സ്വീകരിച്ചത്.

അതിനിടെ, കൊറോണ പിരിവുമായി ഒട്ടുമിക്ക സർവീസ് സംഘടനകളും ജീവനക്കാരെ വട്ടം ചുറ്റിക്കുന്നതായി ആക്ഷേപമുണ്ട്. ആവശ്യപ്പെടുന്ന തുക നൽകിയില്ലെങ്കിൽ സുഗമമായി ജോലി ചെയ്യാനാവാത്ത സ്ഥിതി ഉണ്ടാക്കുന്നതിൽ ഭരണ- പ്രതിപക്ഷ സംഘടനകൾ ഒറ്റക്കെട്ടാണ്. കൊറോണ എന്നുവരെ നിലനിൽക്കുമെന്നോ എത്ര കാലം തുടരുമെന്നോ ഉറപ്പില്ലാത്ത സാഹചര്യത്തിൽ കടുത്ത പിരിവ് ജീവനക്കാർക്കുമേൽ അടിച്ചേൽപ്പിക്കുന്നതിൽ വലിയൊരു വിഭാഗത്തിന് എതിർപ്പുണ്ട്. ജീവനക്കാരുടെ വാട്സാപ് ഗ്രൂപ്പുകളിൽ സാലറി ചലഞ്ചുമായി ബന്ധപ്പെട്ട് രൂക്ഷമായ വാദപ്രതിവാദമാണ് നടക്കുന്നത്.

സംസ്ഥാനത്തിന്റെ വരുമാനമാർഗങ്ങൾ പൂർണായും നിലച്ചിരിക്കുന്ന സാഹചര്യത്തിൽ പ്രധാന ഇടത് സംഘടനകളെല്ലാം സാലറി ചലഞ്ച് ആവശ്യം ഉന്നയിച്ചുകഴിഞ്ഞു. എന്നാൽ, പ്രതിപക്ഷ സംഘടനകൾ ഒരു മാസത്തെ ശമ്പളം എന്നതിനോട് യോജിച്ചിട്ടില്ല. ബിജെപിയുടെ ഏക എംഎൽഎയായ ഒ. രാജഗോപാൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ഒരുമാസത്തെ ശമ്പളം സംഭാവന ചെയ്തു കഴിഞ്ഞു.

പിഎസ് സി റാങ്ക് ലിസ്റ്റ് കാലാവധി നീട്ടി

തിരുവനന്തപുരം: കൊറോണ പശ്ചാത്തലത്തിൽ പിഎസ്‌സി മാർച്ച് 20 മുതൽ ജൂൺ 18 വരെയുള്ള റാങ്ക് ലിസ്റ്റ് കാലാവധി ജൂൺ 19 വരെ നീട്ടി. മാർച്ച് 20നു കാലവധി അവസാനിക്കുന്ന റാങ്ക് ലിസ്റ്റുകളുടെ കാലാവധി മൂന്നുമാസം കൂട്ടി ദീർഘിപ്പിച്ചതായി പിഎസ്‌സി അറിയിച്ചിട്ടുണ്ട്. മറ്റു റാങ്ക് ലിസ്റ്റുകളുടെ കാലാവധി പുതിയ റാങ്ക് ലിസ്റ്റ് വരുന്നതുവരെയോ ജൂൺ19 വരെയോ ഏതാണോ ആദ്യം അതുവരെയാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

സ്വർണം

ഗ്രാം - 3,830
പവൻ - 30,640

www.facebook.com/metrovaarthaofficial

'യുഎസിൽ മരണസംഖ്യ രണ്ടുലക്ഷം വരെയെത്താം'

- നിയന്ത്രണ കാലാവധി നീട്ടി
- 30 വരെ അതിർത്തിയും അടയ്ക്കും

വാഷിങ്ടൺ ഡിസി: കൊറോണ ഭീതിയിൽ വെന്തുരുകുന്ന യുഎസിൽ നിയന്ത്രണങ്ങൾ കൂടുതൽ കടുപ്പിക്കുന്നു. ഈസ്റ്ററിനോടനുബന്ധിച്ച് രാജ്യം സാധാരണ നിലയിലാവുമെന്ന മുൻപ്രഖ്യാപനം പ്രസിഡന്റ് ഡോണൾഡ് ട്രംപ് പിൻവലിച്ചു. നിയന്ത്രണങ്ങൾ കടുപ്പിക്കുകയും ജനങ്ങൾ സാമൂഹിക അകലം പാലിക്കുകയും ചെയ്തില്ലെങ്കിൽ യുഎസിലെ മരണസംഖ്യ ഒരു ലക്ഷത്തിനും രണ്ടു ലക്ഷത്തിനുമിടയിലെത്തുമെന്നും തുറന്നു സമ്മതിച്ചു. " നമ്മൾ യുദ്ധം ചെയ്യുകയാണ്. യുദ്ധം ജയിക്കാതെ ജയിച്ചെന്നു പറയാൻ കഴിയില്ല." വൈറ്റ് ഹൗസിൽ വാർത്താസമ്മേളനത്തിൽ ട്രംപ് വിശദീകരിച്ചു.

"യുഎസിൽ കൊറോണ വ്യാപനം വളരെ വേഗത്തിലാണ്. നമ്മൾ എത്രമാത്രം കരുതിയിരിക്കുന്നുവോ, അത്രമാത്രം സുരക്ഷിതരായിരിക്കും. ഇപ്പോഴത്തെ നിലയിൽ 22 ലക്ഷം പേർ മരിക്കാൻ സാധ്യതയുള്ള നിലയിലേക്കാണു കാര്യങ്ങളുടെ പോക്ക്. ഇത് ഒരു ലക്ഷമെങ്കിലുമായി കുറയ്ക്കണമെങ്കിൽ വലിയ അധ്വാനം വേണ്ടിവരും. ഈ പരിശ്രമം വിജയിക്കുന്നതു തന്നെ വലിയ വെല്ലുവിളിയാണ്. ഓരോ അമെരിക്കക്കാരനും കരുതലോടെ പ്രവർത്തിക്കണം"- ട്രംപ് പറഞ്ഞു.

ഇന്നലെ ഉച്ച വരെയുള്ള കണക്കനുസരിച്ച് 1,42,783 പേർക്ക് യുഎസിൽ വൈറസ് സ്ഥിരീകരിച്ചു. 2,490 ആണു മരണ സംഖ്യ. ഞായറാഴ്ച മാത്രം 255 പേരാണു മരിച്ചത്. ഇത്രയും പേർ ഒരു ദിവസം മരിക്കുന്നത് ഇതാദ്യം. ന്യൂജഴ്സി, കനക്റ്റിക്കട്ട്, ന്യൂയോർക്ക്, വാഷിങ്ടൺ തുടങ്ങിയ മേഖലകളിലാണു സ്ഥിതി രൂക്ഷം. ഈ സംസ്ഥാനങ്ങളുടെ അതിർത്തി അടച്ചിരിക്കുകയാണ്. ഇനി ഒരറിയിപ്പുണ്ടാകുന്നതു വരെ ഇതു തുടരും.

അതിനിടെ, പ്രസിഡന്റ് ട്രംപ് പ്രഖ്യാപിച്ചിരുന്ന സോഷ്യൽ ഡിസ്റ്റൻസിങ് അടക്കമുള്ള നിയന്ത്രണങ്ങൾ ഏപ്രിൽ 30 വരെ നീട്ടി. ഈസ്റ്റർ ദിവസമായ ഏപ്രിൽ 12 മുതൽ യുഎസ് സാധാരണ നിയലേയിക്കു മടങ്ങുമെന്നതടക്കമുള്ള തീരുമാനങ്ങളെല്ലാം മാറ്റി. ഈസ്റ്റർ ആഘോഷങ്ങൾക്കു ജനങ്ങളെ സ്വതന്ത്രരാക്കിയാൽ കൊവിഡ് വ്യാപനം ഒരു തരത്തിലും നിയന്ത്രിക്കാൻ കഴിയില്ലെന്നു വൈറ്റ് ഹൗസ് ഉപദേഷ്ടാവ് ഡോ. അന്തോണി ഫൗസി മുന്നറിയിപ്പു നൽകിയിരുന്നു.

ഈസ്റ്റർ ആഘോഷങ്ങൾക്കടക്കം ജനങ്ങൾ പൊതുസ്ഥലത്ത് ഒത്തുകൂടുന്നതും വിലക്കി. പത്തുപേരിൽ കൂടുതൽ പൊതുസ്ഥലത്ത് ഒത്തുകൂടിയാൽ അറസ്റ്റ് അടക്കമുള്ള നടപടികൾ സ്വീകരിക്കും. ഈ കാലയളവിൽ യുഎസിന്റെ അതിർത്തികളും അടച്ചിടും. അന്താരാഷ്ട്ര യാത്രകളടക്കമുള്ളവയ്ക്കു കടുത്ത നിയന്ത്രണങ്ങളുണ്ട്. അതിനിടെ, ഷിക്കാഗോയിൽ നവജാത ശിശു മരിച്ചത് ആശങ്ക വർധിപ്പിച്ചു. ലോകത്ത് ആദ്യമായാണ് ഒരുവയസിൽ താഴെയുള്ള കുട്ടി കൊവിഡ് വൈറസ് ബാധിച്ചു മരിക്കുന്നത്.

കൊറോണ പ്രതിരോധത്തിന്റെ ഭാഗമായി മിഠായിത്തെരുവിൽ സ്ഥാപിച്ച ഹാൻഡ് വാഷ് കോർണറിൽ നിന്നു കൈകഴുകുന്ന ഇതരസംസ്ഥാന തൊഴിലാളി.

കോഴിക്കോട്ട് പുതിയ പോസിറ്റീവ് കേസ് ഇല്ല

കോഴിക്കോട്: ജില്ലയിൽ ഇന്നലെ ആകെ 20,135 പേർ നിരീക്ഷണത്തിലുള്ളതായി ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.വി ജയശ്രീ അറിയിച്ചു.

സംസ്ഥാന സർക്കാരിന്റെ കോവിഡ്-19 ട്രാക്കർ വെബ് പോർട്ടൽ വഴി കീഴ്സ്ഥാപനങ്ങളിൽ നിന്നും കഴിഞ്ഞ കുറച്ച് ദിവസങ്ങളിലായി നിരീക്ഷണത്തിൽ ചേർത്തവരെ ഉൾപ്പെടുത്തിയാണ് പുതിയ കണക്ക്. മറ്റു സംസ്ഥാനങ്ങളിൽ പോയി തിരിച്ചുവന്നവർ ഉൾപ്പെടെയാണ് നിരീക്ഷണത്തിലുള്ളവർ. ഇന്ന് പുതുതായി വന്ന മൂന്ന് പേർ ഉൾപ്പെടെ മെഡിക്കൽ കോളെജിൽ ചികിത്സയിലുള്ള 22 പേരാണ് ആകെ ആശുപത്രി നിരീക്ഷണത്തിലുള്ളത്.

ഇന്ന് മൂന്ന് സ്രവസാംപിൾ പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്. ആകെ 246 സാംപിളുകൾ പരിശോധനയ്ക്കയച്ചതിൽ 240 എണ്ണത്തിന്റെ പരിശോധന ഫലം ലഭിച്ചു. 231 എണ്ണം നെഗറ്റീവാണ്. ആകെ 9 പോസിറ്റീവ് കേസുകളിൽ ആറ് കോഴിക്കോട് സ്വദേശികളും മൂന്ന് ഇതര ജില്ലക്കാരുമാണ്. ഇനി 6 പേരുടെ പരിശോധന ഫലം കൂടി ലഭിക്കാനുണ്ട്. കോവിഡ്-19 ജാഗ്രത പോർട്ടൽ വഴി രോഗ ലക്ഷണങ്ങളുള്ളവർക്കായി ടെലി മെഡിസിൻ സംവിധാനം ബ്ലോക്ക് തലത്തിൽ സജ്ജമാക്കിയതായി ഡി.എം.ഒ അറിയിച്ചു.

കോഴിക്കോട് കോർപ്പറേഷന്റെ ബജറ്റ് യോഗത്തിൽ മേയർ തോട്ടത്തിൽ രവീന്ദ്രൻ അധ്യക്ഷ പ്രസംഗം നടത്തുന്നു

വ്യാപാര സ്ഥാപനങ്ങളിൽ പരിശോധന നടത്തി

ഉള്ള്യേരി: കൊയിലാണ്ടി താലൂക്കിലെ കുറുവങ്ങാട്, കന്നൂര്, മുണ്ടോത്ത്, ഉള്ള്യേരി, കോക്കല്ലൂർ, ബാലുശ്ശേരി എന്നീ പ്രദേശങ്ങളിലെ പൊതുവിപണി കൊയിലാണ്ടി താലൂക്ക് സപ്ലൈ ഓഫീസറുടെയും ലീഗൽ മെട്രോളജി ഇൻസ്പെക്റ്ററുടെയും സംയുക്ത സംഘം പരിശോധന നടത്തി.തക്കാളി, സവാള എന്നിവക്ക് അമിത വില ഈടാക്കിയത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഇവയുടെ വില യഥാക്രമം 20,38 എന്നിങ്ങനെ കുറവ് ചെയ്യിച്ചു: ജില്ലാ കലക്റ്ററുടെ ഉത്തരവ് പ്രകാരമുള്ള വില മാത്രമേ ഈ ടാക്കാൻ പാടുള്ളൂ എന്ന് കർശന നിർദ്ദേശം നല്കി.13 പലചരക്ക് കടകളും 14 പഴം പച്ചക്കറി വിപണന കേന്ദ്രങ്ങളും 4 മൽസ്യ മാംസ വിപണ കേന്ദ്രങ്ങളും 4 മെഡിക്കൽ സ്റ്റോറുകളും താലൂക്ക് സപ്ലൈ ഓഫീസറും സംഘവും പരിശോധിച്ചു.പരിശോധനയിൽ താലൂക്ക് സപ്ലൈ ഓഫീസർ .വി.പി രാജീവൻ, ലീഗൽ മെട്രോളജി ഇൻസ്പകർ .അഹമ്മദ് സാബിത്ത് ,റേഷനിംഗ് ഇൻസ്പക്റ്റർമാരായ സുരേന്ദ്രൻ എൻ കെ. ടി.പി.രമേശൻ ,.ജ്യോതി ബസു എന്നിവരും പങ്കെടുത്തു.

മൊറോട്ടോറിയം പുന:പരിശോധിക്കണം

പേരാമ്പ്ര: കൊറോണ ഭീതിയുടെ പശ്ചാത്തലത്തിൽ ബാങ്ക് വായ്പകളിൻമേൽ സർക്കാർ പ്രഖ്യാപിച്ച മൊറോട്ടോറിയം കഴിഞ്ഞ മാസം വരെ തിരിച്ചടവ് മുടക്കാത്തവർക്ക് മാത്രമായി പരിമിതപ്പെടുത്തിയത് പുന:പരിശോധിക്കണമെന്ന് കിസാൻ ജനത സംസ്ഥാന ജനറൽ സെക്രട്ടറി വൽസൻ എടക്കോടൻ ആവശ്യപ്പെട്ടു
കഴിഞ്ഞ മൂന്നു വർഷങ്ങളിലായി കേരളത്തിൽ തുടർച്ചയായുണ്ടായ പ്രകൃതിക്ഷോഭം കാരണം കാർഷിക മേഖല ഒന്നാകെ തകിടം മറഞ്ഞിരിക്കയും കർഷകർ രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയിലുമാണ് ഇവരിൽ ബഹുഭൂരിഭാഗവും വിവിധ ബേങ്കുകളിൽ നിന്നായി കാർഷിക വായ്പ്പകളെടുക്കുകയും തിരിച്ചടക്കാൻ നിർവാഹമില്ലാത്തതിനാൽ ജപ്തി നടപടികൾ നേരിട്ടു കൊണ്ടിരിക്കയുമാണ് ' പ്രത്യേക സാഹചര്യത്തിൽ സർക്കാർ നൽകുന്ന ആനുകൂല്യങ്ങളുടെ പരിധിയിൽ ഇവരെ കൂടെ ഉൾപ്പെടുത്തണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

ഇതര സംസ്ഥാന തൊഴിലാളികൾക്ക് സാധന സാമഗ്രികൾ ലഭ്യമാക്കാണമെന്ന്

കോഴിക്കോട്: ഇതര സംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന ക്യാംപുകളിൽ അവരുടെ അഭിരുചിക്കനുസരിച്ചുള്ള ഭക്ഷണം പാകം ചെയ്യുന്നതിനുള്ള സാധന സാമഗ്രികൾ ലഭ്യമാക്കാനുള്ള സത്വര നടപടികൾ സ്വീകരിക്കണമെന്ന് കെപിസിസി വൈസ് പ്രസിഡന്റ് അഡ്വ ടി. സിദ്ദിഖ് ആവശ്യപ്പെട്ടു. മുഖ്യമന്ത്രി പ്രഖ്യാപിച്ച മാർഗ നിർദ്ദേശമനുസരിച്ച് കരാറുകാരാണ് ഭക്ഷണം നൽകാൻ ബാധ്യസ്ഥരായവർ. ഈ പ്രഖ്യാപനം നടപ്പിലാക്കാൻ വേണ്ടത്ര നടപടികൾ സ്വീകരിക്കപ്പെടാത്തതും പ്രഖ്യാപനങ്ങളായി മാത്രം നിന്നതുമാണ് ഒരു പാട് ഇതര സംസ്ഥാന തൊഴിലാളികളുടെ താമസ സ്ഥലങ്ങളിൽ പ്രയാസം നേരിട്ടത്. ഇതോടൊപ്പം ആയിരക്കണക്കിന് തൊഴിലാളികളാണ് കരാറുകാരുടെ നിയന്ത്രണത്തിലല്ലാതെ ദിവസ വേതനക്കാരായുള്ളത്. അവരുടെ ഭക്ഷണം ഉൾപ്പെടെയുള്ളവ ഏറ്റെടുത്ത് നടത്താൻ സർക്കാർ അടിയന്തര നടപടി സ്വീകരിക്കണരിക്കണമെന്ന് ആവശ്യപ്പെട്ടു. ഇതര സംസ്ഥാന തൊഴിലാളികൾക്കും കമ്മ്യൂണിറ്റി കിച്ചണിലേക്കുമുള്ള സാധനസാമഗ്രികൾ നിലവിൽ ഏറിയ പങ്കും സന്നദ്ധ സംഘടനകൾ, വ്യക്തികൾ, സ്ഥാപനങ്ങൾ വഴിയാണ് ലഭിച്ചുകൊണ്ടിരിക്കുന്നത് അദ്ദേഹം പറഞ്ഞു.

കൊവിഡ് കെയർ സെന്ററിന്റെ ക്രമീകരണം വിലയിരുത്തി

മഞ്ചേരി: മെഡിക്കൽ കോളെജ് ജില്ലാ കൊവിഡ് കെയർ സെന്ററായി മാറിയതിന്റെ അടിസ്ഥാനത്തിൽ വന്ന ക്രമീകരണം എം. ഉമ്മർ എംഎൽഎയുടെ നേതൃത്വത്തിൽ വിലയിരുത്തി. മെഡിക്കൽ കോളെജിൽ ഡയലാസിസ് നടത്തിയിരുന്ന രോഗികൾക്ക് മഞ്ചേരി സി.എച്ച് സെന്ററിൽ ഡയാലിസിസ് നടത്തുവാനും നിർധനരായ ക്യാൻസർ, ഡയാലിസിസ് രോഗികൾക്ക് കാരുണ്യ ഫാർമസി മുഖേന നൽകിയിരുന്ന മരുന്ന് മെഡിക്കൽ കോളെജിലെ പഴയ ബ്ലോക്കിൽ ലഭ്യ മാക്കുന്നതിനുള്ള നട പടികൾ സ്വീകരിച്ചു. മെഡിക്കൽ കോളെജിലെ ചികിത്സാ സംവിധാനം പുനഃ ക്രമീകരിച്ച ടി ബി ഹോസ്പിറ്റൽ ചെരണി, മംഗലശേരി പിഎച്ച്സികൾ, വേട്ടേക്കോട് പി എച്ച് സി , മഞ്ചേരി സി എച്ച് സെന്റർ എന്നിവിടങ്ങളിലെ ക്രമീകരണങ്ങളും സംവിധാനങ്ങളും എം എൽ എ നേരിട്ടെത്തി ഉറപ്പ് വരുത്തി, മെഡിക്കൽ കോളെജ് പ്രിൻസിപ്പൽ ഡോ. എം പി ശശി, ആർ എം ഒ മാരായ സഹീർ നെല്ലിപ്പറമ്പൻ, ഷബീർ വല്ലാഞ്ചിറ, വിവിധ വകുപ്പ് തലവന്മാർ, ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ എം എൽ എ യെ അനുഗമിച്ചു.

നാദാപുരം നിയോജക മണ്ഡലം യൂത്ത് കോൺഗ്രസ് പ്രവർത്തകർ ഭക്ഷ്യവസ്തുക്കൾ കൈമാറുന്നു.

ഭക്ഷ്യവസ്തുക്കൾ നൽകി

കുറ്റ്യാടി : ഇതരസംസ്ഥാന തൊഴിലാളികൾക്ക് ഭക്ഷ്യവസ്തുക്കൾ നൽകി. ജാർഖണ്ഡിൽ നിന്നും തൊഴിൽ തേടി തളീക്കരയിൽ എത്തിയവർക്കാണ് യൂത്ത് കോൺഗ്രസ് നാദാപുരം നിയോജക മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ ഭക്ഷ്യവസ്തുക്കൾ നൽകി.നാദാപുരം നിയോജകമണ്ഡലം യൂത്ത് കോൺഗ്രസ് പ്രസിഡണ്ട് പ്രിൻസ് ആന്റണി ഭക്ഷ്യവസ്തുക്കൾ കൈമാറി. കെ പി ബിജു ,ഫിർദോസ് കായക്കൊടി,വി കെ സുമേഷ് എന്നിവരും പങ്കെടുത്തു.

കതിരൂർ സർവീസ് സഹകരണ ബാങ്ക് മരുന്ന് വിതരണം പഞ്ചായത്ത് പ്രസിഡന്റ് എം. ഷീബ ഉദ്ഘാടനം ചെയ്യുന്നു

മരുന്ന് വിതരണം ഉദ്ഘാടനം ചെയ്തു

തലശേരി : കതിരൂർ സർവീസ് സഹകരണ ബാങ്ക് എ ക്ലാസ് മെമ്പർമാർക്കുള്ള മരുന്ന് വിതരണം പഞ്ചായത്ത് പ്രസിഡന്റ് എം. ഷീബ ഉദ്ഘാടനം ചെയ്തു. ബാങ്ക് പ്രസിഡന്റ് ശ്രീജിത്ത് ചോയൻ അധ്യക്ഷനായി. എം. മോഹനൻ, കെ രാജക്കുറുപ്പ് എന്നിവർ സംസാരിച്ചു. കൊറോണ പ്രതിരോധത്തിന്റെ ഭാഗമായി സുരക്ഷ ക്രമീകരണങ്ങൾ പാലിക്കേണ്ടതിനാൽ ഫോൺ വഴി രജിസ്റ്റർ ചെയ്യുന്ന മെമ്പർമാർക്ക് മാത്രമാണ് മരുന്ന് നൽകുന്നത്. ഏപ്രിൽ നാല് വരെ രാവിലെ 9 മുതൽ 1 മണി വരെ പേര് രജിസ്റ്റർ ചെയ്യാം.

പുതിയ സാമ്പത്തിക വർഷത്തേക്കുള്ള കോഴിക്കോട് കോർപ്പറേഷൻ ബജറ്റ്

ഒരു മണിക്കൂർ കൊണ്ട് ബജറ്റ് അവതരണം

സ്വന്തംലേഖകൻ

കോഴിക്കോട്: പുതിയ സാമ്പത്തിക വർഷത്തേക്കുള്ള കോഴിക്കോട് കോർപ്പറേഷന്റെ ബജറ്റും 2019 - 20 വർഷത്തേയ്ക്കുള്ള മതിപ്പ് ബഡ്ജറ്റും പാസാക്കി. കൊറോണ വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ടാഗോർ സെന്റിനറി ഹാളിൽ നടന്ന ബജറ്റ് യോഗം ഒരു മണിക്കൂർ കൊണ്ടാണ് പൂർത്തിയാക്കയിത്. 703.44 കോടി രൂപ വരവും 667.83 കോടി ചിലവും പ്രതീക്ഷിക്കുന്ന ബജറ്റിലെ നീക്കിയിരിപ്പ് 35.61കോടി രൂപയാണ്. 416.56 കോടി റവന്യു വരുമാനവും 238.96 കോടി മൂലധന വരുമാനമാണ് പ്രതീക്ഷിക്കുന്നത്. സാധാരണ ചെലവ് 395.35 കോടിയും മൂലധന ചെലവ് 272.48 കോടിയുമാണ്.

സംസ്ഥാന സർക്കാറിന്റെ നാം നമുക്കായി, നാല് വ്യത്യസ്ഥ മിഷനുകൾ എന്നിവയ്ക്കും കേന്ദ്രസർക്കാറിന്റെ അമൃത്, പിഎംഎവൈ, ഐഎൻയുഎൽഎം തുടങ്ങിയ കേന്ദ്രാവിഷ്കൃത പദ്ധതിൾക്കും ഊന്നൽ നൽകിയാണ് ഡെപ്യൂട്ടി മേയർ മീര ദർശക് ബജറ്റ് അവതരിപ്പിച്ചത്. 698.44 കോടി രൂപ വരവും 650.52 കോടി ചിലവും വരുന്ന 2019- 20 വർഷത്തെ പുതുക്കിയ ബജറ്റും ഡെപ്യൂട്ടി മേയർ അവതരിപ്പിച്ചു. മേയർ തോട്ടത്തിൽ രവീന്ദ്രൻ അധ്യക്ഷത വഹിച്ചു.

കോർപ്പറേഷൻ സേവനങ്ങൾ സുതാര്യവും കാര്യക്ഷമമാക്കുന്നതിനും ബജറ്റിൽ പ്രാധാന്യം നൽകി. മാലിന്യ സംസ്കരണം, അടിസ്ഥാന സൗകര്യ വികസനം, സാംസ്കാരിക പ്രവർത്തനങ്ങൾ, സ്ത്രീ സംരക്ഷണം, ഭരണ നിർവഹണം, വിദ്യാഭ്യാസം, കായികം, ആരോഗ്യം, ഭവന നിർമാണം, സ്ത്രീ പക്ഷ വികസനം, പട്ടികജാതി ക്ഷേമം എന്നീ മേഖകളിലെല്ലാം നിലവിലെ പദ്ധതികളുടെ തുടർച്ചയ്ക്ക് ഫണ്ട് നീക്കിവെച്ചാണ് ഡെപ്യൂട്ടി മേയർ മീര ദർശക് ബജറ്റ് അവതരിപ്പിച്ചത്.

റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി 1.77 കോടി രൂപയും കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി 91 ലക്ഷം രൂപയും മാർക്കറ്റുകളുടെ വികസനത്തിന് 29 ലക്ഷം രൂപയും വകയിരുത്തി. ശുചീകരണത്തിന് 2.25 കോടി, തെരുവ് വിളക്കിന് 63 ലക്ഷം, പ്രത്യുത്പാദന സംരഭങ്ങൾക്ക് 10 ലക്ഷം, ശ്മശാനങ്ങളുടെ വികസനത്തിനും നവീകരണത്തിനും 46 ലക്ഷം വകയിരുത്തി.

ദുബൈ സന്ദർശിച്ച കൗൺസിലർമാർ യോഗത്തിന് എത്തിയില്ല

കോഴിക്കോട്: കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ചുരുങ്ങിയ സമയത്തിനുള്ളിൽ ചർച്ചകൾ കൂടാതെ കോർപറേഷൻ ബജറ്റ് പാസാക്കിയപ്പോൾ ബജറ്റിന്റെയും കോവിഡ് കാലത്തിന്റെയും തൊട്ടുമുമ്പ് ദുബൈയിൽ സന്ദർശത്തിനുപോയ കൗൺസിലർമാർ യോഗത്തിന് എത്തിയില്ല. ആരോഗ്യസ്ഥിരംസമിതി ചെയർമാൻ കെ.വി ബാബുരാജ്, വിദ്യാഭ്യാസ സ്ഥിരംസമിതി ചെയർമാൻ എം. രാധാകൃഷ്ണൻ, കൗൺസിലർമാരായ എം. മൊയ്തീൻ, വി.ടി സത്യൻ, എം.പി സുരേഷ്, പി. ബിജുരാജ് എന്നിവരാണ് ദുബൈയിൽ പോയിരുന്നത്. ഈ മാസം ആദ്യമായിരുന്നു ഇവരുടെ യാത്ര. പക്ഷിപ്പനിയുടെയും കോവിഡിന്റെയും അന്തരീക്ഷത്തിൽ ആരോഗ്യ സ്ഥിരംസമിതി ചെയർമാൻ ഉൾപ്പെടെയുള്ളവർ വിദേശയാത്ര നടത്തിയത് വിവാദമായിരുന്നു.

13ന് ഇവർ തിരിച്ചെത്തിയെങ്കിലും ഇന്നലെ നടന്ന ബജറ്റ് യോഗത്തിൽ നിന്ന് വിട്ടുനിൽക്കുകയായിരുന്നു. 14 ദിവസത്തെ നിരീക്ഷണം 27ന് കഴിഞ്ഞുവെങ്കിലും പ്രതിഷേധത്തെ ഭയന്ന് ഇവർ എത്താതിരിക്കുകയായിരുന്നുവെന്നാണ് അറിയുന്നത്. പാർട്ടിയുടെ നിർദേശവും ഇക്കാര്യത്തിൽ ഉണ്ടായി എന്നാണ് സൂചന. ഇവർ 28 ദിവസം നിരീക്ഷണത്തിൽ കഴിയണമെന്ന് യു.ഡി.എഫ് ആവശ്യപ്പെട്ടിരുന്നു. ഇതുമായി ബന്ധപ്പെട്ട് ജില്ലാ കലക്റ്റർക്ക് പരാതിയും നൽകിയിരുന്നു. അതുകൊണ്ടു കൂടിയാവണം കൗൺസിലർമാർ യോഗത്തിന് എത്താതിരുന്നത്.

ഞെളിയൻപറമ്പിൽ പുതുതായി ആരംഭിക്കുന്ന പ്ലാന്റിന്റെ കരാർ ഏറ്റെടുത്ത കമ്പനിയുടെ ചെലവിലാണ് യാത്രയെന്ന് ആക്ഷേപം ഉയർന്നിരുന്നു. എന്നാൽ ദുബൈയിലെ ചില സുഹൃത്തുക്കൾ നിരന്തരം ആവശ്യപ്പെട്ടതനുസരിച്ചാണ് യാത്രയെന്നായിരുന്നു ബാബുരാജിന്റെയും മറ്റും വിശദീകരണം. എന്നാൽ സി.പി.എം ഇക്കാര്യത്തിൽ മൗനം പാലിക്കുകയായിരുന്നു. ഏതായാലും ആരോഗ്യസ്ഥിരംസമിതി ചെയർമാൻ അടക്കമുള്ളവർ യോഗത്തിൽ പങ്കെടുക്കാൻ കഴിയാത്ത അവസ്ഥയിലായത് പാർട്ടിക്കകത്ത് ചർച്ചയാവും.

സ്ക്വാഡുകൾ ശക്തമാക്കി ജില്ലാ ഭരണകൂടം

കോഴിക്കോട്: വൈറസ് വ്യാപനം തടയുന്നതിന് കർശന നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി വിവിധ ചുമതലകൾ നിർവ്വഹിക്കുന്നതിനും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി ജില്ലയിലെ നാല് താലൂക്കുകളിലും നോഡൽ ഓഫീസർമാരെ ചുമതലപ്പെടുത്തിയിരുന്നു. നിയന്ത്രണങ്ങൾ കൂടുതൽ കർശനമായി നടപ്പിലാക്കുന്നതിന് താലൂക്ക് അടിസ്ഥാനത്തിൽ കൂടുതൽ ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കി ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർമാൻ കൂടിയായ ജില്ലാ കലക്റ്റർ സാംബശിവ റാവു ഉത്തരവിറക്കി.

ജില്ലയിലെ ഓരോ താലൂക്ക് ഓഫീസുകളിലും തഹസിൽദാർ, ഭൂരേഖാ ത ഹസിൽദാർ, രണ്ട് ഡപ്യൂട്ടി തഹസിൽദാർമാർ / ജെഎസ് എന്നിവരുടെ നേതൃത്വത്തിൽ നാല് സെക്റ്ററൽ ടീമുകളെ ഇതിനായി രൂപീകരിച്ചു. ഡപ്യൂട്ടി തഹസിൽദാർമാർ / ജെഎസ് എന്നിവരെ തഹസിൽദാർ നിയോഗിക്കും. ഇവരുടെ സുരക്ഷയ്ക്കായി ഓരോ സ്ക്വാഡിലേക്കും ഓരോ പൊലീസ് ഉദ്യോഗസ്ഥനെ ജില്ലാ പൊലീസ് മേധാവികൾ നിയോഗിക്കണം. ജില്ലയിലെ നോഡൽ ഓഫീസർമാരും താലൂക്ക് ഉദ്യോഗസ്ഥരും പ്രത്യേക സ്ക്വാഡുകളായി പ്രവർത്തിക്കണമെന്ന് കലക്റ്റർ നിർദ്ദേശിച്ചു. ജില്ലയിലെ നോഡൽ ഓഫീസർമാരുടെ സ്ക്വാഡുകളിലേക്കും പൊലീസ് ഉദ്യോഗസ്ഥനെ ജില്ലാ പൊലീസ് മേധാവി നിയോഗിക്കണം.

വൈറസ് വ്യാപനം തടയുന്നതിന്റെ ഭാഗമായി നിരീക്ഷണ പ്രവർത്തനങ്ങൾ, ക്ഷേമ പ്രവർത്തനങ്ങൾ, നിയന്ത്രണങ്ങൾ എന്നിവ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുള്ള ഉത്തരവാദിത്തം ഈ ഉദ്യോഗസ്ഥർക്കും അവരുടെ സ്ക്വാഡുകൾക്കും ആയിരിക്കും. തെറ്റായ സത്യവാങ്മൂലം നൽകി യാത്രാ നിയന്ത്രണങ്ങൾ ലംഘിക്കുന്നതും പാസുകൾ ദുരുപയോഗം ചെയ്യുന്നതും തടയേണ്ടതും വിവരം പൊലീസിലറിയിച്ച് കർശന നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇതരസംസ്ഥാന തൊഴിലാളികൾക്ക് ഭക്ഷണവും സുരക്ഷിതത്വവും ഉറപ്പുവരുത്തേണ്ടതും സ്ക്വാഡുകളുടെ ചുമതലയാണ്. പൊതു സ്ഥലങ്ങളിൽ ഇവർ കൂട്ടം കൂടുന്നത് തടയണം.

ആരോഗ്യ പ്രവർത്തകർക്ക് വാഹനം വിട്ടു നൽകി

തിരൂരങ്ങാടി: ആരോഗ്യ പ്രവർത്തകർക്ക് വാഹനം വിട്ടു നൽകാൻ തയ്യാറായി മിൻഷ ഡ്രൈവിങ് സ്കൂൾ ഉടമ ടി.പി മുജീബ് മാതൃകയായി. പള്ളിക്കൽ, പെരുവള്ളൂർ, എ ആർ നഗർ, കണ്ണമംഗലം തുടങ്ങിയ പഞ്ചായതിലെ, ആരോഗ്യ പ്രവർതകർക്ക് യാത്രാ സൗകര്യതിന് വാഹനം ആവശ്യമുണ്ടങ്കിൽ ഉത്തരവാദിത്തപെട്ടർ അറിയിച്ചാൽ വാഹനം വിട്ടു നൽകുന്നതാണെന്ന് മുജീബ് പറഞ്ഞു. കോറോണ വ്യാപനം തടയുന്നതിന്റെ ഭാഗമായി രാജ്യത്തെ ലോക്ക് ഡൗൺ പ്രഖ്യാപിച്ചതിനെ തുടർന്ന് ജോലി നഷ്ടപ്പെട്ട് വീട്ടിലിരിക്കുന്ന മിൻഷ ഡ്രൈവിങ് സ്കൂളിലെ തൊഴിലാളികൾക്ക് ആവശ്യമായ അരി, പച്ചക്കറി, പലവ്യഞ്ജനങ്ങൾ തുടങ്ങി വീട്ടിലേക്ക് സൗജന്യമായി എത്തിച്ചു നൽകി. ബ്രേക്ക് ദ ചെയിൻ ക്യാംപയിന്റെ ഭാഗമായി വാഹനം ഉപയോഗിച്ച് നാല് പഞ്ചായത്തുകളിലും ബോധവൽക്കരണവും നടത്തിയിരുന്നു.

തിരൂരങ്ങാടി പൊലീസ് സ്റ്റേഷനിലെ ഉദ്യോഗസ്ഥർങ്കിട്ട സുബ്രഹ്മണ്യ അയ്യറിന് മരുന്ന് വാങ്ങി നൽകുന്നു.

വൃദ്ധ ദമ്പതികൾക്ക് വൃദ്ധദമ്പതികൾക്ക് തണലേകി തിരൂരങ്ങാടി പൊലീസ്

തിരൂരങ്ങാടി: ലോക്ഡൗൺ തുടങ്ങി ഏഴു ദിവസം പിന്നിട്ടപ്പോൾ മരുന്നു വാങ്ങാൻ പ്രയാസപ്പെട്ട വൃദ്ധദമ്പതികൾക്ക് തണലേകി തിരൂരങ്ങാടി പൊലീസ്. എഴുപതു പിന്നിട്ട തൃക്കുളം സ്വദേശി വെങ്കിട്ട സുബ്രഹ്മണ്യ അയ്യർ തന്റെ ഷുഗറിനും പ്രഷറിനു മുള്ള മരുന്നിന് വേണ്ടി ചെന്നൈയിലുള്ള മകന് വിളിക്കുകയും മകൻ തിരൂരങ്ങാടി പൊലീസ് സ്റ്റേഷനിൽ വിളിച്ച് വിവരം അറിയിക്കുകയായിരുന്നു. ഉടൻ തന്നെ ജനമൈത്രി ബീറ്റ് ഓഫീസറായ സി ശിവൻ, പി നിഖിൽ കൃഷ്ണൻ ടി കെ മൻമദൻ എന്നിവരുടെ നേതൃത്വത്തിൽവെങ്കിട്ട സുബ്രഹ്മണ്യ അയ്യരുടെ വീട്ടിലെത്തി ഡോക്റ്ററുടെ കുറിപ്പ് വാങ്ങി വീട്ടിൽ മരുന്ന് എത്തിച്ചു നൽകി. വിശ്രമമില്ലാത്ത തിരക്കിനിടയിലും മരുന്ന് എത്തിച്ചു നൽകി മനുഷ്യത്വത്തിന്റെ മുഖമായി മാറുകയാണ് തിരൂരങ്ങാടി പൊലീസ്.

കതിരൂർ സർവീസ് സഹകരണ ബാങ്ക് പത്ത് ലക്ഷം നൽകും

തലശേരി : കേരളത്തിൽ കൊറോണ രോഗം ബാധിച്ച് ദുരിതം അനുഭവിക്കുന്നവരെ സഹായിക്കാൻ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് കതിരൂർ സർവീസ് സഹകരണ ബാങ്ക് പത്ത് ലക്ഷം രൂപ നൽകും. ബാങ്ക് ഭരണ സമിതിയുടെ തീരുമാനപ്രകാരം പൊതുനന്മ ഫണ്ടിൽ നിന്നുമാണ് തുക നൽകുന്നത്.

കുടിവെള്ള ക്ഷാമം പരിഹരിക്കണമെന്ന്

തിരൂരങ്ങാടി: എ.ആർ നഗറിലെ രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷ മെമ്പർമാരായ ഇ. വാസു, കെ.പി സമീർ, സമീൽ കൊളക്കാട്ടിൽ എന്നിവർ പഞ്ചായത്ത് ഓഫീസിനു മുമ്പിൽ ധർണ നടത്തി. പഞ്ചായത്തിൽ അതി രൂക്ഷമായ കടിവെള്ള ക്ഷാമം നേരിടുകയാണ്.

കൊറോണയുടെ പശ്ചാത്തലത്തിൽ ജനം വീട്ടുകളിൽ ഇരിക്കുകയാണ്. ആവശ്യമായ കുടിവെള്ളം ലഭിക്കുന്നില്ല. പഞ്ചായത്തിൽ കുടിവെള്ള പദ്ധതി ഉണ്ടെങ്കിലും ഒരു മാസമായി പ്രവർത്തനം നിലച്ചിട്ട്. പദ്ധതി പ്രവർത്തിപ്പിക്കുന്നതിൽ പഞ്ചായത്ത് അധികാരികൾ കാര്യമായ നടപടികൾ സ്വീകരിക്കുന്നില്ല. വീട്ടുകളിലെ കിണറുകൾ പലതും വറ്റിവരണ്ടു കിടക്കുന്നു ജനങ്ങൾ വലിയ ദുരിതത്തിലാണ്. ഈ പ്രത്യേക സാഹചര്യം കണക്കിലെടുത്താണ് മെമ്പർമാർ ഈ പ്രതിഷേധ ധർണ നടത്തിയത് അടിയന്തിരമായി കുടിവെള്ളം വിതരണം ചെയ്യണമെന്ന് ആവശ്യപ്പെട്ട് സെക്രട്ടറിക്ക് നിവേദനവും നൽകി

മലപ്പുറത്ത് ഇതരസംസ്ഥാനക്കാർക്കായി ആറ് ഷെൽട്ടറുകൾ തുറന്നു: മന്ത്രി കെ.ടി ജലീൽ

മലപ്പുറം: രാജ്യം മുഴുവൻ ലോക്ക് ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ നാട്ടിലേക്ക് പോകാനാകാതെ ജില്ലയിൽ വഴിയിൽ കുടുങ്ങിയ ഇതര സംസ്ഥാനക്കാർക്കായി ആറ് ഷെൽട്ടറുകൾ ആരംഭിച്ചതായി ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. കെ.ടി ജലീൽ പറഞ്ഞു. ജില്ലയിലെ കോവിഡുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വിലയിരുത്തി കലക്റ്ററേറ്റിൽ മാധ്യമങ്ങളുമായി സംസാരിക്കുകയായിരുന്നു മന്ത്രി. വഴിക്കടവ്, പെരിന്തൽമണ്ണ, അരീക്കോട്, കൊണ്ടോട്ടി, തിരൂർ, ചങ്ങരംകുളം എന്നിവിടങ്ങളിലാണ് പുതിയതായി ഇതര സംസ്ഥാനക്കാർക്കായി ഷെൽട്ടറുകൾ ആരംഭിച്ചത്.

പെരിന്തൽമണ്ണയിൽ ഇതര സംസ്ഥാനക്കാരെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ പ്രചാരണങ്ങൾ നടത്തിയവരെ പിടികൂടാനായിട്ടുണ്ടെന്നും സംഭവവുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിച്ച് വരികയാണെന്നും മന്ത്രി പറഞ്ഞു. പാകം ചെയ്ത ഭക്ഷണം ആവശ്യമുള്ളവർക്ക് സാമൂഹിക അടുക്കളകൾ വഴിയും പാചകത്തിന് സൗകര്യവും സ്വയം പാകം ചെയ്യാൻ താൽപര്യപ്പെടുന്നവരുമായ ഇതര സംസ്ഥാനക്കാർക്ക് രണ്ടാഴ്ചത്തേക്കുള്ള ഭക്ഷണക്കിറ്റ് തദ്ദേശ സ്ഥാപനങ്ങൾ വഴി നൽകുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു.

മദ്യാസക്തർക്കായി ജില്ലയിൽ ആറ് ഡി അഡിക്ഷൻ കേന്ദ്രങ്ങൾ പ്രവർത്തനമാരംഭിച്ചതായി മന്ത്രി പറഞ്ഞു. നിലമ്പൂർ, പൊന്നാനി, തിരൂരങ്ങാടി, മലപ്പുറം, എം.ഇ.എസ് മെഡിക്കൽ കോളെജ്, മഅദിൻ അക്കാദമി എന്നിവിടങ്ങളിലാണ് പത്ത് ബെഡുകൾ വീതമുള്ള ഡി അഡിക്ഷൻ സെന്ററുകൾ പ്രവർത്തിക്കുന്നത്. സൈക്യാട്രിസ്റ്റിന്റെ സേവനമുൾപ്പടെ ഈ കേന്ദ്രങ്ങളിൽ ലഭ്യമാക്കിയിട്ടുണ്ട്. കോവിഡുമായി ബന്ധപ്പെട്ട പുതിയ മാർഗ നിർദ്ദേശ പ്രകാരം ശുചിമുറി സൗകര്യങ്ങളോട് കൂടി 6390 ബെഡുകൾ സജ്ജമാക്കിയതായി മന്ത്രി പറഞ്ഞു.

ലോക്ക് ഡൗൺ കാലാവധി തീരുന്നത് വരെ ജില്ലയിൽ നിരോധനാജ്ഞ തുടരുമെന്ന് മന്ത്രി അറിയിച്ചു. മൊബൈൽ റീച്ചാർജിംഗ് കേന്ദ്രങ്ങളെ അവശ്യ സേവനമായി കരുതി അനുമതി നൽകിയിട്ടുണ്ടെങ്കിലും കടകളിൽ ആളുകൾ കൂട്ടം കൂടി നിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ കടയുടമക്കെതിരെ നടപടിയെടുക്കുമെന്ന് മന്ത്രി പറഞ്ഞു. റീച്ചാർജിംഗ് ആവശ്യങ്ങൾക്കായി പരമാവധി ഓൺലൈൻ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തണമെന്നും അദ്ദേഹം പറഞ്ഞു.

Edited, Printed and Published by K.S. Sasikumar, Director, on behalf of M/s.Vaartha News Network Pvt.Ltd. Editorial Team: R. Gopikrishnan (Chief Editor), C. P. Rajasekharan* (Controlling Editor,* Responsible for selection of news under PRB Act), E. Rudran Warrier (Executive Editor), Vol 13, Issue No. 49 RNI No. KERMAL/ 2009/ 31365 Printed at ORUMA PRINTERS & PUBLISHERS Ltd, Door No. X/536, Sreesankara Industrial Estate, Chiyyaram, Thrissur-680026 and published from Vaartha News Network Pvt.Ltd, Room No .17/825- B21,22, Muallim Complex, Arayidathupalam, Kozhikode - 673004, Ph: 0495 2729088. Email: info@metrovaartha.com

വയറസും സിനിമയും

സുധീർനാഥ്

ജനങ്ങൾ രാജ്യത്താകമാനമല്ല, ലോകത്താകമാനം വിറയാർന്ന അവസ്ഥയിലാണ് ഇരിക്കുന്നത്. ഒരു കാലത്ത് ലോകം അവസാനിക്കും എന്ന് പറഞ്ഞ് ഭയപ്പെടുത്തിയാണ് കുട്ടികളെ പേടിപ്പിച്ചിരുന്നത്. സമാനമായി കോവിഡ് 19 (കൊറോണ വയറസ് ഡിസീസ്) ലോക ജനതയെ പേടിപ്പെടുത്തി കൊണ്ടിരിക്കുകയാണ്. ലോകത്തെ പ്രമുഖ സമ്പന്ന രാഷ്ട്രങ്ങളൊക്കെ കൊറോണ വയറസിന് മുന്നിൽ അടിയറവ് പറഞ്ഞിരിക്കുകയാണ്. ഒട്ടേറെ പ്രശസ്ത ഹോളിവുഡ് സിനിമകളിൽ വയറസുകളെ പ്രമേയമാക്കിയിട്ടുണ്ട്. വളരെ മനോഹരമായി ചിത്രീകരിച്ച സിനിമകൾ ലോകത്തെ സിനിമാ പ്രേമികൾ ഫാന്റസി ചിത്രം എന്ന പട്ടികയിലേയ്ക്ക് വിലയിരുത്തിയിരിക്കുന്നത്. സയൻസ് ഫിക്ഷന് ലോക സിനിമാ ലോകത്ത് മികച്ച പ്രതികരണമാണ് ലഭിച്ചിരുന്നത്. ജനങ്ങൾ ലോകമാകമാനം വീടുകളിലേയ്ക്ക് ഉൾവലിയുമെന്ന് എത്രയോ ഹോളിവുഡ് സിനിമകളിൽ പറഞ്ഞിരിക്കുന്നു.

ദി സെവൻത്ത് സീൽ

ഇംഗ്മാർ ബർഗ്മാന്റെ 1957ൽ പുറത്തിറങ്ങിയ സ്വീഡിഷ് ഭാഷയിലെ ക്ലാസിക്ക് ചിത്രമാണ് ദി സെവൻത്ത് സീൽ. ബർഗ്മാന്റെ തന്നെ വുഡ് പെയിന്റിങ്ങ് എന്ന നാടകമാണ് സിനിമയാക്കിയിരിക്കുന്നത്. നാടകത്തിൽ രാജ്യത്തെ പ്രധാന കഥാപാത്രങ്ങളായി നിൽസ് ബെൻഗ്ട്ട് ഫോൾക്കി ഇക്കിറോട്ടും, മാക്സ് ഓൺ സിഡോവേയുമാണ് അഭിനയിച്ചിരിക്കുന്നത്. ഇക്കിറോ മരണത്തിന്റെ ദൂതനായ കാലനായാണ് സിനിമയിൽ എത്തുന്നത്. മാക്സ് രാജ്യത്തിന്റെ പ്രതിനിധിയായ പടതലവനായും വേഷമിടുന്നു. ലോകത്തെ പിടിച്ച് കുലുക്കിയ പ്ലേഗിന്റെ വയറസ് ആക്രമണമാണ് സിനിമയ്ക്ക് ആധാരമായിരിക്കുന്നത്. വയറസ് ആക്രമത്തിൽ പടതലവനെ കൊണ്ടുപോകാൻ വരുന്ന കാലനോട് ചതുരംഗം കളിക്കുന്നതാണ് സിനിമയിൽ ഉടനീളം.

1954ൽ പ്ലേഗ് കാലം അടിസ്ഥാനമാക്കി പ്രശസ്ത അമെരിക്കൻ നോവലിസ്റ്റ് റിച്ചാഡ് മാത്തീസ് എഴുതിയ നോവലാണ് ഐ ആം ലെജന്റ്. റിച്ചാർഡിന്റെ ഈ നോവലിനെ അടിസ്ഥാനമാക്കി തന്നെ മൂന്ന് വ്യത്യസ്ഥ സിനിമകൾ ഇറങ്ങിയിട്ടുണ്ട്. നോവലിന് ലഭിച്ച സ്വീകാര്യതയാണ് അങ്ങിനെ സംഭവിക്കാൻ കാരണമായത്. പ്ലേഗും, ലോകത്തിൽ ഒറ്റപ്പെടുന്ന മനുഷ്യനും, പ്ലേഗ് വയറസിനെതിരെയുള്ള പോരാട്ടവും മാത്രമേ മൂന്ന് സിനിമകളിലും പൊതുവായുള്ളൂ. കഥകളിൽ മൂന്ന് സിനിമയും വ്യത്യസ്ഥത പുലർത്തുന്നു എന്ന പ്രത്യേകതയും എടുത്ത് പറയേണ്ടിയിരിക്കുന്നു.

സ്ഫടികം @ 25YEARS

സ്ഫടികം എന്ന എക്കാലത്തേയും മാസ് ആൻഡ് ക്ലാസ് ചിത്രം തീയേറ്ററുകളിലെത്തിയതിന്റെ രജത ജൂബിലി ആയിരുന്നു ഇന്നലെ. കൊറോണ വൈറസ് ആശങ്കകളുടെ നടുവിൽ ആഘോഷങ്ങളില്ലാതെയാണ് സിനിമയുടെ രജതജൂബിലിയെന്ന് സംവിധായകൻ ഭദ്രൻ ഫേസ്ബുക്കിൽ കുറിച്ചിരുന്നു.

കാലം എത്ര കഴിഞ്ഞാലും മായാതെ മലയാള സിനിമയിൽ തിളങ്ങി നിൽക്കുന്ന സിനിമയാണ് സ്ഫടികവും അതിലെ ആടുതോമ എന്ന കഥാപാത്രവും. 1995 മാർച്ച് 30 ന് പുറത്തിറങ്ങിയ ചിത്രം വർഷങ്ങൾ പിന്നിട്ടിട്ടും മുട്ടനാടിന്റെ ചങ്കിലെ ചോര കുടിക്കുന്ന, റെയ്ബാൻ ഗ്ലാസ് വെയ്ക്കുന്ന, മുണ്ടൂരി തല്ലുന്ന ആടുതോമയുടെ സ്റ്റൈൽ സോഷ്യൽ മീഡിയയിലടക്കം ഇന്നും തരംഗമാണ്. ചിത്രത്തിന്റെ റീ റിലീസ് ഭദ്രൻ നേരത്തെ പ്രഖ്യാപിച്ചിരുന്നതിനാൽ അതിനായുള്ള കാത്തിരിപ്പിലാണ് ആരാധകർ. ചിത്രം പുറത്തിറങ്ങി 25 വർഷം തികയുമ്പോൾ ചിത്രത്തിന്റെ മോഷൻ പോസ്റ്റർ പുറത്തുവിട്ടിരിക്കുകയാണ്. സംവിധായകൻ ഭദ്രന്റെ ഫെയ്സ്ബുക്ക് പേജിലൂടെയാണ് മോഷൻ പോസ്റ്റർ പുറത്തുവിട്ടിരിക്കുന്നത്.

പുതിയ ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ വിസ്മയങ്ങളോടെയാണ് സിനിമയെത്തുന്നത്. രണ്ട് കോടി രൂപയാണ് അതിനു വേണ്ടി ചെലവായിരിക്കുന്നത്. ഇപ്പോൾ 30 ശതമാനം പണികൾ പൂർത്തിയായി. ചെന്നൈയിലെ പ്രസാദ് ലാബിലാണ് റിസ്റ്റോറേഷൻ പണികൾ നടക്കുന്നത്. ഇനി കൊറോണ കെടുതികൾ കഴിഞ്ഞ ശേഷമാകും തുടർ ജോലികൾ.

ഭദ്രന്റെ കുറിപ്പ്....

ആശങ്കകളുടെ നടുവിൽ ആഘോഷങ്ങളില്ലാതെ പോയ രജതജൂബിലി!
എന്റെ സ്ഫടികം...!

ഈ ചിത്രത്തെ മഹാസാഗരമാക്കിയ മണ്മറഞ്ഞു പോയ തിലകൻ ചേട്ടനെയും, ശങ്കരാടി ചേട്ടനെയും, എൻ.എഫ്. വർഗീസിനെയും, കരമന ജനാർദനനെയും, രാജൻ പി. ദേവിനെയും, തെന്നിന്ത്യയുടെ ഹരമായിരുന്ന സിൽക്ക് സ്മിതയെയും, ഭാവോജ്വലമായ റിയലിസ്റ്റിക് സിനിമാട്ടോഗ്രഫി തന്ന ജെ. വില്യംസിനെയും, പരിമല ചെരുവിലെ പതിനെട്ടാം പട്ടയെ പനിനീർ കരിക്കാക്കിയ ഭാസ്കരൻ മാഷിനെയും, കഥയുടെ ആത്മാവ് അളന്ന് കട്ട് ചെയ്ത എം.സ്. മണിയെയും, സ്റ്റിൽ ഫോട്ടോഗ്രാഫർ എൻ.എൻ. ബാലകൃഷ്ണൻനെയും എല്ലാം, ഈ അവസരത്തിൽ ഓർക്കാതിരുന്നാൽ അവരുടെ ആത്മാക്കൾ എന്നോട് പൊറുക്കില്ല..! ഒപ്പം ഈ ചിത്രത്തിന് വേണ്ടി സഹകരിച്ച, എല്ലാ സഹപ്രവർത്തകരെ കൂടി ഓർക്കുകയാണ് ഇന്ന്...!

അക്ഷരം പഠിക്കാത്ത ഒരു കുട്ടിയുടെ നാവിന്റെ തുമ്പത്തുനിന്ന്വരെ, ഇന്നും കേട്ടുകൊണ്ടിരിക്കുന്ന ഒരു ശബ്ദമാണ് 'ആടുതോമ'. 'ചെന്തീയിൽ ചാലിച്ച ചന്ദനപൊട്ടിന്റെ' സുഗന്ധവും കുളിരും മലയാളി പ്രേക്ഷകന്റെ ഇടനെഞ്ചിൽ, ഒരു കടലിന്റെ ആഴത്തോളം കൊണ്ടുനടക്കുന്ന വികാരമാണ് 'ആടുതോമ', എന്ന് ഞാൻ തിരിച്ചറിയുന്നു...എന്നെ സ്നേഹിക്കുന്ന ഒരോ പ്രേക്ഷകനോടും എത്ര നന്ദി പറഞ്ഞാലും തീർക്കാനാവാത്ത കടപ്പാട് ഉണ്ട് എനിക്ക്.. പകരം നിങ്ങൾക്ക് എന്ത് വേണം...?

തുളസി ചോദിച്ച ആ കറുത്ത കണ്ണാടിയെ... നിങ്ങൾ എക്കാലവും ആവശ്യപ്പെട്ടുകൊണ്ടിരുന്ന ഒരു തിയറ്റർ എക്സ്പീരിയൻസ്-ലേയ്ക്ക് കൊണ്ടുവരാൻ ഞാൻ പ്രതിജ്ഞാബദ്ധനാണ്. അതിന് വേണ്ടി ഞാൻ സിനിമയിൽ ആർജിച്ചതു മുഴുവൻ, സ്ഫടികം 4K Dolby Atmos-ന്റെ technical excellence ന് വേണ്ടി സമർപ്പിക്കുന്നു...ഇതിന് കൈത്താങ്ങായ എന്റെ പ്രിയപ്പെട്ട സുഹൃത്തുക്കളുടെ Geometrics Film House-നോടും, ഒപ്പം എന്റെ ആത്മസുഹൃത്തുകൂടിയായ പ്രൊഡ്യൂസർ ആർ. മോഹനനോടും, ഞാൻ കടപ്പെട്ടിരിക്കുന്നു...

ലോകം മുഴുവനും കൊറോണ വൈറസ് പരത്തികൊണ്ടിരിക്കുന്ന പരിഭ്രാന്തിയും, ആശങ്കയും, കാലാകാലങ്ങൾ ചൂഷണം ചെയ്യപ്പെട്ട പ്രകൃതിയുടെ ഒരു 'തിരുത്തലായി' കണ്ടാൽ...?

പുത്തൻ ശലഭങ്ങൾ ജന്മമെടുക്കുന്നു... ഇടർച്ചയില്ലാത്ത ഈണത്തോടെയുള്ള പക്ഷികളുടെ ശബ്ദം കാതുകളെ ഉണർത്തുന്നു...തെളിനീർ പോലെയുള്ള പുതിയ ആകാശം പിറവി കൊള്ളുന്നു....നമ്മൾ തിരിച്ചറിയണം വരാനിരിക്കുന്ന വൻ 'വിപത്തു' തല്കാലം വഴിമാറികൊണ്ടിരിക്കുന്നു എന്ന്...!

സ്ഫടികത്തിന്റെ രണ്ടാം വരവ്- കറുത്ത മുട്ടനാടിന്റെ ചങ്കിലെ ചോര കുടിച്ച് തുണിപറിച്ചടിക്കുന്ന ആട്തോമയെ ഒരിക്കൽ കൂടി പ്രദർശിപ്പിച്ചു വിൽക്കുക എന്നതിനുപരി, ആ കറുത്ത കണ്ണടകൾക്കകത്തെ തകർക്കപ്പെട്ട കണ്ണുകളെ കാണാതെ പോയ മാതാപിതാക്കൾ ഇന്നും നമ്മോടൊപ്പം ഉണ്ട്.. ഇല്ലേ...?

ആ നിങ്ങളെ തന്നെ ഒരിക്കൽ കൂടി ബിഗ് സ്ക്രീനിൽ കാണുവാൻ ഒരവസരം... കാണുക...തിരിച്ചറിയുക...

'തല്ലി പഴിപ്പിക്കുകയല്ല തലോടി തളിർപ്പിക്കുക!' ഇന്ന് ലോകത്തിനാവശ്യം റാങ്ക് ഹോൾഡേഴ്സ്നെ അല്ല, പ്രകൃതിയെയും മനുഷ്യനെയും, സ്നേഹിക്കുകയും, അന്യോന്യം ബഹുമാനിക്കുകയും ചെയ്യുന്ന മനുഷ്യരെയാണ് !

ലോകത്തെ mesmerize ചെയ്തു കൊണ്ടിരിക്കുന്ന ജപ്പാനിൽ പിറന്നു വീഴുന്ന കുട്ടി, ആദ്യം പഠിക്കുക അക്ഷരങ്ങൾ അല്ല, ' How to behave and How to love each other.' കഴിയുമെങ്കിൽ, ശാശ്വതമായ ഒരു തിരുത്തൽ...!

സ്നേഹത്തോടെ നിങ്ങളുടെ പ്രിയ ഭദ്രൻ സംവിധായകൻ.

ജോജോ റാബിറ്റും അഡോൾഫ് ഹിറ്റ്ലറും

സ്ട്രീം ടുഡേ

നീതു ചന്ദ്രൻ

നാസി ജമനിയിൽ അമ്മ റോസിയോടൊപ്പം താമസിക്കുന്ന ഒരു ആൺകുട്ടിയാണ് ജോഹന്നാസ് ജോജോ ബെറ്റ്സ്ലർ. പത്തുവയസുള്ള ജോജോ നാസി സ്വേച്ഛാധിപതി അഡോൾഫ് ഹിറ്റ്ലറുടെ കടുത്ത ആരാധകനാണ്... ഹിറ്റ്ലറെ പോലെ ആകണമെന്നാണ് ജോജോയും മോഹം. ഒറ്റയ്ക്കാകുമ്പോഴെല്ലാം ജോജോ സംസാരിക്കുന്നത് ആരാധനാ മൂർത്തിയായ അഡോൾഫിനോടാണ്... ഹിറ്റ്ലർ യൂത്ത് ക്യാംപിൽ പങ്കെടുക്കുന്നതിനിടെ മുയലിനെ കഴുത്തു ഞെരിച്ച് കൊല്ലുന്നതിൽ പരാജയപ്പെട്ടതോടെയാണ് കൂട്ടത്തിലുള്ളവർ അവനെ റാബിറ്റ് എന്നു കൂടി ചേർത്തു വിളിക്കാൻ തുടങ്ങിയത്. അപ്പോഴും അവനെ ആശ്വസിപ്പിക്കുന്നത് അഡോൾഫാണ്. അക്കാലത്താണ് സ്വന്തം വീട്ടിൽ അമ്മ ഒരു ജൂതപ്പെൺകുട്ടിയെ ഒളിച്ചു താമസിപ്പിക്കുന്നതായി ജോജോ അറിയുന്നത്. ഹിറ്റ്ലറും രണ്ടാം ലോകമഹായുദ്ധവുമെല്ലാം അടിസ്ഥാനമാക്കി ഒരുപാട് ചിത്രങ്ങൾ പുറത്തു വന്നിട്ടുണ്ടെങ്കിലും ഒരു കുട്ടിയുടെ കൂട്ടുകാരനായി രക്തം കാണുമ്പോൾ തല കറങ്ങി വീഴുന്നത്ര ദുർബലഹൃദയനുമായി ഹിറ്റ്ലറെ ചിത്രീകരിക്കുന്നത് ഒരു പക്ഷേ ആദ്യമായിരിക്കും. മനുഷ്യാവകാശ ധ്വംസനങ്ങളെ ഹാസ്യരൂപത്തിൽ ചിത്രീകരിക്കുന്നുവെന്ന് വിമർശിക്കപ്പെട്ടിരുന്നുവെങ്കിലും ഹിറ്റ്ലറുടെ വാക്കുകൾ വേദവാക്യമായി കണ്ടിരുന്ന ഒരു സമൂഹത്തിനെയാണ് ചിത്രം വരച്ചു കാണിക്കുന്നത്.

സംവിധാനം- ടൈക വൈറ്റിറ്റി
സമയദൈർഘ്യം- 108 മിനിറ്റ്

കൂട്ടായ്മ കിച്ചനുമായി സിനിമാ പ്രവർത്തകർ

ലോക്ക് ഡൗൺ കാലത്ത് കൊച്ചി കോർപ്പറേഷൻ പരിധിയിൽ പട്ടിണി കിടക്കാൻ പാടില്ല എന്ന ചിന്തയുമായി സിനിമാക്കാരുടെ ഒരു കൂട്ടായ്മ കിച്ചൻ. നിർമ്മാതാക്കളായ ആന്റോ ജോസഫ്, മഹാസുബൈർ, ആഷിഖ് ഉസ്മാൻ, മനു നടൻ ജോജു ജോർജ്ജ്, പ്രൊഡക്ഷൻ കൺട്രോളർ ബാദുഷ എന്നിവരാണ് ഈ കൂട്ടായ്മ രൂപീകരിച്ച് ഭക്ഷണം വിതരണം ചെയ്യുന്നത്. ആവശ്യക്കാർക്ക് കൊച്ചിൻ കോർപ്പറേഷൻ പരിധിയിൽ എവിടെയായാലും അവിടെ എത്തിച്ച് കൊടുക്കുന്നതാണ് രീതി. ഉച്ചയ്ക്കും രാത്രിയിലും വിതരണം ഉണ്ടാകും. 27 ന് ആരംഭിച്ച ഈ സേവനം ആദ്യ ദിനം 250 പേർക്കും, രണ്ടാം ദിവസം 350 പേർക്കും, മൂന്നാം ദിവസമായ ഇന്ന് 400 പേർക്കും ഭക്ഷണം വിതരണം ചെയ്തു.

അക്ഷയുടെയും ട്വിങ്കിളിന്റെയും ആശുപത്രി യാത്ര

അക്ഷയ് കുമാർ ഭാര്യയായ ട്വിങ്കിൾ ഖന്നയെ ആശുപത്രിയിൽ നിന്നും കൊണ്ടുവരുന്ന വീഡിയോയാണ് സോഷ്യൽ മീഡിയയിൽ ഇപ്പോൾ വൈറലാകുന്നത്. കൊറോണ കാലത്ത് താരം ആശുപത്രിയിലെത്തിയത് ആരാധകർക്കിടയിൽ ആശങ്ക പരത്തുകയാണ്. എന്നാൽ ആശങ്കപ്പെടാൻ ഒന്നുമില്ല എന്നാണ് ട്വിങ്കിൾ വീഡിയോയിലൂടെ വ്യക്തമാക്കുന്നത്.

'ആളില്ലാത്ത റോഡുകൾ, ആശുപത്രിയിൽ നിന്നും മടങ്ങിവരികയാണ്. പരിഭ്രാന്തരാകേണ്ട,' എന്ന ക്യാപ്ഷനോടെയാണ് ട്വിങ്കിൾ വീഡിയോ പങ്കുവച്ചിരിക്കുന്നത്. കാർ ഓടിക്കുന്നത് അക്ഷയ് കുമാറാണ്. കുറച്ച് വാഹനങ്ങളും ആളുകളും ഒഴിച്ചാൽ റോഡ് കാലിയാണ്. ഇവിടെ എന്റെ ഡ്രൈവറുണ്ട്. ഞങ്ങൾ ആശുപത്രിയിൽ നിന്നും തിരിച്ചുവരികയാണ്. കാരണം എന്റെ കാലൊടിഞ്ഞു' എന്ന് വീഡിയോയിലുടെ ട്വിങ്കിൾ പറയുന്നു.

ലോക്ക് ഡൗൺ: ജോജു വയനാട്ടിലാണ്

ലോക്ക്ഡൗണിനെ തുടർന്ന് മിക്ക താരങ്ങളും സ്വന്തം വീട്ടിലാണ്. എന്നാൽ നടൻ ജോജു കഴിഞ്ഞ 19 ദിവസമായി വയനാട്ടിലാണുള്ളത്. കൊറോണയുടെ ഭീതി നാട്ടിലെങ്ങും പടരും മുമ്പെ വയനാട്ടിലെത്തിയതായിരുന്നു ജോജു. ശരീരഭാരം കുറക്കാനുള്ള ആയുർവേദ ചികിത്സയ്ക്കായി എത്തിയതായിരുന്നു താരം. ഇതിനിടെ സർക്കാർ ലോക്ക്ഡൗൺ പ്രഖ്യാപിച്ചു. ഇതോടെ ഇവിടെ തന്നെ കഴിയാൻ തീരുമാനിക്കുകയായിരുന്നുവെന്ന് ജോജു പറയുന്നു. ഫെയ്സ്ബുക്കിൽ പോസ്റ്റ് ചെയ്ത വീഡിയോയിലൂടെയായിരുന്നു ജോജു ഈ കാര്യം പറഞ്ഞത്.

താൻ ഇതുവരെ പുറത്തിറങ്ങിയിട്ടില്ല. സർക്കാർ പറയുന്നത് വരെ ലോക്ക്ഡൗൺ കാലാവധി കഴിയുന്നത് വരെ ഇവിടെ തുടരാനാണ് തീരുമാനമെന്നും ജോജു വ്യക്തമാക്കി. സുഹൃത്തുക്കളെ താനും അവർ തന്നേയും വിളിക്കുന്നുണ്ടെന്നും ജോജു പറഞ്ഞു. നമുക്ക് പരിചയമുള്ളവരേയും സ്നേഹമുള്ളവരേയും പിണക്കമുള്ളവരേയും വിളിക്കണം. അവരെ ആശ്വസിപ്പിക്കണമെന്നും അതൊക്കെയാണ് ഈ സമയത്ത് ചെയ്യാനാവുകയെന്നും ജോജു പറഞ്ഞു. ഡിപ്രഷനിൽ ഇരിക്കുന്ന മറ്റ് ആളുകളെ അവരുടെ സുഹൃത്തുക്കൾ വിഡീയോ കോളോ മറ്റോ ചെയ്ത് അവരെ പിന്തുണയ്ക്കണമെന്നും താരം ഓർമ്മിപ്പിച്ചു. അതേസമയം, ഇന്ത്യയ്ക്ക് പുറത്തുനിന്നുവന്നവരോടും സ്നേഹത്തോടെ പെരുമാറണമെന്നും അസുഖത്തിന്റെ പേരിൽ അവരെ കുറ്റപ്പെടുത്താൻ പാടില്ലെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

നാട് വല്ലാത്തൊരു അവസ്ഥയിലൂടെയാണ് കടന്നുപോകുന്നത്. എല്ലാവരും ഒരുമിച്ചു നിൽക്കേണ്ട സമയം. സർക്കാർ പറയുന്ന തീരുമാനങ്ങൾ കേട്ട് അതനുസരിച്ച് പ്രവർത്തിക്കണം. ഇത് നമുക്ക് വേണ്ടി എടുക്കുന്ന തീരുമാനങ്ങളാണ്. എല്ലാവരും ഒരുമിച്ച് നിൽക്കുക. ആ സമയവും കടന്നു പോകുമെന്നും അദ്ദേഹം പറയുന്നു.

ദിവസ വേതനക്കാർക്ക് സൽമാന്റെ സഹായം

സിനിമാ മേഖലയിലെ 25,000 ദിവസ വേതനക്കാർക്ക് സാമ്പത്തിക സഹായവുമായി സൽമാൻ ഖാൻ. 25,000 ദിവസ വേതന തൊഴിലാളികൾക്ക് ബാങ്ക് അക്കൗണ്ടിൽ പണം നൽകാനാണ് തീരുമാനം. ബീയിങ് ഹ്യൂമൻ എന്ന തന്റെ ഫൗണ്ടേഷനിലൂടെയാണ് സാമ്പത്തിക സഹായം നൽകുന്നത്. പണം ഇവരിൽ നേരിട്ട് എത്തുന്നതിനാണ് ബാങ്ക് അക്കൗണ്ടിലൂടെ നൽകുന്നതെന്നും സൽമാൻ ഖാൻ വ്യക്തമാക്കി.

നേരത്തെ ഭോജ്പൂരി നടനായ രവി കൃഷ്ണൻ ഭോജ്പുരി സിനിമാ മേഖലയിലെ ടെക്നിക്കൽ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് സാമ്പത്തിക സഹായം പ്രഖ്യാപിച്ചിരുന്നു. ബോളിവുഡ് താരമായ അക്ഷയ് കുമാർ പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് 25 കോടി രൂപ പ്രഖ്യാപിച്ചിരുന്നു. കരൺ ജോഹർ, തപ്സി പാന്നു, ആയുഷ്മാൻ ഖുറാന, കിയാര അദ്വാനി, രാകുൽ പ്രീത് സിംഗ്, സിദ്ധാർത്ഥ് മൽഹോത്ര, നിതേഷ് തിവാരി എന്നീ താരങ്ങൾ ചലചിത്ര മേഖലയിലെ ദിവസ വേതന തൊഴിലാളികൾക്ക് സാമ്പത്തിക സഹായം പ്രഖ്യാപിച്ചിരുന്നു.

നന്ദി അറിയിച്ച് രൺവീർ സിങ്

ഫിലിം ക്രിട്ടിക്സ് ഗിൽഡിന്റെ ക്രിട്ടിക്സ് ചോയ്സ് ഫിലിം അവാർഡുകൾ കഴിഞ്ഞ ദിവസം പ്രഖ്യാപിച്ചിരുന്നു. ബോളിവുഡിൽ ഗല്ലി ബോയ് എന്ന ചിത്രത്തിലെ അഭിനയത്തിന് രൺവീർ സിങ്ങിനാണ് മികച്ച നടനുള്ള പുരസ്കാരം ലഭിച്ചത്. ഇപ്പോഴിതാ നന്ദി അറിയിച്ച് രംഗത്തെത്തിയിരിക്കുകയാണ് രൺവീർ സിങ്. ക്രിട്ടിക്സ് ചോയ്സ് ഫിലിം അവാർഡ്സിനും മുഴുവൻ അണിയറപ്രവർത്തകർക്കും ഫിലിം ക്രിട്ടിക്സ് ഗിൽഡ് ഓഫ് ഇന്ത്യയ്ക്കും തന്റെ ജോലിക്ക് ആദരം നൽകിയതിന് നന്ദിയെന്നും താരം കുറിച്ചിരിക്കുന്നു. ഹിന്ദിയിൽ മിക്ക അവാർഡുകളും ഗലി ബോയ് ആണ് സ്വന്തമാക്കിയത്.

മികച്ച സംവിധാനത്തിനുള്ള പുരസ്കാരം സ്വന്തമാക്കിയത് ഗലി ബോയ് ഒരുക്കിയ സോയ അക്തറാണ്. മികച്ച ചിത്രമായി തെരഞ്ഞെടുക്കപ്പെട്ടതും ഗലി ബോയ് തന്നെയാണ്. അതേസമയം, ആർട്ടിക്കിൾ 15 ലൂടെ അനുഭവ് സിൻഹയും ഗൗരവ് സോളങ്കിയും മികച്ച തിരക്കഥയ്ക്കുള്ള പുരസ്കാരവും സ്വന്തമാക്കി. മലയാളത്തിൽ നിന്നും കുമ്പളങ്ങി നൈറ്റാണ് മികച്ച ചിത്രമായി തെരഞ്ഞെടുക്കപ്പെട്ടിരുന്നത്. മമ്മൂട്ടി മികച്ച നടനായി തെരഞ്ഞെടുക്കപ്പെട്ടപ്പോൾ ഉയരെയിലെ പല്ലവിയെ അവതരിപ്പിച്ച പാർവതി മികച്ച നടിയായി.

മെട്രോ വാർത്ത

ലോകാഃ സമസ്താഃ സുഖിനോ ഭവന്തു

1195 മീനം 18 ശഅ്ബാൻ 5

2020 മാർച്ച് 31 ചൊവ്വ

മനുഷ്യത്വം മരവിക്കാതിരിക്കട്ടെ, കൊറോണയുടെ ദുരിതകാലത്ത്

ജനിച്ചു ദിവസങ്ങൾ മാത്രം പ്രായമുള്ള കുരുന്നിനെക്കൂടി കവർന്നെടുത്തിരിക്കുന്നു, കൊവിഡ് 19 എന്ന ഈ നൂറ്റാണ്ടിന്റെ മഹാമാരക വിഷവിത്ത്. യുഎസിലെ ഷിക്കാഗോയിലാണു നവജാത ശിശു, മാതാവിലൂടെ പകർന്നു കിട്ടിയ കൊറോണ ബാധിച്ചു മരിച്ചത്. അതോടെ പ്രായമായവരെയാണു കൊവിഡ് വേട്ടയാടുന്നതെന്ന ധാരണ തിരുത്തപ്പെട്ടു. ഏതു പ്രായക്കാരെയും കൊവിഡ് ബാധിക്കാം. ഏതു രാജ്യത്തും അതു സംഭവിക്കാം. സൂര്യനസ്തമിക്കാത്ത സാമ്രാജ്യത്തിന്റെ രാജകുമാരനെയും പ്രധാനമന്ത്രിയെയും ലോക നേതാക്കളെയും കലാകാരന്മാരെയും വ്യവസായ പ്രമുഖരെയും ഡോക്റ്റർമാരെയും ശാസ്ത്രജ്ഞരെയുമൊക്കെ മരണത്തിന്റെ ചുഴിയിലേക്കു വലിച്ചിടാനുള്ള കെൽപ്പു കാട്ടി, കൊവിഡ്. ഇതറിയാത്തവരല്ല നമ്മളാരും. എന്നിട്ടും ചിലരുടെയെങ്കിലും കണ്ണിൽ ഇരുട്ടു പരക്കുന്നു എന്നു തിരിച്ചറിയുന്നത് കടുത്ത ആശങ്കയാണ് ജനിപ്പിക്കുന്നത്.

അതിർത്തി അടച്ചിട്ടും മനുഷ്യജീവനു പുല്ലുവില നൽകി കടുത്ത വിലപേശലിനു വേണ്ടി ആയിരങ്ങളെ പ്രലോഭിപ്പിച്ചു തെരുവിലിറക്കിയും അർഹതയുള്ളവർക്കു പോലും ആഹാരവും വെള്ളവും നിഷേധിച്ചും ആപത്തുകാലത്തു തരാതരം പോലെ പൂഴ്ത്തിവച്ചും കള്ളക്കച്ചവടം ചെയ്തു കൊള്ളലാഭം സൃഷ്ടിച്ചുമൊക്കെയാണ് ഇക്കൂട്ടർ അവസരങ്ങളെ ആഘോഷമാക്കുന്നത്. ഇവർ മനുഷ്യത്വം മരവിച്ചവർ മാത്രമല്ല, സമൂഹത്തിനു മേൽ വിഷം തുപ്പുന്ന മാരക കീടങ്ങൾ തന്നെയാണ്. വടക്കൻ കേരളത്തിൽ നിന്നു കർണാടകത്തിലേക്കുള്ള ദേശീയപാത അടച്ചിട്ട നടപടി അത്തരത്തിലൊരു കാട്ടാളത്തമായി കണക്കാക്കേണ്ടി വരും. ദേശവ്യാപകമായി സമ്പൂർണ ലോക്ക് ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ പൊതുഗതാഗതം എല്ലായിടത്തും നിർത്തിവച്ചിരിക്കയാണ്. എന്നാൽ ആരോഗ്യ മേഖലയിലെയും ക്രമസമാധാന മേഖലയിലെയും ജീവനക്കാരും വാഹനങ്ങളും അവശ്യ സർവീസായി പരിഗണിച്ചു നിർബാധം സഞ്ചരിക്കാൻ അനുവദിക്കണമെന്നു കേന്ദ്ര സർക്കാരും സുപ്രീം കോടതി അടക്കമുള്ള നീതിപീഠങ്ങളും പ്രസ്താവിച്ചിട്ടുണ്ട്. അതൊന്നും വക വയ്ക്കാതെയാണ് കർണാടക സർക്കാർ കേരളത്തിൽ നിന്നുള്ള വാഹന ഗതാഗതം ദേശീയപാതയിൽ മണ്ണിട്ടു മൂടിയും കൂറ്റൻ ബാരിക്കേഡുകൾ സ്ഥാപിച്ചും തടഞ്ഞുവച്ചിരിക്കുന്നത്.

വടക്കൻ കേരളത്തിൽ ഏറ്റവും അടുത്തുള്ള വൻനഗരമാണ് മംഗലാപുരം. വിദഗ്ധ ചികിത്സ, വൻകിട വ്യാപാരം തുടങ്ങി പല ആവശ്യങ്ങൾക്കും കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നിന്നുള്ളവർ ആശ്രയിക്കുന്ന നഗരമാണിത്. അവിടേക്കു പോകുന്ന ആംബുലൻസുകൾ പോലും ഇപ്പോൾ തടഞ്ഞിടുകയാണ്. ഇതു മൂലം ഒരു പൂർണ ഗർഭിണി ആംബുലൻസിൽ പ്രസവിച്ചു. മൂന്നു പേർ ചികിത്സ കിട്ടാതെ മരിച്ചു. കൊവിഡ് സുരക്ഷയ്ക്കൊപ്പം മനുഷ്യത്വത്തിനു കൂടി പരിഗണന നൽകണമെന്നാണ് ഇന്നലെ കേരള ഹൈക്കോടതി കർണാടക സർക്കാരിനോട് ആവശ്യപ്പെട്ടത്. കേസിപ്പോൾ സുപ്രീം കോടതിയിലേക്കും നീളുകയാണ്. കർണാടക സർക്കാരിന്റെ ധിക്കാരപരമായ നടപടിക്കെതിരേ കേന്ദ്ര സർക്കാരും സുപ്രീം കോടതിയും ഇടപെടുമെന്നു കരുതാം.

കൊവിഡ് 19 പ്രതിരോധത്തിനു ഭീഷണിയായി നടക്കുന്ന ചില നീക്കങ്ങൾ ശക്തമായി നേരിടേണ്ടതുണ്ട്. കോട്ടയത്ത് പായിപ്പാട്ട് ആയിരക്കണക്കിന് ഇതര സംസ്ഥാന തൊഴിലാളികളെ തെരുവിലിറക്കിയതിനു പിന്നിൽ തദ്ദേശീയരായ ചില രാഷ്ട്രീയ നേതാക്കൾക്കു പങ്കുണ്ടെന്നാണ് അന്വേഷണ ഉദ്യോഗസ്ഥർക്കു ലഭിക്കുന്ന വിവരം. ഈ സംഘടിത നീക്കത്തിനു പിന്നിൽ ചില തീവ്രവാദ സംഘടനകൾക്കുമുണ്ട് പങ്ക്. കോട്ടയം മാതൃകയിൽ പെരുമ്പാവൂരിലും കോഴിക്കോട്ടും ചില സാമൂഹിക വിരുദ്ധർ ഇത്തരത്തിൽ ഇതര സംസ്ഥാന തൊഴിലാളികളെ പ്രലോഭിപ്പിച്ചു തെരുവിലിറക്കാൻ ശ്രമിക്കുന്നു എന്നും പൊലീസിനു വിവരം കിട്ടിയിട്ടുണ്ട്. പുര കത്തുമ്പോൾ വാഴ വെട്ടാനുള്ള ഇവരുടെയൊക്കെ കൊള്ളരുതായ്മയ്ക്ക് ഒട്ടും മയമില്ലാത്ത തരത്തിലുള്ള ശിക്ഷണ നടപടികൾ കൂടിയേ തീരൂ. പല രാജ്യങ്ങളും ഭീകരരോടെന്ന പോലെയാണ് ഇത്തരക്കാരെ നേരിടുന്നത്.

ലോകമെമ്പാടും കൊറോണ ഭീതിയിൽ വിറങ്ങലിച്ചു നിൽക്കുമ്പോൾ സഹജീവികളോടു കാരുണ്യം കാണിക്കേണ്ട അവസരം കൂടിയാണിത്. വാടകയുടെ കണക്കു പറഞ്ഞ് ഇതര സംസ്ഥാന തൊഴിലാളികളടക്കമുള്ളവരെ താമസസ്ഥലത്തു നിന്ന് ഇറക്കിവിടുന്നതും അവർക്കു ഭക്ഷണവും കുടിവെള്ളവും നിഷേധിക്കുന്നതും മറ്റും നിയമവിരുദ്ധമായി പ്രഖ്യാപിച്ചിട്ടുണ്ട്, കേന്ദ്ര സർക്കാർ. അതിനു വിരുദ്ധമായി പ്രവർത്തിക്കുന്നവർ കർശന നിയമ നടപടിക്കു വിധേയരാകുമെന്നു മറക്കരുത്.

അരി, പച്ചക്കറി, പലവ്യഞ്ജനം, മത്സ്യം തുടങ്ങിയ അവശ്യ വസ്തുക്കൾ പൂഴ്ത്തിവച്ചും അവയുടെ ലഭ്യത തടസപ്പെടുത്തി വില വർധിപ്പിച്ചും കൊള്ളലാഭം കൊയ്യുന്നവരുമുണ്ട് നമ്മുടെ സമൂഹത്തിൽ. ജനസംഖ്യയുടെ മഹാഭൂരിപക്ഷവും ജോലിയും കൂലിയുമില്ലാതെ വീടകങ്ങളിൽ വലിയ പ്രതിസന്ധിയിലൂടെ കടന്നു പോകുമ്പോൾ ഓരോരുത്തരും തങ്ങളാൽ കഴിയുന്ന സഹായഹസ്തങ്ങൾ നീട്ടേണ്ട അവസരമാണിത്. അതിനു പകരം മനുഷ്യത്വം മറന്നു പ്രവർത്തിക്കുന്നവരും നാട്ടിൽ അരാജകത്വം സൃഷ്ടിക്കുന്നവരും കൊള്ളലാഭം മാത്രം ലക്ഷ്യം വയ്ക്കുന്നവരുമൊക്കെ നിയമത്തിന്റെ മുന്നിൽ കൊടുംകുറ്റവാളികൾ തന്നെയാണ്. അവർക്കെതിരേ കർശന നടപടി സ്വീകരിക്കുന്നതിൽ അധികൃതർ ഒരു ദാക്ഷിണ്യവും കാണിക്കരുത്.

ml പവർബാങ്ക്

മനസിന് ശക്തി

ലോകംഒന്നടങ്കം പ്രതിസന്ധിയിലാണ്, പ്രതിസന്ധികൾ ഇല്ലാത്ത ജീവിതമില്ല പരാജയങ്ങൾ നേരിടാത്ത വ്യക്തികളില്ല. കാരണം ഇവയൊക്കെ ജീവിതത്തിന്റെ അറുത്തു മുറിച്ചു മാറ്റാൻ സാധിക്കാത്ത ഭാഗങ്ങളാണ്. അങ്ങനെയെങ്കിൽ ആ യാഥാർത്ഥ്യം ഉൾക്കൊള്ളുക എന്നതാണ് പ്രതിസന്ധികളിൽ തളരാതിരിക്കാനുള്ള പ്രഥമ മാർഗം.

നാം അവയോടു എങ്ങനെ പ്രതികരിക്കുന്നു എന്നതും പ്രധാനം തന്നെ. പരാജയ ഭീതിയോടെ പുറകോട്ടു പോവരുത് നിശ്ചയ ദാർഢ്യത്തോടെ അവർ മുന്നേറണം. പൊരുതിയാൽ പരുക്കേൽക്കുമെന്നും ജീവൻ തന്നെ അപകടത്തിൽ ആവുമെന്നും ഭയപ്പെടുന്നവരുണ്ട് . അവർ പ്രതിസന്ധികളിൽ 'ഒഴിഞ്ഞു മാറൽ' എന്ന നയം സ്വീകരിക്കുന്നു. മൂന്നാമത് ഒരു കൂട്ടർ പ്രതിസന്ധികളെ കണ്ടില്ല എന്ന് നടിക്കുന്നു.

അപ്പോൾ പ്രതിസന്ധികൾ ഉണ്ടാകുമ്പോൾ മേൽപ്പറഞ്ഞ ഏത് സമീപനമാണ് സ്വീകരിക്കേണ്ടത് എന്നതിനെപ്പറ്റി ഒരു അവബോധം ഉണ്ടായില്ലെങ്കിൽ പ്രതിസന്ധികൾ നമ്മെ കീഴടക്കും. നമ്മുടെ മനസിന്റെ ശക്തി അത്ഭുതാവഹമാണ്, സാധാരണയായി മനോഃശക്തിയുടെ ഒരു ചെറിയ ഭാഗം മാത്രമേ നാം ഉപയോഗിക്കാറുള്ളൂ. എന്നാൽ അത്യാവശ്യ സന്ദർഭങ്ങളിൽ ഉപയോഗിക്കപ്പെടാതെ കിടക്കുന്ന മനോഃശക്തി പ്രയോജനപ്പെടുത്തുവാനുള്ള ആത്മാർത്ഥമായ പരിശ്രമമുണ്ടാകുമ്പോൾ മുമ്പ് സാധ്യമല്ല എന്ന് കരുതിയതും അനുഭവപ്പെട്ടതുമായ കാര്യങ്ങൾ സുസാധ്യമായി ത്തീരുന്നതായി നമുക്ക് ബോധ്യപ്പെടും. ഇതിനെയാണ് ആത്മവിശ്വാസം എന്നു വിവക്ഷിച്ചിരിക്കുന്നത്. അതുകൊണ്ട് ഈ പ്രതിസന്ധി സമയത്ത് മനസിൽ ഒന്നുമാത്രം നമ്മൾ ഏതു മോശം സമയത്തെയും നേരിടും, അതാവാണം ഉള്ളിലെ തീരുമാനം.

കൊവിഡ് ഭീതിയിൽ അമെരിക്ക

പി.എസ്. ശ്രീകുമാർ

വികസിത രാജ്യമായ അമെരിക്കക്ക് എന്ത് പറ്റിയെന്നാണ് ലോകമെങ്ങുനിന്നും ഉയരുന്ന ചോദ്യം. കൊവിഡ് ബാധിതരുടെ എണ്ണത്തിൽ ചൈനയെയും ഇറ്റലിയെയും കടത്തിവെട്ടി അമെരിക്ക ഒന്നാം സ്ഥാനത്തെത്തിയിരിക്കുന്നു. രോഗം ബാധിച്ചവരുടെ എണ്ണം 1.25 ലക്ഷം കഴിഞ്ഞു. കൊറോണ ആദ്യം പൊട്ടിപ്പുറപ്പെട്ട ചൈനയിൽ 81340 ഉം ഏറ്റവും ഗുരുതരമായി തുടരുന്ന ഇറ്റലിയിൽ 80589ഉം ആയിരിക്കുമ്പോഴാണ് ഈ. രാജ്യങ്ങളെ മറികടന്ന് അമെരിക്ക മുന്നേറുന്നതു. അമെരിക്കയിലെ കോവിഡ് മരണ സംഖ്യ, ഞായറാഴ്ച ആയപ്പോൾ 2300 കഴിഞ്ഞു. ഇപ്പോഴത്തെപ്പോലെ കോവിഡ് വ്യാപനം തുടരുകയായണെങ്കിൽ ഏപ്രിൽ മാസം അവസാനമാകുമ്പോൾ 80,000 ഇൽ പരം ആളുകൾ അമെരിക്കയിൽ കൊവിഡ് ബാധിച്ച് മരിക്കുന്ന അവസ്ഥ ഉണ്ടാകും എന്നാണ് വാഷിങ്ടൺ സർവകലാശാലയുടെ സ്കൂൾ ഓഫ് മെഡിസിൻ തയാറാക്കിയ പഠനത്തിൽ വ്യക്തമായിക്കുന്നതു.

നിലവിൽ കോവിഡ് ഏറ്റവും രൂക്ഷമായി ബാധിച്ചിരിക്കുന്നത് ന്യൂയോർക് നഗരത്തെയാണ്. ബുള്ളറ്റ് ട്രെയ്നിന്റെ വേഗത്തിലാണ് കോവിഡ് പടരുന്നതെന്നാണ് ന്യൂ യോർക്ക് ഗവർണ്ണർ ആൻഡ്രൂ കോമോ മുന്നറിയിപ്പ് നല്കിയിരിക്കുന്നതു. 550 പേർ അവിടെ മരിച്ചു. രോഗികളുടെ എണ്ണം 50,000 ആയി. ഓരോ മൂന്നു ദിവസം കൂടുമ്പോഴും രോഗബാധിതരുടെ എണ്ണം ഇരട്ടിയായി മാറുന്നു. രോഗികളെ ചികിത്സിക്കാൻ നഗരത്തിലെ ആശുപത്രി സൗകര്യങ്ങൾ തികയാത്തതിനാൽ 1000 കിടക്കകൾ ഉള്ള തത്ക്കാലിക ആശുപത്രിയുടെ നിർമാണം അവിടെ നടക്കുന്നു.

ഒരു ലക്ഷത്തി അൻപതിനായിരത്തോളം പേരെ പരിശോധിച്ചു. ഇവരിൽ ആയിരത്തി അഞ്ഞൂറിൽ പരം പേര് അത്യാസന്നനിലയിൽ ഇൻടെൻസിവ് കെയർ യൂണിറ്റുകളിലാണ്. ഈ നിലയിലാണെങ്കിൽ സിറ്റിയിൽ മാത്രം മുപ്പതിനായിരം വെന്റിലെറ്റർ ആവശ്യമായി വരുമെന്നാണ് ഗവർണ്ണർ കോമോ, ട്രംപ് ഭരണകൂടത്തെ അറിയിച്ചതു. എന്നാൽ ഡെമോക്രാറ്റിക് പാർട്ടിയുടെ ഗവർണ്ണർ ആയ കോമോ പറയുന്നതു ഊതി വീർപ്പിച്ച കണക്കുകൾ ആണെന്ന് ട്രംപ് ആരോപിച്ചു.

എവിടെയാണ് അമെരിക്കക്കു തെറ്റിയത്?

ഏഷ്യയിലും യൂറോപ്പിലും കൊറോണ പടർന്നു പിടിച്ചപ്പോഴും അമെരിക്കയെ കൊറോണ ബാധിക്കില്ലെന്നാണ് ട്രംപ് പറഞ്ഞത്. ജനുവരി 20 ന് ആദ്യ കൊറോണ കേസ് അമെരിക്കയിൽ റിപ്പോർട്ട് ചെയ്തപ്പോൾ എല്ലാം നിയന്ത്രണ വിധേയമാണ് എന്ന് പറഞ്ഞത്. രോഗനിർണയം നടത്തുവാനും, രോഗികളെ കണ്ടെത്തുവാനും അമെരിക്ക ശ്രമിച്ചില്ല. അമെരിക്കയിൽ കൊറോണ രോഗം സ്ഥിരീകരിച്ച അന്ന് തന്നെ ദക്ഷിണകൊറിയയിലും കോവിഡ് സ്ഥിരീകരിച്ചിരുന്നു. ആ രാജ്യം കൊറോണക്കുള്ള കിറ്റുകൾ രാജ്യത്തെല്ലായിടത്തും ലഭ്യമാക്കി രോഗനിർണയം നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ചികിത്സ നടത്തുവാനുള്ള നടപടികൾ ഫലപ്രദമായി നടപ്പിലാക്കുകയും ചെയ്തു. മാർച്ച് ഇരുപത്തിഏഴുവരെ കൊറിയയിൽ കോവിഡ് ബാധിതരുടെ എണ്ണം ഒൻപതിനായിരിത്തി അഞ്ഞൂറോളം മാത്രമായിരുന്നു. അവരിൽ പകുതിയോളം പേര് ചികിത്സയിലൂടെ സുഖം പ്രാപിക്കുകയും ചെയ്തു. കൊറിയൻ സർക്കാർ ഉണർന്നു പ്രവർത്തിച്ചതിനാൽ രാജ്യം ഒരു അടച്ചിടലിലേക്കു പോകാതെതന്നെ രോഗ നിയന്ത്രണം നടത്തുവാൻ സാധിച്ചു.

ഇവിടെയാണ് ട്രംപിന് തെറ്റിയത്. കോവിഡിനെ പുച്ഛിച്ചു തള്ളിയ ട്രംപ് രോഗ നിർണയത്തിനുള്ള കിറ്റുകൾ ലഭ്യമാക്കുന്നതിൽ വീഴ്ച വരുത്തി. ഈ രോഗത്തിന്റെ വ്യാപനത്തിന്റെ വേഗതയും ഗുരുതരാവസ്ഥയും മനസിലാക്കി നടപടി സ്വീകരിക്കാൻ വൈകിയതാണ് അമെരിക്കയുടെ വീഴ്ച. കോവിഡിന്റെ വ്യാപനം അൻപതിനായിരം കടന്നപ്പോഴാണ് ടെസ്റ്റ് കിറ്റുകൾ കുറെയെങ്കിലും ലഭ്യമാക്കുവാൻ ഫെഡറൽ സർക്കാർ തയാറായത്. അതോടൊപ്പം സ്കൂളുകളും ഓഫീസുകളും അടക്കുവാനും വിദേശ രാജ്യങ്ങളിൽ നിന്നുമുള്ള വിമാനങ്ങൾക്കും വിലക്കേർപ്പെടുത്തി. ഇപ്പോൾ അമെരിക്കയിലെ എല്ലാ സംസ്ഥാനങ്ങളിലും കോവിഡ് വ്യാപിച്ചു. ഈ രോഗത്തിന്റെ വ്യാപനത്തിന്റെ വേഗതയും ഗുരുതരാവസ്ഥയും മനസിലാക്കി നടപടി സ്വീകരിക്കാൻ വൈകിയതാണ് അമെരിക്കയുടെ തെറ്റ്. ന്യൂയോർക് ഉൾപ്പെടെ ഇരുപതിൽ പരം സംസ്ഥാനങ്ങൾ കടുത്ത നിയന്ത്രണങ്ങൾ ഏർപ്പെടുത്തി സാമൂഹ്യ വ്യാപനം തടയാൻ നടപടി തുടങ്ങി. ന്യൂയോർക് നഗരം പൂർണമായി ക്വാറന്റൈനിൽ ആക്കാൻ ഫെഡറൽ ഭരണകൂടം ആലോചിക്കുകയാണ്. രോഗികളുടെ എണ്ണത്തിനനുസരിച്ചു വെന്റിലേറ്ററുകളോ , ഐ വി ഫ്ലൂയിഡ്, ഡോക്റ്റർമാർ, നഴ്സുമാർ എന്നിവരുടെ സേവനങ്ങളോ ലഭ്യമല്ല. രാജ്യം മുഴുവൻ അടച്ചിടണമെന്നു ആരോഗ്യ വിദഗ്ദ്ധർ ആവശ്യപ്പെട്ടെങ്കിലും ട്രംപ് അതിനു തയാറല്ല. ഇപ്പോൾ ഏർപ്പെടുത്തിയ പരിമിതമായ നിയന്ത്രണങ്ങൾ പോലും ഈസ്റ്ററിനു മുമ്പ് പിൻവലിക്കണം എന്നാണ് അദ്ദേഹം ആഗ്രഹിക്കുന്നത്. രാജ്യം അടക്കുന്നതിലൂടെ രാജ്യം സാമ്പത്തികമായി തകരും എന്നാണു അദ്ദേഹം നൽകുന്ന വ്യാഖ്യാനം. ചൈന ഉൾപ്പെടെയുള്ള രാജ്യങ്ങളിൽ ഉദ്പാദനം കുറഞ്ഞത് അവസരമാക്കി അമെരിക്കയിൽ ഉദ്പാദനം കൂട്ടണമെന്നും അദ്ദേഹം ആവശ്യപ്പെടുന്നു.

കോവിഡിന്റെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ നിയന്ത്രണങ്ങളെ തുടർന്ന് മുപ്പതു ലക്ഷം പേർക്കാണ് അമെരിക്കയിൽ ജോലി നഷ്ടപ്പെട്ടത്. ഇന്ത്യാക്കാർ ഉൾപ്പെടെ ഐ ടി രംഗത്ത് ജോലിചെയ്യുന്ന ഒട്ടേറെ പേരെ ഇത് ബാധിക്കും. ഈ ഒരു സാഹചര്യത്തിലാണ് സാമ്പത്തിക ഉത്തേജന പാക്കെജ് അദ്ദേഹം പ്രഖ്യാപിച്ചത്. 2.2 ട്രില്ലിയൻ ഡോളറിൻതെ പാക്കെജ് ആണ് ഇപ്പോൾ പ്രഖ്യാപിച്ചത്. 130 ബില്യൺ ഡോളർ ആശുപത്രികൾക്കും, ഹെൽത്ത് സെന്ററുകൾക്കും, വൈറസ് ടെസ്റ്റിങ് കേന്ദ്രങ്ങൾക്കും നൽകും. 367 ബില്യൺ ഡോളർ വായ്പയും ഗ്രാന്റുമായി നൽകും. പാക്കെജിന്റെ സിംഹഭാഗവും വ്യവസായ-ടൂറിസം മേഖലകളുടെ ഉത്തേജനത്തിനായാണ് മാറ്റി വച്ചിരിക്കുന്നത്.

അടുത്ത മൂന്നു മാസങ്ങൾക്കുള്ളിൽ കോവ്ഡ്മൂലം ഉണ്ടാകുന്ന സാമ്പത്തിക മാന്ദ്യം തരണം ചെയ്തു വ്യാവസായിക വളർച്ച വർധിപ്പിക്കാമെന്നും, തൊഴിലില്ലായ്മ കുറഞ്ഞ നിരക്കിലാക്കാമെന്നും അതുവഴി നവംബറിലെ പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ ഡെമോക്രാറ്റിക് പാർട്ടിയുടെ സ്ഥാനാർഥി ജോ ബൈഡനെ തോൽപ്പിച്ചു വീണ്ടും പ്രസിഡന്റായി തെരെഞ്ഞുടുക്കപ്പെടാമെന്നും അദ്ദേഹം കണക്കുകൂട്ടുന്നു. അദ്ദേഹത്തിന്റെ പ്രതീക്ഷകൾക്കനുസരിച്ചു കാര്യങ്ങൾ പോകുമോയെന്ന് കണ്ടറിയണം.

എന്റെ 'പായിപ്പാട്' ഇങ്ങനെ അല്ല...

ശ്രീകുമാരൻ തമ്പി

പായിപ്പാട്ടാറ്റിൽ വള്ളംകളി

പമ്പാനദി തിരയ്ക്ക് ആർപ്പുവിളി'' --എന്ന എന്റെ ഗാനം (രവീന്ദ്രന്റെ ഈണത്തിൽ യേശുദാസ് പാടിയത്) കേട്ടവരിൽ ചിലർ ഇന്നലെ ഇതര സംസ്ഥാന തൊഴിലാളികൾ പായിപ്പാട് നടത്തിയ തെറ്റായ, നിയമവിരുദ്ധമായ, നീക്കത്തെ പറ്റി എന്നോട് വിശദാംശങ്ങൾ ചോദിക്കുന്നുണ്ടായിരുന്നു... ആ ഗാനത്തിൽ പറയുന്ന പായിപ്പാട് ഈ പായിപ്പാട് അല്ല. അത് ഹരിപ്പാടിനോട് ചേർന്നു കിടക്കുന്ന മനോഹരമായ നദീതീരം ഉൾപ്പെടുന്ന ഒരു ഭൂപ്രദേശം ആണ്. 'എന്റെ' പായിപ്പാട് ഇങ്ങനെ അല്ല''!...

കൊറോണ എന്ന മഹാമാരിയ്ക്ക് എതിരെ പ്രതിരോധം തീർക്കാൻ നമ്മുടെ കേന്ദ്രസംസ്ഥാന ഗവേൺമെന്റുകൾ ഇത്രയും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയ ഈ സമയത്തു അതിനു എതിരായ ഒരു നീക്കം ആരുനടത്തിയാലും അത് ക്ഷമിക്കാവുന്നതല്ല. ഒരു സുപ്രഭാതത്തിൽ നടന്ന രഹസ്യനീക്കത്തിലൂടെ ആയിരക്കണക്കിന് 'അതിഥി സംസ്ഥാന തൊഴിലാളികൾ' എന്ന് നാം ഓമനപ്പേരിട്ട് വിളിക്കുന്ന ഇതര സംസ്ഥാനത്തൊഴിലാളികൾ ഒരുമിച്ചു ചേർന്ന് ഇന്നലെ പായിപ്പാട്ടെ പൊതു നിരത്തിൽ ഇറങ്ങി ബഹളം ഉണ്ടാക്കിയതിന് പിന്നിൽ ഒരു ഗൂഢനീക്കം നടന്നിട്ടുണ്ടന്നതു തീർച്ചയാണ്. പൊലീസും ഭരണകൂടവും അത് കണ്ടെത്തി കുറ്റവാളികളെ നിയമത്തിനു മുൻപിൽ കൊണ്ട് വരേണ്ടത് അത്യാവശ്യമാണ്.

ഇന്ത്യ മുഴുവൻ ലോക്ക് ഔട്ട് പ്രഖ്യാപിച്ചിരിക്കുന്ന ഈ സന്ദർഭത്തിൽ ഞങ്ങൾക്ക് മാത്രം നാട്ടിൽ പോകാൻ യാത്രാ സൗകര്യം വേണം എന്ന് പറഞ്ഞു മുറവിളി കൂട്ടുന്നത് എന്തു വിഡ്ഢിത്തമാണ്. ഇവർക്ക് ജോലി കൊടുക്കുന്നവർക്കും ഇവരെ നിയന്ത്രിക്കാൻ ഉത്തരവാദിത്വം ഉണ്ട്. സ്വന്തം നാട്ടിൽ കിട്ടുന്ന വേതനത്തിന്റെ ഇരട്ടി കേരളത്തിൽ കിട്ടുന്നത് കൊണ്ടാണ് ഇതരസംസ്ഥാന തൊഴിലാളികൾ നമ്മുടെ നാട്ടിൽ പണി എടുക്കാൻ വരുന്നത്. അല്ലാതെ നമ്മുടെ നാടിന്റെ പ്രകൃതി ഭംഗി ആസ്വദിക്കാനോ നമ്മളെ ഉദ്ധരിക്കാനോ അല്ല.

മലയാളി യുവാക്കൾ ദുരഭിമാനത്തിന്റെ പേരിൽ സ്വന്തം നാട്ടിൽ ജോലി ചെയ്യാൻ മടിക്കുന്നത് കൊണ്ടു കൂടിയാണ് അവർക്കു ഇവിടെ ഇഷ്ടം പോലെ തൊഴിൽ കിട്ടുന്നത്. മലയാളികൾ ഗൾഫിൽ പോകുന്നതും അതു പോലെ ജോലി ചെയ്തു കൂടുതൽ പണം സമ്പാദിക്കാൻ വേണ്ടിയാണ്.

നമ്മൾ ഒരിക്കലും ഒരു ഗൾഫ് രാജ്യത്തു ഇങ്ങനെ ഒരു പ്രശ്നം സൃഷ്ടിക്കാറില്ല. ഏതൊരു രാജ്യത്തെയും നിയമം പാലിക്കാൻ എല്ലാവരും ഒരേ പോലെ ബാധ്യസ്ഥരാണ്.

ഭയക്കേണ്ടത് കൊറോണയെയോ, പ്രവചനങ്ങളെയോ

ഡോ. നവ്യ തൈക്കാട്ടിൽ

മറ്റു രാജ്യങ്ങളിൽ ഉപയോഗിക്കുന്ന, സാമൂഹികവ്യാപകന നിരക്കുകൾ വച്ചുള്ള പ്രവചന മോഡലുകൾ ഇപ്പോൾ കേരളത്തിൽ ഉപയോഗിക്കുന്നതും യുക്തിസഹമായിരിക്കില്ല. വിദേശത്തുനിന്ന് വന്ന ഈ കേസുകൾ, പരസ്പരബന്ധമില്ലാത്തവയായത് കൊണ്ട് തന്നെ, ദിനം പ്രതി കൂടുന്നത്, പെരുകുന്ന നിരക്കായി ഇപ്പോൾ കാണാനാവില്ല.

കേരളത്തിൽ ഒരു മാസത്തിനകം ലക്ഷക്കണക്കിന് കോവിഡ് രോഗികൾ വരുമെന്ന പ്രവചന മോഡലുകൾ പലതും കാണാനിടയായി. പകർച്ചവ്യാധികളുടെ പഠനത്തിൽ നൂതനമായ ഒരുപകരണമാണ് പ്രവചന മോഡലുകൾ അല്ലെങ്കിൽ പ്രോജെക്ഷൻ മോഡലുകൾ. മറ്റു പല മേഖലകളിലും ഏറെ ഫലപ്രദമായി, ഇത്തരം പ്രവചന മോഡലുകൾ ഉപയോഗിച്ചു വരുന്നുണ്ടെങ്കിലും, പകർച്ചവ്യാധികളുടെ വ്യാപന നിരക്കുകൾ കണ്ടെത്താനുള്ള പഠനങ്ങളിൽ ഈ സാങ്കേതികവിദ്യ ഉപയോഗിക്കാൻ തുടങ്ങിയിട്ട് ഏറെ വർഷങ്ങളായിട്ടില്ല.

സാംക്രമിക രോഗങ്ങൾ പൊട്ടിപ്പുറപ്പെടുന്ന ഒരു പ്രദേശത്ത്, എന്തെല്ലാം സജ്ജീകരണങ്ങൾ വേണമെന്നും, ഏതളവിൽ തയാറെടുപ്പുകൾ വേണമെന്നും, പ്രതിരോധമാർഗങ്ങൾ എത്ര വിപുലമായി സ്വീകരിക്കണം തുടങ്ങിയ ആരോഗ്യ നയരൂപീകരണത്തിന് ഇത്തരം പ്രവചന മോഡലുകൾ ഏറെ സഹായകമാണ്. എന്നാൽ ഇത്തരം പ്രവചന മോഡലുകൾ നൽകുന്ന എല്ലാ കണക്കുകളും എല്ലായിപ്പോഴും ശരിയായിരിക്കണം എന്നുണ്ടോ?

2014ൽ പശ്ചിമ ആഫ്രിക്കയിൽ പൊട്ടിപ്പുറപ്പെട്ട എബോള രോഗത്തിൽ, തുടക്കത്തിലുണ്ടായിരുന്ന വലിയ വ്യാപന നിരക്കുകൾ വെച്ച്, പ്രവചന മോഡലുകൾ വലിയ സംഖ്യകൾ പ്രവചിച്ചിരുന്നു. ആ വർഷം ഒക്റ്റോബർ അവസാനം ആവുമ്പോഴേക്കും നാല്പത്തിഅയ്യായിരത്തിലധികം കേസുകളാണ് ലൈബീരിയയിൽ പ്രവചിക്കപ്പെട്ടത്. എന്നാൽ വ്യാപനം പ്രതീക്ഷിച്ചത് പോലെ ഉയരാതെ, ഏറെക്കാലം ഒരേ നിരക്കിൽ തന്നെ തുടർന്നു. ഒക്റ്റോബർ അവസാനത്തിൽ ആറായിരത്തോളം പേർക്ക് മാത്രമാണ് രോഗമുണ്ടായത്. പ്രവചിച്ചതിന്റെ എട്ടിലൊന്നു മാത്രം. പല കേസുകളും കണ്ടെത്താതെ പോയതാണോ എന്ന സംശയം വിദഗ്ധർക്കുണ്ടായിരുന്നു. എന്നാൽ എബോള വാർഡുകൾ പതുക്കെ ഒഴിയുന്നതും, മരണപ്പെട്ടവരെ മറവു ചെയ്യാൻ വെട്ടുന്ന കുഴികളുടെ എണ്ണം കുറഞ്ഞതും, രോഗം പിൻവലിഞ്ഞു എന്നതിന് അവഗണിക്കാനാവാത്ത തെളിവുകളായി അവശേഷിച്ചു.

എന്നാൽ മറ്റു പല പകർച്ചവ്യാധികളിൽ ഇത്തരം പ്രവചന മോഡലുകൾ ഏറെക്കുറെ കൃത്യമായ കണക്കുകൾ നൽകിയിട്ടുമുണ്ട്. അതനുസരിച്ച് പ്രതിരോധവും, ചികിത്സയും ആസൂത്രണം ചെയ്ത് രോഗവ്യാപനത്തെ പിടിച്ചു കെട്ടിയ പല ഉദാഹരണങ്ങളുമുണ്ട്. കോവിഡ് 19 എന്ന ഈ രോഗവും, പല പാശ്ചാത്യരാജ്യങ്ങളിലും ഈ മോഡലുകൾക്കനുസൃതമായി തന്നെ കേസുകൾ കൂടിക്കൂടി വരുന്നത് കാണാം.

എങ്ങനെയാണ് ഇത്തരം മോഡലുകൾ ഉണ്ടാക്കുന്നത്

ഒരു പ്രദേശത്തെ ജനങ്ങളുടെ, സാധാരണ ജീവിതത്തിലെ ഒരു ദിവസം, തങ്ങളുടെ സഞ്ചാരപഥങ്ങളിൽ പരസ്പരം അവർ എത്രത്തോളം കടന്നു പോവുന്നു എന്ന അടിസ്ഥാന ഡാറ്റ ശേഖരം ഉണ്ടാക്കാവുന്നതാണ്. ഇത് നിർമ്മിക്കാൻ, ഫോണുകളുടെ സ്ഥാനവിവരങ്ങൾ അടക്കം ഉപയോഗപ്പെടുത്താറുണ്ട്.

ഏതൊരു സാംക്രമികരോഗത്തിന്റെയും,

a) മുൻപ് നിജപ്പെടുത്തിയ വ്യാപന നിരക്കുകൾ (R0),

b) ആ പ്രദേശത്തെ ജനസംഖ്യ എന്നിവ ഇത്തരം മോഡലുകളിൽ കൊടുത്താൽ, ഒരു വ്യക്തിയ്ക്ക് രോഗം വന്നാൽ, ഒരു നിശ്ചിത കാലയളവിനു ശേഷം, ആ പ്രദേശത്ത് എത്ര കേസുകൾ വരാം എന്ന സംഖ്യ ഉത്തരമായി ലഭിക്കും.

മറ്റു പല ഘടകങ്ങളും (variables) ഉദാഹരണത്തിന്, ജനതയുടെ പ്രായവിഭജനം, കാലാവസ്ഥാഘടകങ്ങൾ തുടങ്ങിയവ കൂടി ചേർക്കാവുന്ന മോഡലുകളും ചില രോഗങ്ങൾക്കുണ്ട്. ഈ ഘടകങ്ങളൊക്കെ ചേർത്തുള്ള രോഗികളുടെ കണക്കുകളും പ്രോജക്റ്റ് ചെയ്യുവാൻ സാധിക്കും.

ഇത്തരം പ്രവചന മോഡലുകൾ നൽകുന്ന കണക്കുകൾ ചിലപ്പോളെങ്കിലും ശരിയാവാതെ പോകുന്നതിന് കാരണം എന്തൊക്കെയാവാം ഒരു രാജ്യത്തെ സാഹചര്യങ്ങളും, പകർച്ചവ്യാധിയുടെ വ്യാപനത്തെ ബാധിക്കുന്ന പലവിധ ഘടകങ്ങളും മറ്റൊരു രാജ്യത്ത് ബാധകം ആകണമെന്നില്ല. ജനങ്ങളുടെ ജീവിത രീതി, സമ്പർക്കശീലങ്ങൾ, കാലാവസ്ഥ, മറ്റു പ്രാദേശിക ഘടകങ്ങൾ എന്നിവയൊക്കെ ഇത്തരം മോഡലുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ടാവണമെന്നില്ല. ഇവ പലതും ലോക വ്യാപനത്തെ വളരെ പ്രധാനമായി ബാധിക്കുന്ന ഘടകങ്ങൾ ആയേക്കാം.

പല രോഗങ്ങൾക്കും വംശീയമായ ഘടകങ്ങൾ രോഗം ബാധിക്കുന്നതിന്റെയും, വ്യാപനത്തിന്റെയും, മരണനിരക്കിനെയുമൊക്കെ കാര്യമായി ബാധിക്കാം. ചില രോഗാണുക്കളിൽ നിന്ന് ചില വംശീയർക്ക് പ്രതിരോധം ഉണ്ടായേക്കാം.

മറ്റു സമാന വന്യവൈറസുകൾ ഒരു പ്രദേശത്ത് കാലങ്ങളായി, ഉണ്ടെങ്കിൽ പരസ്പര പ്രതിരോധം (cross

immunity) ചില ജനതയ്ക്ക് ഉപകാരപ്രദമാവാം. ലോക്ക്ഡൗൺ പോലുള്ള കടുത്ത പ്രതിരോധ മാർഗങ്ങൾ മുതൽ വളരെ ചെറിയ പൊതുജനാരോഗ്യ പ്രതിരോധപ്രവർത്തനങ്ങൾ വരെ വ്യാപനനിരക്കിൽ വലിയ മാറ്റങ്ങൾ ഉണ്ടാക്കിയേക്കാം. ഇവയൊന്നും പല മോഡലുകൾക്കും പ്രവചിക്കാൻ സാധിക്കണമെന്നില്ല. ഇങ്ങനെ അനേകം അജ്ഞാതമായ ഘടകങ്ങൾ രോഗവ്യാപനത്തിൽ വലിയ പങ്കു വഹിക്കുന്നത് കൊണ്ട് തന്നെ, യഥാർത്ഥ സാഹചര്യങ്ങൾ പൂർണമായി കണക്കിലെടുക്കാത്ത പ്രവചന മോഡലുകൾ നൽകുന്ന സംഖ്യകൾ ശരിയായിക്കൊള്ളണമെന്നില്ല.

ഇതിനുപുറമേ കേരളത്തിൽ ഇപ്പോഴുള്ള സാഹചര്യത്തിൽ, ഭൂരിഭാഗം രോഗികളും തന്നെ വിദേശ രാജ്യത്തു നിന്ന് വന്നിട്ടുള്ള കേസുകളാണ് (Imported). മറ്റു രാജ്യങ്ങളിൽ ഉപയോഗിക്കുന്ന, സാമൂഹികവ്യാപകന നിരക്കുകൾ വച്ചുള്ള പ്രവചന മോഡലുകൾ ഇപ്പോൾ കേരളത്തിൽ ഉപയോഗിക്കുന്നതും യുക്തിസഹമായിരിക്കില്ല. വിദേശത്തുനിന്ന് വന്ന ഈ കേസുകൾ, പരസ്പരബന്ധമില്ലാത്തവയായത് കൊണ്ട് തന്നെ, ദിനം പ്രതി കൂടുന്നത്, പെരുകുന്ന നിരക്കായി ഇപ്പോൾ കാണാനാവില്ല.

സാമൂഹിക വ്യാപനം ഒഴിവാക്കാനാവാത്ത ഒരു അനിവാര്യത ആയി തന്നെ കണക്കാക്കണം. അത് തുടങ്ങിയത്തിന് ശേഷമുള്ള കണക്കുകൾവച്ചാണു മോഡലുകൾ പ്രവചിക്കുന്നതെങ്കിൽ, അത് യഥാർത്ഥ സംഖ്യയോട് സമാനമാവാൻ കൂടുതൽ സാധ്യതയുണ്ട്. അത് വരെ, മറ്റു രാജ്യങ്ങളിൽ ഉപയോഗിച്ചിരിക്കുന്ന പ്രൊജക്ഷൻ മോഡലുകൾ ഉപയോഗിച്ച്, നമ്മുടെ നാട്ടിൽ പ്രവചിക്കുന്ന കണക്കുകൾ , അന്ധമായി വിശ്വസിച്ച് അമിതമായി ആശങ്കപ്പെടേണ്ടതില്ല.

യഥാർഥ സാഹചര്യങ്ങൾ മുഴുവനായി കണക്കിലെടുക്കാതെയുള്ള കണക്കിലെ കളികൾ മാറ്റിവെച്ച്, പ്രതിരോധത്തിലോ, ചികിത്സാസജ്ജീകരണങ്ങളിലോ ഒട്ടും അയവു വരുത്താതെ മുന്നോട്ട് പോവാം. ഒരു പക്ഷെ, ഇവിടെയെത്തുന്ന രോഗതരംഗത്തെ, പലവിധ ഘടകങ്ങൾക്ക് അൽപമെങ്കിലും നേർപ്പിക്കാൻ സാധിച്ചാൽ തന്നെ, അതൊരു വലിയ വിജയമായിരിക്കും. മാനവരാശി മുൻകാലങ്ങളിലും, ഇതിലേറെ ഉഗ്രമായ പകർച്ചവ്യാധികൾക്ക് സാക്ഷ്യം വഹിച്ചിട്ടുണ്ട്. അവ ലോകം മുഴുവൻ വീശിയടിച്ചതിനു ശേഷം പിൻവലിഞ്ഞു പോയത് പോലെ, ഈ കൊറോണ കാലഘട്ടവും ഏറെ വൈകാതെ കഴിഞ്ഞു പോവും.

പി.എ. മത്തായി അന്തരിച്ചു

അങ്കമാലി: പ്രമുഖ സിപിഎം നേതാവും ട്രേഡ് യൂണിയൻ നേതാവും നഗരസഭാ മുൻ കൗൺസിലറുമായ പി.എ. മത്തായി (73) അന്തരിച്ചു. പെട്ടെന്നുണ്ടായ ദേഹാസ്വാസ്ഥ്യത്തെ തുടർന്ന് ഞായറാഴ്ച അങ്കമാലി എൽഎഫ് ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നു. തിങ്കളാഴ്ച വെളുപ്പിന് രണ്ടു മണിയോടെയാണ് മരിച്ചത്. സിപിഎം കേന്ദ്ര കമ്മിറ്റിയംഗവും സംസ്ഥാന വനിതാ കമ്മിഷൻ അധ്യക്ഷയുമായ എം.സി. ജോസഫൈന്റെ ഭർത്താവാണ്.

അരനൂറ്റാണ്ടിലേറെ പൊതുരംഗത്ത് സജീവ സാന്നിധ്യമായിരുന്നു അങ്കമാലി പള്ളിപ്പാട്ട് വീട്ടിൽ പരേതരായ ആഗസ്തിയുടെയും താണ്ടമ്മയുടെയും മകനായ പി.എ. മത്തായി. യൂത്ത് കോൺഗ്രസ് ജില്ലാ സെക്രട്ടറി, കോൺഗ്രസ് അങ്കമാലി ബ്ലോക്ക് പ്രസിഡന്റ്, പരിവർത്തന കോൺഗ്രസ് സംസ്ഥാന ജനറൽ സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചു. അടിയന്തരാവസ്ഥയ്ക്കു ശേഷം 1977ൽ സിപിഎം അംഗമായി. തൊഴിൽ മേഖല കേന്ദ്രീകരിച്ചായിരുന്നു പ്രധാന പ്രവർത്തനം. 40ഓളം ട്രേഡ് യൂണിയനുകളുടെ നേതാവായിരുന്നു. സിപിഎം എരിയ കമ്മിറ്റിയംഗം, ലോക്കൽ സെക്രട്ടറി, സിഐടിയു ഏരിയ സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. അങ്കമാലി നഗരസഭാ കൗൺസിലറായിരുന്നു.

ഭൗതികദേഹം ഇന്നലെ രാവിലെ ഒൻപത് മണിയോടെ സ്വവസതിയിൽ കൊണ്ടുവന്നു. തുടർന്ന് പാർട്ടി ജില്ലാ സെക്രട്ടറി സി.എൻ. മോഹനൻ, സെക്രട്ടറിയേറ്റംഗം എം.പി. പത്രോസ്, ജില്ലാ കമ്മിറ്റിയംഗങ്ങളായ കെ.എ. ചാക്കോച്ചൻ, പി.ജെ. വർഗീസ്, ഏരിയ സെക്രട്ടറി അഡ്വ. കെ.കെ. ഷിബു, നഗരസഭാ ചെയർപേഴ്സൺ എം.എ. ഗ്രേസി എന്നിവർ ചേർന്ന് പാർട്ടി പതാക പുതപ്പിച്ചു. പാർട്ടി സംസ്ഥാന സെക്രട്ടറിയേറ്റംഗം പി. രാജീവ് ആശുപത്രിയിൽ എത്തിയിരുന്നു. ഭൗതികദേഹം കളമശേരി മെഡിക്കൽ കോളെജിന് കൈമാറി. മകൻ: മനു പി. മത്തായി. മരുമകൾ: ജ്യോത്സ്ന.

പെസഹയിലെ കാൽ കഴുകൽ ശുശ്രൂഷ ഒഴിവാക്കും: കാതോലിക്കാ ബാവ

കോട്ടയം: ലോക്ക് ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ പെസഹാ വ്യാഴാഴ്ചയിലെ കാൽ കഴുകൽ ശുശ്രൂഷ മെത്രാന്മാർ ഒഴിവാക്കണമെന്ന് മലങ്കര ഓർത്തഡോക്സ് സഭ അധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർത്തോമാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവ.

കൊറോണ വൈറസ് വ്യാപനത്തെ പ്രതിരോധിക്കാൻ പ്രധാനമന്ത്രി പ്രഖ്യാപിച്ചിരിക്കുന്ന ലോക്ഡൗണും, സംസ്ഥാന സർക്കാരും ജില്ലാ ഭരണകൂടങ്ങളും നിയമപാലകരും നൽകുന്ന നിർദേശങ്ങളും എല്ലാവരും നിഷ്ഠയോടെ പാലിക്കണം. മറ്റു രാജ്യങ്ങളിൽ വസിക്കുന്നവർ അതതു പ്രദേശത്തെ ഭരണാധികാരികളുടെ ആഹ്വാനങ്ങൾ ഗൗരവമായി കണക്കാക്കണം.

നാൽപതാം വെള്ളിയാഴ്ച മുതൽ ഉയിർപ്പു ഞായർ വരെയുള്ള കാലം അതിപ്രധാനമാകയാൽ ശുശ്രൂഷകൾ ക്രമീകരിക്കേണ്ടത് എങ്ങനെയെന്നും ബാവ നിർദേശിച്ചു.

സർക്കാർ നിയന്ത്രണങ്ങൾക്ക് വിധേയമായി വിശ്വാസികളുടെ പങ്കാളിത്തമില്ലാതെ വേണം ശുശ്രൂഷകൾ നടത്തേണ്ടത്. വൈദികർ ഇടവക പള്ളികളിലും ബിഷപ്പുമാർ മെത്രാസന കേന്ദ്രങ്ങളിലെ ചാപ്പലുകളിലോ, അവർ ഉള്ള സ്ഥലത്തെ ദേവാലയങ്ങളിലോ നാലുപേരിൽ കൂടാത്ത ശുശ്രൂഷകരുടെ പങ്കാളിത്തത്തോടെ ശുശ്രൂഷകൾ നിർവഹിക്കണം.

പ്രധാന കാർമികരും ശുശ്രൂഷകരും ഇക്കാലയളവിൽ പള്ളിമുറിയിൽ തന്നെ താമസിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. പിതാക്കന്മാർ പെസഹാ വ്യാഴാഴ്ചയിലെ കാൽകഴുകൽ ശുശ്രൂഷ ഒഴിവാക്കണം. പ്രദക്ഷിണങ്ങൾ ദൈവാലയത്തിനുള്ളിൽ കാർമികനും ശുശ്രൂഷകരും ചേർന്ന് നടത്തിയാൽ മതി.

ഇടവകകളിലെ ശുശ്രൂഷകൾ വിശ്വാസികൾക്ക് വേണ്ടി ലൈവ് ആയി സംപ്രേഷണം ചെയ്യുന്നത് ഉചിതമായിരിക്കും. പരുമല പള്ളി പോലെയുള്ള പ്രധാന കേന്ദ്രങ്ങളിൽ നിന്നുള്ള തത്സമയ സംപ്രേഷണത്തിലും പങ്കുചേരാം.

സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥരെ സൂപ്പർമാർക്കറ്റ് മാർക്കറ്റ് ഉടമയും സംഘവും മർദിച്ചു

തിരുവനന്തപുരം: പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയും പരിശോധിക്കാനെത്തിയ സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥരെ സൂപ്പർമാർക്കറ്റ് മാർക്കറ്റ് ഉടമയും ജീവനക്കാരും മർദിച്ചു. കഴക്കൂട്ടം മേലംകുളം ബൈ ആൻഡ് സെയ്ൽ സൂപ്പർ മാർക്കറ്റിന്റെ ഉടമയും ജീവനക്കാരുമാണ് സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥരെ കൈയേറ്റം ചെയ്തത്.

ടിഎസ്ഒ ഷാനവാസ്, റേഷനിങ് ഇൻസ്പെക്റ്റർമാരായ സുഫില, സിമി, ഷിബു, ഡ്രൈവർ ജയകൃഷ്ണൻ എന്നിവർക്കാണ് മർദനമേറ്റത്. ഉദ്യോഗസ്ഥരുടെ പരാതിയിൽ കടയുടമ ജോൺസൺ യോഹന്നാൻ, അനന്തരവന്മാരായ നിതിൻ കെ. സാമുവൽ, നിഖിൽ കെ. സാമുവൽ എന്നിവരെ കഴക്കൂട്ടം പൊലീസിസ് കസ്റ്റഡിയിലെടുത്തു.

കൊറോണ ലോക് ഡൗൺ പശ്ചാത്തലത്തിൽ വ്യാപകമായി കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പുമുണ്ടെന്ന പരാതിയെ തുടർന്ന് പരിശോധന കർശനമാക്കാൻ ജില്ലാ കലക്റ്റർ ഉത്തരവിട്ടിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പരിശോധന നടത്താനെത്തിയപ്പോഴാണു ആക്രമണം. ഡ്രൈവർ ജയകൃഷ്ണൻ, റേഷനിങ് ഇൻസ്പെക്റ്റർ സുഫില എന്നിവരെ മെഡിക്കൽ കോളെജിൽ പ്രവേശിപ്പിച്ചു.

പായിപ്പാട് കൊറോണയിലെ മുന്നേറ്റത്തെ താറടിക്കാനെന്ന് മുഖ്യമന്ത്രി

തിരുവനന്തപുരം: ചങ്ങനാശേരി പായിപ്പാട്ട് ഇതര സംസ്ഥാന തൊഴിലാളികളെ ഇളക്കി വിടാൻ ആസൂത്രിത ശ്രമമുണ്ടായെന്നും കേരളം കൊറോണ പ്രതിരോധ പ്രവർത്തനങ്ങളിൽ നേടിയ മുന്നേറ്റങ്ങളെ താറടിച്ച് കാണിക്കാനുള്ള ചില കുബുദ്ധികളുടെ ശ്രമമാണ് അതിനു പിന്നില്ലെന്നും മുഖ്യമന്ത്രി പിണറായി വിജയൻ.

ഇതര സംസ്ഥാന തൊഴിലാളികളുടെ പ്രതിഷേധത്തിന് പിന്നിൽ ഒന്നേ അതിലധികമോ ശക്തികൾ പ്രവർത്തിച്ചുവെന്നാണ് പ്രാഥമിക വിവരം. ഇതേക്കുറിച്ച് പൊലീസ് അന്വേഷിക്കും. ഈ തൊഴിലാളികൾക്ക് മൊബൈൽ ഫോണിൽ വന്ന സന്ദേശങ്ങൾ ഉൾപ്പെടെ ലഭിച്ചിട്ടുണ്ട്. പായിപ്പാട് സംഭവത്തിൽ ഒരാളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. തൊഴിലാളികളെ തെറ്റിദ്ധരിപ്പിച്ച രണ്ടു മലയാളികളെ മലപ്പുറത്തു നിന്നും പിടികൂടിയതായും മുഖ്യമന്ത്രി പറഞ്ഞു.

ഈ തൊഴിലാളികൾക്ക് ഭക്ഷണം ഉറപ്പാക്കേണ്ടത് കരാറുകാരാണ്. അവർക്ക് മെച്ചപ്പെട്ട താമസസൗകര്യം ഉറപ്പാക്കണം. ചില ക്യാംപുകളിൽ ആളുകളുടെ എണ്ണം കൂടുതലാണ്.

അവർക്ക് ടിവി ഉൾപ്പെടെ കൂടുതൽ സൗകര്യങ്ങൾ ഒരുക്കും. അവരുടെ ക്ഷേമം ഉറപ്പാക്കാൻ ഹിന്ദി ഭാഷ വശമുള്ള ഹോം ഗാർഡുകളെ നിയമിക്കും. ആട്ട, ഉരുളക്കിഴങ്ങ്, ഉള്ളി, പരിപ്പ് തുടങ്ങിയവയെല്ലാം നൽകുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികൾക്കായി സംസ്ഥാനതല കൺട്രോൾ റൂം തുറന്നുവെന്നും മുഖ്യമന്ത്രി അറിയിച്ചു.

വിധവാ പെൻഷൻ: സർട്ടിഫിക്കറ്റ് ഒഴിവാക്കി

തിരുവനന്തപുരം: വിവിധാ വിഭാഗം സാമൂഹിക സുരക്ഷാ പെൻഷനുകളുടെ ഭാഗമായ സർട്ടിഫിക്കറ്റുകൾ ഹാജരാക്കാത്തതിന്റെ പേരിൽ അവിവാഹിതരായ സ്ത്രീകൾക്കും വിധവകൾക്കും പെൻഷൻ ലഭിക്കില്ലെന്ന സാഹചര്യത്തിൽ സർട്ടിഫിക്കറ്റ് ഹാജരാക്കൽ ഒഴിവാക്കാൻ തീരുമാനിച്ചതായി മുഖ്യമന്ത്രി പിണറായി വിജയൻ അറിയിച്ചു.

'വിധവാ പെൻഷൻ പട്ടികയിൽ നിന്ന് ആയിരങ്ങൾ പുറത്തേയ്ക്ക്' എന്ന തലക്കെട്ടിൽ 'മെട്രോ വാർത്ത' ഇന്നലെ ഇതു സംബന്ധിച്ച വാർത്ത പ്രസിദ്ധീകരിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയാണ് ഇക്കാര്യം മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയത്.

സൗജന്യ റേഷൻ നാളെ മുതൽ; കിറ്റ് വിതരണവും ഈയാഴ്ച

തിരുവനന്തപുരം: കൊവിഡ് രോഗബാധയുടെ പശ്ചാത്തലത്തിൽ സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച സൗജന്യ റേഷൻ വിതരണം നാളെ ആരംഭിക്കും. സൗജന്യ ഭക്ഷ്യധാന്യ കിറ്റിന്റെ വിതരണവും ഈയാഴ്ച തുടങ്ങും. ദിവസവും ഉച്ചവരെ മുൻഗണനാ വിഭാഗങ്ങൾക്കും ഉച്ചയ്ക്കു ശേഷം മുൻഗണനേതര വിഭാഗങ്ങൾക്കുമാകും സൗജന്യ റേഷൻ വിതരണമെന്നു ഭക്ഷ്യ മന്ത്രി പി. തിലോത്തമൻ വാർത്താസമ്മേളനത്തിൽ അറിയിച്ചു.

അന്ത്യോദയ വിഭാഗങ്ങൾക്കു നിലവിൽ ലഭിക്കുന്ന 35 കിലോ ഭക്ഷ്യധാന്യം സൗജന്യമായി ലഭിക്കും. പിങ്ക് കാർഡ് ഉള്ളവർക്കു കാർഡിലുള്ള ഒരു അംഗത്തിന് അഞ്ചു കിലോ വീതം സൗജന്യ ധാന്യം നൽകും. വെള്ള, നീല കാർഡുകളുള്ള മുൻഗണനേതര വിഭാഗങ്ങൾക്കു കുറഞ്ഞത് 15 കിലോഗ്രാം ഭക്ഷ്യധാന്യവും ലഭിക്കും. 15 കിലോയിൽ കൂടുതൽ ധാന്യം നിലവിൽ ലഭിക്കുന്ന നീല കാർഡ് ഉടമകൾക്ക് അതു തുടർന്നും ലഭിക്കും. ഏപ്രിൽ 20നു മുൻപു സൗജന്യ റേഷൻ വിതരണം പൂർത്തിയാക്കും. അതിനു ശേഷമാകും കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള സൗജന്യ റേഷൻ വിതരണം- മന്ത്രി പറഞ്ഞു.

സുരക്ഷാ ക്രമീകരണങ്ങൾ പൂർണമായി പാലിച്ചാകും റേഷൻ വിതരണം. ആളുകൾ തിക്കിത്തിരക്കി പ്രശ്നങ്ങളുണ്ടാക്കരുത്. ഒരേ സമയം അഞ്ചു പേരിൽ കൂടുതൽ കടയ്ക്കു മുന്നിൽ നിൽക്കാൻ പാടില്ല. ഇക്കാര്യം ഉറപ്പാക്കാൻ കടയുടമയ്ക്കു ടോക്കൺ വ്യവസ്ഥ നിശ്ചയിക്കാം. ജനപ്രതിനിധികളുടേയും പഞ്ചായത്ത്, മുനിസിപ്പൽ പ്രദേശത്തു രജിസ്റ്റർ ചെയ്തിട്ടുള്ള സന്നദ്ധ പ്രവർത്തകരുടേയും സഹായവും ഉപയോഗപ്പെടുത്താം. നേരിട്ടെത്താൻ കഴിയാത്തവർക്കു വീട്ടിലെത്തിച്ചു കൊടുക്കാനും കടയുടമ ക്രമീകരണമുണ്ടാക്കണം. ഇതിനും സന്നദ്ധ പ്രവർത്തകരുടെ സേവനം ഉപയോഗപ്പെടുത്താം.

റേഷൻ കാർഡ് ഇല്ലാത്ത കുടുംബങ്ങൾക്കും സൗജന്യമായി ഭക്ഷ്യധാന്യം നൽകും. ഇതിനായി ആധാർ കാർഡും ഫോൺ നമ്പറും ചേർത്തുള്ള സത്യവാങ്മൂലം റേഷൻ വ്യാപാരിക്കു നൽകണം. കളവായി സത്യവാങ്മൂലം നൽകി റേഷൻ കൈപ്പറ്റുന്നവരിൽ നിന്നു ധാന്യത്തിന്റെ മാർക്കറ്റ് വിലയുടെ ഒന്നര ഇരട്ടി തുക പിഴയായി ഈടാക്കും.

സംസ്ഥാനത്തെ 87 ലക്ഷം കുടുംബങ്ങൾക്കു സൗജന്യ ഭക്ഷ്യ കിറ്റ് നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചതായും മന്ത്രി പറഞ്ഞു. സപ്ലൈകോയുടെ 56 ഡിപ്പോകളിൽ ഇതിനുള്ള പ്രവർത്തനങ്ങൾ തുടരുകയാണ്. ഏപ്രിൽ ആദ്യ വാരം മുതൽ കിറ്റ് നൽകിത്തുടങ്ങും. ആദ്യം എഎവൈ, പിഎച്ച്എച്ച് വിഭാഗങ്ങളിൽപ്പെടുന്ന മുൻഗണനാ കുടുംബങ്ങൾക്കും പിന്നീട് മുൻഗണനേതര വിഭാഗങ്ങൾക്കും കിറ്റ് നൽകാനാണു തീരുമാനം.

കിറ്റ് നൽകുന്നതിനാവശ്യമായ ചെറുപയർ, കടല, തുവര, ഉഴുന്ന് എന്നിവ ലഭിക്കുന്നതിനു കേന്ദ്ര സർക്കാർ ഏജൻസിയായ നാഫെഡിനെ സമീപിച്ചിട്ടുണ്ട്. സൗജന്യ കിറ്റ് നൽകുന്നതിന് 756 കോടി രൂപയാണു ചെലവു പ്രതീക്ഷിക്കുന്നത്. കിറ്റ് ആവശ്യമില്ല എന്നു സ്വയം വെളിപ്പെടുത്തുന്നവരേയും നികുതിദായകരായ ഉയർന്ന വരുമാനക്കാരെയും കിറ്റ് നൽകുന്നതിൽ നിന്ന് ഒഴിവാക്കും. ക്വാറന്റൈനിൽ കഴിയുന്നവർക്കും ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ടവർക്കുമുള്ള കിറ്റുകളും തയാറാകുന്നു. കിറ്റിന്റെ വിതരണവും ഏപ്രിൽ മാസം തന്നെ പൂർത്തിയാക്കുമെന്ന് മന്ത്രി പറഞ്ഞു.

കേരളത്തിലേക്കുള്ള പച്ചക്കറി ലോറി സുള്ള്യയിൽ ആക്രമിച്ചു

കാസർഗോഡ്: കേരളത്തിലേക്കുള്ള പച്ചക്കറി ലോറിക്കു നേരേ അതിർത്തിയിൽ ആക്രമണം. കേരള- കർണാടക അതിർത്തിയായ സുള്ള്യയിലാണ് സംഭവം. ഞായറാഴ്ച രാത്രിയാണ് ലോറി തടഞ്ഞ് അക്രമം നടത്തിയത്.

മാണിമൂല ചെക്ക് പോസ്റ്റിന് സമീപം കർണാടക അധികൃതർ അതിർത്തി മണ്ണിട്ട് അടച്ചതോടെ ചരക്ക് വരവ് തടസപ്പെട്ടിരുന്നു. അതിർത്തി അടച്ച സ്ഥലം വരെ കർണാടകയിലെ വ്യാപാരികൾ ലോറികളിൽ പച്ചക്കറി എത്തിക്കുകയും അവിടെ നിന്നും കേരളത്തിലെ വ്യാപാരികൾ ലോറിയുമായി വന്ന് അതിലേക്ക് പച്ചക്കറി മാറ്റി കൊടുക്കുകയുമാണ് ചെയ്തിരുന്നത്.

ഇതറിഞ്ഞാണ് ബിജെപിയുടെ പ്രാദേശിക നേതാവിന്റെ നേതൃത്വത്തിലുള്ള ഒരു സംഘം സുള്ള്യ പൊലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട കോരിക്കർമൂല എന്ന സ്ഥലത്ത് പച്ചക്കറി ലോഡുമായെത്തിയ ലോറി തടഞ്ഞ് അക്രമം അഴിച്ചുവിട്ടത്.

ലോറിലുണ്ടായിരുന്ന കുറെയേറെ പച്ചക്കറികൾ നശിപ്പിച്ചു. ഇനി പച്ചക്കറി കൊണ്ടുപോകില്ലെന്ന് പറഞ്ഞതിനാലാണ് മുഴുവനും നശിപ്പിക്കാതിരുന്നത്.

വ്യാജ സന്ദേശം: ഒരാൾ കൂടി അറസ്റ്റിൽ

നിലമ്പൂർ: ഇതരസംസ്ഥാന തൊഴിലാളികൾക്ക് നിലമ്പൂരിൽ നിന്ന് ഉത്തരേന്ത്യയിലേക്ക് ട്രെയ്നുണ്ടെന്ന് വ്യാജപ്രചരണം സംഭവത്തിൽ മറ്റൊരു യൂത്ത് കോൺഗ്രസ് നേതാവിനെ കൂടി പൊലീസ് അറസ്റ്റ് ചെയ്തു. യൂത്ത് കോൺഗ്രസ് മുൻ മണ്ഡലം പ്രസിഡന്റ് ഷെരീഫാണ് പിടിയിലായത്.

വ്യാജ പ്രചരണം നടത്തി ഇതരസംസ്ഥാന തൊഴിലാളികളെ കബളിപ്പിച്ച കേസിൽ എടവണ്ണ യൂത്ത് കോൺഗ്രസ് മണ്ഡലം സെക്രട്ടറി സാകിർ തുവ്വക്കാടിനെ ഞായറാഴ്ച പൊലീസ് അറസ്റ്റ് ചെയ്തിരുന്നു. ഇതിനുപിന്നാലെയാണ് മുൻ മണ്ഡലം പ്രസിഡന്റും അറസ്റ്റിലായത്.

സാമൂഹ്യ മാധ്യമങ്ങളിൽ ഇവർ പ്രചരിപ്പിച്ച സന്ദേശത്തെ തുടർന്ന് നിരവധി ഇതരസംസ്ഥാനക്കാർ പലേടത്തും യോഗം ചേർന്നിരുന്നു. എടവണ്ണയിലെ വാട്സാപ്പ് ഗ്രൂപ്പുകളിലൂടെയാണ് വ്യാജ പ്രചരണം നടത്തിയത്. സാക്കിറിനെതിരെ ഐപിസി 153, കെഎപി 118 തുടങ്ങിയ വകുപ്പുകൾ പ്രകാരമാണു കേസെടുത്തത്.

പെൻഷൻ: ലോക്ക് ഡൗൺ തെറ്റിച്ച് ബാങ്കുകളിൽ വൻതിരക്ക്

തിരുവനന്തപുരം: ലോക്ക് ഡൗൺ നിയന്ത്രണം തെറ്റിച്ച് ബാങ്കുകളിൽ തിരക്ക്. മാർച്ച് അവസാന തീയതി ആയതോടെ പെൻഷൻ വാങ്ങാൻ ആളുകൾ എത്തിയതാണു തിരക്കിനു കാരണം. തടയാൻ ഒരിടത്തും സംവിധാനമില്ലാതായതോടെ ബാങ്ക് അധികൃതരും ആശങ്കയിയിലായി. വയോധികർ അടക്കമുള്ളവരാണ് ബാങ്കുകൾക്ക് മുന്നിൽ തിക്കിത്തിരക്കുന്നത്. ബാങ്കിനകത്ത് സാമൂഹ്യ അകലം പാലിച്ച് കൃത്യമായി മാത്രമേ ആളുകളെ വരിയിൽ നിർത്തുന്നുള്ളൂ എന്നും, ബാങ്കുകൾക്കു പുറത്ത് ഒന്നും ചെയ്യാനാകുന്നില്ലെന്നും തങ്ങൾ മുന്നറിയിപ്പ് നൽകിയിരുന്നുവെന്നാണ് ബാങ്കുകൾ വ്യക്തമാക്കുന്നത്.

ബാങ്കുകൾക്ക് മുന്നിൽ തിക്കിത്തിരക്കിയാൽ ബാങ്കുകളും ട്രഷറികളും വഴിയുള്ള പെൻഷൻ വിതരണം നിർത്തിവയ്ക്കുമെന്ന് ധനമന്ത്രി തോമസ് ഐസക്. ജനങ്ങൾ സ്വയം നിയന്ത്രിക്കണം. അതല്ലെങ്കിൽ ഓരോ ദിവസവും ഇത്ര പേർക്ക് മാത്രമേ പെൻഷൻ നൽകൂ എന്ന് തീരുമാനിക്കേണ്ടി വരും. അത്തരത്തിൽ റേഷനിങ് സംവിധാനം കൊണ്ടുവരേണ്ട സാഹചര്യമുണ്ടാകുമെന്നും മന്ത്രി.

ആൾക്കൂട്ടം പാടില്ല, കൃത്യമായ അകലം പാലിക്കണം, സാനിറ്റൈസർ വഴി കൈ ശുചിയാക്കി മാത്രമേ അകത്തേയ്ക്ക് കയറാവൂ എന്നെല്ലാം നേരത്തേ തന്നെ ബാങ്ക് ജീവനക്കാർ നിർദേശിച്ചിരുന്നതാണ്. ഇത് പാലിച്ചുകൊണ്ടാണ് ആളുകളെ കയറ്റുന്നതും. അതിനാൽ തന്നെ ബാങ്കുകളുടെയും എടിഎമ്മുകളുടെയും പുറത്ത് വയോധികരുടെ വൻ നിര രൂപപ്പെട്ടു. ചില ബാങ്കുകളെങ്കിലും ഇവർക്ക് ഇരിക്കാൻ കസേരകൾ നൽകുന്നുണ്ട്. പക്ഷേ തിരക്ക് നിയന്ത്രണാതീതമായി തുടരുമ്പോൾ എന്ത് ചെയ്യുമെന്ന് ബാങ്ക് അധികൃതർക്കും നിശ്ചയമില്ല.

ഏപ്രിൽ നാലു വരെ ബാങ്കുകൾ 10 മുതൽ വൈകിട്ട് നാലു വരെ

തിരുവനന്തപുരം: ബാങ്കുകളിലെ തിരക്ക് നിയന്ത്രിക്കാൻ ബാങ്കേഴ്സ് സമിതി പ്രത്യേക നടപടികൾ പ്രഖ്യാപിച്ചു. ഏപ്രിൽ നാലു വരെ ബാങ്കുകൾ രാവിലെ 10 മുതൽ വൈകിട്ട് നാലു വരെ പ്രവർത്തിക്കും. സാമൂഹ്യ ക്ഷേമ പെൻഷൻ വിതരണം അടക്കമുള്ളത് പരിഗണിച്ചാണ് നടപടി.

ഉപഭോക്താക്കൾക്ക് ബാങ്കിൽ വരാൻ അക്കൗണ്ട് നമ്പർ അടിസ്ഥാനത്തിൽ പ്രത്യേക ദിവസങ്ങൾ നിശ്ചയിച്ചു. 0, 1 അക്കങ്ങളിൽ അവസാനിക്കുന്ന അക്കൗണ്ട് നമ്പറുള്ളവർ ഏപ്രിൽ രണ്ടിന് ബാങ്കുകളിൽ എത്തണം. 2, 3 അക്കങ്ങളിൽ അവസാനിക്കുന്നവർ മൂന്നിനും 4, 5 അക്കങ്ങളിൽ അവസാനിക്കുന്ന അക്കൗണ്ട് നമ്പറുള്ളവർ ഏപ്രിൽ നാലിനും 6, 7 അക്കങ്ങളിൽ അവസാനിക്കുന്നവർ ആറിനും 8, 9 അക്കങ്ങളിൽ അവസാനിക്കുന്നവർ ഏഴിനും ബാങ്കുകളിൽ എത്തേണ്ടത്.

പ്രവാസികളെ അപഹസിക്കരുത്: മുഖ്യമന്ത്രി

തിരുവനന്തപുരം: കൊറോണ വൈറസ് ബാധയുടെ പശ്ചാത്തലത്തിൽ പ്രവാസികളെ അപഹസിക്കുന്നതിനെതിരെ മുഖ്യമന്ത്രി പിണറായി വിജയൻ. ലോകത്താകെ പടർന്നുപിടിച്ച രോഗമാണിത്. വികസിത രാജ്യങ്ങൾ പോലും നിസഹായതയോടെ നേരിടുന്നു. ഏതെങ്കിലും ഒരു വ്യക്തിയെ കുറ്റപ്പെടുത്താനാകില്ല. നാം ലോകത്താകെ വ്യാപിച്ചു കിടക്കുന്ന സമൂഹമാണ്. പ്രവാസികൾ മണലാരണ്യത്തിൽ കഠിനമായി അധ്വാനിച്ചു. അവരുടെ വിയർപ്പിന്റെ കാശിലാണ് നാം ഇവിടെ കഞ്ഞി കുടിച്ചു നടന്നിരുന്നത്. അത് മറന്നുപോകാൻ പാടില്ല.

നാടിന്റെ നട്ടെല്ലാണ് പ്രവാസികൾ. അവർ പോയ നാടുകളിൽ ചില പ്രശ്നങ്ങൾ ഉണ്ടായാൽ സ്വാഭാവികമായും നാട്ടിലേക്ക് തിരിച്ച് വരാൻ ആഗ്രഹിക്കും. തിരിച്ചുവന്നവർ പ്രതിരോധ നടപടികൾ സ്വീകരിച്ചു. ഒറ്റപ്പെട്ട ചില സംഭവങ്ങൾ മാത്രമാണ് ഉണ്ടായത്.

പ്രവാസി സഹോദരങ്ങൾക്ക് നാട്ടിലുള്ള കുടുംബത്തെപ്പറ്റി ഉത്കണ്ഠ വേണ്ട. നിങ്ങൾ അവിടെ സുരക്ഷിതമായി കഴിയുക.

സാമൂഹിക ഉത്തരവാദിത്തം നിർവഹിക്കുക. നിങ്ങളുടെ കുടുംബം സുരക്ഷിതമായിരിക്കും- മുഖ്യമന്ത്രി ഉറപ്പുനൽകി.

പായിപ്പാട് : ഇന്റലിജന്റ്സ് വീഴ്ചയെന്ന് ചെന്നിത്തല

തിരുവനന്തപുരം: ചങ്ങനാശേരി പായിപ്പാട്ട് കഴിഞ്ഞ ദിവസമുണ്ടായ സംഭവങ്ങൾ ഇന്റലിജൻസ് സംവിധാനത്തിന്റെ വീഴ്ചയാണെന്ന് പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല കുറ്റപ്പെടുത്തി. ഏറ്റവും കുടുതൽ ഇതര സംസ്ഥാനക്കാർ താമസിക്കുന്ന സ്ഥലങ്ങളിലൊന്നാണ് പായിപ്പാട്. ഇതുപോലുള്ള സംഭവങ്ങൾ ഇനി ആവർത്തിക്കാൻ പാടില്ല.

പട്ടാമ്പിയിലും ഇതുപോലെ പ്രശ്നങ്ങളുണ്ടായി. ഇതര സംസ്ഥാന തൊഴിലാളികൾക്ക് ഭക്ഷണവും വെള്ളവും പാർപ്പിടവും വേണം. ഇതില്ലാത്തതാണ് അവിടെ പ്രശ്നങ്ങൾ ഉണ്ടായത്. നാട്ടിലേക്ക് മടങ്ങാൻ കഴിയില്ലന്നകാര്യം അവരെ പറഞ്ഞ് മനസിലാക്കാൻ സർക്കാരിന് കഴിയണമെന്ന് ചെന്നിത്തല പറഞ്ഞു.

കർണാടക സർക്കാർ ഇപ്പോഴും കേരളത്തിൽ നിന്നുള്ള വാഹനങ്ങൾ കടത്തി വിടുന്നില്ലത് ഗൗരവതരമായ കാര്യമാണ്. ഈ പ്രതിസന്ധികൾ പരിഹരിക്കാനുള്ള നടപടികൾ കേന്ദ്ര സർക്കാർ അടിയന്തിരമായി സ്വീകരിക്കണമെന്ന് അദ്ദേഹം അഭ്യർഥിച്ചു.

മദ്യ കുറിപ്പടി വൈറലായി, ക്ഷമ ചോദിച്ച് ഡോക്റ്റർ

പറവൂർ: ആയുർവേദ ഡോക്റ്റർ കാണിച്ച തമാശ സോഷ്യൽ മീഡിയായിൽ വൈറലായി. ഒടുവിൽ തെറ്റുപറ്റിയ ഡോക്റ്റർ മാപ്പപേക്ഷയുമായി രംഗത്തു വന്നു. ഡോ. എം.ഡി. രഞ്ജിത്തിനാണ് അബദ്ധം പിണഞ്ഞത്. ഡോക്റ്ററുടെ കുറിപ്പുണ്ടെങ്കിൽ മദ്യം നൽകാമെന്ന തീരുമാനവും തുടർന്നുണ്ടായ വിവാദങ്ങളുമാണ് അദ്ദേഹത്തിനു വിനയായത്.

കഴിഞ്ഞ ദിവസം വിട്ടിലിരുന്നപ്പോൾ അദ്ദേഹം തന്റെ ലെറ്റർപാഡിൽ ഒരു കുറിപ്പെഴുതി. "എംസി വിഎസ്ഒപി ബ്രാണ്ടി 60 എംഎൽ 3 നേരം കൂടെ റോസ്റ്റഡ് കപ്പലണ്ടിയും". പുരുഷോത്തമൻ 48 വയസ് എന്നയാളുടെ പേരും എഴുതി. തുടർന്ന് വാട്സാപ്പിൽ തന്റെ സ്നേഹിതർക്ക് ഇതു പോസ്റ്റ് ചെയ്തു. അദ്ദേഹത്തിന്റെ സ്നേഹിതർ മറ്റു പല ഗ്രൂപ്പുകളിലേക്കും മരുന്നിന്റെ ചീട്ട് ഫോർവേഡ് ചെയ്തതോടെ സംഭവം വൈറലായി. ലോകത്തെല്ലായിടത്തും ഡോക്റ്ററുടെ മരുന്നിന്റെ കുറിപ്പെത്തി.

താനൊരു തമാശ കാണിച്ചതാണെന്നാണ് ഡോക്റ്ററുടെ വിശദീകരണം. നിലവിലെ സാഹചര്യത്തിൽ തെറ്റായ വിവരം നൽകുന്നതിനോ തെറ്റായ പ്രചരണം നടത്തുന്നതിനു വേണ്ടിയല്ല ഇങ്ങനെ ചെയ്തത്. ഒരു തമാശ മാത്രമാണുദ്ദേശിച്ചത്. തന്റെ ഭാഗത്തുണ്ടായ പാളിച്ചയ്ക്കു മാപ്പു ചോദിയ്ക്കുന്നു- വിശദീകരണ കുറിപ്പിൽ ഡോക്റ്റർ പറയുന്നു.

കൊവിഡ് സ്ഥിരീകരിച്ച രോഗിയെ ചികിത്സിച്ച ഡോക്റ്റർമാർ നിരീക്ഷണത്തിൽ

തിരുവനന്തപുരം: കൊവിഡ് സ്ഥിരീകരിച്ച രോഗിയെ ചികിത്സിച്ച തിരുവനന്തപുരം മെഡിക്കൽ കോളെജിലെ ഡോക്റ്റർമാർ നിരീക്ഷണത്തിൽ. പിജി ഡോക്റ്റർമാരും ഹൗസ് സർജന്മാരും നഴ്സുമാരുമടക്കം 10 പേരാണ് 14 ദിവസം നിരീക്ഷണത്തിലായത്.

രോഗം സ്ഥിരീകരിച്ച പോത്തൻകോട് സ്വദേശിയായ വിരമിച്ച പൊലീസ് ഉദ്യോഗസ്ഥന്റെ ആദ്യ പരിശോധനാ ഫലം നെഗറ്റീവായിരുന്നു. അതിന് ശേഷം അയാളോട് നിരീക്ഷണത്തിൽ തുടരാൻ നിർദേശിച്ചിരുന്നു. എന്നാൽ ആദ്യ ഫലം നെഗറ്റീവ് ആയതോടെ ഇയാൾ മാസ്ക് ധരിക്കാനോ മറ്റു മുൻകരുതൽ എടുക്കാനോ സമ്മതിച്ചില്ല. തുടർന്നാണ് ഡോക്റ്റർമാരോട് നിരീക്ഷണത്തിൽ കഴിയാൻ നിർദേശം നൽകിയത്.

അതേസമയം, ആ രോഗിയുടെ ആരോഗ്യനിലയിൽ പ്രശ്നങ്ങളുണ്ടെന്ന് മന്ത്രി കടകംപള്ളി സുരേന്ദ്രൻ. അദ്ദേഹത്തിന് എവിടെ നിന്നാണ് വൈറസ് പിടിപ്പെട്ടത് എന്നാണ് ആരോഗ്യവകുപ്പിനെ കുഴയ്ക്കുന്നത്. 68 വയസുള്ള അദ്ദേഹത്തിനു വിദേശബന്ധവും രോഗബാധിതരുമായി സമ്പർക്കവുമില്ല എന്നത് ആശങ്കയ്ക്കിടയാക്കുന്നു. ബന്ധുക്കളുടെ യാത്രവിവരങ്ങളടക്കം പരിശോധിക്കാനാണ് തീരുമാനം. പ്രാഥമികാന്വേഷണത്തിൽ ഇദ്ദേഹം അടുത്ത കാലത്തൊന്നും വിദേശയാത്ര നടത്തുകയോ വിദേശത്ത് നിന്ന് വന്നവരുമായി സമ്പർക്കം പുലർത്തുകയോ ചെയ്തിട്ടില്ലെന്നാണു ബന്ധുക്കൾ പറയുന്നത്. രോഗബാധയുള്ളവരുമായും ഇദ്ദേഹം അടുത്ത് ഇടപെട്ടിട്ടില്ല.

ഐസൊലേഷൻ വാർഡിലെ ഐസിയുവിലുള്ള ഇദ്ദേഹത്തിന്റെ ആരോഗ്യനില ഗുരുതരമായതിനാൽ തന്നെ വിവരങ്ങൾ ചോദിച്ചറിയുക ബുദ്ധിമുട്ടാണ്. പരമാവധി വിവരങ്ങൾ ബന്ധുക്കളോട് ചോദിച്ചറിഞ്ഞാണ് ജില്ലാ ഭരണകൂടം റൂട്ട് മാപ്പ് തയാറാക്കിയത്. അടുത്തിടെ ഇദ്ദേഹത്തിന് ശ്വാസം മുട്ടൽ അനുഭവപ്പെട്ടതിനെ തുടർന്ന് വീടിനടുത്തുള്ള ഒരു ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നു. വെഞ്ഞാറമ്മൂടുള്ള സ്വകാര്യ മെഡിക്കൽ കോളെജിലും ചികിത്സ തേടി. മെഡിക്കൽ കോളേജിലെ ഐസൊലേഷൻ വാർഡിൽ ഈ മാസം 24 മുതൽ നിരീക്ഷണത്തിലായിരുന്നു. ഇദ്ദേഹത്തിന്റെ ആദ്യ പരിശോധനഫലം നെഗറ്റീവും രണ്ടാമത്തെ ഫലം പോസിറ്റീവും ആവുകയായിരുന്നു. ജീവൻ രക്ഷിക്കാനുള്ള തീവ്രശ്രമമാണ് ആരോഗ്യവകുപ്പ് ഇപ്പോൾ നടത്തികൊണ്ടിരിക്കുന്നത്.

ഓൺലൈൻ പാസിന് അപേക്ഷകരുടെ തിരക്ക്

■ പാസ് അത്യാവശ്യ ഘട്ടങ്ങളിലേക്കെന്ന് പൊലീസ്

തിരുവനന്തപുരം: ലോക്ക് ഡൗൺ നിയന്ത്രണങ്ങളുടെ പശ്ചാത്തലത്തിൽ പൊതുജനങ്ങൾക്ക് അത്യാവശ്യ സാഹചര്യത്തിൽ യാത്ര ചെയ്യുന്നതിനാവശ്യമായ സത്യവാങ്മൂലം, വെഹിക്കിൾ പാസ് എന്നിവ ലഭിക്കുന്നതിനുള്ള ഓൺലൈൻ സംവിധാനത്തിൽ അപേക്ഷകരുടെ തിരക്ക്.

അപേക്ഷ സ്വീകരിച്ച് തുടങ്ങിയ ആദ്യ ദിനത്തിൽ 82,630 പേരാണ് അപേക്ഷിച്ചത്. അതിൽ 74,084 സത്യവാങ്മൂലത്തിനും 8,546 എമർജൻസി പാസിനുമാണ് അപേക്ഷ നൽകിയത്. അപേക്ഷയുടെ പ്രധാന്യം അനുസരിച്ച് 12,020 പാസുകൾ വിതരണം ചെയ്യുകയും 34,256 അപേക്ഷകൾ നിരസിക്കുകയും ചെയ്തു. ശേഷിക്കുന്ന 36,354 അപേക്ഷകൾ പരിശോധിച്ച് വരുകയാണെന്നും പൊലീസ് അറിയിച്ചു.

കൊവിഡ് 19നെ തുടർന്ന് രാജ്യവ്യാപകമായി അടച്ചിട്ട സാഹചര്യത്തിലാണ് വളരെ അത്യാവശ്യമുള്ള കാര്യങ്ങൾക്ക് പോകുന്നവർക്കാണ് പൊലീസ് ഓൺലൈൻ വഴി പാസുകൾ വിതരണം ചെയ്യുന്നത്. അത്യാവശ്യ കാര്യമൊഴിച്ച് അപേക്ഷ നൽകുന്നവരെ പരിഗണിക്കാനാകില്ലെന്നും അതിനാൽ വളരെ പ്രധാന്യമുള്ള കാര്യങ്ങൾക്ക് മാത്രം അപേക്ഷിക്കുന്നതാണ് ഉചിതമെന്നും സൈബർഡോം നോഡൽ ഓഫിസറും എഡിജിപിയുമായ മനോജ് എബ്രഹാം അറിയിച്ചു.

പ്രതിരോധത്തിന് ആയുർവേദം: റിപ്പോർട്ട് ഉടൻ

തിരുവനന്തപുരം: ആയുർവേദ രംഗത്തെ പ്രതിരോധ മരുന്നുകൾ പ്രായാധിക്യമുള്ളവർക്ക് അടക്കം എങ്ങനെ ഉപയോഗിക്കാമെന്നത് സംബന്ധിച്ച് ആ മേഖലയിലുള്ളവരുമായി വീഡിയോ കോൺഫറൻസിങ്ങിലൂടെ ചർച്ച നടത്തിയതായി മുഖ്യമന്ത്രി പിണറായി വിജയൻ അറിയിച്ചു.

ചിക്കുൻ ഗുനിയയും ഡെങ്കിപ്പനിയും വന്നപ്പോൾ ആയുർവേദം നന്നായി ഇടപെട്ടു. സമൂഹവും അതിനെ നന്നായി സ്വീകരിച്ചു. വൃക്ക, ഹൃദയം എന്നിവയുമായി ബന്ധപ്പെട്ട രോഗങ്ങളുള്ളവർക്ക് പാർശ്വഫലങ്ങളുണ്ടാകാത്ത വിധത്തിൽ പ്രതിരോധത്തിന് ആയുർവേദ മരുന്നുകൾ എങ്ങനെ ഉപയോഗിക്കാം എന്നതിനെപ്പറ്റി റിപ്പോർട്ട് നൽകാൻ ആരോഗ്യ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. രണ്ടുമൂന്നുദിവസത്തിനുള്ളിൽ അതു കിട്ടും- മുഖ്യമന്ത്രി പറഞ്ഞു.

- പൊലീസുകാരുടെ ക്ഷേമം ഉറപ്പാക്കാൻ എഡിജിപി എം.ആർ. അജിത് കുമാറിന് ചുമതല
- പൊലീസുകാർക്ക് നിർദേശങ്ങൾ മൊബൈലിൽ സന്ദേശമായി.
- കരാർ, താത്കാലിക ജോലിക്കാർക്ക് ശമ്പളം വാങ്ങാൻ ഓഫിസ്/ബാങ്കിൽ പോകാം
- ഇന്ന് വിരമിക്കുന്നവർ ഔദ്യോഗികമായി ചുമതല കൈമാറണമെന്നില്ല
- സ്കൂളുകളിൽ മിച്ചമുള്ള അരിയും പയറും വിൽക്കാൻ പിടിഎയ്ക്ക് അനുമതി
- തൊഴിലാളികളുടെ വേതനം ഇപ്പോൾ കുറയ്ക്കാൻ പാടില്ല
- പേ ചാനലുകൾ സൗജന്യമാക്കി സാമൂഹിക പ്രതിബദ്ധത കാട്ടണം
- കുടുംബശ്രീ വഴിയുള്ള വായ്പയ്ക്ക് ബാങ്കിങ് സമിതിയുടെ അനുമതി
- എടിഎമ്മുകളിൽ പണം നിറയ്ക്കും
- സ്കൂൾ പ്രവേശന നടപടികൾ ഇപ്പോൾ പാടില്ല
- യുണിസെഫ് ജില്ലാ കലക്റ്റർമാർക്ക് 35 ലക്ഷം രൂപ വീതം അനുവദിച്ചു

ഇതര സംസ്ഥാന തൊഴിലാളികളുടെ ചുമതല ഐജി ശ്രീജിത്തിന്

തിരുവനന്തപുരം: ഇതര സംസ്ഥാന തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ മനസിലാക്കാനും അവരുടെ ക്ഷേമം ഉറപ്പാക്കാനുമായി മുഖ്യമന്ത്രി പിണറായി വിജയന്റെ നിർദ്ദേശപ്രകാരം ക്രൈംബ്രാഞ്ച് ഐജി എസ്. ശ്രീജിത്തിനെ സംസ്ഥാനതല നോഡൽ ഓഫീസറായി നിയോഗിച്ചു.

കോട്ടയം, എറണാകുളം ജില്ലകളിൽ തൊഴിലാളികൾ താമസിക്കുന്ന വിവിധ ക്യാംപുകൾ സന്ദർശിച്ച് അദ്ദേഹം അവരോട് സംസാരിക്കും. അതിഥി തൊഴിലാളികൾക്ക് ആവശ്യമായ സഹായം നൽകുന്നതിന് വേണ്ട നടപടി സ്വീകരിക്കാൻ ജനമൈത്രി പൊലീസിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

പുവർ പീപ്പിൾ...! ജനങ്ങൾ പൊതുവേ പുറത്തിറങ്ങുന്നില്ല. ഇറങ്ങുന്നവരെ തടയാൻ മാസ്ക് വച്ച് പൊലീസുമുണ്ട്. അതോടെ മറ്റു ചിലർക്ക് സ്വാതന്ത്ര്യമായി. നാടും നഗരവും പക്ഷിമൃഗാദികൾക്ക് സ്വൈരവിഹാരം നടത്താവുന്ന ഇടങ്ങളായിക്കൊണ്ടിരിക്കുന്നു. എന്നാൽ, പണ്ടേപ്പോലെ ഇഷ്ടംപോലെ തിന്നാൻ കാര്യമായൊന്നും കിട്ടുന്നില്ല എന്നതാണു പ്രശ്നം.
മനു ഷെല്ലി



ആയിരക്കണക്കിനു തടവുകാർക്ക് കൂട്ടത്തോടെ പരോൾ

ന്യൂഡൽഹി: രാജ്യത്ത് വിവിധ ജയിലുകളിൽ നിന്നായി ആയിരക്കണക്കിനു തടവുകാർ കൂട്ടത്തോടെ പുറത്തിറങ്ങുന്നു; ഇടക്കാല ജാമ്യത്തിലോ പരോളിലോ. കൊറോണ വ്യാപനം തടയാനുള്ള നടപടികളുടെ ഭാഗമായാണ് ഈ അസാധാരണ സംഭവവും. മഹാമാരിയെ നിയന്ത്രിക്കാനുള്ള ദേശവ്യാപകമായ യുദ്ധകാല പ്രവർത്തനങ്ങൾക്കിടെ ജയിലുകളിൽ രോഗസാധ്യതയ്ക്കൊപ്പം ഏറ്റുമുട്ടലുകളും സംഘർഷങ്ങളും ഉണ്ടാകുന്നത് ഒഴിവാക്കുക കൂടി ലക്ഷ്യമാണ്.

തിഹാർ ജയിലിൽ നിന്ന് മൂവായിരം പേരെയാണു പുറത്തുവിടുന്നത്. ഇതിൽ ആദ്യ ഘട്ടമായി 400 പേർ പുറത്തുവന്നു കഴിഞ്ഞു. രണ്ടാം ഘട്ടത്തിൽ 1500ഓളം പേർക്ക് മോചനം കിട്ടുമെന്നാണു കരുതുന്നത്. ഡൽഹിയിലെ 16 ജയിലുകളിലായി 17,440 തടവുകാരുണ്ട്. ഇതിൽ 14,355 പേർ വിചാരണത്തടവുകാരാണ്. ഇവിടുത്തെ ജയിലുകളിലൊന്നും കൊറോണ കേസുകൾ കണ്ടെത്തിയിട്ടില്ലെന്ന് അധികൃതർ പറയുന്നു. ഓരോ ജയിലിന്റെയും മുക്കിലും മൂലയിലും വരെ അണുക്കളെ നശിപ്പിക്കുന്ന പ്രവർത്തനം നടക്കുന്നുണ്ട്. ജയിലുകൾ കൊറോണ വ്യാപനത്തിന്റെ ഹോട്ട്സ്പോട്ടുകളായി മാറാനുള്ള സാധ്യത മുന്നിൽക്കണ്ട് മുൻകരുതലുകൾ സ്വീകരിക്കുന്നുണ്ട്.

കൊറോണ സാഹചര്യത്തിൽ ജയിലുകളിലെ തടവുകാരുടെ ബാഹുല്യം ഒഴിവാക്കാൻ ഏഴു വർഷത്തിൽ താഴെ ശിക്ഷ ശിക്ഷ ലഭിക്കുന്ന കുറ്റങ്ങളുള്ളവർക്ക് പരോൾ അനുവദിക്കുന്നതു പരിഗണിക്കാൻ സംസ്ഥാന സർക്കാരുകൾ ഉന്നതതല പാനലുകളെ നിയോഗിക്കണമെന്നു സുപ്രീം കോടതി നിർദേശിച്ചിരുന്നു. വിചാരണത്തടവുകാർക്കും റിമാൻഡ് പ്രതികൾക്കും ഇന്നലെ കേരള ഹൈക്കോടതി ചില ഉപാധികളോടെ ഇടക്കാല ജാമ്യം അനുവദിച്ചിട്ടുണ്ട്. മഹാരാഷ്ട്രയിൽ 11,000 തടവുകാർക്കു പരോൾ നൽകാൻ സംസ്ഥാന ആഭ്യന്തര മന്ത്രി അനിൽ ദേശ്മുഖ് ഉത്തരവിട്ടു.

മധ്യപ്രദേശിലെ ജയിലുകളിൽ നിന്ന് 8000 പേരെയാണു മോചിപ്പിക്കുന്നത്. ഇതിൽ 5000 പേർക്ക് 60 ദിവസത്തെ പരോളാണ്. 3000 പേർക്ക് 45 ദിവസത്തെ ഇടക്കാല ജാമ്യം. മൊത്തം 28,601 തടവുകാരെ ഉൾക്കൊള്ളാൻ കഴിയുന്ന മധ്യപ്രദേശിലെ 125 ജയിലുകളിലായി ഇപ്പോൾ 42,000 തടവുകാരുണ്ട്.

പേടിയും പരിഭ്രാന്തിയും വൈറസിനെക്കാൾ വലിയ പ്രശ്നം

■ പലായനം: കേന്ദ്ര സർക്കാർ ഇന്നു റിപ്പോർട്ട് നൽകണമെന്ന് സുപ്രീം കോടതി

ന്യൂഡൽഹി: പേടിയും പരിഭ്രാന്തിയും കൊറോണ വൈറസിനെക്കാൾ വലിയ പ്രശ്നമെന്ന് സുപ്രീം കോടതി. രാജ്യവ്യാപകമായ ലോക്ക്ഡൗണിനു ശേഷം ആയിരക്കണക്കിനു കുടിയേറ്റ തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി സംബന്ധിച്ചുള്ള ഹർജികൾ വിഡിയോ കോൺഫറൻസിങ്ങിലൂടെ പരിഗണിക്കുമ്പോഴാണു കോടതിയുടെ ഈ പരാമർശം.

കുടിയേറ്റ തൊഴിലാളികൾ നൂറു കണക്കിനു കിലോമീറ്ററുകൾ നടന്നു സ്വന്തം നാട്ടിലേക്കു പോകാനുള്ള സാഹചര്യം സംബന്ധിച്ച് കേന്ദ്ര സർക്കാർ ഇന്നു റിപ്പോർട്ട് നൽകണമെന്നും ചീഫ് ജസ്റ്റിസ് ബോബ്ഡെയും ജസ്റ്റിസ് നാഗേശ്വര റാവുവും അടങ്ങിയ ബെഞ്ച് നിർദേശിച്ചു. കൂട്ടപ്പലായനം തടയാൻ എന്തു നടപടിയെടുത്തു എന്ന് റിപ്പോർട്ടിൽ വ്യക്തമാക്കണം. സർക്കാർ എടുത്തുകഴിഞ്ഞ നടപടികൾ സംബന്ധിച്ചു നിർദേശങ്ങൾ നൽകി കൂടുതൽ ആശയക്കുഴപ്പങ്ങൾ കോടതിയുണ്ടാക്കുന്നില്ലെന്നും ബെഞ്ച്. ഹർജികളിൽ ഇന്നു വാദം തുടരും.

മൂന്നാഴ്ചത്തെ ലോക്ക്ഡൗൺ മൂലം ജോലിയും താമസസ്ഥലവും ഇല്ലാതായ ആയിരക്കണക്കിനു കുടിയേറ്റ തൊഴിലാളികൾക്ക് ഭക്ഷണവും വെള്ളവും മരുന്നും ചികിത്സാസൗകര്യങ്ങളും ലഭ്യമാക്കണമെന്ന് ആവശ്യപ്പെടുന്ന രണ്ടു പൊതുതാത്പര്യ ഹർജികളാണു കോടതി പരിഗണിച്ചത്. വൈറസ് വ്യാപനം തടയാൻ പലായനം ഒഴിവാക്കേണ്ടതുണ്ടെന്ന് സൊളിസിറ്റർ ജനറൽ തുഷാർ മേത്ത കോടതിയിൽ ബോധിപ്പിച്ചു. കേന്ദ്ര സർക്കാരും ബന്ധപ്പെട്ട സംസ്ഥാന സർക്കാരുകളും ഇതിനു നടപടികൾ സ്വീകരിക്കുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു.

എന്നാൽ, കുടിയേറ്റ തൊഴിലാളികളെ സംരക്ഷിക്കുന്നതു സംബന്ധിച്ചു വ്യക്തമായ ഏകോപനമില്ലെന്ന് ഹർജിക്കാരിലൊരാളായ അഡ്വ. അലോക് ശ്രീവാസ്തവ ചൂണ്ടിക്കാട്ടി. ഉത്തർപ്രദേശിൽ നിന്നുള്ള കുടിയേറ്റ തൊഴിലാളികളെ കൊണ്ടുപോകാൻ രണ്ടു ദിവസം അവിടുത്തെ സർക്കാർ ബസ് ഏർപ്പെടുത്തി. ഇപ്പോൾ അതു നിർത്തിവച്ചു- ശ്രീവാസ്തവ പറഞ്ഞു. എന്നാൽ, കേന്ദ്ര സർക്കാരിന്റെ റിപ്പോർട്ട് വരട്ടെ എന്നായിരുന്നു കോടതിയുടെ മറുപടി.

ഭയവും പരിഭ്രാന്തിയും കൊണ്ട് നഗരത്തിൽ നിന്നു പലായനം ചെയ്യുന്നവരെ സമാശ്വസിപ്പിക്കാൻ കൗൺസിലിങ് വേണമെന്ന് മറ്റൊരു ഹർജിക്കാരിയായ അഡ്വ. രശ്മി ബൻസാൽ ആവശ്യപ്പെട്ടു. ഈ ഭയവും പരിഭ്രാന്തിയുമാണ് വൈറസിനെക്കാൾ വലിയ പ്രശ്നമെന്ന് അപ്പോഴാണു കോടതി വാക്കാൽ പരാമർശിച്ചത്.

കിലോമീറ്ററുകൾ നടന്ന് അവശരായ നിരവധി പേർ സംസ്ഥാന അതിർത്തികളിൽ കുടുങ്ങിയിട്ടുണ്ടെന്ന് ഹർജിക്കാർ ചൂണ്ടിക്കാട്ടി. ഭക്ഷണവും വെള്ളവും താമസസൗകര്യവുമില്ലാതെ റോഡുകളിലാണിവർ. വലിയ തോതിലുള്ള സംഘർഷം ഇവർ അനുഭവിക്കുന്നുണ്ട്. അണുവിമുക്തമാക്കാതെ ഇവരെ ഗ്രാമങ്ങളിലേക്കു കടത്തിയാൽ അതു കൊറോണ വ്യാപനത്തിനു കാരണമാവുകയും ചെയ്യും. ഇപ്പോൾ എവിടെയാണോ ഉള്ളത് അവിടെ വച്ച് അവരെ അണുവിമുക്തരാക്കണം. അതിനുശേഷം സ്വന്തം നാടുകളിലെത്തിക്കണം- ഹർജിക്കാർ ആവശ്യപ്പെടുന്നു. കുടിയേറ്റ തൊഴിലാളികളെ നഗരത്തിൽ തന്നെ സംരക്ഷിക്കുന്നതിനു സർക്കാർ കൈക്കൊണ്ട നടപടികളെക്കുറിച്ച് അവരെ ബോധ്യപ്പെടുത്തണമെന്നും ആവശ്യമുണ്ട്.

ജനങ്ങൾ തക്കാളിയും കൊണ്ട് പുറത്തിറങ്ങുന്നു: ഗുജറാത്ത് ഡിജിപി

അഹമ്മദാബാദ്: ഗുജറാത്തിൽ നിരവധി പേർ ലോക്ക്ഡൗൺ മാനദണ്ഡങ്ങൾ പാലിക്കുന്നില്ലെന്ന് സംസ്ഥാന ഡിജിപി ശിവാനന്ദ് ഝാ. പുറത്തു കറങ്ങാനിറങ്ങുന്ന ചിലർ പൊലീസിനെ കബളിപ്പിക്കാൻ തക്കാളിയും കൊണ്ടാണു നടക്കുന്നത്. പച്ചക്കറി വാങ്ങാൻ പോയി എന്നു ധരിപ്പിക്കാനാണിത്. പലയിടത്തും സാമൂഹിക അകലം പാലിക്കുന്നില്ല. പൊതുസ്ഥലങ്ങളിൽ കൂട്ടമായി ഇരിക്കുന്നതും ക്രിക്കറ്റ് കളിക്കുന്നതും വരെ കാണുന്നുണ്ട്. ഇനിയും ഇത്തരം സംഭവങ്ങൾ അനുവദിക്കില്ല. പൊലീസ് ശക്തമായ നടപടിയെടുക്കും- ഝാ ഗാന്ധിനഗറിൽ മാധ്യമ പ്രവർത്തകരോടു പറഞ്ഞു.

സാധനങ്ങൾ വീടുകളിലെത്തിച്ചുകൊടുക്കാനും ടോക്കൺ സിസ്റ്റം ഏർപ്പെടുത്താനും അദ്ദേഹം കടയുടമകളോട് നിർദേശിച്ചു. ലോക്ക്ഡൗൺ, ക്വാറന്റൈൻ മാനദണ്ഡങ്ങൾ ലംഘിച്ചതിന് 24 മണിക്കൂറിനിടെ ഗുജറാത്ത് പൊലീസ് 2,500 പേരെ അറസ്റ്റുചെയ്തുവെന്നും ഡിജിപി. മഹാരാഷ്ട്ര കഴിഞ്ഞാൽ ഇപ്പോൾ ഏറ്റവും കൂടുതൽ കൊറോണ മരണങ്ങൾ ഉണ്ടായിരിക്കുന്നത് ഗുജറാത്തിലാണ്. ആറു പേർ മരിച്ചു. അഹമ്മദാബാദിൽ മൂന്നും ഭാവ്നഗറിൽ രണ്ടും സൂററ്റിൽ ഒരാളുമാണ് മരിച്ചത്.

നെതന്യാഹുവിന്റെ വിശ്വസ്തന് കൊവിഡ് 19

ജറൂസലം: ഇസ്രേലി പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവിന്റെ സഹായിക്ക് കൊവിഡ് 19 സ്ഥിരീകരിച്ചു. പാർലമെന്ററി പ്രവർത്തനങ്ങളിലെ സഹായിക്കാണു രോഗം സ്ഥിരീകരിച്ചത്. എന്നാൽ, നെതന്യാഹുവിന് സമ്പർക്ക വിലക്ക് ഏർപ്പെടുത്തിയോ എന്നതിൽ വ്യക്തതയില്ല. സമ്പർക്ക വിലക്കിലാണെങ്കിലും അദ്ദേഹം ഔദ്യോഗിക ചുമതലകൾ തുടർന്നും നിർവഹിക്കുമെന്നും സൂചന.

നേരത്തേ, ബ്രിട്ടിഷ് പ്രധാനമന്ത്രി ബോറിസ് ജോൺസൺ, ഓസ്ട്രേലിയൻ മന്ത്രി തുടങ്ങിയവർക്ക് കൊവിഡ് 19 സ്ഥിരീകരിച്ചിരുന്നു. ബ്രിട്ടനിൽ ഇന്ത്യൻ വംശജനായ ധനമന്ത്രി ഋഷി സുനകാണ് ഭരണകാര്യങ്ങൾ നിയന്ത്രിക്കുന്നതെന്നാണു റിപ്പോർട്ട്.

വാട്ട്സ്ആപ്പ് സ്റ്റാറ്റസ് ഇനി 15 സെക്കൻഡ്

ന്യൂഡൽഹി: അടച്ചുപൂട്ടലിനെത്തുടർന്ന് മൊബൈൽ ഡേറ്റാ ഉപയോഗം വർധിച്ച സാഹചര്യത്തിൽ വാട്ട്സ്ആപ്പ് സ്റ്റാറ്റസ് വിഡിയോയുടെ സമയം വെട്ടിക്കുറച്ചു. വിഡിയോയ്ക്ക് കൂടുതൽ ഡേറ്റ വേണ്ടിവരുമെന്നതിനാലാണു തീരുമാനം . നേരത്തേ 30 സെക്കൻഡ് ഉണ്ടായിരുന്ന സ്റ്റാറ്റസ് വിഡിയോ ഇനി 15 സെക്കൻഡ് മാത്രമേ അനുവദിക്കൂ.

അടച്ചുപൂട്ടലും വീട്ടിലിരുന്നു ജോലിയുമായതോടെ ഇന്റർനെറ്റ് ഉപയോഗം വലിയതോതിൽ വർധിച്ചിരുന്നു. ഇതോടെ ഇന്റർനെറ്റ് ഡൗൺആകുന്നതും പതിവായി. 21 ദിവസത്തെ ലോക്ക് ഡൗൺ കാലം കഴിയും വരെ എച്ച്ഡി(ഹൈ ഡെഫിനിഷൻ), അൾട്രാ ഹൈ ഡെഫിനിഷൻ വിഡിയോകൾ നൽകില്ലന്ന് നെറ്റ്ഫ്ലിക്സ്, ഗൂഗിൾ, ഫെയ്സ്ബുക്ക്, ടിക്ടോക്, സോണി, ഹോട്സ്റ്റാർ, ആമസോൺ പ്രൈം വിഡിയൊ, വയകോം18, എംഎക്സ് പ്ലേയർ, സീ, തുടങ്ങിയ വിഡിയൊ സ്ട്രീമിങ് കമ്പനികൾ അറിയിച്ചിട്ടുണ്ട്.

ഡൽഹി തൊഴിലാളി സംഘർഷം: ഉദ്യോഗസ്ഥർക്കെതിരേ നടപടി

ന്യൂഡൽഹി: ഡൽഹിയിൽ അടച്ചുപൂട്ടൽ നിയന്ത്രണങ്ങൾ മറികടന്ന് ഇതരസംസ്ഥാന തൊഴിലാളികൾ തെരുവിൽ സമരം ചെയ്തതുമായി ബന്ധപ്പെട്ട് ഡൽഹിയിൽ നാല് ഉദ്യോഗസ്ഥർക്കു സസ്പെൻഷൻ. അഡീഷനൽ ചീഫ് സെക്രട്ടറി രേണു ശർമ, പ്രിൻസിപ്പൽ സെക്രട്ടറി രാജീവ് വർമ എന്നിവരുൾപ്പെടെ ഉദ്യോഗസ്ഥർക്കെതിരേയാണു നടപടി. ക്രമസമാധാനം നിയന്ത്രിക്കുന്നതിൽ പരാജയപ്പെട്ടെന്ന് ആരോപിച്ചാണ് ഇവരെ സസ്പെൻഡ് ചെയ്തത്. യുപിയിലെ തൊഴിലാളികൾക്കു വേണ്ടി ബസ് ഏർപ്പെടുത്തിയത് ശരിയായില്ലെന്നു വിമർശനമുയർന്നിരുന്നു. നിയന്ത്രണങ്ങൾ അവഗണിച്ച് 44 ഡിടിസി ബസുകൾ ഏർപ്പെടുത്തിയതിനെതിരേ പൊലീസ് എഫ്ഐആർ സമർപ്പിച്ചതിനു പിന്നാലെയാണ് ഉദ്യോഗസ്ഥർക്കു കുരുക്ക്.

ഒന്നിച്ചു നിൽക്കണം, നമ്മൾ

പശ്ചിമാഫ്രിക്കൻ രാജ്യം ലൈബീരിയയുടെ ചരിത്രത്തിലെ ആദ്യ വനിതാ പ്രസിഡന്റായിരുന്നു എലൻ ജോൺസൺ സർലീഫ്. ആഫ്രിക്കയിൽ എബോള വൈറസ് താണ്ഡവമാടിയ 2014- 16 കാലങ്ങളിലടക്കം 12 വർഷം രാജ്യത്തെ നയിച്ചു അവർ. ലൈബീരിയയിൽ മാത്രം 5000 പേർക്കാണ് എബോള മൂലം ജീവൻ നഷ്ടമായത്. ആ പ്രതിസന്ധികാലത്ത് രാജ്യത്തെ നയിച്ചതിനെക്കുറിച്ചും ഇപ്പോൾ ഒന്നിച്ചു നിൽക്കേണ്ടതിന്റെ ആവശ്യത്തെക്കുറിച്ചും കൊറോണക്കാലത്ത് കത്തിലൂടെ ഓർമിപ്പിക്കുകയാണ് നൊബേൽ സമ്മാന ജേതാവുകൂടിയായ എലൻ

പ്രിയപ്പെട്ടവരെ.

2014 ഒക്റ്റോബർ 19. എബോള രോഗം പശ്ചിമാഫ്രിക്കയെ കശക്കിയെറിയുകയായിരുന്നു. എന്റെ രാജ്യത്ത് 2000ലേറെ പേര് അതിനകം മരണമടഞ്ഞിരുന്നു. ആളുകളിൽ നിന്ന് ആളുകളിലേക്കു രോഗം പടർന്നുകൊണ്ടേയിരുന്നു. നിസഹായരായിരുന്നു അന്നു ഞങ്ങൾ. ഞാൻ അപ്പോൾ ലോകരാഷ്ട്രങ്ങളെ അഭിസംബോധന ചെയ്ത് ഒരു കത്തെഴുതി. ആളും അർഥവും വിഭവങ്ങളുമെല്ലാമായി ഞങ്ങളെ സഹായിക്കാനുള്ള അഭ്യർഥന. ലോകത്തെ കീഴടക്കിയേക്കാവുന്ന മഹാമാരിയെ പ്രതിരോധിക്കാനുള്ള ശ്രമമായിരുന്നു അത്. ഇന്നു വീണ്ടും ഞാൻ അഭ്യർഥിക്കുന്നു, ഒന്നിച്ചു നിൽക്കണം നമ്മൾ.

ആഭ്യന്തരയുദ്ധങ്ങൾ അവസാനിച്ച ലൈബീരിയയുടെ തകർന്ന സമ്പദ്‌വ്യവസ്ഥ, തകരാറിലായ ആശുപത്രി സംവിധാനങ്ങൾ, അതിവേഗം പടരുന്ന രോഗം എന്നിവയെല്ലാം വിശദീകരിച്ചു അന്നത്തെ കത്തിൽ. ആഫ്രിക്കയിലെ ഒരു ഒറ്റപ്പെട്ട പ്രദേശത്തെ ഭീതിയിലാഴ്ത്തുന്ന രോഗം അതിരർത്തികൾ കടന്നാലുള്ള ഭവിഷ്യത്തുകൾ ഓർമിപ്പിച്ചു. ഇതു മാനവരാശിക്കാകെ ഭീഷണിയാണെന്നം വിശദീകരിച്ചു.

പ്രതീക്ഷയുണർത്തുന്നതായിരുന്നു പ്രതികരണങ്ങൾ. എന്റെ അഭ്യർഥന കേട്ടു ലോകം. ധീരമായ ചുവടുവയ്പ്പുകൾ നടത്തി രാഷ്ട്രനേതാക്കൾ. ഇപ്പോഴും അതുണ്ടാകുമെന്നു പ്രതീക്ഷിക്കുന്നു.

അന്ന് ഐക്യരാഷ്ട്ര സഭയും ലോകാരോഗ്യ സംഘടനയും ചേർന്നു ചികിത്സാ സാമഗ്രികൾ വലിയ തോതിൽ ഇവിടെയെത്തിച്ചു. ആരോഗ്യപ്രവർത്തകരെയും നൽകി. പിന്തുണയുമായി യുഎസുമെത്തി. രാജ്യാതിർത്തികളുടെ ഭേദമില്ലാതെ ശാസ്ത്രലോകം ഒരുമിച്ചു നിന്ന് പ്രതിരോധമരുന്നുകളുണ്ടാക്കി. ഒരുമിച്ചു നിന്നു നാം ആ വിപത്തിനെ മറികടന്നു. നന്ദി.

ഇന്നു കൊറോണ വൈറസ് ലോകമാകെ പടരുമ്പോൾ ഞാൻ ആവർത്തിക്കുകയാണ് അന്നത്തെ അഭ്യർഥന. ഏറെ അനുഭവിച്ചു കഴിഞ്ഞു ആഫ്രിക്കൻ രാജ്യങ്ങൾ. കൊവിഡ് 19 ഇവിടേക്കെത്തുന്നത് എപ്പോഴെന്നു മാത്രമേ ചിന്തിക്കാനുള്ളൂ. ഇന്നും വളരെ പിന്നിലാണു ഞങ്ങൾ, ആരോഗ്യ- സമ്പദ്‌രംഗങ്ങളിൽ.

രോഗവ്യാപനത്തിന്റെ വേഗം കുറയ്ക്കണം. ചങ്ങല മുറിയണം. ഗ്രാഫ് നേരെയാക്കിയേ മതിയാകൂ. എബോള വ്യാപന കാലത്ത് ലൈബീരിയയിൽ നിന്നു ലഭിച്ച പാഠങ്ങൾ കൊറോണ വ്യാപനം തടയാൻ ഉപയോഗിക്കാം. ഇത്തവണയും തുടക്കത്തിൽ പിഴവുപറ്റി നമുക്ക്. അതാണ് ഏഷ്യയിൽ നിന്നു യൂറോപ്പിലേക്കും പിന്നെ അമെരിക്കയിലേക്കും രോഗം പടരാനിടയാക്കിയത്. നീണ്ട നിരകണ്ടിട്ടും നാം പഠിച്ചില്ല. സമയം പാഴാക്കി. വിവരങ്ങൾ ഒളിപ്പിച്ചു, അല്ലെങ്കിൽ മുഴുവൻ വെളിപ്പെടുത്തിയില്ല. കണക്കുകളിൽ കൃത്രിമം കാട്ടി. ഒടുവിൽ എന്തുണ്ടായി? വിശ്വാസം നഷ്ടമായി.

എനിക്കും സംഭവിച്ചിരുന്നു ഈ പിഴവുകൾ. ഭയം എപ്പോഴും അങ്ങനെയാണ്; അതു ജനങ്ങളെ പരക്കംപായാനും ഒളിപ്പിച്ചുവയ്ക്കാനും സ്വയം ഒളിക്കാനുമൊക്കെ പ്രേരിപ്പിക്കും. എനിക്കറിയാം, 2014ൽ ഞാനും ഇങ്ങനെയൊക്കെ ചെയ്തു. പക്ഷേ, ഞങ്ങൾ പിന്നീട് ഇതു തിരുത്തി. ഇന്നു നമുക്കൊന്നിച്ചു തിരുത്താം. നിർണായക സന്ധിയിലാണു നാം. രാജ്യങ്ങൾ അതിർത്തികൾ അടച്ച് രോഗവ്യാപനത്തിന്റെ വേഗം കുറയ്ക്കാൻ ശ്രമിക്കുന്നു. ഓരോ രാജ്യത്തിനും ഓരോ മനുഷ്യജീവിക്കും ഇതിൽ ഉത്തരവാദിത്വവും കടമകളുമുണ്ട്. ഈ തിരിച്ചറിയിലാണ് പശ്ചിമാഫ്രിക്കയിലേക്കു രോഗം പടരുന്നതു തടയുന്നതിൽ വഴിത്തിരിവാകുക. തെറ്റായ വഴി തെരഞ്ഞെടുക്കരുത്. രാജ്യങ്ങൾ തങ്ങളുടേത് മാത്രമെന്ന ചിന്ത വടിഞ്ഞേതീരൂ.

മൺറോവിയയിലെ വസതിയിലിരുന്നു ഞാൻ ലോകത്തെ വീക്ഷിക്കുമ്പോൾ പ്രതീക്ഷാ കിരണങ്ങളുണ്ട് എങ്ങും. ശാസ്ത്രീയ അറിവുകൾ, ചികിത്സാ ഉപകരണങ്ങൾ, മരുന്നുകൾ തുടങ്ങിയവയെല്ലാം പങ്കുവയ്ക്കപ്പെടുന്നു. ആരോഗ്യപ്രവർത്തകർ അതിർത്തികടന്നും സാന്ത്വനവുമായെത്തുന്നു. ഇതുതന്നെയാണ് പശ്ചിമാഫ്രിക്കയുടെ പ്രതീക്ഷ. എബോളയെ പ്രതിരോധിച്ചു നിർത്തിയ ലൈബീരിയ അന്നത്തെക്കാൾ ശക്തമാണ് ഇന്ന്, ആരോഗ്യരംഗത്ത്. വ്യക്തികളുടെ ശേഷിയിലും എനിക്കു വിശ്വാസമുണ്ട്. പ്രതിസന്ധികളുണ്ടാകുമ്പോൾ സമൂഹത്തിൽ മത- വർണ- വർഗ ഭേദങ്ങൾക്കതീതമായി നേതാക്കൾ വിവിധ തലങ്ങളിൽ ഉയർന്നുവരും. നമുക്ക് നമ്മുടെ ഓരോരുത്തരുടെയും വിശ്വാസങ്ങൾ മുറുകെപ്പിടിച്ച് ദൈവത്തോടു പ്രാർഥിക്കാം, ഈ വിപത്തിനെ മറികടക്കാൻ. അതിനൊപ്പം കൂട്ടായി ഇതിനെ ചെറുത്തുതോൽപ്പിക്കാം.

ഡോക്റ്ററുടെ കുറിപ്പടിയിൽ മദ്യം നൽകാമെന്ന ഉത്തരവിറങ്ങി

തിരുവനന്തപുരം: മദ്യം ലഭിക്കാതെ ശാരീരിക അസ്വസ്ഥത പ്രകടിപ്പിക്കുന്നവർക്ക് മദ്യം വിതരണം ചെയ്യാൻ സർക്കാർ നിർദേശങ്ങൾ പുറത്തിറങ്ങി. ഐഎംഎ, കെജിഎംഒഎ എന്നീ ഡോക്റ്റർമാരുടെ സംഘടനകളുടെ പ്രതിഷേധം മറികടന്നാണിത്. ഡോക്റ്ററുടെ കുറിപ്പ് എക്സൈസ് ഓഫിസിൽ ഹാജരാക്കി നിശ്ചിത ഫോമിൽ അപേക്ഷിച്ചാൽ മദ്യം ലഭിക്കും. തിരിച്ചറിയൽ രേഖകളും നൽകണം. ഒരാൾക്ക് ഒന്നിലധികം പാസ് നൽകില്ല. മദ്യവിതരണത്തിനായി ബെവ്റിജസ് ഷോപ്പുകൾ തുറക്കില്ല.

ഇഎസ്ഐ അടക്കമുള്ള പിഎച്ച്സി-എഫ്എച്ച്സി, ബ്ലോക്ക് പിഎച്ച്സി-സിഎച്ച്സി, താലൂക്ക് ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, ജനറൽ ആശുപത്രികൾ, സ്പെഷ്യാലിറ്റി ആശുപത്രികൾ, മെഡിക്കൽ കോളെജുകൾ തുടങ്ങിയ സർക്കാർ ആശുപത്രികളിൽ ആൽക്കഹോൾ വിത്ഡ്രോവൽ ലക്ഷണങ്ങളുള്ളവർ ഒപി ടിക്കറ്റ് എടുത്ത് പരിശോധനയ്ക്ക് വിധേയരാകണം. പ്രസ്തുത വ്യക്തി ആൽക്കഹോൾ വിഡ്രോവൽ ലക്ഷണങ്ങൾ പ്രകടിപ്പിക്കുന്ന ആളാണെന്ന് ഡോക്റ്റർ രേഖ നൽകിയാൽ അയാൾക്ക് നിശ്ചിത അളവിൽ മദ്യം നൽകാം- ഉത്തരവിൽ പറയുന്നു.

ഡോക്റ്റർ നൽകുന്ന രേഖ രോഗിയോ രോഗി സാക്ഷ്യപ്പെടുത്തുന്നയാളോ സമീപത്തെ എക്സൈസ് റേഞ്ച്, സർക്കിൾ ഓഫിസുകളിൽ ഹാജരാക്കണം. ആധാർ, ഇലക്ഷൻ ഐഡി, ഡ്രൈവിങ് ലൈസൻസ് ഇവയിലേതെങ്കിലും വേണം. നിശ്ചിത ഫോറത്തിൽ വിവരങ്ങൾ രേഖപ്പെടുത്തിയശേഷം പാസ് നൽകി മദ്യം അനുവദിക്കും.

മരണക്കണക്കിൽ ചൈന നുണ പറയുന്നോ?

■ 50,000 പേർ മരിച്ചിട്ടുണ്ടാകാമെന്നു റിപ്പോർട്ട്

ബീജിങ്: കൊവിഡ് 19 ബാധിച്ച് മരിച്ചവരെ സംബന്ധിച്ചു ചൈന പുറത്തുവിട്ട കണക്കുകൾ ശരിയല്ലെന്നു റിപ്പോർട്ട്. വുഹാനിലെ ശ്മശാനങ്ങളിൽ ചിതാഭസ്മക്കുടങ്ങൾ വാങ്ങാൻ വന്നവരുടെ ചിത്രങ്ങളും അവരുടെ അഭിപ്രായങ്ങളും ശേഖരിച്ച ചില മാധ്യമങ്ങളാണു ചൈന യഥാർഥ മരണനിരക്ക് മറച്ചുവച്ചതായി സൂചിപ്പിക്കുന്നത്.

ചൈനീസ് ഭരണകൂടത്തിന്റെ കണക്കുപ്രകാരം 3200 പേരാണു കൊവിഡ് 19 ബാധിച്ചു മരിച്ചത്. എന്നാൽ, രോഗത്തിന്റെ പ്രഭവ കേന്ദ്രമായ വുഹാനിൽ 42,000 പേരെങ്കിലും മരിച്ചിട്ടുണ്ടാകാമെന്നാണു പുതിയ റിപ്പോർട്ടുകൾ. മറ്റു പ്രവിശ്യകളിലെ മരണം കൂടി കണക്കിലെടുത്താൽ അരലക്ഷം കവിയുമെന്നും സൂചന.

രോഗവ്യാപനം നിയന്ത്രിക്കപ്പെട്ടു തുടങ്ങിയതോടെ കഴിഞ്ഞയാഴ്ച മുതൽ വുഹാനിലെ ശ്മശാനങ്ങളിൽ നിന്ന് ചിതാഭസ്മം നിറച്ച കുടങ്ങൾ മരണമടഞ്ഞവരുടെ കുടുംബാംഗങ്ങൾക്ക് നൽകിത്തുടങ്ങിയിട്ടുണ്ട്. ഇവിടെ എട്ടു ശ്മശാനങ്ങളാണുള്ളത്. ഇതിൽ ഒരിടത്തേക്ക് നിന്ന് ബുധൻ, വ്യാഴം ദിവസങ്ങളിലായി 2,500 വീതം ചിതാഭസ്മക്കുടങ്ങൾ ലോറിയിൽ എത്തിച്ചതായി ചൈനീസ് മാധ്യമം കെയ്ക്സിൻ റിപ്പോർട്ട് ചെയ്തു. ശ്മശാനത്തിൽ 3,500 കുടങ്ങൾ ഇരിക്കുന്നുമുണ്ട്. ഇവയിൽ എത്രയെണ്ണം നിറച്ചിട്ടുണ്ടെന്നു വ്യക്തമല്ലെന്നും കെയ്ക്സിൻ. വുഹാനിൽ 2,535 പേർ മാത്രമേ കൊറോണ ബാധിച്ചു മരിച്ചിട്ടുള്ളൂ എന്നാണു ചൈനീസ് അധികൃതരുടെ വാദം. അങ്ങനെയെങ്കിൽ എന്തിനാണ് ഇത്രയധികം കുടമെന്നതാണു ചോദ്യം.

ഓരോ ശ്മശാനത്തിൽ നിന്നും ദിവസം ചിതാഭസ്മം അടങ്ങിയ 500 കുടങ്ങളാണ് മരിച്ചവരുടെ ബന്ധുക്കൾക്കായി നൽകിയത് എന്നാണ് വുഹാൻ നിവാസികൾ പറയുന്നത്. അഥവാ ഒരു ദിവസം മാത്രം നാലായിരത്തോളം പേരുടെ ചിതാഭസ്മം. ചൈനീസ് വിശ്വാസപ്രകാരം മരണമടഞ്ഞവർക്കു വേണ്ടിയുള്ള ചടങ്ങുകൾ നടക്കുന്ന ഏപ്രിൽ നാലിലെ ചിങ്മിൻ ഉത്സവത്തിനു മുൻപ് ചിതാഭസ്മം നൽകാമെന്നാണ് ഹാൻകോവ്, വുച്ചാങ്, ഹാന്യാങ് തുടങ്ങിയ പ്രദേശങ്ങളിലെ കുടുംബങ്ങളോട് പറഞ്ഞിരിക്കുന്നത്. ഹാൻകോവ് മേഖലയിൽ മാത്രം രണ്ടു ദിവസങ്ങളിലായി 5000 ചിതാഭസ്മ കുടങ്ങൾ നൽകിയിരുന്നു.

രോഗം ഏതാണ്ടു ശക്തമായ 2019ന്റെ അവസാന പാദത്തിൽ 56,007 സംസ്കാരങ്ങളാണ് വുഹാനിൽ നടന്നത്. ഇത് 2018ലെക്കാൾ 1583ഉം 2017ലെക്കാൾ 2231ഉം കൂടുതലാണ്. കൂടുതൽ രോഗികൾ മരിച്ച ജനുവരി, ഫെബ്രുവരി മാസങ്ങളിലെ കണക്ക് ലഭ്യമായിട്ടില്ല.

കണക്കെടുത്തതിൽ പ്രാദേശിക ഉദ്യോഗസ്ഥർക്കു പിഴവു സംഭവിക്കുകയോ മറച്ചുവയ്ക്കുകയോ ചെയ്തിട്ടുണ്ടെന്നാണ് നാട്ടുകാർ പറയുന്നത്. കൊവിഡ് 19ന് ആശുപത്രികളിൽ ചികിത്സതേടുകയും അവിടെ വച്ചു മരിക്കുകയും ചെയ്തവരെ മാത്രമാണ് അധികൃതർ കണക്കിൽപ്പെടുത്തിയത്. എന്നാൽ, ആശുപത്രികൾ നിറഞ്ഞതോടെ നിരവധി പേർക്ക് ചികിത്സ കിട്ടിയിരുന്നില്ല. പലരും വീടുകളിൽ തന്നെ മരിച്ചു. കൂടാതെ ആശുപത്രികളിൽ കൊവിഡ് 19 പരിശോധന പോലും നടത്താനാകാതെ നിരവധി പേരുണ്ടായിരുന്നു. ഇങ്ങനെ മരിച്ചവരുടെയൊന്നും പോസ്റ്റ്മോർട്ടമുൾപ്പെടെ നടന്നിട്ടില്ലെന്നും നാട്ടുകാർ ചൂണ്ടിക്കാട്ടുന്നു.

നിലവാരമില്ല, ചൈനയുടെ മാസ്കുകൾ യൂറോപ്പിനു വേണ്ട

പാരിസ്: കൊ വിഡ് 19 രോഗം പടരുന്നതിനിടെ ചൈന അയച്ച ആയിരക്കണക്കിനു മാസ്കുകൾ നെതർലൻഡ്സ് തിരിച്ചയച്ചു. നിലവാരമില്ലെന്നു കണ്ടെത്തിയതിനെത്തുടർന്നാണിത്. ഏതാനും മാസ്കുകൾ നേരത്തേ ആരോഗ്യപ്രവർത്തകർക്കു നൽകിയിരുന്നു. എന്നാൽ, കൊവിഡ് തടയാനുള്ള ശേഷി ഇവയ്ക്കില്ലെന്നു പിന്നീടു കണ്ടെത്തിയെന്നും നെതർലൻഡ്സ് ആരോഗ്യ വിഭാഗം. പുതുതായി ചൈനയിൽ നിന്നെത്തുന്ന ചികിത്സാ- ആരോഗ്യ സാമഗ്രികളെല്ലാം കർശന പരിശോധനയ്ക്കു വിധേയമാക്കാനും തീരുമാനിച്ചിട്ടുണ്ട്.

13 ലക്ഷം മാസ്കുകളാണ് ചൈന അയച്ചത്. ഇതിൽ ആറര ലക്ഷത്തോളം എണ്ണം തിരിച്ചയച്ചതായി നെതർലൻഡ്സിലെ ഔദ്യോഗിക ടിവി ചാനൽ എൻഒഎസ് റിപ്പോർട്ട് ചെയ്തു. പലതും ശരിയായി മുഖം മൂടുന്നില്ല, ഫിൽറ്റർ ശരിയായി പ്രവർത്തിക്കുന്നില്ല തുടങ്ങിയ കാരണങ്ങളാണ് ചൂണ്ടിക്കാട്ടിയത്. നേരത്തേ, ചൈനയിൽ നിന്നയച്ച ആറു ലക്ഷത്തോളം റാപ്പിഡ് ടെസ്റ്റിങ് കിറ്റുകൾ സ്പെയ്ൻ തിരിച്ചയച്ചിരുന്നു. ഇവയിൽ 30 ശതമാനം മാത്രമേ യോഗ്യമായതുള്ളൂ എന്നും അതിൽത്തന്നെ പരിശോധനാ ശേഷി സംശയാസ്പദമാണെന്നും ചൂണ്ടിക്കാട്ടിയായിരുന്നു നടപടി.

ചൈനയിൽ നിന്നെത്തിച്ച പരിശോധനാ കിറ്റുകൾക്കു നിലവാരമില്ലെന്നു തുർക്കിയും ചൂണ്ടിക്കാട്ടിയിരുന്നു. തുടർന്ന് ആദ്യം എത്തിച്ച കിറ്റുകൾ ഇവർ നിരസിച്ചു. മാസ്കുകളും പരിശോധനാ കിറ്റുകളും ഫ്രാൻസും ഓർഡർ ചെയ്തിരുന്നെങ്കിലും പുതിയസാഹചര്യത്തിൽ ഇതു സ്വീകരിക്കുമോ എന്ന് വ്യക്തമല്ല.

രോഗം യൂറോപ്പിൽ രൂക്ഷമായതോടെ സുരക്ഷാ ഉപകരണങ്ങളും പരിശോധനാ കിറ്റുകളും പരമാവധി വേഗത്തിൽ നിർമിച്ചു കയറ്റുമതി ചെയ്യാനുള്ള ശ്രമത്തിലാണു ചൈന. കൊവിഡ് 19 മൂലം മാസങ്ങളായി പ്രവർത്തനം നിലച്ച നിർമാണ മേഖലയ്ക്ക് ഇതൊരു അവസരമായാണ് രാജ്യം കാണുന്നത്. വെന്റിലേറ്റർ ഉൾപ്പെടെ നിർമിക്കുന്നുണ്ട് അവർ. എന്നാൽ, ഇവയ്ക്കൊന്നും ശരിയായ നിലവാരമില്ലെന്നാണ് ചൂണ്ടിക്കാണിക്കപ്പെടുന്നത്. മാത്രമല്ല, ഇതു വലിയ തോതിലുള്ള കച്ചവടത്തിനുള്ള അവസരമായി കാണുന്ന ചൈനയുടെ ശൈലിയും വിമർശിക്കപ്പെടുന്നുണ്ട്. ഇന്ത്യയുൾപ്പെടെ രാജ്യങ്ങൾ ചികിത്സാ സംവിധാനങ്ങൾ മറ്റുള്ളവർക്ക് സൗജന്യമായാണു നൽകിയത്.

അതിർത്തി പ്രശ്നം: ഉണ്ണിത്താൻ സുപ്രീം കോടതിയിൽ

കോഴിക്കോട്: കേരള - കർണാടക അതിർത്തി തുറക്കണമെന്ന് ആവശ്യപ്പെട്ട് കാസർഗോഡ് എംപി രാജ്മോഹൻ ഉണ്ണിത്താൻ സുപ്രീം കോടതിയിൽ ഹർജി നൽകി. അവശ്യ സർവീസുകൾക്ക് പോലും കർണാടക അതിർത്തി തുറന്നുകൊടുക്കുന്നില്ലെന്ന് ഹർജിയിൽ പറയുന്നു. അതിർത്തിയിൽ കർണാടക പൊലീസ് തിരിച്ചയച്ചതിനാൽ മതിയായ ചികിത്സ കിട്ടാതെ സ്ത്രീ മരിച്ചതും ഉണ്ണിത്താൻ ചൂണ്ടിക്കാട്ടി.

തലപ്പാടിയിൽ നിന്നും മംഗളൂരുവിലേക്ക് പോവുകയായിരുന്ന ആംബുലൻസ് കർണാടക പൊലീസ് തടഞ്ഞതോടെയാണ് 90കാരിയായ പാത്തുഞ്ഞി ചികിത്സ കിട്ടാതെ മരിച്ചത്. ചികിത്സയ്ക്കായി മംഗളൂരുവിലെ ആശുപത്രിയിലേക്ക് പോകാനാവാത്തതോടെ മഞ്ചേശ്വരം തുമിനാട് സ്വദേശി അബ്ദുൽ ഹമീദും ചികിത്സ കിട്ടാതെ മരിച്ചു.

കുഞ്ചത്തൂരിൽ താമസിക്കുന്ന ബീഹാർ സ്വദേശിനി വിനന്തഗൗരി ദേവിയുടെ യാത്ര പൊലീസ് തടഞ്ഞതോടെ ആംബുലൻസിൽ പ്രസവിച്ച സംഭവവുമുണ്ടായി. കർണാടക പൊലീസ് തിരിച്ചയച്ചതിനെ തുടർന്ന് കാസർകോട്ടെ ആശുപത്രിയിലേക്കുള്ള യാത്ര മധ്യേയായിരുന്നു പ്രസവം. ഇക്കാര്യങ്ങളെല്ലാം അഡ്വ. ഹാരിസ് ബീരാൻ മുഖേന നൽകിയ ഹർജിയിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

ബോധവത്കരണത്തിന് 'കൊറോണ ഹെൽമെറ്റ്'

കൊറോണ വൈറസിന്റെ രൂപത്തിലുള്ള ഹെൽമെറ്റ് ധരിച്ച് ചെന്നൈയിൽ ബോധവത്കരണം നടത്തുന്ന പൊലീസ് ഉദ്യോഗസ്ഥൻ.

ചെന്നൈ: കൊവിഡ് 19 വ്യാപനം തടയാൻ രാജ്യത്താകെ അടച്ചുപൂട്ടൽ പ്രഖ്യാപിച്ചിട്ടും റോഡിൽ ഇറങ്ങുന്നവരെ പിന്തിരിപ്പിക്കാൻ പൊലീസ് കഷ്ടപ്പെടുമ്പോൾ നൂതന മാർഗവുമായി ചെന്നൈയിലെ പൊലീസ് ഉദ്യോഗസ്ഥൻ. കൊറോണ വൈറസിന്റെ രൂപത്തിനു സമാനമായ ഹെൽമെറ്റ് ധരിച്ചുകൊണ്ടാണ് രാജേഷ് ബാബുവെന്ന പൊലീസ് ഉദ്യോഗസ്ഥൻ ആളുകളെ കൊവിഡ് 19 പ്രതിരോധത്തെപ്പറ്റി ബോധവത്കരിക്കുന്നത്. ഹെൽമറ്റിൽ ചുവന്ന മുള്ളുകൾപോലെ രൂപങ്ങളുണ്ടാക്കി അഗ്രത്തിൽ ബൾബു ഘടിപ്പിച്ചാണു രാജേഷ് ബാബുവിന്റെ കൊറോണ വൈറസ്. രാത്രിയിൽ ഈ ബൾബുകൾ തെളിയുകയും ചെയ്യും. ചെന്നൈ ആസ്ഥാനമായുള്ള ആർട്ട് കിങ്ഡം എന്ന സംഘടനയിലെ ആർട്ടിസ്റ്റ് ബി. ഗൗതം ആണ് കൊറോണ ഹെൽമെറ്റിന്റെ നിർമാതാവ്. "ജനങ്ങൾക്കു ശുചീകരണത്തെക്കുറിച്ചൊന്നും വലിയ പിടിപാടില്ല.

അതുകൊണ്ടാണ് ഇത്തരമൊരു മാർഗത്തെക്കുറിച്ചു ചിന്തിച്ചത്. ഇതു കണ്ടിട്ടെങ്കിലും അവർ കൃത്യമായി സുരക്ഷാ മുൻകരുതലുകളെടുത്താൽ ഞങ്ങളുടെ ലക്ഷ്യം വിജയിച്ചു"- ഗൗതം പറഞ്ഞു.

നിങ്ങൾ പുറത്തിറങ്ങിയാൽ ഞങ്ങൾ (രോഗം) അകത്തേക്കു വരുമെന്നാണു കൊറോണ ഹെൽമെറ്റ് ധരിച്ചു താൻ നൽകുന്ന സന്ദേശമെന്നു രാജേഷ് ബാബു പറയുന്നു.

കേരള ജയിലുകളിലെ റിമാൻഡ് പ്രതികളും വിചാരണത്തടവുകാരും പുറത്തേക്ക്

■ ഏപ്രിൽ 30 വരെ ഇടക്കാല ജാമ്യം

കൊച്ചി: സംസ്ഥാനത്തെ വിചാരണത്തടവുകാർക്കും റിമാൻഡ് പ്രതികൾക്കും ഏപ്രിൽ 30 വരെ ഇടക്കാല ജാമ്യം അനുവദിച്ച് ഹൈക്കോടതി ഫുൾ ബെഞ്ച് ഉത്തരവ്. പരമാവധി ഏഴു വർഷത്തിൽ താഴെ തടവു ശിക്ഷ ലഭിക്കാവുന്ന കുറ്റങ്ങൾ ചുമത്തപ്പെട്ടിട്ടുള്ളവർക്കാണ് ജാമ്യം ലഭിക്കുക. അതത് ജയിൽ സൂപ്രണ്ടുമാർക്കാണ് കോടതി ഉത്തരവ് അനുസരിച്ച് അർഹരായ തടവുകാരെ മോചിപ്പിക്കുന്നതിനുള്ള ചുമതല.

രാജ്യം ലോക്ക്ഡൗണിൽ ആയ പശ്ചാത്തലത്തിലാണ് ഹൈക്കോടതി ഇടക്കാല ജാമ്യം അനുവദിച്ചിരിക്കുന്നത്. കോടതികൾ പൂട്ടിയ സാഹചര്യത്തിൽ ജാമ്യം സംബന്ധിച്ച് അനിശ്ചിതത്വം നിലനിൽക്കുന്നതു പരിഗണിച്ചാണ് ഹൈക്കോടതി ഫുൾ ബെഞ്ച് ഇന്നലെ യോഗം ചേർന്നത്. പ്രതികൾ ജാമ്യം ലഭിച്ച് താമസസ്ഥലത്ത് എത്തിയാലുടൻ ലോക്കൽ പൊലീസ് സ്റ്റേഷനിൽ റിപ്പോർട്ട് ചെയ്യണം.

ജാമ്യത്തിലിറങ്ങുന്നവർ ലോക്ക്ഡൗൺ നിർദേശങ്ങൾ കർശനമായി പാലിക്കേണ്ടതുണ്ട്. ഏതെങ്കിലും കാരണവശാൽ ജാമ്യം ലഭിച്ചവർ സർക്കാർ നിർദേശം ലംഘിച്ച് പുറത്തിറങ്ങിയാൽ ഇപ്പോൾ അനുവദിക്കപ്പെട്ടിട്ടുള്ള ഇടക്കാല ജാമ്യം റദ്ദാക്കുമെന്നും ഹൈക്കോടതി വ്യക്തമാക്കി.

ഇടക്കാല ജാമ്യത്തിന് കോടതി ചില ഉപാധികളും മുന്നോട്ടുവച്ചിട്ടുണ്ട്. സ്ത്രീകളെയും കുട്ടികളെയും ആക്രമിച്ചവർ, സ്ഥിരം ആക്രമണവാസനയുള്ള കുറ്റവാളികൾ തുടങ്ങിയവരെ മോചിപ്പിക്കുന്നത് സംബന്ധിച്ച് ജയിൽ സൂപ്രണ്ടും ജില്ലാ പൊലീസ് മേധാവിമാരും വിശദമായ പരിശോധന നടത്തി വേണം തീരുമാനമെടുക്കേണ്ടത്.

കോവിഡിനെ തുടർന്നു കോടതികൾ അടച്ചിട്ടതിനാൽ വിചാരണത്തടവുകാർക്ക് ജാമ്യം തേടി കോടതികളെ സമീപിക്കാനാവില്ല എന്ന സാഹചര്യത്തിലാണു ഹൈക്കോടതിയുടെ ഉത്തരവ്. ഏപ്രിൽ 30ന് പ്രതികൾ അതത് വിചാരണക്കോടതികളിൽ ഹാജരാകണം. തുടർന്നും ജാമ്യം നീട്ടണോ, റദ്ദാക്കണോ എന്ന് കോടതിക്ക് തീരുമാനിക്കാം- ഹൈക്കോടതി വ്യക്തമാക്കി.

യുപിയിൽ ആരോഗ്യ പ്രവർത്തകർക്ക് താമസിക്കാൻ ആഡംബര ഹോട്ടൽ

ലക്നൗ: കൊവിഡ് 19 ബാധിതരെ പരിചരിക്കുന്ന ആരോഗ്യപ്രവർത്തകർക്കു താമസിക്കാൻ യുപി സർക്കാർ പഞ്ചനക്ഷത്ര ഹോട്ടൽ മുറികൾ ഒരുക്കി. നഗരത്തിലെ നാലു ഹോട്ടലുകളിലാണ് ഇവർക്ക് താമസസൗകര്യം. ഗോമതി നഗറിലെ രാം മനോഹർ ലോഹ്യ ആശുപത്രിയിലെ ഐസൊലേഷൻ വാർഡിന്റെ ചുമതലയുള്ള ജീവനക്കാർക്ക് ഹോട്ടൽ ഹയാത്തിലും ഹോട്ടൽ ഫെയർഫീൽഡിനുമാണു മുറികൾ നൽകിയതെന്ന് ലക്നൗ കമ്മിഷണർ മുകേഷ് മെഷ്റം. സഞ്ജയ് ഗാന്ധി ആശുപത്രിയിലെ ജീവനക്കാർക്ക് ഹോട്ടൽ പിക്കാഡ്‌ലിയിലും ഹോട്ടൽ ലെമൺ ട്രീയിലും താമസം. കൊവിഡ് രോഗികളെ ചികിത്സിക്കുന്നവർ വീട്ടിൽ പോകുന്നതിന് ഒഴിവാക്കാനാണ് ഹോട്ടലുകളിൽ മുറി നൽകുന്നതെന്നും മെഷ്റം.

20,000 കോച്ചുകൾ ആശുപത്രി വാർഡുകളാക്കും

ന്യൂഡൽഹി: കൊവിഡ് രോഗികൾക്കുള്ള ഐസൊലേഷൻ വാർഡുകൾക്കായി 20,000 കോച്ചുകൾ ആവശ്യമുണ്ടെന്നു റെയ്ൽവേ ബോർഡ്. ഇക്കാര്യം വ്യക്തമാക്കി സോണൽ ജനറൽ മാനെജർമാർക്ക് റെയ്ൽവേ ബോർഡ് കത്തു നൽകി. ആദ്യഘട്ടത്തിൽ 5,000 കോച്ചുകൾ മാറ്റിയെടുക്കും. സായുധസേനാ മെഡിക്കൽ സർവീസ്, വിവിധ സോണുകളിലെ റെയ്ൽവേ മെഡിക്കൽ വിഭാഗം, ആയുഷ്മാൻ ഭാരത് അധികൃതരുമായി ചർച്ചകൾ നടത്തിയശേഷമാണ് തീരുമാനമെടുത്തതെന്നും റെയ്ൽ അധികൃതർ.



കോച്ചുകളിൽ എന്തൊക്കെ സൗകര്യങ്ങളുണ്ടാകണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഒരു ഇന്ത്യൻ ടൊയ്‌ലെറ്റ് കുളിമുറിയാക്കി മാറ്റണം. ക്ലോസറ്റ് ഉൾപ്പെടെ പൂർണമായും മറച്ച് മെറ്റൽ ഷീറ്റോ പ്ലൈവുഡോ സ്ഥാപിക്കണം. അവിടെ ബക്കറ്റ്, കപ്പ, സോപ്പ് വയ്ക്കാനുള്ള ബോർഡ്, ടാപ്പ്, വാഷ്ബെയ്സിൻ എന്നിവയുമുണ്ടാകണം. ബാത്ത്റൂമിനോടു ചേർന്ന ആദ്യ ക്യാബിൻ സ്റ്റോർ റൂം ആയി ഉപയോഗിക്കാം. ആകെയുള്ള എട്ടു ക്യാബിനുകളും കർട്ടനിട്ടു മറയ്ക്കണം.

സൈഡ് ബർത്തുകൾ വരുന്നിടത്തു രണ്ടു വീതം ഓക്സിജൻ സിലിണ്ടറുകൾ സ്ഥാപിക്കണം. മിഡിൽ ബർത്തുകൾ മാറ്റണം. ഓരോ ക്യാബിനിലും മരുന്നു വയ്ക്കാനുള്ള സൗകര്യം ഏർപ്പെടുത്തണം. നിലവിലുള്ള ബോട്ടിൽ ഹോൾഡറുകൾക്കു സമാനമായി ഒന്നുകൂടി സ്ഥാപിച്ചാൽ മതിയാകും. ജനാലകളിൽ കൊതുകുവല വേണം. ഡ്രസും സാധനങ്ങളും തൂക്കിയിടാൻ കൊളുത്തു ഘടിപ്പിക്കണം. ഉള്ളിലെ ചൂട് കുറയ്ക്കാൻ മുള പോലുള്ള വസ്തുക്കൾ കൊണ്ട് സീലിങ് ഏർപ്പെടുത്താം. എല്ലാ ക്യാബിനിലും മൊബൈൽ, ലാപ്ടോപ്പ് ചാർജിങ് സംവിധാനമുണ്ടായിരിക്കണം. മുഴുവൻ ക്യാബിനിലും കാലുകൊണ്ട് തുറക്കാവുന്ന വെയ്സ്റ്റ് ബാസ്കറ്റുകളും വേണമെന്നു കത്തിൽ നിർദേശിക്കുന്നു.



എൻ. വേണുഗോപാൽ

ചങ്ങനാശേരി: സിപി ഐ നേതാവ് വാഴപ്പള്ളി കുന്നേപറമ്പിൽ എൻ. വേണുഗോപാൽ (വേണുജി -82) അന്തരിച്ചു. സംസ്കാരം നടത്തി. നാലര പതിറ്റാണ്ടു പാർട്ടിയുടെ സന്തത സഹചാരിയായി കഴിഞ്ഞ ഇദ്ദേഹം കമ്യൂണിസ്റ്റും സ്നേഹസമ്പന്നനുമായിരുന്നു. മതുമൂല, ടൗൺ സിപി ഐ ബ്രാഞ്ചുകളുടെ സെക്രട്ടറി, ടൗൺ എസി സെക്രട്ടറി, ലോക്കൽ സെക്രട്ടറി, ചങ്ങനാശ്ശേരി മണ്ഡലം കമ്മറ്റി അംഗം, എഐടിയുസി നിർമ്മാണ തൊഴിലാളി യൂണിയൻ താലൂക്ക് ജോയിന്റ് സെക്രട്ടറി, തട്ടുകട തൊഴിലാളി യൂണിയൻ, ഓട്ടോറിക്ഷ തൊഴിലാളി യൂണിയൻ, കർഷക തൊഴിലാളി യൂണിയൻ തുടങ്ങിയ ട്രേഡ് യൂണിയൻ സംഘടനകളുടെ നേതൃനിരയിലും പ്രവർത്തിച്ച വേണുഗോപാൽ ദീർഘകാലം ചങ്ങനാശേരി സിപിഐ മണ്ഡലം കമ്മറ്റി ഓഫീസ് സെക്രട്ടറിയായും പ്രവർത്തിച്ചു. പാർട്ടി ഓഫീസിൽ നിന്നും വീട്ടിലേക്ക് മടങ്ങുമ്പോൾ കുഴഞ്ഞുവീണ സ്വഭാവ് രണ്ടുവർഷമായി ചികിത്സയിലായിരുന്നു. വേർപാടിൽ സിപിഐ ചങ്ങനാശ്ശേരി മണ്ഡലം കമ്മറ്റി അഗാധമായ ദുഃഖം രേഖപ്പെടുത്തി. ഭാര്യ: കനകമ്മ കൊല്ലം ആശ്രാമം കുളത്തുങ്കര കുടുംബാംഗം. മക്കൾ: പ്രസാദ്, ബാബു, സുജാത, ബിന്ദു. മരുമക്കൾ: സതി, മിനി, സോമൻ, അരവിന്ദൻ.

ഉഷ

വൈപ്പിൻ: എളങ്കുന്നപ്പുഴ വളപ്പ് തിരുനിലത്ത് ഭരതന്റെ ഭാര്യ ഉഷ (53) അന്തരിച്ചു. മക്കൾ: ദേവർജുനൻ, വിഷ്ണു, സഹദേവൻ.

ജേക്കബ് വർഗീസ്

തിരുവല്ല:തുകലശേരി കല്ലൂർ വീട്ടിൽ ജേക്കബ് വർഗീസ് (തമ്പാച്ചൻ-79) അന്തരിച്ചു. ഭാര്യ: കവിയൂർ മറ്റമല സന്തോഷ് ഭവനിൽ ദിനു. മക്കൾ: മനോജ് (കുവൈത്ത്), പരേതനായ വിനോദ്. മരുമക്കൾ: ശ്രീബ, പ്രിയ.

ജി. ജനാർദനക്കുറുപ്പ്

അടൂർ: ചൂരക്കോട് ലക്ഷ്മി നിവാസിൽ ജി. ജനാർദ്ദനക്കുറുപ്പ് (90) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: വിജയലക്ഷ്മി. മക്കൾ: ജെ. അനിൽ (ലക്ഷ്മി ഫൈനാൻസിയേഴ്സ്), ജെ. സുനിൽ (ലക്ഷ്മി പോളിമർ ഇൻഡസ്ട്രീസ്). മരുമക്കൾ: കവിത (അധ്യാപിക, എസ്എൻവി ഹയർസെക്കൻഡറി സ്കൂൾ, അങ്ങാടിക്കൽ), ചിത്ര (അധ്യാപിക, ഗവ. എൽപിഎസ്, നെല്ലിമുകൾ).

കുഞ്ഞുമോൻ

റാന്നി: തൂണിയിൽ കുഞ്ഞുമോൻ (78) അന്തരിച്ചു. ഭാര്യ: ആലപ്പാട്ട് പരേതയായ കുഞ്ഞൂഞ്ഞമ്മ. മക്കൾ: ബിജിലി, റെജി, ലെജി. മരുമക്കൾ: ബാബു, ആശ, അഞ്ജു.

സരസ്വതി

പെരിങ്ങനാട്: പോത്തടിതറയിൽ വീട്ടിൽ പരേതനായ കുട്ടപ്പന്റെ ഭാര്യ സരസ്വതി (67) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: ലേഖ, ജയ.

ടി.ബഷീർ

തിരുവല്ല: മുത്തൂർ തുണ്ടിയിൽ കളത്തിൽ ടി. ബഷീർ (68) അന്തരിച്ചു. കബറടക്കം നടത്തി. ഭാര്യ സുലേഖ ബീവി. മക്കൾ: ഷാൻ, ഷൈൻ. മരുമക്കൾ: ഷബ്ന.

ചിന്നമ്മ

കുടശനാട്: തറയിൽ കിഴക്കേതിൽ ടി.ഒ. മത്തായിയുടെ ഭാര്യ ചിന്നമ്മ (81) അന്തരിച്ചു. കുടശനാട് കൊല്ലംപറമ്പിൽ കുടുംബാംഗമാണ്. മക്കൾ: സാംമാത്യു, സുജു മാത്യു, റൂബി മാത്യം, സിസ്റ്റർ ലിഡിയ.

ഏല്യാ

വടക്കാഞ്ചേരി: മുട്ടിക്കൽ പാലയൂർ പരേതനായ ചാക്കുണ്ണിയുടെ ഭാര്യ ഏല്യാ (അക്ക- 85) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: അൽഫോൺസ, കൊച്ചു മേരി, സെലീന, ജോസഫ്, ആലീസ്, വിൻസെന്റ്, ജസ്സി, പരേതയായ റോസി. മരുമക്കൾ: ഫ്രാൻസീസ്, ജോർജ്ജി, മാർട്ടിൻ, ഫ്രാൻസിസ്, ലിസ്സി, പോൾ, ജീന, ജെയ്ക്കബ്.

സുനിൽകുമാർ

നെയ്യാറ്റിൻകര: പൂവാർ ശൂലംകുടി ജീവിന്ദവിലാസം ബംഗ്ലാവിൽ സുനിൽകുമാർ (അനി- 51) അന്തരിച്ചു. ഭാര്യ: നന്ദിനി. മക്കൾ: അനന്ദിനി, അനന്തു.

രാധാകൃഷ്ണൻ നായർ

ചങ്ങനാശേരി: പായിപ്പാട് കണ്ണാട്ട് ജയ നിവാസിൽ രാധാകൃഷ്ണൻ നായർ (ഓമനക്കുട്ടൻ- 73) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: ഉഷ ആർ നായർ (379 എൻ എസ് എസ് വനിതാസമാജം പ്രസിഡന്റ്). മക്കൾ: ജയശങ്കർ, വിജയലക്ഷ്മി, ജയശ്രീ. മരുമക്കൾ: രാജു, വിമൽ കുമാർ, വിജയകുമാർ.

സരസമ്മ

പുത്തൂർ: ആറ്റുവാശ്ശേരി മേലേ കൊട്ടുവള്ളിൽ വീട്ടിൽ പരേതനായ ശിവരാമപിള്ളയുടെ ഭാര്യ സരസമ്മ (82) അന്തരിച്ചു. മക്കൾ: ജഗദമ്മ, രമണൻ, വിക്രമൻ പിള്ള, ബാഹുലേയൻ പിള്ള, ഷൈലജ. മരുമക്കൾ: മുരളീധരൻ പിള്ള, പത്മകുമാരി, സരസ്വതിയമ്മ, പരേതരായ ശ്യാമള, ഗോപാലകൃഷ്ണപിള്ള.

അമിന

പന്തന: ചോല ഹാരിസ് മൻസിലിൽ (മണപ്പുഴയിൽ) ഹാരിസിന്റെ ഭാര്യയും പന്തന മനയിൽ മഠത്തിൽ ഷംസുദ്ദീൻ കുഞ്ഞിന്റെയും പാരിഷായുടെയും മകളുമായ അമീന (21) അന്തരിച്ചു. കബറടക്കം നടത്തി.

ഭവാനിയമ്മ

കുളക്കട:പൂവറ്റൂർ ഈസ്റ്റ് പൊയ്കയിൽ വീട്ടിൽ ഭവാനിയമ്മ (84) അന്തരിച്ചു. മക്കൾ: മണിയമ്മ, സോമരാജൻ പിള്ള, ഗോപിനാഥൻ പിള്ള, രാജേന്ദ്രൻ പിള്ള. മരുമക്കൾ: വിശ്വനാഥൻ, വസന്ത, ഗിരിജ, പരേതയായ ഉഷാകുമാരി.

ജോമോൻ

ശാസ്താംകോട്ട:പള്ളിശേരിക്കൽ വാഴപ്പിള്ളി ജക്ഷനു സമീപം ചരുവിളയിൽ പടിഞ്ഞാറ്റതിൽ ജോർജിന്റെയും ലിസിയുടെയും മകൻ ജോമോൻ (32) അന്തരിച്ചു. സംസ്കാരം നടത്തി.

ആരിഫാബീവി

കൊല്ലൂർവിള: പള്ളിമുക്ക് മഹാത്മാ നഗർ-116 പട്ടാണിയഴികത്ത് വീട്ടിൽ പരേതനായ കാസിം കുഞ്ഞിന്റെ ഭാര്യ ആരിഫാബീവി (63) അന്തരിച്ചു. കബറടക്കം നടത്തി. മക്കൾ: ഷാജഹാൻ, സുധീർ, സബീന, സുനീബ്, പരേതയായ നൂർജഹാൻ. മരുമക്കൾ: കമറുദ്ദീൻ, നിസാമുദ്ദീൻ, റഹുമത്ത് ബീവി, ഷംല, സുറുമി.

സരസ്വതി അമ്മ

കുറ്റിവട്ടം: പന്മന മുല്ലക്കേരി ശശിഭവനിൽ പരേതനായ ഭാസ്കരൻ നായരുടെ ഭാര്യ സരസ്വതി അമ്മ (90) അന്തരിച്ചു. സംസ്കാരം നടത്തി. മകൻ: പരേതനായ ശശിധരൻ നായർ.

എസ്. നസിയാബീവി

വെള്ളറട: പൂവച്ചൽഅമ്പലം ജംഗ്ഷൻ നാസിയാ മൻസിലിൽ എം. സുലൈമാന്റെയും സമീമാബീവിയുടെയും മകളും സുധീർ ഇബ്രാഹിമിന്റെ ഭാര്യയുമായ എസ്. നസിയാബീവി (33) അന്തരിച്ചു. മകൾ: എൻ. തസ്നിബീവി.

ടി.എൻ. ജഗദമ്മ

മാന്നാർ: കൊച്ചുവീട്ടിൽ (ഗോപി സദനം) പരേതനായ ഗോപിനാഥന്റെ ഭാര്യ ടി.എൻ. ജഗദമ്മ (74) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ ഒൻപതിന് വീട്ടുവളപ്പിൽ. മക്കൾ: ഗോപകുമാർ, ജയകുമാർ. മരുമക്കൾ: ആശാലത (കെഎസ്ഇബി ഹരിപ്പാട്), രാജശ്രീ (സബ് രജിസ്ട്രാർ ഓഫീസ്, തിരുവല്ല മലപ്പുറം).

മൈമൂന

തളിക്കുളം: തളിക്കുളം എരണേഴത്ത് അമ്പലത്തിന് സമീപം താമസിക്കുന്ന പോക്കാക്കില്ലത്ത് പരേതനായ കമാൽ മുസ്ലിയാരുടെ ഭാര്യ മൈമൂന (75) അന്തരിച്ചു. തളിക്കുളം ജുമാമസ്ജിദിൽ ഖബറടക്കം നടത്തി. മക്കൾ: ആത്തിക്ക, മജീദ്, ഷിഹാബ്, സിറാജുദ്ദീൻ, സീനത്ത്. മരുമക്കൾ: റഷീദ, ഖദീജ, സജ്ന, അൻഹർ, ജമാൽ.

മേരിക്കുട്ടി

തിരുവല്ല: എസ്ബിഐ റിട്ട.മാനേജർ കോലത്തുകളത്തിൽ പരേതനായ കെ.ജെ.ജോണിന്റെ ഭാര്യ മേരിക്കുട്ടി (91) അന്തരിച്ചു. തലവടി മാമൂട്ടിൽ കുടുംബാംഗമാണ്. മക്കൾ: ജോൺസി, ബെൻസി, ആനി, പരേതനായ മോൻസി. മരുമക്കൾ: കുമ്പനാട് കാനകത്തിൽ ജോർജ് ജോസഫ്, നിരണം മട്ടയ്ക്കൽ പള്ളത്ത് എ.എ. ഈശോ, മണി, മഞ്ജു.

എം.ജെ. ജോസ്

ഇലവുംതിട്ട: മുള്ളൻവാതുക്കൽ (ബി ആൻഡ് ബി കോട്ടേജ്, പെണ്ണുക്കര) എം.ജെ. ജോസ് (60) അന്തരിച്ചു. ഭാര്യ: രാധാമണി. മക്കൾ: ബിൽദാർ, ബിബിഷ്. മരുമക്കൾ: സ്വപ്ന, പ്രിയങ്ക.

അന്നമ്മ

തിരുവനന്തപുരം: മുട്ടട ടികെ ദിവാകരൻ റോഡിൽ ചൈതന്യ ഗാർഡൻസിൽ തട്ടാമണ്ണിൽ പരേതനായ ടി.ടി.തോമസിന്റെ ഭാര്യ അന്നമ്മ (കുഞ്ഞുഞ്ഞമ്മ-79) അന്തരിച്ചു. നിരണം വാഴപ്പള്ളിൽ കുടുംബാംഗമാണ്. മക്കൾ: ബിജി (യുഎസ്), സജി (ദുബായ്). മരുമക്കൾ: ഐസി (യുഎസ്), ഡോ.ജെസി (ദുബായ്).

രാജു

തേക്കുതോട്: തുമ്പാക്കുളം തേക്കടിയിൽ വീട്ടിൽ രാജു (61) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: റോസമ്മ. മക്കൾ: ഷൈജു, ബൈജു. മരുമക്കൾ: ജോളി, സിന്ധു.

റെയ്ച്ചൽ

ഓമല്ലൂർ:പുത്തൻപീടിക വടക്ക് അരുവിക്കൽ ജോജി ജോർജിന്റെ ഭാര്യ റെയ്ച്ചൽ (38) അന്തരിച്ചു. സംസ്കാരം പിന്നീട്.

ടി.എ. ജോർജ്

ഓമല്ലൂർ:മഞ്ഞനിക്കര തെക്കേപറമ്പിൽ ടി.എ. ജോർജ് (92) കൊൽക്കത്തയിൽ അന്തരിച്ചു. സംസ്കാരം പിന്നീട്. ഭാര്യ: പല്ലുരുത്തി മങ്ങാട്ട് മോളി. മക്കൾ: ജിജു, സജു, റീന, ടീന. മരുമക്കൾ: എമി, ഡെയ്സി, റെജി, വിനോദ്.

രതിദേവി

മാവേലിക്കര: പല്ലാരിമംഗലം കോട്ടയ്ക്കപ്പുറത്ത് രതിദേവി(57) അന്തരിച്ചു. മക്കൾ: ആർ.രമ്യ, ആർ.രേഷ്മ. മരുമക്കൾ: ബിജു പിള്ള, ജയകൃഷ്ണൻ കെ.പിള്ള.

രാമകൃഷ്ണൻ നായർ

ഗുരുവായൂർ: തൃമ്പറമ്പിൽ രാമകൃഷ്ണൻ നായർ (72) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: കനകം നായർ. മക്കൾ: വിനോദ്, മനോജ്, സംഗീത് (ധനലക്ഷ്മി ബാങ്ക്, തൃശൂർ). മരുമക്കൾ: പ്രിയ, ദർശന, വിജയലക്ഷ്മി.

അഹമ്മദ്

തിരൂരങ്ങാടി: നന്നമ്പ്ര വെള്ളിയാമ്പുറം സ്വദേശി പനക്കൽ അഹമ്മദ് എന്ന ബാവ (58) അന്തരിച്ചു. ഭാര്യ: ഖദീജ. മക്കൾ: അസ്കർ, നൗഫൽ, അസ്നീസ്. മരുമക്കൾ: ഫാത്തിമ, അസ്മാബി, സക്കീന, മുൻകാല മുസ്ലിംലീഗ് നേതാവും മഹല്ല് ഭാരവാഹിയുമായിരുന്നു.

അയ്യപ്പൻ

വടക്കാഞ്ചേരി: പനങ്ങാട്ടുകര കല്ലംപാറ ദേവസ്വംപറമ്പിൽ അയ്യപ്പൻ (തങ്കപ്പൻ - 75) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 8-ന് ചെറുതുരുത്തി ഭാരതപ്പുഴയുടെ തീരത്ത്. ഭാര്യ: വിശാലം. മക്കൾ: കൃഷ്ണ കുമാർ, സുഭാഷ് (കെഎസ്ഇബി വടക്കാഞ്ചേരി), രമേഷ്, രാജേഷ്, വിനീത. മരുമക്കൾ: ജയ, ബിന്ദു, സുനിത, അജിത, മണി.

ഡി.ബാബു

കരുനാഗപ്പള്ളി: ആദിനാട് തെക്ക് പുത്തൻതുറയിൽ ഡി.ബാബു (67) അന്തരിച്ചു. ഭാര്യ: സുധ. മക്കൾ: സന്ധ്യ, സുനിത, ദിനേഷ്, ശ്യാമ. മരുമക്കൾ: ശിവപ്രസാദ്, അനീഷ്, മനോജ്.

തങ്കമ്മയമ്മ

കുഴിമതിക്കാട്: ചരുവിള പുത്തൻ വീട്ടിൽ പരേതനായ മാധവൻപിള്ളയുടെ ഭാര്യ തങ്കമ്മയമ്മ (89) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: രാജേന്ദ്രൻപിള്ള, മോഹനൻ പിള്ള, കനകമ്മയമ്മ, വിജയൻപിള്ള. മരുമക്കൾ: രാധാമണിയമ്മ, ലതിക കുമാരി, ബാബുക്കുട്ടൻ പിള്ള, പരേതയായ സരസ്വതിയമ്മ.

ടി.ജി.ശാന്താദേവി

പറവൂർ:കോട്ടപ്പുറം അമ്പലത്തുംവീട്ടിൽ ടി.ജി. ശാന്താദേവി (85) അന്തരിച്ചു.

മോഹൻദാസ്

കരുനാഗപ്പള്ളി: കല്ലേലിഭാഗം പാലവിളയിൽ മോഹൻദാസ് (78) അന്തരിച്ചു. ഭാര്യ: പരേതയായ വിജയമ്മ. മക്കൾ: സുലഭാദേവി, ജവഹർ മോഹൻ, ഗോൾഡ് മോഹൻ, തുഷാര, പരേതനായ മഞ്ജുമോഹൻ. മരുമക്കൾ: ശ്രീമുരുകൻ, ദീപ, ആര്യ, പരേതനായ രാജീവൻ.

സ്റ്റെല്ല

കരുനാഗപ്പള്ളി: മരുതൂർകുളങ്ങര തെക്ക് സുന്ദരശ്ശേരിൽ പരേതനായ എഡ്മണ്ടിന്റെ ഭാര്യ സ്റ്റെല്ല (80) അന്തരിച്ചു. മകൻ: ഷാജി. മരുമകൾ: ബീന.

എൻ.വിജയകുമാർ

കുണ്ടറ: പെരുമ്പുഴ പുനുക്കന്നൂർ വിജയ് ഭവനത്തിൽ എൻ.വിജയകുമാർ (65) അന്തരിച്ചു. ഭാര്യ: സരസ്വതി. മക്കൾ: എബിൻ വിജയ്, നിബിൻ വിജയ്. മരുമക്കൾ: വർഷ എബിൻ.

സരസ്വതി

മാവേലിക്കര: അറുന്നൂറ്റിമംഗലം ശ്യാമളാലയം പരേതനായ കെ.ആർ. ഭാർഗവന്റെ ഭാര്യ സരസ്വതി(87) അന്തരിച്ചു. മക്കൾ: സലീല (ഭിലായ്), ഗീത, ജയൻ, ജയപാൽ.

ഫിലോമിന

കൊടുങ്ങല്ലൂർ: കാവിൽകടവ് ചണ്ണേപ്പറമ്പിൽ പരേതനായ ആന്റണി ഭാര്യ ഫിലോമിന (87) അന്തരിച്ചു. മക്കൾ: ബാബു, ഷില, പോൾസൺ, ബിന. മരുമക്കൾ: റോസ് ലി, തോമസ്, ഗ്രേസി, സൈമൺ. സംസ്കാരം നടത്തി.

മത്തായി

അങ്കമാലി: മുക്കന്നൂർ പ്ലാച്ചേരിൽ പുരവത്തു മത്തായി (93) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: നായത്തോട് തേയ്ക്കനത് അന്നമ്മ. മക്കൾ: മറിയാമ്മ, സാറാമ്മ, ഏലിയാസ്, ശലോമി, ജോർജ്, ജെസ്സി, ഷാജി, ഷൈബി, ഷിജു. മരുമക്കൾ: വർഗീസ്, യാക്കോബ്, ഷില, ജെയിംസ്, സിനോജ്, വർഗീസ്, ബെൻസി, അജി, മിനു.

സുബ്രഹ്മണ്യൻ

മരട്: ടിവി ജംക്ഷനിൽ പുളിക്കത്തറ സുബ്രഹ്മണ്യൻ (64) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 10 ന് നെട്ടൂർ ശാന്തി വനത്തിൽ. ഭാര്യ: ലളിത സുബ്രഹ്മണ്യൻ. മക്കൾ: രജ്ജു, മജ്ജു. മരുമക്കൾ: ബെന്നി, ബിജു.

അച്ചാമ്മ

ചെന്നീർക്കര: പ്രറ്റിവിളയിൽ പരേതനായ പി. ജെ.പാപ്പിയുടെ ഭാര്യ അച്ചാമ്മ (ഗ്രേസി-79) അന്തരിച്ചു. മക്കൾ: റവ. ഷൈജു പി.ജോൺ (മർത്തോമ്മാ യുവജനസഖ്യം മുൻ ജനറൽ സെക്രട്ടറി), സുജ, ഷേസി, പ്രറ്റി. മരുമക്കൾ: പാപ്പച്ചൻ, ജോയി, ഗ്രേസി, പരേതനായ ജോസഫ്.

മഞ്ജു

കിടങ്ങന്നൂർ:തെക്കേമാവുംകാലായിൽ സുരേഷ് ബാബുവിന്റെ ഭാര്യ മഞ്ജു (45) അന്തരിച്ചു. സംസ്കാരം നടത്തി. തുകലശേരി മണിക്കുന്നിൽ കുടുംബാംഗമാണ്. മക്കൾ: സച്ചിൻ, ശിവപാർവതി.

സദൻ

പല്ലാട്: പഴവരിക്കൽ വീട്ടിൽ സദൻ (61) അന്തരിച്ചു. ഭാര്യ: അരുണി. മക്കൾ: സുനിൽകുമാർ, സുനിത. മരുമക്കൾ: അഞ്ജു.

അഥിന

കുമ്പഴ:നാൽക്കാലിപടി അരുണോദയത്തിൽ അജിതയുടെ മകൾ അഥിന (22) അന്തരിച്ചു. സംസ്കാരം നടത്തി. തിരുവല്ല മാക്ഫാസ്റ്റ് കോളജ് രണ്ടാം വർഷ എംസിഎ വിദ്യാർഥിനിയാണ്.

ആർ.കലേശൻ

അടൂർ: പഴകുളം തെങ്ങുംതാര കല്ലേലിൽ വടക്കേതിൽ പരേതനായ രാഘവക്കുറുപ്പിന്റെ മകൻ തെങ്ങുംതാര ജനവിദ്യാകേന്ദ്രം മുൻ പ്രേരക് ആർ.കലേശൻ (58) അന്തരിച്ചു. ഭാര്യ: ഉഷ. മക്കൾ: യു.അഭൈശ്വര്യ, അഖിലേഷ് കെ.കുറുപ്പ്.

പ്രസന്നകുമാരി

വള്ളംകുളം പടിഞ്ഞാറ്: മനക്കൽ വീട്ടിൽ പരേതനായ രാമചന്ദ്രൻപിള്ളയുടെ മകൾ പ്രസന്നകുമാരി (65) അന്തരിച്ചു. സംസ്കാരം നടത്തി.

മോൻ വർഗീസ്

ചിറ്റാർ: വയ്യാറ്റുപുഴ തേരകത്തുംമണ്ണ് പുളിയ്ക്കലേത്ത് വീട്ടിൽ മോൻ വർഗീസ് (സന്തോഷ് - 49) അന്തരിച്ചു. ഭാര്യ: മിനി. മക്കൾ: ടുബിൻ, ലിബിൻ, സ്റ്റെഫിൻ.

ദിവാകരൻ നായർ

മഞ്ചേരി: ചെറാക്കനഗർ റോഡിൽ കോട്ടോലപറമ്പിൽ ദിവാകരൻ നായർ(85) അന്തരിച്ചു. ജനതാ ട്രാവൽസിൽ മുൻ ഡ്രൈവറായിരുന്നു. ഭാര്യ: ഭാരതി, മക്കൾ: ഉഷ, സുജാത, വിനിത, സജിത്ത്. മരുമക്കൾ: നാരായണൻ നായർ, ഉണ്ണികൃഷ്ണൻ, ബാലസുബ്രഹ്മണ്യൻ, ബിന്ദു.

സരോജിനിയമ്മ

വെള്ളറട: പള്ളകൽ മൂവോട്ടുകോണം വിജയവിലാസം ബംഗ്ലാവിൽ പരേതനായ ആർ.ശ്രീധരൻനായരുടെ ഭാര്യ സരോജിനിയമ്മ (90) അന്തരിച്ചു. മക്കൾ: വിജയകുമാരൻ നായർ (റിട്ട. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ഇറിഗേഷൻ), വിജയകുമാരി, രാജേന്ദ്രകുമാർ, പത്മകുമാർ (ജല അതോറിറ്റി). മരുമക്കൾ: വസന്തകുമാരി (റിട്ട. എച്ച്.എം),വിജയകുമാർ (റിട്ട. കെഎസ്ആർടിസി), ഷീല, ഷിജ.

ആന്റണി

നെട്ടൂർ: തട്ടേക്കാട് വടക്കുംതല വീട്ടിൽ ആന്റണി (കുഞ്ഞപ്പൻ 72) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: മെറ്റിൽഡ ആന്റണി. മക്കൾ: സോഷ്യാ ഐവിൻ, ഷാരോൺ ആനന്ദ്. മരുമക്കൾ: ഐവിൻ അലക്സ്, ആനന്ദ് പ്രദീപ്.

ഷിബ

കിഴക്കേ കല്ലട: ഉപ്പൂട് ഇളമ്പൂർപുറത്ത് വീട്ടിൽ സുരേഷ്ബാബുവിന്റെ ഭാര്യ ഷിബ (39) ചെന്നൈയിൽ അന്തരിച്ചു. മക്കൾ: നിഥിൻ, നിഖിൽ.

ബൈജു ഫെലിക്സ്

കുണ്ടറ: വെള്ളിമൺ പടിഞ്ഞാറ് പുഷ്പവിലാസത്തിൽ ബൈജു ഫെലിക്സ് (53) അന്തരിച്ചു. ഭാര്യ: രജന (ഗവ.എച്ച്എസ്എസ്, അഞ്ചാലുംമൂട്). മക്കൾ: റിയ, ദിയ.

കുട്ടൻ പിള്ള

തേവന്നൂർ: എസ്റ്റേറ്റ് ജംക്ഷൻ അല്ലുവിള വീട്ടിൽ കുട്ടൻ പിള്ള (85) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: സരസ്വതി അമ്മ. മക്കൾ: ഗീതാകുമാരി, ഗോപകുമാർ. മരുമക്കൾ: ശശിധരൻ പിള്ള, വിജയകുമാരി.

കുഞ്ഞമ്മ ജോർജ്

പുത്തൂർ: തെക്കുംപുറം നെല്ലിപ്പള്ളിൽ പരേതനായ വൈ.ജോർജിന്റെ ഭാര്യ കുഞ്ഞമ്മ ജോർജ് (96) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: ബേബി ജോൺ (വിമുക്ത ഭടൻ), ബാബു ജോൺ, ലീലാമ്മ, ഓമന, വത്സല, പരേതനായ ജോൺ. മരുമക്കൾ: ഗ്രേസി ജോൺ (രാജസ്ഥാൻ), കുഞ്ഞുമോൾ, ജെസി (മസ്കറ്റ്), തങ്കച്ചൻ (വിമുക്ത ഭടൻ), ജോയി (ബഹ്റിൻ), കുഞ്ഞുമോൻ.

കെ.അർജുനൻ

കിഴക്കേ കല്ലട: കെഎസ്ആർടിസി റിട്ട.ഡ്രൈവർ മറവൂർ മുറി കിഷോർ ഭവനിൽ കെ.അർജുനൻ (80) അന്തരിച്ചു. ഭാര്യ: പരേതയായ ലില്ലി. മക്കൾ: കിഷോർ കുമാർ, കവിതാകുമാരി (ഹോമിയോ ആശുപത്രി, പരവൂർ), കല (എൽപിഎസ്, പഴങ്ങാലം), സൂര്യകല. മരുമക്കൾ: സുനിൽകുമാർ, ഷിബു, മണിക്കുട്ടൻ.

എൻ.സി.വിജയമ്മ

ചവറ: പന്മന മേക്കാട് പുത്താഴത്ത്മഠത്തിൽശശിധരൻ പിള്ളയുടെ ഭാര്യ എൻ.സി.വിജയമ്മ (69) അന്തരിച്ചു. മക്കൾ: ഡോ. ഹരിശങ്കർ, ശ്രീശങ്കർ. മരുമകൾ: രമ്യ മേനോൻ.

പൊടിയൻ

പുതിയവിള: മായാഭവനം പൊടിയൻ(73) അന്തരിച്ചു. മകൾ: മായാമോൾ.

സോമൻ ആശാരി

കല്ലമ്പലം: നാവായിക്കുളം കടമ്പാട്ടുകോണം കൊല്ലവിളാകം വീട്ടിൽ സോമൻ ആശാരി (76) അന്തരിച്ചു. ഭാര്യ: സരസമ്മ. മക്കൾ: ഉഷ, സതി, ലത, ഉദയൻ.

ഗോപി

വൈപ്പിൻ :ചെറായി കൈതക്കാട്ട് ഗോപി (68) അന്തരിച്ചു. ഭാര്യ: ഇന്ദിര. മക്കൾ: ദിപിൻ (കേരള പൊലീസ്), ദിനിൽ. മരുമകൾ: ബിനിത (അസി: പ്രൊഫസർ, ഗവ.കോളേജ്, ചിറ്റൂർ).

കെ.ഹരിദാസൻ

പത്തറ: ചിറ്റൂർ കൊച്ചുകുന്നേൽ കെ.ഹരിദാസൻ (56) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: സുലോചന. മക്കൾ: ഹരിത, ദേവു.

എൻ.ഗോപാലൻ

കരുനാഗപ്പള്ളി: തൊടിയൂർ പഞ്ചായത്ത് മുൻ പ്രസിഡന്റ് ചെട്ടിശ്ശേരിൽ എൻ.ഗോപാലൻ (94) അന്തരിച്ചു. ഭാര്യ: പരേതയായ കെ.പത്മ (റിട്ട.അധ്യാപിക). മക്കൾ: സി.ജി.പ്രദീപ്കുമാർ (റിട്ട.അഡീഷനൽ സെക്രട്ടറി സെക്രട്ടേറിയറ്റ്), ഡോ.സി.ജി.ഷീല (പ്രിൻസിപ്പൽ, ഗവ.എച്ച്എസ്എസ് നാഗരൂർ ആറ്റിങ്ങൽ), സി.ജി.അനിത (പ്രിൻസിപ്പൽ ഗവ.പോളി ടെക്നിക് കോളജ്), സി.ജി.ശ്രീകല (ബാങ്ക് ഓഫ് ബറോഡ, കായംകുളം). മരുമക്കൾ: കെ.എൽ.ബിന്ദു (അധ്യാപിക, ബിഎച്ച്എസ്എസ് കരുനാഗപ്പള്ളി), ടി.ആർ.ലാലൻ (റിട്ട.എൻജിനീയർ ചിത്രാഞ്ജലി സ്റ്റുഡിയോ), വി.ടി.ശശി, അഡ്വ.വി.കെ.അജിത്ത്.

താജുദ്ദീൻ

കൊല്ലം: പനമൂട്ടിൽ കിഴക്കതിൽ താജുദ്ദീൻ (67) അന്തരിച്ചു. ഭാര്യ: സമീനത്ത്. മക്കൾ: സെയ്ഫുനിസ, സഫീർ, താജുനിസ, തസ്ലീമ്. മരുമക്കൾ: ഷംസുദ്ദീൻ, ശീജ, ഉക്കാഷ്.

എസ്.ധർമദേവൻ

കല്ലുവാതുക്കൽ:മേവനക്കോണം (ഈറ്റുകുഴിയിൽ) ലതികാനിവാസിൽ എസ്.ധർമദേവൻ (71) അന്തരിച്ചു.

എസ്.പത്മജ

കൊല്ലം:തെക്കേവിള ചിറാചേരിയിൽ തെക്കേനഗർ - 269ൽ ഡോ.സോമന്റെ ഭാര്യ എസ്.പത്മജ (59) അന്തരിച്ചു. മക്കൾ: ഡോ.ശ്രീരഞ്ജിനി, ഹരിപ്രിയ, കൃഷ്ണപ്രിയ. മരുമകൻ: ബാലാജിരാജ്.

ഏലിക്കുട്ടി

അട്ടച്ചാക്കൽ: ചിറയ്ക്കൽ പരേതനായ സാമുവലിന്റെ ഭാര്യ ഏലിക്കുട്ടി (83) അന്തരിച്ചു. മക്കൾ: അലിസ് ബാബു, ബാബുക്കുട്ടി, ജോസ്, ബേബിക്കുട്ടി, ഷാജി, സാലി. മരുമക്കൾ: ബാബു, സൂസൻ ബാബു, മിനി ജോസ്, റെൻസി ഷാജി, അജി.

പി.നാണു

ഏഴംകുളം:ചരുവിളയിൽ പി.നാണു (97) അന്തരിച്ചു. ഭാര്യ: പരേതയായ ശാരദ. മക്കൾ: രത്നമ്മ, ത്യാഗരാജൻ, വിജയൻ, ശോഭന, സോമരാജൻ, പുഷ്പ, രാജീവൻ. മരുമക്കൾ: രമണി, ഓമന, കമലാസനൻ, ജയന്തി, മനോഹരൻ, ഗിരിജ, പരേതനായ എ.പി. ഗോപാലൻ.

പി.സി. തോമസ്

തെള്ളിയൂർ: മാലയിൽ അഞ്ജത്തുമണ്ണിൽ പി.സി. തോമസ് (ബാബുക്കുട്ടി-73) അന്തരിച്ചു. ഭാര്യ: കുറിയന്നൂർ ചക്കുതറ കാവുംതുണ്ടിയിൽ ഓമന. മക്കൾ: ബീന, ബിൻസി. മരുമകൻ: കിടങ്ങന്നൂർ വെട്ടിക്കൽ ചരിവുപറമ്പിൽ ഷാജി.

കുമാർ. എം

കല്ലമ്പലം: നാവായിക്കുളം കാർത്തികയിൽ കുമാർ. എം (53) അന്തരിച്ചു. ഭാര്യ: സിന്ധു. മക്കൾ: പൂജ, കൃപ.

ദേവയാനി

അന്തിക്കാട്: മഞ്ഞപിത്തം സെന്ററിന് കിഴക്ക് കാരാമാക്കൽ പരേതനായ ഗംഗാധരൻ ഭാര്യ ദേവയാനി (89) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: ലൈന, ദിനേശൻ, വത്സല, മനോജ്. മരുമക്കൾ: പരേതനായ ചന്ദ്രശേഖരൻ, അനിത, മോഹനൻ, ജിബി.

സരോജിനി

കൊല്ലം: തിരുമുല്ലവാരം വിഷ്ണത്തുകാവ് നഗർ പതിനെട്ടുമുറി ജയ ഭവയിൽ സരോജിനി (74) അന്തരിച്ചു. മകൾ: ജയചന്ദ്രദേവി. മരുമകൻ: പി.ബാബു (എസ്ബിഐ).

എച്ച്.നൂറുദ്ദീൻകുട്ടി

ശാസ്താംകോട്ട:റിട്ട.സബ് രജിസ്ട്രാർ ദാറുസ്സലാമിൽ എച്ച്.നൂറുദ്ദീൻ കുട്ടി (75) അന്തരിച്ചു. കബറടക്കം നടത്തി. ഭാര്യ: എം.അസുമാബീവി (റിട്ട.അധ്യാപിക, ജെഎംഎച്ച്എസ് ശാസ്താംകോട്ട). മക്കൾ: നജീം (പഞ്ചായത്ത്), നവാസ് (എജ്, കെഎസ്ഇബി), നിസാം (സെക്രട്ടേറിയറ്റ്). മരുമക്കൾ: മാജിദാഖാൻ (കെഡബ്ല്യുഎ), നദീറാബീവി (ടികെഎം എൻജിനീയറിങ് കോളജ്), ഡോ.ഫാത്തിമ അസനാർ.

ഒ.പൊന്നച്ചൻ

കരിക്കം:ഐപ്പള്ളൂർ കൊല്ലംകോട്ട് വീട്ടിൽ ഒ. പൊന്നച്ചൻ (67) അന്തരിച്ചു. ഭാര്യ: വിലങ്ങറ ആയത്തിൽ ലീലാമ്മ. മക്കൾ: ഷിബ പൊന്നച്ചൻ (അധ്യാപിക, മാർ ഇവനിയോസ് ബഥനി കലയപുരം), ഷിനോ പൊന്നച്ചൻ (ആർമി).

രത്നമ്മ

കറ്റാനം: ഭരണിക്കാവ് കൊച്ചുമണ്ണൂർ പരേതനായ കേശവപിള്ളയുടെ ഭാര്യ രത്നമ്മ(83) അന്തരിച്ചു. മക്കൾ: ഇന്ദിരാദേവി, രമാദേവി, മോഹനകുമാർ, ഗോപകുമാർ, സുമാദേവി.

ടി.എസ്. സോമൻ

പറവൂർ: പുത്തൻവേലിക്കര തോണ്ടൽപാലം തട്ടാരുപറമ്പിൽ ടി.എസ്. സോമൻ (53) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: സീന. മക്കൾ: അർജുൻ, അമൃത.

തോമസ് വർഗീസ്

വാഴക്കുളം: നമ്പ്യാപറമ്പിൽ പരേതനായ എൻ.എം. വർഗീസിന്റെ മകൻ തോമസ് വർഗീസ് (ചിന്നൻ -70) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: ലീലാമ്മ കുമരകം കട്ടക്കയം കുടുംബാംഗം. മകൾ: വീണ. മരുമകൻ: സൻജോയ് അലക്സാണ്ടർ മണത്തറ ചങ്ങനാശേരി. ആവോലി പഞ്ചായത്തംഗം,ആവോലി സഹകരണ ബാങ്ക് ഭരണസമിതിയംഗം, വാഴക്കുളം സെന്റ് ജോർജ് വോളിബോൾ ക്ലബ് പ്രസിഡന്റ് എന്നീ നിലകളിൽ പരേതൻ സേവനമനുഷ്ഠിച്ചിട്ടുണ്ട്. സഹോദരങ്ങൾ: ബാബു വർഗീസ് (മുൻ പ്രസിഡന്റ്,മർച്ചന്റ്സ് അസോസിയേഷൻ വാഴക്കുളം), ഇമ്മാനുവൽ (റിട്ട.എസ്ബിഐ), ജോർഡി എൻ.വർഗീസ് (പ്രസിഡന്റ്, ആവോലി പഞ്ചായത്ത്), റോയി (ഐസിഐസിഐ ചെയർമാൻ), കൊച്ചു റാണി ജോസ് കല്ലറയ്ക്കൽ കറുകുറ്റി, എൽസമ്മ ജോളി കരിമാം വടയാർ, ബെറ്റ്സി ഔസേഫ് കല്ലങ്ങര മുക്കന്നൂർ.

വി.പൊന്നമ്മാൾ

വെളിയം:നടുക്കുന്ന് മേലതിൽ പുത്തൻവീട്ടിൽ വിമുക്ത ഭടൻ പരേതനായ കെ.രാജപ്പൻ ആചാരിയുടെ ഭാര്യ വി. പൊന്നമ്മാൾ (87) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: സരസമ്മാൾ, തുളസി ആചാരി, മോഹനൻ ആചാരി, പുഷ്പവല്ലി അമ്മാൾ (ആർമി, നാഗലാൻഡ്), വേണുഗോപാലൻ ആചാരി, അശോകൻ ആചാരി, രാധാകൃഷ്ണൻ ആചാരി, പരേതനായ വിജയൻ ആചാരി.

ചന്ദ്രൻ

ചെട്ടികുളങ്ങര: കണ്ണമംഗലം വടക്ക് ശ്രീനിലയത്തിൽ ചന്ദ്രൻ(61) അന്തരിച്ചു. ഭാര്യ: സരസമ്മ.

സൗദാമിനി

വെള്ളറട: പള്ളകൽ മത്തമ്പാല കുമാർ ഭവനിൽ പരേതനായ ചെല്ലപ്പന്റെ ഭാര്യ സൗദാമിനി (റിട്ട. ടീച്ചർ - 95) അന്തരിച്ചു. മക്കൾ: ജയകുമാർ, മോഹന കുമാർ (റിട്ട. ചീഫ് ഫിനാൻസ് ഓഫീസർ), ശശികുമാർ (റിട്ട. പ്രിൻസിപ്പൽ), ശശികല കുമാരി (റിട്ട. ടീച്ചർ). മരുമക്കൾ: പി.എസ്. ബേബി ജോൺ, ആർ. സുമ ജയകുമാർ, ജെ.ഗ്ലാഡിസ് പൊൻബാല, വിജയകുമാർ.

സി.കെ.അമ്മിണിയമ്മ

കോതമംഗലം: മാതിരപ്പിള്ളി, കളരിക്കൽ വീട്ടിൽ പരേതനായ ഭാസ്കര കുറുപ്പ് ഭാര്യ സി.കെ. അമ്മിണിയമ്മ (അമ്മിണിയമ്മ ആശാത്തി) (89) നിര്യാതയായി. സംസ്കാരം വീട്ടുവളപ്പിൽ നടത്തി. മക്കൾ: സുജാത ഭാസി, അംബിക രാജശേഖരൻ, സുരേഷ് ഭാസി, ഹരീഷ്കെ ഭാസി. മരുമക്കൾ: നിർമ്മല സുരേഷ്, പ്രവീണ ഹരീഷ്

പൊന്നമ്മ

കോയിവിള:ചെപ്രാച്ചം വീട്ടിൽ പരേതനായ നാണു വൈദ്യന്റെ ഭാര്യ പൊന്നമ്മ (97) അന്തരിച്ചു. മക്കൾ: ഇന്ദിര, രാജൻ, രാധാമണി, തങ്കച്ചി, അയ്യപ്പപ്രസാദ്, ഷീല, ശബരിനാഥപ്രസാദ്, ജയലക്ഷ്മി, പരേതനായ ഹരി. മരുമക്കൾ: ഇന്ദിര, ശിവദാസൻ, ശശിധരൻ, തുളസി, ബിന്ദു, സുധാകരൻ, പരേതനായ വാസുദേവൻ.

ബെൻസിലി ജോസഫ്

കൊട്ടാരക്കര: തൃക്കണ്ണമംഗൽ പുഷ്പമംഗലം ബിനുഭവനിൽ ബെൻസിലി ജോസഫ് (74) അന്തരിച്ചു. കൊട്ടാരക്കര ചെറുകര വടക്കേത്ത് കുടുംബാംഗമാണ്. ഭാര്യ: റാന്നി പുവൻമല ഈട്ടിക്കൂട്ടത്തിൽ പരേതയായ സൂസി. മക്കൾ: എലിസബത്ത് ജോർജ്, ജോസഫ് ബെൻസിലി, ജോൺ ബെൻസിലി, പരേതയായ ഏലിയാമ്മ. മരുമക്കൾ: ജോർജ് സ്കറിയ, എലിസബത്ത് രാജു (ഇരുവരും ഡൽഹി), സീന ജോൺ (എംജിഎം സ്കൂൾ, കൊട്ടാരക്കര).

ഷാൾ കഴുത്തിൽ കുടുങ്ങി വിദ്യാർഥിനി മരിച്ചു

അഭിന

ഒറ്റപ്പാലം: വേങ്ങശേരിയിൽ വീട്ടിൽ കളിക്കുന്നതിനിടെ ഷാൾ കഴുത്തിൽ കുടുങ്ങി വിദ്യാർഥിനി മരിച്ചു. അമ്പലപ്പാറ വേങ്ങശ്ശേരി കള്ളിക്കുന്ന്പറമ്പ് വീട്ടിൽ പ്രദീപിന്റെയും പ്രിജയുടെയും മകൾ അഭിന(9)യാണ് മരിച്ചത്. ഞായറാഴ്ച ഉച്ചക്കാണ് സംഭവം. കളിക്കുന്നതിന് വേണ്ടി വാതിലടക്കുന്നതിനിടെ അബദ്ധത്തിൽ ഷാൾ കഴുത്തിൽ കുരുങ്ങുകയായിരുന്നു. ഭക്ഷണം കഴിക്കുന്നതിനായി അന്വേഷിച്ചപ്പോഴാണ് കഴുത്തിൽ ഷാൾ കുടുങ്ങിയ നിലയിൽ അഭിനയെ കണ്ടത്തിയത്. തുടർന്ന് കണ്ണിയംപുറത്തെ സ്വകാര്യശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. തിങ്കളാഴ്ച പാലക്കാട് വെച്ച് പോസ്റ്റ് മോർട്ടം ചെയ്ത ശേഷം മൃതദേഹം ബന്ധുക്കൾക്ക് വിട്ടുനൽകി. കണ്ണമംഗലം എഎൽപി സ്കൂളിലെ നാലാംക്ലാസ് വിദ്യാർഥിയാണ് അഭിന. സഹോദരി: അനുശ്രീ.

മരം മുറിക്കുന്നതിനിടെ വീണ് മരിച്ചു

സുരേഷ് കുമാർ

പാശാല: സഹോദരിയുടെ വീട്ടിനു മുകളിലേക്ക് ചാഞ്ഞു നിന്ന മരം മുറിച്ച് മാറ്റുന്നതിനിടെ യുവാവ് മരത്തിൽ നിന്നു വീണ് മരിച്ചു. ഉച്ചക്കട ചെക്കിട്ടവിള വീട്ടിൽ ധർമ്മയൻ നാടാർ മകൻ ഡി. സുരേഷ്കുമാറാ (40)ണ് മരിച്ചത്. ഞായറാഴ്ച ഉച്ചയ്ക്ക് വെങ്കുളത്തുള്ള സഹോദരി ഷീബയുടെ വീട്ടിൽ വച്ചായിരുന്നു സംഭവം. ആസ്ബസ്റ്റോസ് ഷീറ്റുകൊണ്ടു മേഞ്ഞ വീടിനു പുറത്തേയ്ക്കു ചാഞ്ഞു നിന്ന മരം മേൽക്കൂരയിൽ വീഴാതിരിക്കാൻ മരം മുറിച്ച് കയറു കെട്ടി ഇറക്കുകയായിരുന്നു. എന്നാൽ വെട്ടിയിറക്കിയ മരത്തിന്റെ കക്ഷണം കയറിൽ നിൽക്കാതെ ഇയാളുടെ ദേഹത്ത് വന്നടിക്കുകയായിരുന്നു. അപകടം നടന്നയുടനെ ബന്ധുക്കളും നാട്ടുകാരും ചേർന്ന് ഇയാളെ നെയ്യാറ്റിൻകര ജില്ലാ ആശുപത്രിയിലെത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. മോർച്ചറിയിൽ സൂക്ഷിച്ചിരുന്ന മൃതദേഹം പോസ്റ്റ്മോർട്ടത്തിന് ശേഷം ഇന്നലെ ബന്ധുക്കൾക്കു വിട്ടുകൊടുത്തു. ഭാര്യ: ഷീബ.മക്കൾ: അമലു (10)അഭിജിത് (8).

മരണത്തിൽ നിന്നും മരണമില്ലായ്മയിലേക്ക്

ജോസ് തെറ്റയിൽ

സുനിശ്ചിതമായ മരണം യാദൃശ്ചികമാകുമ്പോഴാണ് നമ്മുടെ മനസിനെ മഥിക്കുന്നത്. പി.എ. മത്തായിയുടെ കാര്യത്തിൽ എനിക്കുണ്ടായതും അതുതന്നെയാണ്. ചെറുപ്പം മുതൽ അറുപതു വർഷത്തിലധികമുള്ള അടുപ്പം. നിഷ്ക്കളങ്കമായ സ്നേഹവും നിഷ്കപടമായ പ്രകടനഭാവവും മത്തായിയുടെ സ്വഭാവവിശേഷങ്ങളാണ്. എന്നേക്കാളും പ്രായക്കൂടുതലുള്ള കളിക്കൂട്ടുകാരൻ. പൊതുപ്രവർത്തനത്തിൽ എന്നെ കൈപിടിച്ചാനയിച്ച എന്റെ നേതാവായിരുന്നു പി.എ. മത്തായി.

കോൺഗ്രസിന്റെ സ്വാതന്ത്ര്യ സമരഭടൻ പള്ളിപ്പാട് ആഗസ്റ്റിയുടെ മകൻ മത്തായിയും കോൺഗ്രസ് പ്രവർത്തകനായിട്ടാണ് രാഷ്ട്രീയ പ്രവർത്തനം ആരംഭിച്ചത്. പുരോഗമന ചിന്തകൾ എന്നും അദ്ദേഹത്തിന് ആകർഷകമായിരുന്നു. കേന്ദ്രത്തിൽ ചന്ദ്രശേഖറിന്റെ നേതൃത്വത്തിലും കേരളത്തിൽ എം.എ. ജോണിന്റെ നേതൃത്വത്തിലും സോഷ്യലിസ്റ്റ് ചിന്താഗതിക്കാരായ കോൺഗ്രസുകാർ ഒരേപോലെ ചിന്തിച്ചപ്പോൾ മത്തായിയും അവരോടൊപ്പമുണ്ടായിരുന്നു. വയലാർ രവി, എ.കെ. ആന്റണി, എ.സി. ജോസ് എന്നീ നേതാക്കൾ യൂത്ത് കോൺഗ്രസിനെ നയിക്കുമ്പോൾ എറണാകുളം ജില്ലയിലെ യുവനേതാവ് മത്തായിയായിരുന്നു.

'ട്രേഡ് യൂണിയൻ' എന്നത് മത്തായിക്കൊരു വികാരമായിരുന്നു, ഹരമായിരുന്നു. പിതാവിന്റെ മരണത്തെ തുടർന്നുണ്ടായ കുടുംബസാഹചര്യങ്ങൾ മത്തായിയുടെ പഠനത്തെ ബാധിച്ചു. വിദ്യാർഥിയായിരിക്കെത്തന്നെ വീടുകളിൽ പത്രവിതരണത്തിനായി വട്ടോളി ലൂയിസിന്റെ കീഴിലെ പണിക്കാരനായി. 1960ൽ തന്നെ പത്രവിതരണക്കാരുടെ ഒരു ട്രേഡ് യൂണിയൻ ഉണ്ടാക്കാൻ നടത്തിയ ശ്രമം അദ്ദേഹത്തിനൊരു പേരു നേടിക്കൊടുത്തു - യൂണിയൻ മത്തായി. തുടർന്ന് അങ്കമാലിയിലും പരിസരപ്രദേശത്തുമായി നിരവധി യൂണിയനുകൾ മത്തായിയുടെ നേതൃത്വത്തിൽ രൂപം കൊണ്ടു. സ്വകാര്യ മാനെജ്മെന്റിലുള്ള ആശുപത്രികളിലുണ്ടാക്കിയ യൂണിയനുകൾ മത്തായിയുടെ നേതൃത്വത്തിൽ രൂപംകൊണ്ടു. സ്വകാര്യ മാനെജ്മെന്റിലുള്ള ആശുപത്രികളിലുണ്ടാക്കിയ യൂണിയനുകൾ സഭാ നേതൃത്വത്തെ ഞെട്ടിച്ചു. ഒരു കാലഘട്ടത്തിൽ മത്തായിയുടെ യൂണിയൻ നേതൃത്വ സ്പർശമേശാത്ത മേഖലകളില്ലായിരുന്നു.

ചുമട്ടുതൊഴിലാളി, പീടികത്തൊഴിലാളി, ഈറ്റ-പനമ്പു തൊഴിലാളി, ഗുഡ്ഷെഡ് വർക്കേഴ്സ്, കർഷകത്തൊഴിലാളി തുടങ്ങി കാളവണ്ടി തൊഴിലാളികളുടെയും യൂണിയൻ നേതൃത്വം മത്തായിക്കായിരുന്നു. നൂറുകണക്കിന് കാളവണ്ടിത്തൊഴിലാളികൾ നടത്തിയ കാളവണ്ടി പ്രകടനത്തിന് അക്കാലത്ത് പത്രങ്ങൾ വലിയ പ്രാധാന്യം നൽകിയിരുന്നു. ലോ കോളെജ് വിദ്യാർഥിയായ ഞാനും അദ്ദേഹത്തോടൊപ്പം ഈ യൂണിയനുകളുടെ ഭാരവാഹിയായിരുന്നു.

1970ൽ കോൺഗ്രസിന്റെ യാഥാസ്ഥിതിക നേതൃത്വത്തെ വെല്ലുവിളിച്ച് കൊണ്ടുണ്ടാക്കിയ യുവജനങ്ങളുടെ കോൺഗ്രസ് റാഡിക്കൽ ഫോറത്തിൽ വി. രാമചന്ദ്രൻ, ആർ. സുന്ദരേശൻനായർ, എസ്.കെ. മാധവൻ, പി. രാജൻ (മാതൃഭൂമി) എന്നിവർക്കൊപ്പം മത്തായിയും നേതൃനിരയിലുണ്ടായിരുന്നു. പിന്നീട് ഇവർ ചേർന്നു രൂപീകരിച്ച കോൺഗ്രസ് പരിവർത്തനവാദികളുടെ സംസ്ഥാന സെക്രട്ടറിസ്ഥാനം മത്തായി ഏറ്റെടുത്തു. ഇതിനിടെ കോൺഗ്രസിന്റെ സംഘടനാ തെരഞ്ഞെടുപ്പിൽ അങ്കമാലി നിയോജകമണ്ഡലം പ്രസിഡന്റ് സ്ഥാനത്തേക്കു തെരഞ്ഞെടുക്കപ്പെട്ടു. ജയപ്രകാശ് നാരായണന്റെ നേതൃത്വത്തിലുള്ള 'സമ്പൂർണ വിപ്ലവ' സന്ദേശ ജാഥ കൊച്ചിയിലെത്തിയപ്പോൾ സംഘാടക സമിതിയിൽ മത്തായിയുമുണ്ടായിരുന്നു. അടിയന്തരാവസ്ഥ പ്രഖ്യാപിച്ചതോടെ മത്തായി കോൺഗ്രസിൽ നിന്നും പൂർണമായി അകന്നു. തുടർന്ന് ഭാര്യ എം.സി. ജോസഫൈനോടൊപ്പം (വനിതാ കമ്മിഷന്റെ ഇപ്പോഴത്തെ അധ്യക്ഷ) കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയിൽ ചേർന്നു.

അന്തരിച്ച സിപിഎം നേതാവ് പി.എ. മത്തായിയുടെ ഭൗതികദേഹത്തിൽ വനിത കമ്മിഷൻ സംസ്ഥാന അധ്യക്ഷയായ ഭാര്യ എം.സി. ജോസഫൈൻ, സിപിഎം എറണാകുളം ജില്ലാ സെക്രട്ടറി സി.എൻ. മോഹനൻ എന്നിവരുടെ നേതൃത്വത്തിൽ പാർട്ടി പതാക പുതപ്പിക്കുന്നു.

കോൺഗ്രസ് ഭരണകക്ഷിയായിരിക്കെത്തന്നെ കോൺഗ്രസ് നിയോജകമണ്ഡലം പ്രസിഡന്റായ മത്തായിക്കു നേരേ തൊഴിലാളി സമരത്തോടനുബന്ധിച്ച് (കെരാഫിൽ സമരം) നടന്ന പൊലീസ് മർദനം അക്കാലത്ത് വലിയ വിവാദം സൃഷ്ടിച്ചിരുന്നു. തൊഴിൽ രംഗത്ത് ആവശ്യങ്ങൾ ഉന്നയിക്കുന്നതിലും സമരം നയിക്കുന്നതിലും ഉപായങ്ങൾ മത്തായിക്കു സ്വന്തമായിരുന്നു. അങ്കമാലിയിലെ തൊഴിൽ-രാഷ്ട്രീയ രംഗങ്ങളിൽ മത്തായിയുടെ അസാന്നിധ്യം അസാധ്യമായിരുന്നു. രാഷ്ട്രീയത്തിലെ തിളക്കമാർന്ന ജനകീയമായ പുഞ്ചിരിക്കുന്ന മുഖം മത്തായിയിലൂടെയാണ് അങ്കമാലിക്കാർ ദർശിച്ചത്.

നിർഭയനായ, സാഹസികനായ മത്തായി സ്ഥാനമാനങ്ങൾക്കായി ആരെയും വണങ്ങാൻ തയാറായിരുന്നില്ല. സിനിമയും വായനയുമായിരുന്നു പഴയകാലം മുതലേയുള്ള ശീലം. പ്രസംഗത്തിലെ പ്രത്യേക രീതിയും ശബ്ദത്തിന്റെ ഗാംഭീര്യവും മത്തായിയെ ജനങ്ങൾക്കിടയിൽ ശ്രദ്ധേയനാക്കി. ആത്മാഭിമാനിയായിരുന്ന മത്തായി അഹങ്കാരിയായിരുന്നില്ല. സ്നേഹം മുഖ്യപ്രവർത്തനോപാധിയായിരുന്നു. മത്തായിയുടെ രണ്ടു ശിഷ്യന്മാർ (ഞാനും കെ. ബാബുവും) പിൽക്കാലത്ത് മന്ത്രിമാരായപ്പോഴും തന്റെ നിലകളിലും നിലപാടുകളിലും അദ്ദേഹം നിസംഗനായിരുന്നു. സഹജീവികൾക്കു സാഹചര്യമൊരുക്കുന്നതിലും സങ്കോചം കാണിച്ചിട്ടുമില്ല.

ചെറുപ്പത്തിൽ ഒരു കത്തോലിക്കാ വൈദികനാകാനാഗ്രഹിച്ച മത്തായി യുക്തിവാദിയായി മാറിയിരുന്നുവെങ്കിലും അങ്കമാലി ടൗൺ കപ്പേളയിലെയും പള്ളിയിലെ പുതുഞായറാഴ്ച തിരുന്നാളിന്റെയും പ്രദക്ഷിണങ്ങൾ അദ്ദേഹത്തിന് ആത്മീയ സന്തോഷം പകർന്നിരുന്നു. അതെല്ലാം നേരിൽക്കണ്ട് സൗഹൃദം കൈമാറുന്നതിലെ വികാരങ്ങൾ ആസ്വദിച്ചിരുന്നു. മത്തായിയും ജോസഫൈനും കത്തോലിക്കാ കേന്ദ്രമായ അങ്കമാലിയിൽ നടത്തിയ പരസ്യമായ രജിസ്റ്റർ വിവാഹം അത്യന്തം വികാരനിർഭരവും വിവാദപൂർണവുമായിരുന്നു. ഞാനാണ് അതിലെ ഒരു സാക്ഷി.

മത്തായിയുടെ 'ഭക്ഷണപ്രേമം' സുഹൃദ്ജനങ്ങൾക്കും ആസ്വാദ്യകരമായിരുന്നു. അങ്കമാലിയുടെ പ്രത്യേക ഭക്ഷണവിഭവങ്ങൾ ഒരുക്കുന്നതിലും വിളമ്പുന്നതിലും അതിലൊരു കലാപരമായ സ്വാദും സന്തോഷവും സൃഷ്ടിക്കുന്നതിലും മത്തായിയുടെ വൈഭവം ആകർഷകമായിരുന്നു. കക്ഷിരാഷ്ട്രീയങ്ങൾക്കും മതങ്ങൾക്കുമതീതമായ സ്നേഹബന്ധ സൗഹൃദങ്ങൾ നിലനിർത്തിയിരുന്ന മത്തായി, മനുഷ്യമനസിന്റെ ചലന-ദൗർബല്യങ്ങളെ സന്തുലിതമായി സമൂഹത്തിൽ പ്രകടിപ്പിക്കാൻ മടികാണിച്ചിരുന്നില്ല. ഉപചാരങ്ങൾക്കും അപ്പുറമായിരുന്നു അത്. ഹാസ്യസംസാരങ്ങൾ സ്ഥിരം ശൈലി. നമുക്കു സന്തോഷം പകർന്നിരുന്ന മത്തായിയുടെ സംഭാവന ഇനി സ്മരണകളിൽ മാത്രം.

ആദി മുതൽ അന്ത്യം വരെ, അടി മുതൽ മുടി വരെ അങ്കമാലിക്കാരനായിരുന്നു പി.എ. മത്തായി. അദ്ദേഹത്തെ അറിയാത്തവരില്ല; അദ്ദേഹം അറിയാത്തവരുമില്ല. ഒരു അങ്കമാലിക്കാരൻ നടന്നുപോകുമ്പോൾ അവന്റെ കുടുംബവിശേഷങ്ങൾ, ചരിത്രം, ബന്ധുക്കൾ ഇതെല്ലാം മത്തായി പറഞ്ഞിരിക്കും. മനുഷ്യബന്ധങ്ങളിലും നാടിന്റെ വികസനകാര്യങ്ങളിലും ഒരുപോലെ ശ്രദ്ധിച്ചിരുന്ന ഗൗരവമാർന്ന നിസാരഭാവക്കാരനായ മത്തായി ആരോടും പരിഭവമോ വിദ്വേഷമോ സൂക്ഷിച്ചിരുന്നില്ല. ലോലഹൃദയനായ നിഷേധിയായിരുന്നു മത്തായി. ഞങ്ങളൊരുമിച്ച് കൂടുമ്പോൾ അങ്കമാലിയുടെ ചരിത്രവും സംസ്കാരവും സന്തതികളും സംസാരവിഷയമാകാറുണ്ട്. അങ്കമാലിയിലെ ജനജീവിതവും ശൈലിയും ശീലവും ബന്ധങ്ങളും പ്രതിഫലിപ്പിക്കുന്ന ഒരു അങ്കമാലിക്കാരന്റെ കഥ തയാറാക്കാനുള്ള ശ്രമമുണ്ടായിരുന്നു. ചില കുറിപ്പുകളും അതിനായി തയാറാക്കിയിരുന്നു. അതിനി അപൂർണമായി തുടരും.

തനി അങ്കമാലിക്കാരന്റെ ചൂരും ചൂടും പകർന്നു നൽകിയിരുന്ന മനുഷ്യത്വമുഖമാർന്ന രാഷ്ട്രീയക്കാരന്റെ അഭാവം നാം അനുഭവിക്കാനിരിക്കുന്നതേയുള്ളൂ. മരണാനന്തരമെന്നത് മത്തായിക്കൊരു മിഥ്യ മാത്രമാണ്. മരണവും ജീവിതവും ഒരുവന്റെ രണ്ടു കാലുകൾ പോലെയാണ് മത്തായി കരുതിയിരുന്നത്.

തന്റെ മൃതശരീരം ആർക്കുമൊരു പ്രശ്നമുണ്ടാക്കാതെ എന്തിനെങ്കിലും ഉപകരിക്കട്ടെ എന്ന് കണക്കാക്കി മെഡിക്കൽ കോളെജിലെ പഠനത്തിനായി നൽകി സ്വയം സന്നദ്ധനായി മാതൃക കാണിക്കുമ്പോഴും, ജീവിതവും മരണവും ജനജീവിതത്തിനു പ്രയോജനമാകട്ടെയെന്ന് കാണിച്ചു കൊടുത്ത അങ്കമാലിക്കാരുടെ പി.എ. മത്തായിയെ മറക്കില്ല.

(അങ്കമാലി മുൻ എംഎൽഎയും മുൻ മന്ത്രിയുമാണ് ലേഖകൻ)

ഭാഗ്യക്കുറി നറുക്കെടുപ്പ് വീണ്ടും നീട്ടി

■ ഏപ്രിൽ ഒന്നു മുതൽ 28 വരെയുള്ള ടിക്കറ്റുകൾ റദ്ദാക്കി

തിരുവനന്തപുരം: ഏപ്രിൽ അഞ്ച് മുതൽ 14 വരെ നടത്താനിരുന്ന പൗർണമി (ആർഎൻ 435), വിൻവിൻ (ഡബ്ല്യു 557), സ്ത്രീശക്തി (എസ്എസ് 202), അക്ഷയ (എകെ 438), കാരുണ്യ പ്ലസ് (കെ.എൻ 309), നിർമൽ (എൻആർ 166), കാരുണ്യ (കെആർ 441), പൗർണമി (ആർഎൻ 436), വിൻവിൻ (ഡബ്ല്യു 558), സ്ത്രീശക്തി (എസ്എസ് 203) ഭാഗ്യക്കുറികളുടെ നറുക്കെടുപ്പ് വീണ്ടും നീട്ടിവച്ചു.

ഇവ യഥാക്രമം ഏപ്രിൽ 19 മുതൽ 28 വരെ നടത്തും. സമ്മർ ബംപർ (ബിആർ 72) ഭാഗ്യക്കുറിയും ഏപ്രിൽ 28ന് നറുക്കെടുക്കും.

ഏപ്രിൽ 15 മുതൽ ഏപ്രിൽ 28 വരെയുള്ള അക്ഷയ (എകെ 441), കാരുണ്യ പ്ലസ് (കെഎൻ 312), നിർമൽ (എൻആർ 169), കാരുണ്യ (കെആർ 444), പൗർണമി (ആർഎൻ 439), വിൻവിൻ (ഡബ്ല്യു 561), സ്ത്രീശക്തി (എസ്എസ് 206), അക്ഷയ (എകെ 442), കാരുണ്യ പ്ലസ് (കെഎൻ 313), നിർമൽ (എൻആർ 170), കാരുണ്യ (കെആർ 445), പൗർണമി (ആർഎൻ 440), വിൻവിൻ (ഡബ്ല്യു 562), സ്ത്രീശക്തി (എസ്.എസ് 207) ഭാഗ്യക്കുറികൾ റദ്ദുചെയ്തു.

ഇന്നു നിങ്ങൾക്ക്



ബ്രഹ്മശ്രീ കാണിപ്പയ്യൂർ നാരായണൻ നമ്പൂതിരിപ്പാട്

- ●അശ്വതി: ഗുരുകാരണവന്മാരോടൊപ്പം പുണ്യതീർത്ഥ-ദേവാലയ യാത്ര വേണ്ടിവരും. പൊതുവെ എല്ലാകാര്യങ്ങൾക്കും ഉണർവും ഉന്മേഷവും ഉണ്ടാകും. സങ്കല്പനത്തിനനുസരിച്ച് ഉയരുവാൻ അവസരം വന്നുചേരും.
- ●ഭരണി: മംഗളകർമങ്ങളിൽ പങ്കെടുക്കും. ധർമപ്രവൃത്തികൾക്കും പുണ്യപ്രവൃത്തികൾക്കും സർവാത്മനാ തയ്യാറാകും. ദീർഘകാലസുരക്ഷ ഉദ്ദേശിച്ച് ഭൂമി വാങ്ങുവാൻ തീ രുമാനിക്കും.
- ●കാർത്തിക: അകാരണമായ ഉൾഭയം, അമിതമായ അന്ധവിശ്വാസം എന്നിവ ഉപേക്ഷിക്കണം. മംഗളകർമങ്ങളിൽ പങ്കെടുക്കും. സമൂഹത്തിൽ ഉന്നതരെ പരിചയപ്പെടുവാനവസരമുണ്ടാകും.
- ●രോഹിണി: ആശ്രയിച്ചുവരുന്നവർക്ക് സാമ്പത്തികം ചെയ്യുവാനിടവരും. അസ്ഥിനാഡീ രോഗപീഡകൾക്ക് വിദഗ്ദ്ധ ചികിത്സ വേണ്ടിവരും. വിശ്വാസവഞ്ചനയിൽ അകപ്പെടാതെ സൂക്ഷിക്കണം.
- ●മകയിരം: ഉന്നതരുമായി കലഹത്തിനു പോകരുത്. സ്വന്തം ഉത്തരവാദിത്ത്വത്തിൽ നിന്നും വ്യതിചലിച്ചു പ്രവർത്തിച്ചാൽ അബദ്ധവും പണനഷ്ടവും മാനഹാനിയും വന്നുചേരും.
- ●തിരുവാതിര: പുരാണം. ഇതിഹാസം, ഭാരതീയശാസ്ത്രങ്ങൾ തുടങ്ങിയവ ശ്രദ്ധിക്കുന്നതിനാൽ മനസമാധാനമുണ്ടാകും ജീവിതപങ്കാളിയുടെ യുക്തിപൂർവ്വമുള്ള ഇടപെടലുകളാൽ മാനഹാനി ഒഴിവാകും. വികസനപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാൻ തയ്യാറാകും.
- ●പുണർതം: മാർഗ തടസങ്ങൾ നീങ്ങി അനുകൂലസാഹചര്യങ്ങൾ വന്നുചേരും. കഴിവുകൾക്ക് അംഗീകാരം ലഭിക്കും. സഹപാഠികളെ കാണുവാനും ഗതകാല സ്മരണകൾ പങ്കുവെക്കുവാനവസരമുണ്ടാകും.
- ●പൂയ്യം: സാമ്പത്തികവിഭാഗത്തിൽ ശ്രദ്ധകേന്ദ്രീകരിക്കുവാൻ തീരുമാനിക്കും. ചെയ്യാത്ത കുറ്റത്തിന് അപരാധം കേൾക്കാനിടവരും. അപ്രതീക്ഷിതമായി പരാജയവാർത്ത കേൾക്കാനിടവരും.
- ●ആയില്യം: ഏറ്റെടുത്ത ദൗത്യം വിജയപഥത്തിൽ എത്തിക്കുവാൻ പരസഹായം വേണ്ടിവരും. തൊഴിൽ മേഖലകളോട് ബന്ധപ്പെട്ട് ചർച്ചകൾക്ക് പൂർണത കൈവരുകയില്ല. വിദഗ്ധോപദേശം സ്വീകരിച്ചു പ്രവർത്തിക്കുന്നതെല്ലാം വിജയിക്കും.
- ●മകം: സന്താനങ്ങളോടൊപ്പം താമസിക്കുവാൻ വിദേശയാത്ര പുറപ്പെടും. മേലധികാരിയുടെ പ്രതിനിധിയായി പ്രവർത്തിക്കുവാൻ അവസരമുണ്ടാകും. സ്വപ്നത്തിൽ കാണുവാനിടയായ കാര്യങ്ങൾ അനുഭവത്തിൽ വന്നുചേരും.
- ●പൂരം: പ്രതികൂലസാഹചര്യങ്ങൾ ഒഴിഞ്ഞുമാറി അനുകൂലസാഹചര്യങ്ങൾ വന്നുചേരും. പലപ്രകാരത്തിലും സ്വസ്ഥതയും സമാധാനവും ഉണ്ടാകും. പുതിയ ഉദ്യമങ്ങൾക്ക് നേ തൃത്വം നൽകുവാൻ അവസരം വന്നുചേരും.
- ●ഉത്രം: സഹകരണപ്രസ്ഥാനങ്ങളുടെ സാരഥ്യസ്ഥാനം ഏറ്റെടുക്കും. ഉദ്ദേശലക്ഷ്യം പൂർത്തീകരിക്കുന്നതുവഴി ജനാംഗീകാരം ലഭിക്കും. സന്താനങ്ങളുടെ ഉന്നതവിജയത്താൽ സന്തോഷം തോന്നും.
- ●അത്തം: ബന്ധുമിത്രാദികളുടെ ആഗമനം സമാധാനത്തിനു വഴിയൊരുക്കും. മാതാപിതാക്കളുടെ ആവശ്യങ്ങൾ നിറവേറ്റുവാൻ സാധിക്കും. പുതിയ ഉത്തരവാദിത്ത്വങ്ങൾ ഏറ്റെടുക്കും.
- ●ചിത്ര: സങ്കീർണമായ പ്രശ്നങ്ങൾക്ക് ശാശ്വതപരിഹാരം കണ്ടെത്തും. അഭിപ്രായവ്യത്യാസങ്ങൾ പരിഹരിക്കപ്പെടും. വിദ്വജനങ്ങളുമായി സൗഹൃദ ബന്ധത്തിലേർപ്പെടു വാനവസരമുണ്ടാകും.
- ●ചോതി: വ്യവസ്ഥകൾ പാലിക്കുവാൻ അഹോരാത്രം പ്രവർത്തിക്കേണ്ടതായി വരും. ഊഹകച്ചവടത്തിൽ നഷ്ടം സംഭവിക്കും. വിദ്യാർഥികൾക്ക് ഉദാസീനമനോഭാവം ഉ ണ്ടാകും.
- ●വിശാഖം: ഗൃഹനിർമാണപ്രവർത്തനങ്ങൾ വേഗതയിലാക്കുവാൻ നിർദ്ദേശം നൽകും. വിഷമഘട്ടങ്ങളെ തരണം ചെയ്യുവാൻ അശ്രാന്തപരിശ്രമം വേണ്ടിവരും. പുതിയ തൊഴിലവസരങ്ങൾ വന്നുചേരും.
- ●അനിഴം: പഠിച്ച വിഷയങ്ങൾ തൃപ്തിയാകും വിധത്തിൽ അവതരിപ്പിക്കുവാൻ സാധിക്കും. പറയുന്നവാക്കുകൾ ഫലപ്രദമായിത്തീരും. ആസൂത്രിതപദ്ധതികളിൽ അനുകൂ ലവിജയം ഉണ്ടാകും.
- ●തൃക്കേട്ട: സാമ്പത്തികലാഭം വർധിച്ചതിനാൽ ഭൂമിവില്ക്കുവാൻ തയ്യാറാകും. ഗുരുനാഥ ന്റെ നിർദേശപ്രകാരം ഉദ്യോഗം ഉപേക്ഷിച്ച് ഉപരിപഠനത്തിനു ചേരും. അർത്ഥവത്തായ വാക്കുകൾ അനുകൂലസാഹചര്യങ്ങൾക്കു വഴിയൊരുക്കും.
- ●മൂലം: ഗൗരവമുള്ള കാര്യങ്ങൾ നിഷ്പ്രയാസം പരിഹരിക്കുവാൻ സാധിക്കും. വിട്ടുവീഴ്ചാമനോഭാവത്താൽ കുടുംബത്തിൽ സമാധാനവും സ്വസ്ഥതയുമുണ്ടാകും. വിദ ഗ്ദ്ധചികിത്സകളാൽ രോഗശമനമുണ്ടാകും.
- ●പൂരാടം: ആരോഗ്യം തൃപ്തികരമായിരിക്കും. ആഗ്രഹിക്കുന്ന കാര്യങ്ങൾ നിഷ്പ്രയാസം സാധിക്കും.അവധി കഴിഞ്ഞ് ഉദ്യോഗത്തിൽ ചേരുവാൻ സാധിക്കും.
- ●ഉത്രാടം: പദ്ധതി ആസൂത്രണങ്ങളിൽ ലക്ഷ്യപ്രാപ്തിനേടും. വിദ്യാർഥികൾക്ക് ഉത്സാഹ വും ഉന്മേഷവും വർധിക്കും. ബന്ധുമിത്രാദികൾ വിരുന്നുവരും.
- ●തിരുവോണം: അവ്യക്തമായ പണം ഇടപാടുകളിൽ നിന്നും ഒഴിഞ്ഞുമാറുവാൻ ഉൾപ്രേരണയുണ്ടാകും. വിഷമഘട്ടങ്ങളെ തരണം ചെയ്യുവാൻ പ്രത്യേക ഈശ്വരപ്രാർത്ഥനകളും വഴിപാടുകളും നടത്തും. തൊഴിൽമേഖലകളോട് ബന്ധപ്പെട്ട് അശ്രാന്തപരിശ്രമവും യാത്രാക്ലേശവും വേണ്ടിവരും.
- ●അവിട്ടം: ഉത്തരവാദിത്ത്വത്തിൽ നിന്നും ഒഴിഞ്ഞുമാറുന്ന പ്രവണത ഉപേക്ഷിക്കുവാൻ തയ്യാറാകണം. വാക്കും പ്രവർത്തിയും തമ്മിൽ ബന്ധമില്ലാത്തതിനാൽ മാതാപിതാക്ക ളിൽ നിന്ന് ശകാരം കേൾക്കുവാനിടവരും. ക്രയവിക്രയങ്ങളിൽ വളരെ ശ്രദ്ധവേണം.
- ●ചതയം: വ്യാപാരവ്യവസായസ്ഥാപനത്തിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തുവാൻ തയ്യാറാകും. വിശദമായ ചർച്ചകളാൽ മേലധികാരിയുടെ സംശയങ്ങൾ ദുരീകരിക്കും. ഊഹകച്ചവടത്തിൽ ലാഭമുണ്ടാകും.
- ●പൂരോരുട്ടാതി: സുപ്രധാനങ്ങളായ കാര്യങ്ങൾ തീരുമാനത്തിലെത്തിക്കുവാൻ സാധിക്കും. വിശ്വസ്ത സേവനത്തിന് പ്രശസ്തിപത്രം ലഭിക്കും. വിതരണരംഗം വിപുലീക രിക്കുവാൻ ഉത്സാഹികളായ ജോലിക്കാരെ നിയമിക്കും.
- ●ഉത്രട്ടാതി: മാതാപിതാക്കളുടെ അനുഗ്രഹാശിസുകളോടുകൂടി ചെയ്യുന്ന പ്രവർത്തനങ്ങളെല്ലാം ലക്ഷ്യപ്രാപ്തി കൈവരും. അപാകതകൾ പരിഹരിച്ച് വ്യവസായം പുനരാരംഭി ക്കും. വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങൾ സമയപരിധിക്കുള്ളിൽ ചെയ്തുതീർക്കാൻ സാധിക്കും.
- ●രേവതി: തൊഴിൽപരമായി മാനസിക സംഘർഷത്തിന് കുറവു തോന്നും. അസാധാരണ വ്യക്തിത്വമുള്ളവരെ പരിചയപ്പെടുവാനവസരമുണ്ടാകും. ആശ്രയിച്ചു വരുന്നവർക്ക് അഭയം നൽകുവാൻ സാധിക്കും.

ശാരീരിക അകലം സാമൂഹിക ഒരുമ

ട്രഷറിയിൽ തിരക്കുവേണ്ട

സർവീസ് പെൻഷൻ വിതരണത്തിന് ക്രമീകരണം

കൊറോണാക്കാലത്തെ ആരോഗ്യസുരക്ഷാ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ട്രഷറികളിൽ ഏർപ്പെടുത്തിയ ക്രമീകരണങ്ങൾ താഴെ പറയുന്നു. അതുപ്രകാരമുള്ള ദിവസം മാത്രം ട്രഷറിയിലെത്തുക. ഈ ദിവസം തന്നെ വാങ്ങണമെന്നും നിർബന്ധമില്ല. തിരക്കൊഴിയട്ടെ. അതാണുത്തമം.

	പെൻഷൻ അക്കൗണ്ടുകൾ		വിതരണം ചെയ്യുന്ന തീയതി
	കാലത്ത്	ഉച്ചയ്ക്ക്	
1	പിടിഎസ്ബി അക്കൗണ്ട് നമ്പർ പൂജ്യത്തിൽ (0) അവസാനിക്കുന്ന പെൻഷൻകാർ	പിടിഎസ്ബി അക്കൗണ്ട് നമ്പർ ഒന്നിൽ (1) അവസാനിക്കുന്ന പെൻഷൻകാർ	02 ഏപ്രിൽ 2020
2	അക്കൗണ്ട് നമ്പർ രണ്ടിൽ (2) അവസാനിക്കുന്നവർ	അക്കൗണ്ട് നമ്പർ മൂന്നിൽ (3) അവസാനിക്കുന്നവർ	03 ഏപ്രിൽ 2020
3	അക്കൗണ്ട് നമ്പർ നാലിൽ (4) അവസാനിക്കുന്നവർ	അക്കൗണ്ട് നമ്പർ അഞ്ചിൽ (5) അവസാനിക്കുന്നവർ	04 ഏപ്രിൽ 2020
4	അക്കൗണ്ട് നമ്പർ ആറിൽ (6) അവസാനിക്കുന്നവർ	അക്കൗണ്ട് നമ്പർ ഏഴിൽ (7) അവസാനിക്കുന്നവർ	06 ഏപ്രിൽ 2020
5	അക്കൗണ്ട് നമ്പർ എട്ടിൽ (8) അവസാനിക്കുന്നവർ	അക്കൗണ്ട് നമ്പർ ഒമ്പതിൽ (9) അവസാനിക്കുന്നവർ	07 ഏപ്രിൽ 2020

★ ട്രഷറി പ്രവർത്തനസമയം - 9 മുതൽ 5 വരെ ★

പനിയും മറ്റു രോഗങ്ങളുമുള്ളവർ വരരുത്

ഒരു കൗണ്ടറിൽ ഒരുസമയം പരമാവധി അഞ്ചുപേർ മാത്രം. ഒരുമീറ്റർ അകലം പാലിക്കുക. ട്രഷറിയിലെത്തുന്നവർ ആരോഗ്യപ്രവർത്തകരുടെയും പോലീസിന്റെയും നിർദ്ദേശം കർശനമായി പാലിക്കുക.

അക്കൗണ്ട് വിവരങ്ങളും ഒപ്പിട്ട ചെക്കും സത്യവാങ്മൂലവും ബാങ്കിലെത്തിച്ചാൽ ആവശ്യപ്പെടുന്ന തുക അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യാനും സംവിധാനം

Godfrey's Graphics

ട്രഷറി വകുപ്പ് • ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് • കേരള സർക്കാർ

Connect with CM | fb.me/cmokerala twitter.com/cmokerala PRD Live Mobile App /keralainformation PRD Media Handbook App

ശ്രവണ, സംസാര പരിമിതിയുള്ളവർക്ക് നിഷ് ഹെൽപ് ലൈൻ സേവനം

തിരുവനന്തപുരം: കൊവിഡ്19 വ്യാപനത്തിന്റെയും ലോക് ഡൗണിന്റെയും പശ്ചാത്തലത്തിൽ ശ്രവണ, സംസാര പരിമിതിയുള്ളവരുടെ സംശയങ്ങൾ ദൂരീകരിക്കുന്നതിനും ബോധവൽകരണത്തിനുമായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിങ് (നിഷ്) ഹെൽപ് ലൈൻ തുടങ്ങി. കേരളത്തിലെ എല്ലാ ജില്ലകളിലും ഈ സേവനം ലഭ്യമായിരിക്കും. ഫോൺവിളികളും നമ്പറുകളും റെക്കോഡ് ചെയ്ത് സൂക്ഷിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് www.nish.ac.in അല്ലെങ്കിൽ https://bit.ly/3auXgDP : തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട 9249505723, 9496918178, 8078871318, 9061730310.

കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട്: 7994548133, 9446750983, 9061627892, 9142652525.

മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് 7025065488, 9496366836, 9995459717, 9061489198.

CLASSIFIEDS

Largest collection of Wedding Cards & Printing
VALAVI & CO.
Near Market Bridge, Broadway, Ernakulam Ph:2353765, 2374985
Shop 119, 2nd Floor, Attukal Shopping Complex East Fort, Trivandrum Ph: 0471 2571105
Kalliath Royal Square, 1st Floor, Palace Road Trichur-20 Ph:0487 2322182

സാമ്പത്തികം
ധനകാര്യ സ്ഥാപനങ്ങളിൽ പണയം നൽകിയ സ്വർണ്ണം, പ്രോപ്പർട്ടി മുതലായവ തിരിച്ചെടുക്കുന്നതിനും പുതുക്കി വെയ്ക്കുന്നതിനും മാറ്റി വെയ്ക്കുന്നതിനും ബന്ധപ്പെടുക.
Kmass Agency
9895057618

Pest Control
ചിതൽ നിയന്ത്രണം
കെട്ടിടം പണിക്ക് മുൻപും പിൻപും, പാറ്റ, ഉറുമ്പ്, ചെള്ള്, ഫംഗസ്, മൂട്ട, തേനീച്ച, കടന്നൽ എല്ലാ കീടങ്ങളുടെയും നിയന്ത്രണത്തിന്
9496565984

FOR SALE
ബിൽഡിങ് മെറ്റീരിയൽസ്
ഗ്രാനൈറ്റ് സ്ലാബുകൾ Sqft 65 രൂപയ്ക്ക് കേരളത്തിൽ എവിടെയും എത്തിച്ചു കൊടുക്കുന്നു.
9562355991, 8553187507

സാരസ്വതാരിഷ്ടം
സാരസ്യതാമൃത രസായനം ഓർമ്മശക്തി വർദ്ധിപ്പിക്കുന്നു കുട്ടികളിലെ പഠന വൈകല്ല്യങ്ങൾ മാറുന്നു.
പ്രായത്തിന് അനുസരിച്ച് തടിയിലും തൂക്കത്തിലും വ്യത്യാസം വരുത്തി ശരീരം അഴകുള്ള താക്കി മാറ്റുന്നു.
എസ്.എൻ ആയൂർവേദ ഔഷധശാല ഉല്പന്നം
Ph- 6282228687

ഈ പേജിൽ പരസ്യം ചെയ്യാൻ ബന്ധപ്പെടുക.
9387590005
8589003187
9020531400
9048854547

ലോകകപ്പ് നേടിയിട്ട് തുല്യവേദനം ആവശ്യപ്പെടാം: അൻജും ചോപ്ര

മുംബൈ· ലോകകപ്പ് നേടിയ ശേഷം ഇന്ത്യൻ വനിതാ ക്രിക്കറ്റ് ടീം, പുരുഷ ടീമിനു തുല്യം പ്രതിഫലം ആവശ്യപ്പെടുന്നതാണ് ഉചിതമെന്ന് വനിതാ ടീം മുൻ ക്യാപ്റ്റൻ അൻജും ചോപ്ര. ഇപ്പോഴത്തെ സാഹചര്യത്തിൽ തുല്യ പ്രതിഫലമെന്ന ആവശ്യം എങ്ങനെയാണ് ഇത്ര വലിയ ചർച്ചയാകുന്നതെന്ന് മനസ്സിലാകുന്നില്ലെന്നും അൻജും ചോപ്ര പറഞ്ഞു. ഇക്കഴിഞ്ഞ വനിതാ ടന്റി20 ലോകകപ്പിൽ ഇന്ത്യൻ ടീം ഫൈനലിൽ കടന്നതിനു പിന്നാലെയാണ് പുരുഷ, വനിതാ ടീമുകൾക്ക് തുല്യ ശമ്പളമെന്ന ആവശ്യം വീണ്ടും ശക്തമായത്. ഓസ്ട്രേലിയയിൽ പുരുഷ, വനിതാ ടീമുകൾക്ക് തുല്യ ശമ്പളം ലഭിക്കുന്ന സാഹചര്യത്തിലാണ് ഇവിടെയും സമാനമായ ആവശ്യം ഉയർന്നത്.

ഇപ്പോഴത്തെ സാഹചര്യത്തിൽ ഇതെങ്ങനെയാണ് ഇത്ര വലിയ ചർച്ചയായതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. നമ്മൾ ഓർക്കേണ്ട ഒരു കാര്യമുണ്ട്. ഇന്ത്യൻ വനിതാ ക്രിക്കറ്റ് ടീം ഇതുവരെ ഒരു ലോകകപ്പ് നേടിയിട്ടില്ല. മറിച്ച് പുരുഷ ടീം നേടിയിട്ടുണ്ട് - അൻജും ചോപ്ര ചൂണ്ടിക്കാട്ടി.

വരൂ, ആമസോൺ വനാന്തരങ്ങളിലേക്ക്

സി.കെ. രാജേഷ്കുമാർ

ആമസോൺ നദിയുടെ ശാന്തതയിലൂടെ ബോട്ട് നീങ്ങുകയാണ്. നദിയുടെ വശങ്ങളിലായി ഒഴുകുന്ന നിരവധി വീടുകളും കാണാം. വളരെ കളർഫുള്ളായ വീടുകളിലും ധാരാളം ആദിവാസികൾ സാമസിക്കന്നുണ്ട്. പലരം മീൻപിടിക്കുകയാണ്. ഭൂമിയ്ക്ക് ശ്വസിക്കാൻ ധാരാളം ഓക്സിജൻ സംഭാവന നൽകുന്ന ആമസോൺ മഴക്കാടിന്റെ ഉള്ളറയിലേക്കാണ് പോക്ക്. കരയണയാതെ നദിയുള്ള ഭാഗത്തുകൂടി മാത്രമായിരുന്നു യാത്ര. ബോട്ടിലെ ശബ്ദമാർന്ന ഇലക്ട്രിക് എൻജിൻ നിർത്തി. കാട്ടിലും നദിയിലും കഴിയുന്ന ജീവികൾക്ക് ശല്യമുണ്ട ാകാതിരിക്കാനാണ് ഇത്. അതോടെ ബോട്ടിൽ തികഞ്ഞ നിശബ്ദത.

അതുവരെ വലിയ ഉച്ചത്തിൽ സംസാരിച്ചുകൊണ്ടിരുന്നവർ മിണ്ടാതെയിരുന്നു. നിരവധി പക്ഷികളുടെയും കാട്ടുജീവികളുടെയും വലിയ ശബ്ദം കേൾക്കാമായിരുന്നു. ഇടയ്ക്ക് പ്രത്യേകവർഗത്തിൽപ്പെട്ട കിളികൾ ബോട്ടിനു മുകളിൽ വന്നിരുന്നു. അവ അന്വേഷിക്കുന്നുണ്ടാകാം. തങ്ങളുടെ സ്വൈരവിഹാരം തകർക്കാൻ വന്ന ഇവർ ആരായിരിക്കുമെന്ന്. നിരവധി കുരങ്ങുകളും മറ്റ് ചെറുമൃഗങ്ങളും മരങ്ങളിലൂടെ ഓടിക്കളിക്കുന്നു. ഇടതൂർന്ന മരങ്ങളും കാണാം.

കുറേ ദൂരം ചെന്നപ്പോൾ ഒരു കുടുംബം അതാ ഒരു വള്ളത്തിൽ. ഇവിടത്തെ ആദിവാസി സമൂഹത്തിൽപ്പെട്ടവരാണ് അവർ. അമ്മയും നാലു കുട്ടികളുമടങ്ങുന്ന കുടുംബം. അമ്മയും ഇളയ രണ്ടു കുട്ടികളും ഒരു വള്ളത്തിൽ. മറ്റുരണ്ടുപേർ മറ്റൊരു വള്ളത്തിൽ അവർ നിർമിച്ച കരകൗശല വസ്തുക്കളും മിഠായികളും വില്കാൻ ഇറങ്ങിയതാണ്.

ബോട്ടിനു വേഗം വളരെ കുറവായതിനാൽ അവർ അടുക്കലേക്കുവന്നു. യാത്രികർക്ക് സാധനങ്ങൾ വിതരണം ചെയ്തു. നദിയും കാടും സന്ദർശിക്കാൻ വരുന്നവരെക്കൊണ്ടു ജീവിക്കുന്നവരാണിവർ. മീൻപിടിത്തവും കരകൗശല നിർമാണവുമാണ് ഇവരുടെ പ്രധാന ജോലികൾ. അതിനിടെ, റോഡ്രിഗസ് വിളിച്ചുപറഞ്ഞു. അനാകോണ്ട... അനാകോണ്ട എന്ന്. നദിയിലൂടെ അനാകോണ്ട വരുന്നുണ്ടെന്നാണ് ഏവരും കരുതിയത്. അതുകൊണ്ടു തന്നെ യാത്രികർ പേടിച്ചു. എന്നാൽ, ജന്നിഫർ ലോപ്പസ് അഭിനയിച്ച അനാകോണ്ട എന്ന സിനിമയുടെ ചിത്രീകരണം നടന്നത് ഇവിടെയാണ് എന്നു പറയുകയായിരുന്നു റോഡ്രിഗസ്. പ്രശസ്തമായ ആ സിനിമ ഷൂട്ട് ചെയ്ത ഇടങ്ങളിലൂടെയായിരുന്നു ബോട്ട് നീങ്ങിയത്. നദിയിൽ അധികം ആഴമില്ലാത്ത സ്ഥലങ്ങളിൽ ഇടതൂർന്ന മരങ്ങൾക്കിടയിലൂടെ ലോപ്പസും സംഘവും പേടിച്ചുവിറച്ച കാട്ടിലൂടെ. സിനിമയിലെ ഭീതിദമായ ദൃശ്യങ്ങളായിരുന്നു ഓരോ നിമിഷവും. അതുകൊണ്ടുതന്നെ നദിയിലെ നിശബ്ദത ഭീതി മനസിലുണ്ടാക്കി. ചെറിയ കാറ്റുമുണ്ട്.

ആമസോൺ തീരങ്ങളിൽ താമസിക്കുന്നവരുടെ വസതിയിലെത്തിയ ടൂറിസ്റ്റ് അനാക്കോണ്ടയിനത്തിൽപെട്ട പാമ്പിനെ കഴുത്തിലണിഞ്ഞപ്പോൾ.

ആമസോണിലെ ഏറ്റവും പഴക്കംചെന്ന വൃക്ഷത്തെ റോഡ്രിഗസ് കാണിച്ചുതന്നു. നിരവധി പക്ഷികളും ചെറു ജിവികളും കൂടുണ്ടാക്കി ജീവിക്കുന്ന മരമാണത്. അതുകൊണ്ടുതന്നെ അവയുടെ ചിലയ്ക്കൽ കേൾക്കാമായിരുന്നു. കുറേദൂരം ചെന്നപ്പോൾ മരങ്ങളെ വളഞ്ഞുകിടക്കുന്ന വലിയ പാമ്പുകളെ കണ്ടു. ഇതോടെ യാത്രികർക്ക് ഇവിടെനിന്നു പോയാൽ മതിയെന്നായി. എല്ലാവരുടെയും നോട്ടം ബോട്ടിനുള്ളിൽ വച്ചിരിക്കുന്ന ലൈഫ് ജാക്കറ്റിലേക്കായി.

ഏതാണ്ട് അരമണിക്കൂറോളം കാടിനു നടുവിലൂടെയായിരുന്നു സഞ്ചാരം. അതുകൊണ്ടു തന്നെ വെളിച്ചവും കുറവായിരുന്നു. പിന്നീട് തെളിഞ്ഞ അന്തരീക്ഷത്തിലേക്ക്. കുറ്റിച്ചെടികൾ വശങ്ങളിൽ ധാരാളമുണ്ട്. അവിടെ ഒരു വീടുകാണാം. ആ വീടുലക്ഷ്യമാക്കിയാണ് ബോട്ട് നീങ്ങുന്നത്. അതും ഫ്ളോട്ടിംഗ് വീട് തന്നെ. ഞങ്ങളെകാത്ത് ഒരു കുടുംബം അവിടെയുണ്ടായിരുന്നു. ഗൃഹനാഥനും ഭാര്യയും മൂന്നു കുട്ടികളുമടങ്ങുന്ന കുടുംബം. ബോട്ട് വീടിനടുത്തേക്കടുത്തു.

ഗൃഹനാഥൻ ഓരോരുത്തരെ കൈതന്ന് വീടിന്റെ പ്ലാറ്റ്ഫോമിലേക്കു കയറ്റി. പിന്നീട് അദ്ദേഹം അകത്തേക്കുപോയി. തിരികെ വരുന്നത് ഒരു വലിയ പാമ്പിനെ കഴുത്തിലിട്ടുകൊണ്ടാണ്. ആദ്യം ഒന്നു ശങ്കിച്ചു. ഇതു ജീവനുള്ളതു തന്നെയോ. അടുത്തുവന്നപ്പോൾ മനസിലായി ഇതു ജീവനുള്ളതുതന്നെ. ഏതാണ്ട് നാലടിയോളം നീളമുള്ള വലിയ പാമ്പ്. അനാകോണ്ട വിഭാഗത്തിൽപ്പെട്ട പാമ്പാണിത്. നിരുപദ്രവകാരിയാണെന്നറിഞ്ഞതോടെ ഓരോരുത്തരും പാമ്പിനെ കഴുത്തിലണിഞ്ഞു. പാമ്പുമാത്രമല്ല, ചെറിയ മുതലകളെയും മറ്റ് കാട്ടുജീവികളെയും ഇവർ വീട്ടിൽ വളർത്തുന്നുണ്ട്. കാടിന്റെ മക്കളായതിനാൽ ഇവയെ വളർത്തുന്നതിൽ കുഴപ്പമില്ലെന്നാണ് അറിവ്. നമ്മുടെ നാട്ടിലെങ്ങാനുമെങ്കിൽ കഥ മാറിയേനെ. അവരോടും സലാം ചൊല്ലി ഇറങ്ങി.

ബ്രസീലിന്റെ യഥാർഥ അവകാശികളാണ് ഈ ഗോത്രവർഗക്കാർ. ഈ കാട്ടിലും മേട്ടിലും ജനിച്ചു വളർന്ന്. മൃഗങ്ങളെയും പക്ഷികളെയും അവരിലൊരാളായി കണ്ട് കഴിഞ്ഞവർ. പിന്നീട് പോർച്ചുഗീസുകാരെത്തി അവരെ ഉന്മൂലനം ചെയ്തു. അവശേഷിച്ചവർ കാട്ടിലും നദിയോരങ്ങളിലും മാത്രമായി. ആമസോൺ കരയുമ്പോൾ അവരും കരയും ചിരിക്കുമ്പോൾ അവരും ചിരിക്കും. അങ്ങനെ കാടിനെ അമ്മയായി കരുതി ജീവിക്കുന്ന നിരവധി ജനങ്ങൾ. ഇനി മടക്കയാത്രയാണ്. മനസിൽ ആമസോണിനെക്കുറിച്ചുള്ള സുന്ദരഓർമകളെങ്കിലും ആമസോണിന്റെയും ഇവിടത്തെ ആദിവാസകളുടെയും കരച്ചിൽ അറിയുന്നുണ്ട്.

വൈവിധ്യങ്ങളുടെ കലവറ

ആമസോൺ കാടും നദിയും വൈവിധ്യങ്ങളുടെ കലവറയാണ്. നാനാവിധത്തിലുള്ള വൃക്ഷങ്ങളെക്കൊണ്ടും കുറ്റിച്ചെടികളെക്കൊണ്ടും സമ്പന്നം. നിരവധി തരത്തിലുള്ള മീനുകൾ, പാമ്പുകൾ, മൃഗങ്ങൾ, ജിവികൾ...40000 ഇനം വൃക്ഷങ്ങൾ ഈ മഴക്കാടുകളിലുണ്ടെ ന്നാണ് കണക്ക്. ജാഗ്വാർ(പുള്ളിപ്പുലി) പോലുള്ള മമ്മൽസ് ഇനങ്ങൾ 450, പക്ഷികളുടെ സമ്പന്നതയാണ് വേറൊരു പ്രത്യേകത. 1300 ഇനങ്ങളിലുള്ള പക്ഷിക്കൂട്ടങ്ങൾ ഇവിടെ സ്വൈരവിഹാരം നടത്തുന്നു. പിരാനകൾ അടക്കം മൂവായിരത്തിലേറെ മത്സ്യങ്ങൾ.

ചെറുജീവികൾ ആയിരത്തിലേറെ. അങ്ങനെ നീളുന്നു ആമസോണിന്റെ ജൈവവൈവിധ്യം. ആമസോണിലെ കാലാവസ്ഥാ ആനുകൂല്യമാണ് ഇത്രയധികം വിഭാഗങ്ങൾ ഇവിടെ കൂടുകൂട്ടാൻ കാരണം. തണുപ്പും കാറ്റും നിറഞ്ഞ കാലാവസ്ഥ മൃഗങ്ങൾക്കും പക്ഷികൾക്കുമൊക്കെ ഏറെയിഷ്ടം.

മികച്ചവർ സച്ചിനും ലാറയും: വോൺ

സിഡ്നി: തന്റെ കാലഘട്ടത്തിൽ ക്രിക്കറ്റ് ലോകം കണ്ട ഏറ്റവും മികച്ച ബാറ്റ്സ്മാൻമാർ മുൻ ഇന്ത്യൻ താരം സച്ചിൻ ടെണ്ടുൽക്കറും മുൻ വെസ്റ്റിൻഡീസ് താരം ബ്രയാൻ ലാറയുമാണെന്ന് സ്പിൻ ഇതിഹാസം ഷെയിൻ വോൺ. ഇവർക്ക് രണ്ട് പേർക്കും ശേഷമുള്ള മറ്റൊരു ബാറ്റ്സ്മാനു തമ്മിൽ ഒരുപാട് വ്യതാസം ഉണ്ടായിരുന്നെന്നും ഷെയിൻ വോൺ പറഞ്ഞു. തന്റെ ഇൻസ്റ്റാഗ്രാമിൽ നടത്തിയ ലൈവ് സെഷനിൽ ആണ് ഷെയിൻ വോൺ തന്റെ അഭിപ്രായം രേഖപ്പെടുത്തിയത്. സച്ചിൻ ടെണ്ടുൽക്കർ ഏതൊരു സാഹചര്യത്തിലും ബാറ്റ് ചെയ്യാൻ കഴിവുള്ള താരമായിരുന്നെന്നും ഏതൊരു സാഹചര്യത്തിലും ബാറ്റ് ചെയ്യാൻ കഴിവുള്ള ഒരു താരത്തെ തിരഞ്ഞെടുക്കാൻ പറഞ്ഞാൽ താൻ സച്ചിൻ ടെണ്ടുൽക്കറുടെ പേര് പറയുമെന്നും വോൺ വ്യതമാക്കി. അതെ സമയം മത്സരത്തിന്റെ അവസാന ദിവസം 400 റൺസ് ചേസ് ചെയ്തു ജയിക്കാൻ ഉണ്ടെങ്കിൽ താൻ ബ്രയാൻ ലാറയെ തിരഞ്ഞെടുക്കുമെന്നും വോൺ പറഞ്ഞു.

ടെസ്റ്റ് ക്രിക്കറ്റ് മാറ്റിമറിച്ചത് സെവാഗല്ല, അഫ്രീദി: അക്രം

കറാച്ചി: ഇന്ത്യൻ ഓപ്പണിങ് ബാറ്റ്സ്മാൻ വിരേന്ദർ സെവാഗ് അല്ല ടെസ്റ്റ് ക്രിക്കറ്റിൽ ഓപ്പണിങ് ബാറ്റിംഗ് പുനർനിർവചിച്ചതെന്ന് മുൻ പാക്കിസ്ഥാൻ താരം വസിം അക്രം. പാക്കിസ്ഥാൻ താരം ഷാഹിദ് അഫ്രീദിയാണ് ടെസ്റ്റ് ക്രിക്കറ്റിൽ ഓപ്പണിങ് ബാറ്റിംഗ് പുനർനിർവ്വചിച്ചതെന്നും വസിം അക്രം പറഞ്ഞു. ടെസ്റ്റിൽ ഓപ്പണറായി ഇറങ്ങി ബൗളർമാരെ തലങ്ങും വിലങ്ങും അടിക്കുന്നതിന് പേരുകേട്ട താരമാണ് മുൻ ഇന്ത്യൻ താരമായ സെവാഗ്.

ടെസ്റ്റ് ക്രിക്കറ്റിൽ സെവാഗ് വൈകിയാണ് എത്തിയതെന്നും 1999-2000 കാലഘട്ടത്തിൽ തന്നെ ഷാഹിദ് അഫ്രീദി ടെസ്റ്റ് ക്രിക്കറ്റിൽ ഓപ്പണിങ് ബാറ്റ് ചെയ്യുന്ന താരത്തിന്റെ മാനസികാവസ്ഥ മാറ്റിയെന്നും അക്രം പറഞ്ഞു. താൻ ബൗളറിയിരുന്നെങ്കിൽ പോലും എനിക്ക് അദ്ദേഹത്തെ പുറത്താക്കാൻ കഴിയുമായിരുന്നെങ്കിൽ പോലും അഫ്രീദിക്ക് അനായാസം ബൗണ്ടറികൾ നേടാൻ കഴിയുമായിരുന്നെന്നും അക്രം പറഞ്ഞു. അഫ്രീദി ടെസ്റ്റ് ക്രിക്കറ്റ് മോശം പന്തുകൾ അനായാസം സിക്സുകൾ അടിക്കുമെന്നും അക്രം കൂട്ടിച്ചേർത്തു.

2021ലെ ഒളിംപിക്സ് ജൂലൈ 23നു തുടങ്ങും

ടോക്കിയോ 2020 എന്നു തന്നെ അറിയപ്പെടും

ലണ്ടൻ: മഹാമാരിയായി പടരുന്ന കോവിഡ്-19കാരണം മാറ്റിവെച്ച ടോക്കിയോ ഒളിംപിക്സ് 2021 ജൂലൈ 23ന് ആരംഭിക്കുമെന്ന് റിപ്പോർട്ട്. ഓഗസ്റ്റ് ഒമ്പതു വരെ നീണ്ടുനിൽക്കും. ഈ വർഷം തീരുമാനിച്ചിരുന്ന അതേ തീയതിയിലാണ് അടുത്ത വർഷവും ഇതു നടക്കുന്നതെന്ന പ്രത്യേകതയുമുണ്ട്. ഞായറാഴ്ച ചേർന്ന ഐഒസി യോഗം പുതിയ തീയതി നിർദേശത്തിന് അംഗീകാരം നൽകി. രാജ്യാന്തര ഒളിംപിക് കമ്മിറ്റിയും ടോക്കിയോ ഒളിംപിക്സ് സംഘാടകരും ഔദ്യോഗികമായി പ്രഖ്യാപിച്ചിട്ടില്ലെങ്കിലും ജപ്പാൻ ദേശീയ ചാനലും, ന്യൂയോർക് ടൈംസ് ഉൾപ്പെടെ മാധ്യമങ്ങളും പുതിയ തീയതി സംബന്ധിച്ച് റിപ്പോർട്ട് ചെയ്തു.

ഒളിംപിക്സ് കമ്മിറ്റി നിയമിച്ച വിദഗ്ധ സമിതി വിവിധ സ്പോർട്സ് ഫെഡറേഷനുകളുമായും ടോക്കിയോ ഒളിംപിക്സ് സംഘാടക സമിതിയുമായും നടത്തിയ ചർച്ചകൾക്കു ശേഷമാണ് തീയതി നിശ്ചയിച്ചത്.

ഇതനുസരിച്ചു ആ സമയത്തു നടക്കേണ്ട ലോക അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പും, നീന്തൽ ലോകകപ്പും മാറ്റിവെക്കും. 2022ലേക്കോ മറ്റോ ആവും ഈ മാറ്റം. ജൂലൈ 24ന് തുടങ്ങി ഓഗസ്റ്റ് ഒമ്പതിന് അവസാനിക്കും വിധമായിരുന്നു നേരത്തേയുള്ള ഷെഡ്യൂൾ.

കോവിഡ് ലോകവ്യാപകമായി പടർന്നതോടെ രാജ്യാന്തര ഫെഡറേഷനുകളുടെ സമ്മർദത്തിന് വഴങ്ങിയാണ് ഒളിമ്പിക്സ് മാറ്റിവെച്ചത്. ഈ വർഷമോ, അടുത്ത വർഷം ആദ്യമോ നടത്താനായിരുന്നു ഐ.ഒ.സിയുടെ താൽപര്യമെങ്കിലും ജപ്പാനിൽ ചൂട് കൂടുമെന്നതിനാൽ വിവിധ കായിക ഫെഡറേഷനുകൾ എതിർത്തു.

ശീതകാലമായ മാർച്ച്-മേയ് മാസത്തിൽ നടത്താൻ നീന്തൽ, ടേബിൾ ടെന്നീസ് ട്രയാത്‌ലൺ ഫെഡറേഷനുകൾ നിർദേശിച്ചെങ്കിലും ഫുട്ബാൾ സീസൺ കാരണം പരിഗണിക്കാനായില്ല.

ലോക അത്‌ലറ്റിക്സ് ചാംപ്യൻഷിപ് 2022ലേക്ക് മാറ്റാൻ ഐഎഎഫ്എഫ് അധ്യക്ഷൻ സെബാസ്റ്റ്യൻ കോ സന്നദ്ധത അറിയിച്ചതോടെ ഒളിമ്പിക്സ് പതിവ് സീസണിൽതന്നെ നടത്താൻ തീരുമാനമായി. ഫലത്തിൽ ലോക അത്‌ലറ്റിക്സ് തുടർച്ചയായ വർഷങ്ങളിലായി മാറും.

2022ൽ യൂജീനിലും, 2023ൽ ബുഡപെസ്റ്റിലും. 2024ലാണ് പാരിസ് ഒളിംപിക്സ്.

ലോകകപ്പ് താരത്തിനു കൊറോണ

അങ്കാറ· 2002ലെ ഫിഫ ലോകകപ്പിൽ തുർക്കിയുടെ ഗോൾ വല കാത്ത റുസ്തു റെക്ബറിന് (46) കൊവിഡ് 19 സ്ഥിരീകരിച്ചു. അദ്ദേഹത്തിന്റെ ഭാര്യ ഇസിൽ റെക്ബറാണ് ഇക്കാര്യം ലോകത്തെ അറിയിച്ചത്. ലോകകപ്പിൽ തുർക്കിക്ക് മൂന്നാം സ്ഥാനം ലഭിച്ചതിനു പിന്നിൽ ഇസിൽ അക്ബറിന്റെ പ്രകടനം നിർണായകമായിരുന്നു. സ്പാനിഷ് വമ്പൻമാരായ ബാഴ്സലോണയുടെയും ഗോൾകീപ്പറായിരുന്നു. ദക്ഷിണകൊറിയയും ജപ്പാനും സംയുക്തമായി ആതിഥ്യം വഹിച്ച 2002ലെ ലോകകപ്പിൽ സെമിയിൽ കടക്കാൻ തുർക്കിക്ക് തുണയായത് ഗോൾവലയ്ക്കു മുന്നിൽ റുസ്തു റെക്ബറിന്റെ മിന്നുന്ന പ്രകടനമാണ്. സെമിയിൽ കരുത്തരായ ബ്രസീലിനോടു തോറ്റാണ് തുർക്കി പുറത്തായത്. പിന്നീട് മൂന്നാം സ്ഥാന മത്സരത്തിൽ ആതിഥേയരായ ദക്ഷിണ കൊറിയയെ 3-2ന് തോൽപ്പിച്ചു.

യാതൊരു കുഴപ്പവുമില്ലാതിരുന്ന റെക്ബറിന് വളരെ പെട്ടെന്നാണ് അസുഖത്തിന്റെ ലക്ഷണങ്ങൾ കണ്ടതെന്ന് ഭാര്യ പറഞ്ഞു. അതിന്റെ ഞെട്ടലിലാണ് താനുൾപ്പെടെയുള്ള കുടുംബാംഗങ്ങൾ. വളരെ വിഷമം പിടിച്ച ഘട്ടത്തിലൂടെയാണ് തങ്ങൾ കടന്നുപോകുന്നതെന്നും ഇസിൽ റെക്ബർ വ്യക്തമാക്കി. വിദഗ്ധ പരിശോധനയിൽ തനിക്കും രണ്ടു മക്കൾക്കും അസുഖമില്ലെന്ന് വ്യക്തമായെന്നും അവർ അറിയിച്ചു. ആശുപത്രിയിൽ കഴിയുന്ന റെക്ബറിനെ കാണാൻ തനിക്കോ മക്കൾക്കോ അനുവാദമില്ല. ദയവുചെയ്ത് എല്ലാവരും വളരെ കരുതലോടെയിരിക്കണമെന്നും ഇസിൽ റെക്ബർ അഭ്യർഥിച്ചു.

റുസ്തു റെക്ബർ

2002 ലോകകപ്പിലെ മിന്നുന്ന പ്രകടനത്തിനു പിന്നാലെ 2003ലാണ് ചെറിയൊരു കാലയളവിൽ റുസ്തു റെക്ബർ ബാർസിലോനയിൽ കളിച്ചത്. 2012ൽ വിരമിക്കുന്നതിനു മുൻപ് തുർക്കിയിലെ വമ്പൻ ക്ലബ്ബുകളായ ഫെനർബാഷെ, ബെസിക്റ്റാസ് എന്നിവർക്കും കളിച്ചു.

ബാഴ്സ താരങ്ങളുടെ ശമ്പളം 70 ശതമാനം വെട്ടിക്കുറച്ചു

ബാഴ്സലോണ: കൊറോണ വ്യാപനത്തെത്തുടർന്ന് കളി നടക്കാത്തതിനാൽ ക്ലബിലെ മറ്റു തൊഴിലാളികൾ പ്രതിസന്ധിയിൽ ആയ സാഹചര്യത്തിൽ തങ്ങളുടെ ശമ്പളം വെട്ടികുറക്കാൻ ബാഴ്സലോണ താരങ്ങൾ സമ്മതിച്ചു. എല്ലാ താരങ്ങളും അവരുടെ വേതനത്തിന്റെ 70 ശതമാനമാണ് കുറയ്ക്കാൻ സമ്മതിച്ചത്. ഈ പണം ക്ലബിലെ മറ്റു തൊഴിലാളികൾക്ക് പൂർണ്ണ ശമ്പളം നൽകാൻ ആകും ഉപയോഗിക്കുക. ഈ നീക്കം അംഗീകരിച്ചതായി ബാഴ്സലോണ സൂപ്പർ താരം മെസി സാമൂഹിക മാധ്യമത്തിൽ അറിയിച്ചു. എന്നാൽ ബാഴ്സലോണ ബോർഡിനെതിരെ പരസ്യമായി തന്നെ മെസി രംഗത്തെത്തി.

ഐപിഎൽ ഒക്റ്റോബറിൽ?

മുംബൈ: മുംബൈ: ഇന്ത്യൻ പ്രീമിയർ ലീഗ് ടൂർണമെന്റ് ഒക്റ്റോബർ-നവംബർ മാസങ്ങളിൽ നടത്താനുള്ള നീക്കവുമായി ബിസിസിഐ. ഔദ്യോഗികമായി ഇക്കാര്യം അറിയിച്ചില്ലെങ്കിലും ഇതിനുള്ള ചർച്ചകൾ ബിസിസിഐ ആരംഭിച്ചുവെന്ന് റിപ്പോർട്ട്. ഒക്റ്റോബർ 18 മുതൽ നവംബർ 15 വരെ ടന്റി- 20 ലോകകപ്പ് ഓസ്ട്രേലിയയിൽ നടത്താൻ ഐ.സി.സി നേരത്തെ നിശ്ചയിച്ചിരുന്നു. എന്നാൽ, കൊറോണ ബാധയുടെ പശ്ചാത്തലത്തിൽവിസാ നിയന്ത്രണം വന്നാൽ ഐസിസിക്ക് ടൂർണമെന്റ് മാറ്റേണ്ടതായി വരും. ഈ സാഹചര്യത്തിൽ ഐപിഎൽ നടത്താമെന്നാണ് ബിസിസിഐയുടെ കണക്കുകൂട്ടൽ.

'വിരുഷ്ക'യുടെ വക വെളിപ്പെടുത്താത്ത വലിയ തുക!

മുംബൈ· കൊറോണ വൈറസ് വ്യാപനത്തിനെതിരായ പോരാട്ടത്തിന് പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകുമെന്ന് ഇന്ത്യൻ ക്രിക്കറ്റ് ടീം നായകൻ വിരാട് കോഹ്‌ലിയും ഭാര്യയും ബോളിവുഡ് താരവുമായ അനുഷ്ക ശർമയും. തുക എത്രയാണെന്ന് വെളിപ്പെടുത്തിയില്ലെങ്കിലും പ്രധാനമന്ത്രിയുടെ കെയേഴ്സ് ഫണ്ടിലേക്കും മഹാരാഷ്ട്ര മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കും സംഭാവന നൽകുമെന്ന് ഇരുവരും വ്യക്തമാക്കി. കൊറോണ വൈറസ് ബാധമൂലം വിഷമത അനുഭവിക്കുന്ന ജനങ്ങളെ കാണുമ്പോൾ ഹൃദയം തകരുകയാണെന്നും ഇരുവരും ടിറ്ററിൽ കുറിച്ചു.

'പ്രധാനമന്ത്രിയുടെ കെയേഴ്സ് ഫണ്ടിലേക്കും മഹാരാഷ്ട്ര മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കും സംഭാവന നൽകാൻ അനുഷ്കയും ഞാനും തീരുമാനിച്ചിരിക്കുന്നു. വളരെയധികം ആളുകൾ ദുരിതമനുഭവിക്കുന്ന കാഴ്ച ഞങ്ങളുടെ ഹൃദയം തകർക്കുന്നു. നമ്മുടെ സഹോദരങ്ങളുടെ വേദന കുറച്ചെങ്കിലും മാറ്റിക്കൊടുക്കാൻ ഞങ്ങളുടെ ഈ സംഭാവന ഏതെങ്കിലും വിധത്തിൽ സഹായിക്കുമെന്ന് പ്രത്യാശിക്കുന്നു' - കോഹ്‌ലി ടിറ്ററിൽ കുറിച്ചു. ഇരുവരുടെയും പ്രവർത്തിയെ അഭിനന്ദിച്ച് രംഗത്തെത്തിയിരിക്കുകയാണ് പ്രമുഖർ. ·

തികച്ചും മാതൃകാപരമായ പ്രവർത്തിയാണ് ഇവരുടേതെന്ന അഭിപ്രായം പങ്കുവച്ച് ടിറ്ററിലൂടെ ഒട്ടേറെപ്പേർ രംഗത്തെത്തി. കൊറോണ വൈറസ് വ്യാപനം നിമിത്തം കളിക്കളങ്ങൾ നിശ്ചലമാവുകയും രാജ്യത്ത് സമ്പൂർണ ലോക്ഡൗൺ പ്രഖ്യാപിക്കുകയും ചെയ്തതിനാൽ അനുഷ്കയ്ക്കൊപ്പം മുംബൈയിലെ വസതിയിലാണ് കോഹ്‌ലി. കൊറോണ വൈറസ് വ്യാപനത്തിനെതിരായ ബോധവൽക്കരണത്തിൽ ആദ്യം മുതലേ സജീവമായി ഇരുവരും രംഗത്തുണ്ട്. ഇതിനിടെ, ലോക്ഡൗൺ കാലത്തെ ഇടവേളയിൽ അനുഷ്ക വിരാട് കോലിക്ക് മുടി വെട്ടിക്കൊടുക്കുന്ന വിഡിയോയും വൈറലായിരുന്നു.

റെയ്നയുടെ ഫിഫ്റ്റി ഉജ്വലം: പ്രധാനമന്ത്രി

ലക്നോ: കൊറോണ വ്യാപനത്തിനെതിരായ പോരാട്ടത്തിൽ ക്രിക്കറ്റ് താരം സുരേഷ് റെയ്നയുടെ വക 52 ലക്ഷം. പിന്നാലെ പ്രധാനമന്ത്രിയുടെ അഭിനന്ദനവും. റെയ്നയ്ക്ക് ആനന്ദ ലബ്ധിക്ക് വേറെന്തുവേണം. രാജ്യാന്തര ക്രിക്കറ്റിലും ആഭ്യന്തര ക്രിക്കറ്റിലും ഐപിഎല്ലിലുമൊക്കെയായി നിരവധി 'ഫിഫ്റ്റി'കൾ നേടിയ താരമാണ് സുരേഷ് റെയ്ന. അതുകൊണ്ടുതന്നെ പ്രധാനമന്ത്രി നരേന്ദ്ര മോദി യുടെ നേരിട്ടുള്ള അഭിനന്ദനത്തിലുമുണ്ടായിരുന്നു ഒരു ഫിഫ്റ്റി ടച്ച്. 'ഈ ഫിഫ്റ്റി ഉജ്വലം' - പ്രധാനമന്ത്രി ടിറ്ററിൽ കുറിച്ചു. ഇന്ത്യൻ കായിക താരങ്ങളിൽ ഇതുവരെയുള്ള ഏറ്റവും ഉയർന്ന സംഭാവനയെന്ന പ്രത്യേകതയോടെയാണ് റെയ്ന കഴിഞ്ഞ ദിവസം 52 ലക്ഷം രൂപ കൊറോണ ദൗത്യ സഹായത്തിനായി സംഭാവന നൽകിയത്. 52 ലക്ഷം നൽകുന്ന കാര്യം റെയ്ന തന്നെയാണ് ടിറ്ററിലൂടെ അറിയിച്ചത്. ഈ 52 ലക്ഷം രൂപ സംഭാവനയിൽ 31 ലക്ഷം രൂപ പ്രധാനമന്ത്രിയുടെ 'കെയേഴ്സ് ഫണ്ടി'ലേക്കും ബാക്കി 21 ലക്ഷം രൂപ ഉത്തർപ്രദേശ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുമാണ് നൽകുകയെന്നും താരം അറിയിച്ചിരുന്നു.

'കൊറോണ വൈറസിനെതിരായ പോരാട്ടത്തിന് കരുത്തുപകരാൻ നമ്മളെല്ലാവരും കഴിയാവുന്നതുപോലെ സഹായം ചെയ്യേണ്ട ഘട്ടമാണിത്. ഈ പോരാട്ടത്തിന് 52 ലക്ഷം രൂപ ഞാൻ സംഭാവന നൽകുന്നു. (ഇതിൽ 31 ലക്ഷം രൂപ പ്രധാനമന്ത്രിയുടെ കെയേഴ്സ് ഫണ്ടിലേക്കും 21 ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കും നൽകും). നിങ്ങളും കഴിയുന്ന സഹായങ്ങൾ ഉറപ്പാക്കൂ. ജയ് ഹിന്ദ്' - റെയ്ന ടിറ്ററിൽ കുറിച്ചു. ഇത് റീടീറ്റ് ചെയ്താണ് റെയ്നയുടെ 'ഫിഫ്റ്റി'ക്ക് മോദി അഭിനന്ദനം അറിയിച്ചത്.

SENSEX:28,440.32 (-1375.27)
NIFTY:8,281.10 (-379.15)

വിനിമയ നിരക്ക്

ഡോളർ	75.69
യൂറോ	83.70
പൗണ്ട്	94.10
സ്വിസ്ഫ്രാങ്ക്	79.12
സിംഗപ്പൂർ ഡോളർ	53.00
ഓസ്ട്രേലിയൻ	46.42
കനേഡിയൻ	53.52
ബഹറിൻ ദിനാർ	199.89
കുവൈറ്റ് ദിനാർ	240.12
ഒമാനി റിയാൽ	194.33
സൗദി റിയാൽ	20.10
യു എ ഇ ദിർഹം	20.58
ഖത്തർ	20.33

കനുൻഗോ ആർബിഐ ഡെപ്യൂട്ടി ഗവർണർ

ന്യൂഡൽഹി: ബി.പി. കനുൻഗോയെ റിസർവ് ബാങ്ക് ഡെപ്യൂട്ടി ഗവർണറായി വീണ്ടും നിയമിച്ചു. കനുൻഗോയുടെ കാലാവധി ഏപ്രിൽ 3 മുതൽ ഒരു വർഷത്തേക്ക് നീട്ടാൻ മന്ത്രിസഭയുടെ നിയമന സമിതി അംഗീകാരം നൽകി.

2017 ഏപ്രിലിൽ ഡെപ്യൂട്ടി ഗവർണർ സ്ഥാനത്തേക്ക് ഉയർത്തപ്പെടുന്നതിന് മുമ്പ് റിസർവ് ബാങ്കിന്റെ എക്സിക്യൂട്ടീവ് ഡയറക്ടറായിരുന്നു കനുൻഗോ. കറൻസി മാനെജ്മെന്റ്, പേയ്മെന്റുകൾ, സെറ്റിൽമെന്റ്, വിദേശനാണ്യം, ആഭ്യന്തര കടം മാനെജ്മെന്റ് തുടങ്ങിയ വകുപ്പുകളുടെ ചുമതല അദ്ദേഹത്തിനാണ്.

കനുൻഗോ 1982 സെപ്റ്റംബറിൽ റിസർവ് ബാങ്കിൽ ചേർന്നു. വിദേശ വിനിമയ മാനെജ്മെന്റ്, കറൻസി മാനെജ്മെന്റ് തുടങ്ങി ബാങ്കിങുമായി ബന്ധപ്പെട്ട നിരവധി മേഖലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. എൻ.എസ്. വിശ്വനാഥൻ, എം.കെ. ജെയിനും മൈക്കൽ പത്രയുമാണ് ആർബിഐയുടെ മറ്റ് മൂന്ന് ഡെപ്യൂട്ടി ഗവർണർമാർ.

ഉണർവില്ലാതെ ഓഹരി വിപണി

മുംബൈ: റിസർവ് ബാങ്കിന്റെ സമാശ്വാസ പദ്ധതികൾ വന്നിട്ടും ഓഹരി വിപണി വീട്ടും താഴോട്ട് തന്നെ. മുംബൈ ഓഹരി സൂചികയായ സെൻസെക്സ് 1,375.27 പോയിന്റ് താഴ്ന്ന് അതായത് 4.61 ശതമാനം ഇടിവ് രേഖപ്പെടുത്തി 28440.32 ലേക്കെത്തിയാണ് ഇന്നലെ വ്യാപാരം അവസാനിച്ചത്. ദേശീയ ഓഹരി സൂചികയായ നിഫ്റ്റി 379.15 പോയിന്റ് താഴ്ന്ന് അതായത് 4.38 ശതമാനം ഇടിവ് രേഖപ്പെടുത്തി 8281.10 ലേക്കെത്തി വ്യാപാരം അവസാനിപ്പിച്ചു.

സിപ്ല (-5.91%), ടെക് മഹീന്ദ്ര (4.50%), നെസ്റ്റ്ലെ (4.50%), ഡോ.റെഡ്ഡീസ് ലാബ്സ് (6.64%), ആക്സിസ് ബാങ്ക് (2.33%) എന്നീ കമ്പനികളുടെ ഓഹരികളിലാണ് നേട്ടം രേഖപ്പെടുത്തിയത്. എന്നാൽ വ്യാപാരത്തിൽ രൂപപ്പെട്ട ആശയകുഴപ്പം മൂലം വിവിധ കമ്പനികളുടെ ഓഹരികളിൽ നഷ്ടം രേഖപ്പെടുത്തി. ബജാജ് ഫിനാൻസ് (-11.81%), എച്ച്ഡിഎഫ്സി (-11.13%), ടാറ്റാ സ്റ്റീൽ (-8.37%), എച്ച്ഡിഎഫ്സി ബാങ്ക് (-8.05%), ഐസിഐസിഐ ബാങ്ക് (-7.78%) എന്നീ കമ്പനികളുടെ ഓഹരികളിലാണ് നഷ്ടം രേഖപ്പെടുത്തിയത്.

മലയാളിയുടെ ഖൽബ് കീഴടക്കിയ മലബാറിന്റെ സ്വർണമൊഞ്ച്

എം.പി. അഹമ്മദ്

കോഴിക്കോടിന്റെ സ്വന്തം ബിസിനസുകാരനാണ് എം.പി. അഹമ്മദ്. 20 വയസിൽ ബിസിനസ് രംഗത്തേക്ക് പ്രവേശിച്ച അദ്ദേഹം തന്റെ ബിസിനസിന് തുടക്കം കുറിച്ചത് വലിയങ്ങാടിയിൽ കൊപ്ര വ്യാപാരത്തിലൂടെയാണ്. 'ഇൽത്തുമിസ്' എന്ന പേരിൽ ആയിരുന്നു സംരംഭം. അവിടെ നിന്ന് പുതിയ തുടക്കം.

പതിയെ ഒരോ ചവിട്ടുപടികൾ. അവിടെ നിന്ന് മെല്ലെ സ്വർണവ്യാപാരത്തിലേക്ക്.

മലയാളിയുടെ മനസിൽ ആത്മബന്ധത്തിന്റെ സുവർണനൂലായി മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സ് പ്രയാണം തുടങ്ങിയിട്ട് കാൽ നൂറ്റാണ്ട് പിന്നിട്ടു. 25 വർഷം മുമ്പ് കോഴിക്കോട് പാളയത്ത് 300 ചതുരശ്രയടിയിൽ തുടക്കമിട്ട മലബാർ ഗോൾഡ് ജ്വല്ലറി, സ്വർണ വിൽപ്പനയിൽ ഇന്ന് ലോകത്തിലെ ആദ്യ അഞ്ച് സ്ഥാനക്കാരിലൊരാളാണ്. ചെയർമാൻ എം.പി. അഹമ്മദ്, അദ്ദേഹത്തിന്റെ മകനും ഇന്റർനാഷനൽ ഓപ്പറേഷൻസ് മാനെജിങ് ഡയറക്റ്ററുമായ ഷംലാൽ അഹമ്മദ്, മരുമകനും ഇന്ത്യൻ ഓപ്പറേഷൻസ് മാനെജിങ് ഡയറക്റ്ററുമായ ഒ. അഷർ എന്നിവരുടെ നേതൃത്വത്തിൽ ജ്വല്ലറി, ഭവനനിർമാണം തുടങ്ങിയ വിവിധ മേഖലകളിലായി രജത ജൂബിലി നിറവിലാണ് ലോകമാകെ കുതിക്കുന്നത്.

മലഞ്ചരക്കിൽ നിന്ന് പൊന്നിലേക്ക്

മലഞ്ചരക്ക് വ്യാപാരം നടത്തിക്കൊണ്ടിരുന്ന അഹമ്മദ് 1990കളുടെ തുടക്കത്തിലാണ് മറ്റു മേഖലകളിലേക്കു നീങ്ങാൻ തീരുമാനിച്ചത്. സ്വർണത്തിന്റെ സാധ്യതകൾ മനസിലാക്കി അതിലേക്കു തിരിയാനൊരുങ്ങിയപ്പോൾ മറ്റ് ആറ് പേരുടെ സഹായവും കിട്ടി. കോഴിക്കോട് കലക്റ്ററായിരുന്ന അമിതാഭ് കാന്ത് മലബാർ വികസനവുമായി ബന്ധപ്പെട്ടു സെമിനാറുകൾ സംഘടിപ്പിക്കുന്ന കാലമായിരുന്നു അത്. മലബാറിന്റെ വാണിജ്യ പാരമ്പര്യവും വിശ്വാസ്യതയും കണക്കിലെടുത്തു ജ്വല്ലറിക്കു 'മലബാർ' എന്ന് പേരു നൽകി. ഇന്ന് 30,000 കോടി വിറ്റുവരവുള്ള സ്ഥാപനമായി മലബാർ ഗ്രൂപ്പ് മാറി. 25,000 കോടിയും സ്വർണത്തിലൂടെയാണ്.

പുതിയ ചുവടുവയ്പ്പുകൾ

ലോകത്തെ ഏറ്റവും വലിയ റീട്ടെയ്ൽ ജ്വല്ലറി ഗ്രൂപ്പായി മാറുകയെന്ന ലക്ഷ്യത്തിന്റെ ഭാഗമായാണ് നടപടി. നിലവിൽ 10 രാജ്യങ്ങളിലായി മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സിന് 260ലേറെ ഷോറൂമുകളുണ്ട്. അടുത്ത അഞ്ചു വർഷത്തിനുള്ളിൽ ഷോറൂമുകളുടെ എണ്ണം 750 ആക്കി ഉയർത്തും. ഛണ്ഡിഗഢ്, തമിഴ്നാട്ടിലെ കുംഭകോണം, ബിഹാറിലെ പട്ന, തെലങ്കാനയിലെ കമ്മം, ഉത്തർ പ്രദേശിലെ ലഖ്നൗ, ഗാസിയാബാദ്, കർണാടകയിലെ കമ്മനഹള്ളി, മധ്യപ്രദേശിലെ ഇൻഡോർ, മഹാരാഷ്ട്രയിലെ വാഷി, താനെ, ഒഡിഷയിലെ ഭുവനേശ്വർ, ഡൽഹിയിലെ ദ്വാരക, ആന്ധ്രപ്രദേശിലെ ശ്രീകാകുളം എന്നിവിടങ്ങളിലാണ് മൂന്നു മാസത്തിനകം ഷോറൂമുകൾ ആരംഭിക്കുക. വിദേശത്ത് മലേഷ്യ, ബംഗ്ലാദേശ്, സിംഗപ്പൂർ, യുഎഇ, സൗദി അറേബ്യ, ഒമാൻ, ഖത്തർ എന്നീ രാജ്യങ്ങളിലായി കൂടുതൽ ഷോറൂമുകൾ ഉടൻ ആരംഭിക്കും. 7 പേരുമായി തുടങ്ങിയ സ്ഥാപനത്തിൽ നിലവിൽ 2,752 നിക്ഷേപകരുണ്ട്. ജീവനക്കാരിൽ 20 ശതമാനം പേരും നിക്ഷേപകരാണ്.

വൈവിധ്യവത്കരണം

കഴിഞ്ഞ 25 വർഷക്കാലയളവിൽ മലബാർ ഗ്രൂപ്പ് പ്രാദേശിക കമ്പനി എന്നതിൽ നിന്ന് വിശ്വസ്തരായ ഇടപാടുകാരുടെ വൻപിന്തുണയുള്ള ഇന്ത്യൻ ഇന്റർനാഷണൽ കമ്പനിയായി വളർന്നു കഴിഞ്ഞു. കാൽ നൂറ്റാണ്ടിനിടക്ക് മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സ് ആഗോള തലത്തിലേക്ക് വളർന്ന് കഴിഞ്ഞു. മലബാർ ഗ്രൂപ്പിന്റെ റീട്ടെയ്ൽ ജ്വല്ലറി ബിസിനസ് ശ്യംഖലയാണ് മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സ്. റിയൽ എസ്റ്റേറ്റ്, ഷോപ്പിങ് മാളുകൾ, ഹൈപ്പർ മാർക്കറ്റ്, ഗൃഹോപകരണങ്ങൾ, ഇലക്ട്രോണിക് ഉത്പന്നങ്ങൾ എന്നിവയുടെ റീട്ടെയ്ല് ബിസിനസ്, ഫ്രാഞ്ചൈസി ബിസിനസ്, ടെക്നോളജി അനുബന്ധ സംരംഭങ്ങൾ, വിവിധ സേവന സംരംഭങ്ങൾ തുടങ്ങി വ്യത്യസ്ത ബിസിനസ് സംരംഭങ്ങൾ ഗ്രൂപ്പിനുണ്ട്.

മലബാർ ഗ്രൂപ്പിന്റെ മറ്റൊരു സംരംഭമായ മലബാർ ഡവലപ്പേഴ്സ് ഭവന നിർമ്മാണ രംഗത്ത് ഇതിനകം 29 ലക്ഷം ചതുരശ്ര അടിയിലധികം നിർമാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി കഴിഞ്ഞു. കൂടുതൽ ടൗൺഷിപ്പ് പദ്ധതികൾ, കൺവെൻഷൻ സെന്ററുകൾ, സാധാരണക്കാർക്ക് താങ്ങാവുന്ന ഭവന പദ്ധതികൾ എന്നിവ മലബാർ ഡവലപ്പേഴ്സിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കും. തിരുവനന്തപുരത്ത് മലബാർ ഗ്രൂപ്പിന്റെ 'മാൾ ഒഫ് ട്രാവൻകൂർ' ആരംഭിച്ചു കഴിഞ്ഞു. ടൂറിസം രംഗത്തെ സാധ്യതകൾ പ്രയോജനപ്പെടുത്തി കോഴിക്കോട് ചാലിയാർ പുഴയുടെ തീരത്ത് ഹൗസ് ബോട്ട് സൗകര്യങ്ങളോടെ മറീന കൺവെൻഷൻ സെന്ററുണ്ട്.

മലബാർ ഗ്രൂപ്പ് ഇന്ത്യൻ ഓപ്പറേഷൻസ് മാനെജിങ് ഡയറക്റ്റർ ഒ. അഷർ, ചെയർമാൻ എം.പി. അഹമ്മദ്, ഇന്റർനാഷനൽസ് ഓപ്പറേഷൻസ് മാനെജിങ് ഡയറക്റ്റർ ഷംലാൽ അഹമ്മദ് എന്നിവർ.

ആഭരണ നിർമാണ ശാല

ആഭരണ നിർമാണ ശാലകളുടെ എണ്ണം വർധിപ്പിക്കാനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. നിലവിൽ കൊൽക്കത്ത, ഹൈദരാബാദ്, മുംബൈ, ബംഗളൂരു, കോയമ്പത്തൂർ എന്നിവിടങ്ങളിലാണ് ആഭരണ നിർമാണശാലകളുള്ളത്. ഇന്ത്യയിൽ നിന്നുള്ള ഒരു ബ്രാൻഡ് ആഗോളതലത്തിൽ ഒന്നാമതെത്തുകയെന്ന ലക്ഷ്യത്തിൽ ഏറെ മുന്നോട്ടുപോയിക്കഴിഞ്ഞതായി മലബാർ ഗ്രൂപ്പ് ചെയർമാൻ എം.പി. അഹമ്മദ് പറഞ്ഞു.

ഇന്ത്യയിലും വിദേശരാജ്യങ്ങളിലുമായി വിവിധ തലത്തിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ ഇത് സഹായകമാകുമെന്ന് മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സ് ഇന്ത്യ ഓപറേഷൻസ് മാനെജിങ് ഡയറക്റ്റർ ഒ. അഷർ പറഞ്ഞു. ലാഭത്തിന്റെ അഞ്ചു ശതമാനം സാമൂഹിക പ്രതിബദ്ധത പദ്ധതികൾക്കായി ചെലവഴിക്കുന്നുണ്ട്. വിദ്യാഭ്യാസം, ആരോഗ്യം, വനിത ശാക്തീകരണം, പാവപ്പെട്ടവർക്കുള്ള പാർപ്പിട നിർമാണം, പരിസ്ഥിതി സംരക്ഷണം എന്നീ മേഖലകളിലാണ് ഈ പണം ചെലവഴിക്കുന്നത്.

തലമുറ മാറ്റം

സാങ്കേതികവിദ്യയിലെ പുരോഗതിക്കനുസരിച്ചു കച്ചവടത്തിലും മാറ്റങ്ങൾ വരുത്തുന്നതിൽ ഒട്ടും പിന്നിലല്ല മലബാർ ഗ്രൂപ്പ്. കോഴിക്കോട് കുറ്റിക്കാട്ടൂരിലെ ആസ്ഥാനമന്ദിരത്തിലിരുന്നാൽ അഹമ്മദിന് 250 കടകളിലെയും വിവരങ്ങൾ അപ്പപ്പോൾ മൊബൈലിൽ അറിയാൻ കഴിയും. മകൻ ഷംലാലും മരുമകൻ അഷറും സജീവമായതോടെ പുതിയ കാലത്തിനനുസരിച്ചു മാറിക്കൊണ്ടിരിക്കുകയാണ് മലബാർ ഗ്രൂപ്പ്.

ഡിജിറ്റൽ ബാങ്കിങ്ങിൽ ഓർക്കണം ഇക്കാര്യം

മുംബൈ: വീട്ടിനുള്ളിൽ നിന്ന് പുറത്തിറങ്ങരുതെന്ന് സർക്കാർ നിർദേശം കർശനമാവുന്നതിനാൽ ഡിജിറ്റൽ ബാങ്കിങ് സേവനങ്ങൾ പരമാവധി ഉപയോഗിക്കാനാണ് റിസർവ് ബാങ്ക് നിർദേശം. എന്നാൽ ഇതിനിടയിൽ ശ്രദ്ധിക്കേണ്ട കാര്യം ഇത്തരത്തിലുള്ള പണമിടപാടുകളുടെ സുരക്ഷയാണ്.

സ്വന്തം ഉത്തരവാദിത്വത്തിൽ മാത്രം നടത്തേണ്ട ഇന്റർനെറ്റ് ഇടപാടുകളുടെ സുരക്ഷയിൽ കൂടുതൽ ജാഗരൂകരാകുക തന്നെ ചെയ്യണം. പ്രത്യേകിച്ച് എന്തെങ്കിലും തട്ടിപ്പിനിരയായാൽ സ്വന്തം ശാഖയിൽ ഇക്കാര്യം അറിയിക്കണമെങ്കിൽ പോലും അവിടെ ഇന്നത്തെ സാഹചര്യത്തിൽ ആളുണ്ടാകുമോ എന്ന കാര്യത്തിൽ ഉറപ്പില്ല. തട്ടിപ്പുകാർക്ക് ഇത് നല്ല കാലമായിരിക്കുമെന്ന ഓർമയുണ്ടായിരിക്കണം.

കൃത്യമായ ഇടവേളകളിൽ പാസ്‌വേഡ് മാറ്റുക

സാമ്പത്തിക തട്ടിപ്പ് തടയാൻ ആദ്യമായി ശ്രദ്ധിക്കേണ്ട കാര്യമാണിത്. നമ്മുടെ ഫോണിൽ ലഭിക്കുന്ന ഒടിപി (വൺ ടൈം പാസ്‌വേഡ്) നമ്പറുകൾ ഒരു കാരണവശാലും കൈമാറരുത്. പാസ്‌വേഡോ മറ്റ് ബാങ്കിങ് വിവരങ്ങളോ ചോദിച്ച് ലഭിക്കുന്ന ഇമെയിൽ, മെസേജുകളോട് പ്രതികരിക്കാതിരിക്കുക. ഒരു ബാങ്കും ധനകാര്യ സ്ഥാപനവും ഇമെയിൽ വഴി ഇത് ആവശ്യപ്പെടാറില്ല. പാസ്‌വേഡ് മാറ്റുമ്പോൾ കഴിയുന്നതും എളുപ്പത്തിലുള്ളത് ഒഴിവാക്കുക. അക്ഷരങ്ങളും അക്കങ്ങളും ഇടകലർത്തി പെട്ടെന്ന് മോഷ്ടിക്കാനാകാത്ത വിധത്തിലുള്ള പാസ്‌വേഡ് ഉണ്ടാക്കുക.

സിസ്റ്റം സുരക്ഷിതമാക്കുക

സിസ്റ്റത്തിൽ വളരെ ആധികാരികമായ ആന്റി വൈറസ് സംവിധാനം മാത്രം ഉപയോഗിക്കുക. അല്ലെങ്കിൽ ഈ വഴിയും ഡാറ്റ ചോരാം. മേൽപ്പറഞ്ഞവ കൂടാതെ അക്കൗണ്ടുകൾ നിരന്തരം പരിശോധിച്ചുകൊണ്ടിരിക്കുക. സംശയകരമായതെങ്കിലും നടന്നു എന്ന് തോന്നിയാൽ ഉടൻ പാസ്‌വേഡ് മാറ്റുകയും വേണം. കൂടാതെ ഫോണിൽ വരുന്ന മെസേജ് അലർട്ടുകൾ നിരീക്ഷിക്കുകയും വേണം. ഇത്രയൊക്കെ ചെയ്താൽ തട്ടിപ്പ് പരമാധി ഒഴിവാക്കാം.

പേടിഎം പറയുന്നു, എന്തു ചെയ്യണം

മുംബൈ: നോട്ട് നിരോധനത്തിന്റെ സമയത്താണ് പേടിഎം എന്ന പേര് ഇന്ത്യക്കാർക്ക് പരിചിതമാവുന്നത്. പ്രതിസന്ധിഘട്ടങ്ങളിൽ എങ്ങനെ വിജയം നേടാം എന്ന് പറയുകയാണ് പേടിഎം സ്ഥാപകൻ വിജയ് ശേഖർ ശർമ്മ.

ഇന്ത്യയിൽ കൊറോണ വൈറസ് ഭീതി അടുത്ത ഒരു മാസമെങ്കിലും തുടരും. സ്വയം പ്രതികൂല സാഹചര്യങ്ങളുമായി ഇണങ്ങിച്ചേർന്ന നിങ്ങളുടെ സീനിയർ ടീം അംഗങ്ങളുമായി ചേർന്ന് ഫിനാൻഷ്യൽ കാര്യങ്ങൾ ചർച്ച ചെയ്യാനുമുള്ള സമയമായി ഇതിനെ മാറ്റിയാൽ വിജയത്തിലേക്ക് നീങ്ങാൻ പറ്റും.

1. വിത്തെടുത്ത് കുത്തരുത്

വിത്തെടുത്ത് കുത്തരുത്, അതാണ് ഓർക്കേണ്ടത്. എത്ര വലിയ പ്രതിസന്ധികൾ വന്നാലും ക്യാപ്പിറ്റലിൽ തൊടരുത്. ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്ന മൂലധനമെടുത്ത് റിസ്ക് എടുക്കാനുള്ള സമയമല്ല. ചെലവുകൾ സൂക്ഷ്മമായി നിരീക്ഷിക്കുകയും വിവേകത്തോടെ നിക്ഷേപിക്കുകയും ചെയ്യണമെന്ന് അദ്ദേഹം ഓർമ്മിപ്പിക്കുന്നു. 'നിങ്ങളുടെ ബിസിനസിന് നേരിട്ട് ഒരു പ്രയോജനവും ചെയ്യാത്ത ഒരു കാര്യത്തിന് വേണ്ടിചെലവഴിക്കരുത്.'

2. ക്യാഷ് ഫ്ളോ

പ്രധാന ചുമതല ഫിനാൻസ് വിഭാഗത്തിനാണ്. പ്രൊഡക്റ്റ് ഉണ്ടാക്കുന്നവരല്ല ഈ സമയം തല പുകയ്ക്കേണ്ടത്. അവർ തങ്ങളുടെ ഉത്പന്നം നിലവിലെ വിപണിക്ക് അനുസരിച്ച് ഇറക്കിയാൽ മതി. എന്നാൽ കണക്കുകൾ കൈകാര്യം ചെയ്ത് ക്യാഷ് ഫ്ളോ നോക്കുന്നവർ വരുമാനത്തിനൊപ്പം അഡ്മിനിസ്ട്രേഷൻ, ജീവനക്കാർ, ഇൻവെസ്റ്റ്മെന്റ്, സെയിൽസ്, ഓപ്പറേഷണൽ തുടങ്ങിയ മേഖലകളിലെ ചെലവുകൾ കണക്കാക്കുക. ബജറ്റിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയാണ് ഇങ്ങനെ ചെയ്യുന്നതിന്റെ ലക്ഷ്യം. വരുമാനത്തെ കാര്യമായി ബാധിക്കുന്ന അടുത്ത് രണ്ട്-മൂന്ന് മാസങ്ങൾ എങ്ങനെ മുന്നോട്ടുപോകുമെന്ന് പ്ലാൻ ചെയ്യണം. കൃത്യമായ ഒരു ക്യാഷ് ഫ്ളോ പ്ലാൻ ചെയ്യാൻ മറക്കരുത്.

3. ബിസിനസ് മുന്നോട്ടുപോണം

ഈ ബിസിനസ് ഇപ്പോഴും പ്രവർത്തനക്ഷമമായി തുടരണം. ബിസിനസ് തുടർച്ചയും കാര്യക്ഷമമായ മാനെജ്മെന്റും ഉറപ്പാക്കാൻ ചില റിമോട്ട് ടൂളുകൾ നിങ്ങളുടെ ബിസിനസിൽ ഉപയോഗിക്കേണ്ടിവരും.

ഇതുവരെ നാം സ്വീകരിച്ചിട്ടില്ലാത്ത മാർഗങ്ങൾ അവലംബിക്കാനും ബിസിനസിന് വേണ്ടി പുതിയ കാര്യങ്ങൾ പഠിക്കാനുമുള്ള സമയമായി ഇതിനെ കാണണം.

ഡിജിറ്റൽ ഇടപാട് വേണമെന്ന് ആർബിഐ ഗവർണർ

ന്യൂഡൽഹി: കൊവിഡ്-19 വൈറസ് ബാധയുടെ പശ്ചാത്തലത്തിൽ ഡിജിറ്റൽ ഇടപാടുകൾ പ്രോത്സാഹിപ്പിക്കണമെന്ന് ആർബിഐ ഗവർണർ ശക്തികാന്ത ദാസ്. ആർബിഐ പുറത്തിറക്കിയ വിഡിയോയിലാണ് ഇക്കാര്യം ആവശ്യപ്പെടുന്നത്. മോശം സമയത്തിലൂടെയാണ് നമ്മൾ കടന്നു പോകുന്നത്. ഈയൊരു സാഹചര്യത്തിൽ മുൻകരുതലെടുക്കാൻ നാം ബാധ്യസ്ഥരാണ്. ഇതിനായി എല്ലാ ഇടപാടുകളും ഡിജിറ്റലായി നടത്തണം. ഡെബിറ്റ്, ക്രെഡിറ്റ് കാർഡ് ഇടപാടുകളെല്ലാം ഡിജിറ്റലായി നടത്തണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

ലോക്ക് ഡൗണില്ല; ബാങ്ക് ലയനത്തിന്

ന്യൂഡൽഹി: കൊവിഡ് ആക്രമണം ഉണ്ടെങ്കിലും നാളെ ഇന്ത്യയിലെ പത്ത് പൊതുമേഖലാ ബാങ്കുകളുടെ ലയനം നടപ്പിലാകും. കൊറോണയും ലോക്ക്ഡൗണും കാരണം ലയനം നീട്ടിവച്ചേക്കുമെന്ന് കരുതിയിരുന്നെങ്കിലും ലയനം പൂർണമായും നടപ്പിലാക്കുമെന്നാണ് റിസർവ് ബാങ്ക് ഇപ്പോൾ വ്യക്തമാക്കിയിരിക്കുന്നത്.

ഓറിയനൽ ബാങ്ക് ഒഫ് കൊമേഴ്സും യുണൈറ്റഡ് ബാങ്ക് ഒഫ് ഇന്ത്യയും പഞ്ചാബ് നാഷണൽ ബാങ്കിൽ ലയിക്കും. സിൻഡിക്കേറ്റ് ബാങ്ക് കനറാ ബാങ്കിന്റെയും അലഹബാദ് ബാങ്ക് ഇന്ത്യൻ ബാങ്കിന്റെയും ഭാഗമാകും. ആന്ധ്ര ബാങ്കും കോർപ്പറേഷൻ ബാങ്കും യൂണിയൻ ബാങ്ക് ഒഫ് ഇന്ത്യയിൽ ലയിക്കും.

കൊറോണ പടരുന്ന സാഹചര്യത്തിൽ ലയനം നടക്കുമോ എന്ന ആശങ്ക പലരും മുന്നോട്ടുവെച്ചിരുന്നു. എന്നാൽ ലയനം പൂർണമായും നടപ്പിലാക്കാനുള്ള നടപടിക്രമങ്ങൾ നടക്കുകയാണ്. ലയനം പൂർണമായും നടപ്പിലാക്കുന്നതോടെ രാജ്യത്തെ പൊതുമേഖലാ ബാങ്കുകളുടെ എണ്ണം 12 ആയി ചുരുങ്ങും.

ബാങ്കിങ് മേഖലയിലെ ജീവനക്കാരുടെ എണ്ണത്തിൽ കുറവ് വരുത്താനും, ചിലവുകൾ കുറയ്ക്കാനും ലയനത്തിലൂടെ സാധ്യമാകും. മാർച്ച് നാലിനാണ് കേന്ദ്രസർക്കാർ 10 പൊതു മേഖലാ ബാങ്കുകളുടെ ലയനം സംബന്ധിച്ച് വിജ്ഞാപനമിറക്കിയത്. രാജ്യത്തെ ബാങ്കുകളുടെ എണ്ണം കുറച്ച്, വൻകിട ബാങ്കുകൾ സൃഷ്ടിക്കുകയാണ് ലയനത്തിന്റെ ലക്ഷ്യം.

2017ഏപ്രിൽ ഒന്നിനാണ് സ്റ്റേറ്റ് ബാങ്ക് ഒഫ് ഇന്ത്യയിൽ അഞ്ച് അനുബന്ധ ബാങ്കുകളും മഹിളാ ബാങ്കുകളും ലയപ്പിച്ചത്. അതിനുശേഷം നടക്കുന്ന വലിയ ലയനമാണിത്.

സ്വർണം
30,640

വെളിച്ചെണ്ണ : മില്ലിങ്	16,900	മുതിര	4000
വെളിച്ചെണ്ണ	15,500	എള്ള്	14,000- 15,000
കൊപ്ര	10,390-11,200	മല്ലി	7600-19,000
പിണ്ണാക്ക് എക്സ്പെല്ലർ	2400	പച്ചരി നമ്പർ 2	2600-3400
പിണ്ണാക്ക് റോട്ടറി	3100	പുഴുക്കലരി (ജയ)	3400- 3500
കുരുമുളക് അൺഗാർബിൾഡ്	29,800		
പുതിയ കുരുമുളക്	28,800	ജാതിക്ക തൊണ്ടൻ (കിലോ)	200-240
കുരുമുളക് ഗാർബിൾഡ്	31,800	ജാതിക്ക തൊണ്ടില്ലാത്തത് (കിലോ)	400-450
ചുക്ക് മീഡിയം	26,500		
ചുക്ക് ബെസ്റ്റ്	27,500	ജാതിപത്രി മഞ്ഞ-ചുവപ്പ് (കിലോ)	1000- 1300
മഞ്ഞൾ നാടൻ	ഇല്ല		
സേലം - ഈറോഡ്	7200-7600	ഗ്രാമ്പൂ (കിലോ)	550
കാഞ്ഞിരക്കുരു	1850		
അടയ്ക്ക ന്യൂ	24,000- 25,000	റബർആർ എസ് എസ് 5 ഗ്രേഡ്	11,200-11,700
അടയ്ക്ക ഓൾഡ്	25,000- 26,000		
പഞ്ചസാര	3620	റബർആർ എസ് എസ് 4 ഗ്രേഡ്	12,000
മുളക്	15,000-27,000	ഒട്ടുപാൽ	7500
ഉഴുന്ന്	9,000-10,000	ലാറ്റക്സ്	7,500
ചെറുപയർ	9500-10,500	സ്വർണം	30,640
കടല	5100-6300	പാം ഓയിൽ	7450

വീട് ഓഫീസ് ആകുമ്പോൾ

ധൻഗുരു

കൊച്ചി: മലയാളികളായ ടെക്കികൾക്കല്ലാതെ മറ്റാർക്കും വർക്ക് ഫ്രം ഹോം അത്ര പരിചതയമായ ഒന്നല്ല. വീട് ജോലി സ്ഥലമാകുമ്പോൾ തൊഴിലാളികൾ സ്വീകരിക്കേണ്ട ചില മര്യാദകളും മുൻ കരുതലുകളുമുണ്ട്. നമ്മുടെ ജോലി തീർക്കുന്നതിനപ്പുറം പ്രതിസന്ധികാലത്ത് കമ്പനിക്കുവേണ്ടി എന്തു ചെയ്യാൻ സാധിക്കും എന്നുള്ളത് പ്രധാനമാണ്. അതിനപ്പുറം സാങ്കേതികമായി പല കാര്യങ്ങളും അനുസരിക്കേണ്ടതുണ്ട്. അതാണ് ധൻഗുരു ഇന്ന് പരിശോധിക്കുന്നത്.

സേവ് ചെയ്യുമ്പോൾ

ഓഫിസുമായി ബന്ധപ്പെട്ട വിവരങ്ങൾ വ്യക്തിഗത ഇ-മെയിലിലും ഗൂഗിൾ ഡ്രൈവിലും സേവ് ചെയ്യുന്നത് അബദ്ധത്തിൽ ഡാറ്റ ചോരാൻ ഇടയാക്കാം. നിങ്ങൾക്കും കമ്പനിക്കും അപകടരമായ പ്രത്യാഘാതങ്ങൾ ഇതുണ്ടാക്കും.

വിപിഎൻ സേവനം

കൂടുതൽ പേർ വീട്ടിലിരുന്ന ജോലി ചെയ്യാൻ തുടങ്ങിയതോടെ ഹാക്കർമാർ റാൻസംവെയർ ഉപയോഗിച്ച് ഓഫിസ് സിസ്റ്റങ്ങളെ ലോക്ക്ഡൗൺ ചെയ്യാൻ ഇപ്പോൾ ലക്ഷ്യമിടുന്നത് ഹോം നെറ്റ്‌വർക്കുകളെയാണ്. ഇവയെ ഹാക്കർമാരിൽ നിന്നു സംരക്ഷിക്കാൻ ഒരു വിപിഎൻ സർവീസ് ഉപയോഗിക്കുന്നത് നന്നായിരിക്കും.

ലാപ്ടോപ്

നിങ്ങൾ ഉപയോഗിക്കാത്തപ്പോൾ ഓഫിസ് ലാപ്ടോപ്പ് നിർബന്ധമായും ലോക്ക് ചെയ്യാൻ ഓർമിക്കണം. ഇല്ലെങ്കിൽ വീട്ടിൽ കുട്ടികളുണ്ടെങ്കിൽ അവർ സഹപ്രവർത്തകർക്കു വിഡിയൊ കോൾ ചെയ്യുകയോ ബോസിന് ഇ-മെയിൽ അയക്കുകയോ ഒക്കെ ചെയ്തെന്നിരിക്കും.

ബ്രൗസർ

ഓഫിസ് ജോലിക്കും വ്യക്തിഗത ഇന്റർനെറ്റ് പരതലിനും ഒരു ബ്രൗസർ തന്നെ ഉപയോഗിക്കരുത്. നിങ്ങളുടെ സേർച്ച് റിസൽട്ടുകൾ ഓഫിസ് മെയിലുകളിൽ പരസ്യ ശുപാർശകളായി അവതരിക്കുന്നത് ചിലപ്പോൾ ചമ്മൽ ഉളവാക്കാം.

സാമൂഹിക മാധ്യമം

വീട്ടിലെ നിങ്ങളുടെ ജോലിസ്ഥലത്തിന്റെ ഫോട്ടൊയെടുത്തു സാമൂഹിക മാധ്യമങ്ങളിൽ പോസ്റ്റ് ചെയ്യാതിരിക്കാൻ ശ്രദ്ധിക്കണം. ഓഫിസ് ജോലിയുടെയും സിസ്റ്റങ്ങളുടെയും ചിത്രങ്ങൾ വെളിപ്പെടുത്തുന്നതിൽ പല കമ്പനികൾക്കും കർശനമായ നയങ്ങൾ ഉണ്ടായെന്നു വരാം. ഇത്തരം ചിത്രങ്ങളിലെ ലാപ്ടോപ്പ് സ്ക്രീനിലൂടെ ചിലപ്പോൾ നിങ്ങളുടെ കമ്പനിയുമായി ബന്ധപ്പെട്ട നിർണായക വിവരമായിരിക്കും നിങ്ങൾ അറിയാതെ വെളിപ്പെടുത്തുക.

ജോലിയുമായി ബന്ധപ്പെട്ട് സാമൂഹിക മാധ്യമ അക്കൗണ്ടുകൾ ഉപയോഗിക്കുന്നവരാണെങ്കിൽ ഒരിക്കലും വ്യക്തിഗത സാമൂഹിക മാധ്യമ അക്കൗണ്ടുകളും വർക്ക് അക്കൗണ്ടുകളും ഒരേ ബ്രൗസറിൽ എടുക്കാതിരിക്കുക. നിങ്ങളുടെ വ്യക്തിഗത താത്പര്യങ്ങളും കമ്പനി താത്പര്യങ്ങളും വ്യത്യസ്തമായിരിക്കാം. സാമൂഹിക മാധ്യമങ്ങളിൽ നിങ്ങൾ നൽകുന്ന ലൈക്കും കമന്റും അബദ്ധത്തിൽ ഒഫീഷ്യൽ ഹാൻഡിലിൽ നിന്നായാൽ അതു ചിലപ്പോൾ വലിയ പ്രത്യാഘാതമുണ്ടാക്കാം.

മേനി നടിക്കണ്ട

നിങ്ങളുടെ വീട്ടിലിരുന്നുള്ള ജോലിയുടെ വിശദാംശങ്ങളും സാമൂഹിക മാധ്യമങ്ങളിൽ വെളിപ്പെടുത്തരുത്. സാമൂഹിക മാധ്യമങ്ങളിൽ ചാറ്റു ചെയ്യുമ്പോഴും കമന്റിടുമ്പോഴും ജോലിയുമായി ബന്ധപ്പെട്ട ഇത്തരം കാര്യങ്ങൾ വെളിപ്പെടുത്തുന്നത് ഒഴിവാക്കണം.

ലാപ്ടോപ്പ് കൈമാറരുത്

നിങ്ങളുടെ ലാപ്ടോപ്പ് ജോലിക്കായി മാത്രം ഉപയോഗിക്കുക. നിങ്ങളുടെ പങ്കാളിയെയോ കുട്ടികളെയോ അത് ഉപയോഗിക്കാൻ അനുവദിക്കാതിരിക്കുക.

ഒരുമിച്ച് വേണ്ട

ജോലിയുമായി ബന്ധപ്പെട്ട ഫോൾഡറും വ്യക്തിഗത ഫോൾഡറുകളും വേർതിരിച്ചു മാറ്റിയിടുക. നിങ്ങളുടെ ഓഫിസ് സിസ്റ്റത്തിൽ വ്യക്തിപരമായ ഫയലുകൾ സൂക്ഷിക്കരുത്. കമ്പനിയുടെ ഐടി വകുപ്പിന് അവയെല്ലാം നോക്കാൻ ചിലപ്പോൾ അനുമതി ഉണ്ടായേക്കാം.

ലോക്ക് ഡൗണിലും ഷാനിമോൾ ഓൺ ഡ്യൂട്ടി

പി.ബി. ബിച്ചു

ആലപ്പുഴ: 'ലോകത്തെയാകെ മുക്കിക്കളയാൻ കെൽപ്പുള്ള ഒരു മഹാമാരി, അത് കേരളത്തിലേക്കും പടർന്നുകൊണ്ടിരിക്കുമ്പോൾ ഒരു പൊതുപ്രവർത്തകയായ ഞാൻ എങ്ങനെയാണ് സമാധാനത്തോടെ വീട്ടിലിരിക്കുക.'' രാജ്യമാകെ ലോക്ഡൗൺ പ്രഖ്യാപിച്ച് ജനങ്ങളെല്ലാം വീട്ടിലിരിക്കുമ്പോഴും അരൂർ എംഎൽഎ ഷാനിമോൾ ഉസ്മാൻ ഓൺ ഡ്യൂട്ടിയിലാണ്.

ജനപ്രതിനിധിയെന്ന നിലയിൽ തനിക്കും ഒരുപാട് കാർത്തവ്യങ്ങളുണ്ട്. 24 മണിക്കൂറും പ്രവർത്തിക്കുന്ന ആരോഗ്യ പ്രവർത്തകർ. അവർക്ക് വേണ്ട സഹായം ഉറപ്പിക്കാനാണിപ്പോൾ ശ്രമം. മൂന്ന് പതിറ്റാണ്ടിലേറെയായി പൊതുപ്രവർത്തനരംഗത്ത് നിൽക്കുന്ന ആളെന്ന നിലയിൽ സമൂഹത്തിൽ നടക്കുന്ന പ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് പഠിക്കാനും അതിലിടപെടാനും എന്നും ശ്രമിച്ചിട്ടുണ്ട്. അതുകൊണ്ട് തന്നെ രോഗം വന്നവർക്കൊപ്പം കഴിയുന്ന ഹെൽത്ത് ഡിപ്പാർട്ട്മെന്റിലെ സ്റ്റാഫുകൾക്ക് വേണ്ട ആവശ്യങ്ങൾ അന്വേഷിച്ച് അത് നടത്തിക്കൊടുക്കുന്നത് തന്റെ ചുമതലയായി കണ്ടാണിപ്പോൾ നടത്തുന്ന ഇടപടലുകൾ- ഷാനിമോൾ മെട്രൊ വാർത്തയോട് പറഞ്ഞു.

ആലപ്പുഴയിൽ നിന്നും അരൂർ മണ്ഡലത്തിലെ കുത്തിയതോട്ടിലേക്ക് മാറിയാണിപ്പോൾ താമസമെങ്കിലും ഇപ്പോൾ വീട്ടിലിരിക്കാറില്ല. രാവിലെ മുതൽ മണ്ഡലത്തിലെ ചെറുതും വലുതുമായ പോരായ്മകൾ പരിഹരിക്കാനുള്ള ഓട്ടത്തിലാണ്. ഡിഎംഒയുടെ ശ്രദ്ധയിൽപ്പെടുത്തേണ്ട കാര്യങ്ങളും കലക്റ്ററുമായുള്ള ചർച്ചയും പ്ലാനിങ് ഓഫീസറുമായി കോഡിനേറ്റ് ചെയ്യേണ്ട കാര്യങ്ങളും തുടങ്ങി എന്നും കൃത്യമായി അവലോകനം നടത്തിയിട്ടാണ് രാത്രി വിശ്രമിക്കാറുള്ളത്. നിരീക്ഷണത്തിൽ കഴിയുന്നവർക്ക് ഒരു കുറവും ഉണ്ടാവരുത്. മറ്റ് അസുഖങ്ങളുമായെത്തുന്നവർക്ക് ചികിത്സ കിട്ടാത്ത അവസ്ഥയുമുണ്ടാകരുത്.

തുറവൂർ താലൂക്ക് ആശുപത്രി കേന്ദ്രീകരിച്ചാണ് പ്രവർത്തനം. പഞ്ചായത്തിലുള്ള പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളും സന്ദർശിക്കും. 10 കേന്ദ്രങ്ങളുള്ളതിനാൽ ഓരോ ദിവസവും കഴിയാവുന്നത്ര പിഎച്ച്സികളിലെത്താണ് ശ്രമം. ഇന്നലെ പള്ളിത്തോട് പിഎച്ച്സിയിൽ നഴ്സുമാർക്ക് എത്താനുള്ള വാഹന സൗകര്യമില്ലെന്നും സ്വന്തം വാഹനങ്ങളിലെത്തുമ്പോൾ പൊലീസ് തടയുന്നതടക്കം പ്രശ്നങ്ങൾ പറഞ്ഞു. അവിടെ വാഹന സൗകര്യം ഏർപ്പെടുത്തി. മറ്റൊരിടത്ത് ഫാർമസിസ്റ്റില്ല എന്നതായിരുന്നു പ്രശ്നം. ഇതിനെല്ലാം ഉടൻ പരിഹാരം കാണാൻ കഴിഞ്ഞത് അതതു സ്ഥലങ്ങളിലെത്തി അന്വേഷിക്കുന്നതിനാലാണ്.

രോഗത്തിന്റെ ഗൗരവമൊന്നും അറിയാത്ത സാധാരണക്കാർ പലരും റോഡിലിറങ്ങുന്നു. ഇവർക്കും യാത്രാനിരോധനം ലംഘിച്ച് അനാവശ്യമായി റോഡിലിറങ്ങുന്നവർക്കുമൊക്കെ ബോധവത്കരണം നടത്താൻ പൊലീസിനൊപ്പം ഞാനും ഇറങ്ങാറുണ്ട്. സാനിറ്റൈസർ ഉപയോഗിച്ച് കൈകൾ ശുദ്ധീകരിച്ചും മാസ്ക് ധരിച്ചുമൊക്കെയാണ് യാത്രകൾ. വീട്ടിലിരിപ്പല്ല, ദിവസേന ഇത്തരം പരാതി പരിഹാരവും ബോധവത്കരണവുമൊക്കെയാണ് എന്റെ ലോക്ക്ഡൗൺ ഡെയ്സ്- ഷാനിമോൾ പറഞ്ഞു.

അനാവശ്യമായി റോഡിലിറങ്ങുന്നവർക്ക് ബോധവത്കരണം നൽകാൻ കഴിഞ്ഞ ദിവസം പൂച്ചാക്കൽ സ്റ്റേഷന് മുന്നിൽ പൊലീസിനൊപ്പം ഷാനിമോൾ ഉസ്മാൻ എംഎൽഎ.

വാഹ്... ഫ്ലർ ജൈസാ..!

ആലപ്പുഴ അമ്പലപ്പുഴ കെ.കെ. കുഞ്ചുപിള്ള സ്കൂളിൽ ഇതര സംസ്ഥാന തൊഴിലാളികൾക്കായി ആരംഭിച്ച കമ്മ്യൂണിറ്റി കിച്ചണിൽ നിന്ന് ഭക്ഷണം വാങ്ങി പോകുന്ന ബാലൻ..!

കുഞ്ഞാപ്പുവും കുട്ടി ദിനോസറും

കണക്കുകൂട്ടൽ തെറ്റിച്ച് റിച്ചി

അങ്ങനെ കട്ടിലിനടിയിൽ ഒരു വിധം ചുരണ്ടുകൂടി ഉറങ്ങിയ കുട്ടി ദിനോസർ രാവിലെ ഉറക്കമുണർന്നിട്ടില്ല.

പക്ഷെ, കുഞ്ഞാപ്പു നേരത്തേ തന്നെ ചാടിയെഴുന്നേറ്റു. ചേട്ടനോ ചേച്ചിയോ മുറിയിൽ വരുന്നതിന് മുമ്പുതന്നെ പുറത്തിറങ്ങി ഒരു വിഹഗവീക്ഷണം തന്നെ നടത്തി. അമ്മ രാവിലെ അടുക്കളയിലാൺ.

കൊറോണ കാരണം എല്ലാവർക്കും അവധി പ്രഖ്യാപിച്ചപ്പോൾ പാവം അമ്മയുടെ പണി ഇരട്ടിയായി. അച്ഛൻ പത്രത്തിൽ മുഴുവൻ അരിച്ചുപെറുക്കുകയാണ്, തിണ്ണയിലിരുന്ന്. കട്ടൻ കാപ്പി തണുക്കുമ്പോൾ അമ്മയെ നീട്ടി വിളിക്കും. വാർത്തയുടെ ചൂടിന് ഒപ്പിച്ച് ചൂടു കാപ്പി വന്നുകൊണ്ടേയിരിക്കണം. അതാണ് രീതി.

ചേട്ടൻ മുറിയിൽ പുതപ്പിനുള്ളിൽ പൂണ്ടു കിടക്കുകയാണ്. ചേച്ചിയുടെ മുറിയും തുറന്നിട്ടില്ല. ആ കപ്പാടെ സംഗതി വലിയ കുഴപ്പമില്ല.

'എന്താടാ ഇന്ന് നേരത്തേ...' - പിന്നിൽ അമ്മയുടെ ശബ്ദം കേട്ടപ്പോൾ ഒന്നു ഞെട്ടി.

'നീ നേരത്തേ ഉണർന്നതു നന്നായി. ഇന്ന് മുറിയൊക്കെ ഒന്നു അടിച്ചുവാരി വൃത്തിയാക്കണം, ഒരാഴ്ച്ചകഴിഞ്ഞു നാണിത്തള്ള വന്നിട്ട്'.

നാണിയമ്മൂമ്മയാണ് വീട്ടിലെ തൂക്കലും തുടയ്ക്കലും.

'അയ്യോ!'

കുഞ്ഞാപ്പു അറിയാതെ നിലവിളിച്ചു പോയി.

'ന്താടാ ഒരു നെലോളി"

അവൻ പെട്ടന്ന് മുറിയിലേക്കോടിക്കയറി. പെട്ടെന്ന് വാതിലിനു പിന്നിൽ നിന്ന് പിങ്കിപ്പൂച്ച പുറത്തേക്ക് ചാടി ഓടുന്നു.

ദൈവമേ, പിങ്കിയെങ്ങാൻ കുട്ടി ദിനോസറിനെ മാന്തിപ്പിച്ചു കാണുമോ?

കുഞ്ഞാപ്പു മുറിയിൽക്കയറിയതിനു പിന്നാലെ അമ്മയും ചൂലുമായെത്തി.

പാവം. കുഞ്ഞാപ്പു നിന്നു വിറച്ചു.

'ന്താടാ ചെക്കാ രാവിലെ മുതൽ ഒരു ചുറ്റിക്കളി. വേഗം ചെന്ന് ബ്രഷ് ചെയ്യ്, പൊക്കൊ മുറിയൊക്കെ അലങ്കോലമാണല്ലോടാ'.

നിന്നു വിറയ്ക്കുകയാണ് കുഞ്ഞാപ്പു. ഇടയ്ക്ക് കട്ടിലിനടിയിലേക്ക് നോക്കുന്നുണ്ട്. പുതപ്പ് താഴെ വരെ മൂടിക്കിടക്കുന്നതു കൊണ്ട് ഒറ്റനോട്ടത്തിൽ മനസിലാവില്ല. പക്ഷെ അമ്മയെ പുറത്തേക്കിറക്കാൻ എന്തു വഴി? എന്തെങ്കിലും കടന്ന കൈ ചെയ്താലെ രക്ഷയുള്ളു. കുഞ്ഞാപ്പു ഒറ്റക്കുതിക്കൽ പുറത്തേക്ക്. വർക്ക് ഏരിയയുടെ പിന്നിലാണ് റിച്ചി കിടക്കുന്നത്. നമ്മുടെ സാക്ഷാൽ റിച്ചാർഡ് പാർക്കർ. അവന്റെ ചങ്ങല പെട്ടെന്നഴിച്ചു. റിച്ചി ഒറ്റക്കുതിപ്പിന് മുറ്റത്തെത്തി. വരാന്തയിലിരിക്കുന്ന അച്ഛൻ ഉച്ചത്തിൽ വിളിച്ചു കൂവി. ബഹളം കേട്ട് ചേച്ചിയും പുറത്തേക്കോടി.

വിചാരിച്ച പോലെ കാര്യം നടന്നു. അമ്മ ചൂലും മുറിയിലെറിഞ്ഞ് മുൻവശത്തെ വരാന്തയിലെത്തി.

റിച്ചി മുറ്റത്ത് മുൻകാലുകൾ രണ്ടും നീട്ടി ഒരു പ്രത്യേക പോസിൽ നിൽക്കുകയാണ്.

"ആരാ ഇവനെ അഴിച്ചുവിട്ടത്" എന്ന് അച്ഛൻ അലറുന്നുണ്ട് അമ്മ, "വാടാ ഇവിടെ"യെന്ന് വിളിച്ചുകൂവുന്നുണ്ട് ആകെ ബഹളമയം.

റിച്ചി മൂക്കു വിറപ്പിച്ച് എന്തോ മണം പിടിക്കുന്നു. അവന്റെ കണ്ണുകൾ വിടർന്നു. എല്ലാ പ്രതീക്ഷകളേയും തകിടം മറിച്ചുകൊണ്ട് റിച്ചി കുതിച്ചൊരു ചാട്ടം. വരാന്തയിൽ നിലം തൊടാതെ അവൻ ഹാളിൽ കയറിയതും, ഏതോ ഒരു ഹനുമാൻ ശക്തി ആവാഹിച്ച പോലെ കുഞ്ഞാപ്പു അടുക്കള വാതിൽക്കൽ നിന്ന് ഹാളിന്റെ മധ്യത്തിലെത്തി തെന്നിപ്പറന്ന് തന്റെ മുറിയുടെ വാതിൽ പുറമേ നിന്ന് വലിച്ചടച്ചതും ഒന്നിച്ചുകഴിഞ്ഞു.

റിച്ചി വാതിലിനു മുകളിൽ മുൻകാൽ രണ്ടുമുയർത്തി ആക്രാന്തത്തോടെ മാന്തിക്കൊണ്ടിരുന്നു. അകത്തുള്ളതിന്റെ മണം അവന് കിട്ടിയിരിക്കുന്നു!

അപ്പോഴേക്കും അച്ഛനും അമ്മയും പിന്നാലെയെത്തി. കുഞ്ഞാപ്പുവിനെ അച്ഛൻ പിടിച്ചു പിന്നോട്ടു മാറ്റി. എന്നിട്ട് റിച്ചിയുടെ കഴുത്തിലെ ബെൽറ്റിൽ പിടിമുറുക്കി.

ഡാ.... സിറ്റ്!

അച്ഛന്റെ ആജ്ഞ!

റിച്ചി മര്യാദക്കാരനായി.

അച്ഛന്റെ നോട്ടം കുഞ്ഞാപ്പുവിന് നേരെയായി....

(കുഞ്ഞാപ്പുവിന്റെ പദ്ധതി പൊളിഞ്ഞോ?- അത് നാളെ)

ഈ കഥയിൽ ചോദിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം അയക്കേണ്ട വാട്ട്സ് ആപ് നമ്പർ - 73040 41234

പാചകം മുഖ്യം, കൂട്ടത്തിൽ പുതിയ നോവൽ

വീടിനുള്ളിലിരിക്കാൻ നിർദേശിക്കപ്പെട്ട മൂന്നാഴ്ച്ചക്കാലം പ്രമുഖരായ എഴുത്തുകാർ, കലാകാരന്മാർ, സാമൂഹിക പ്രവർത്തകർ എന്തു ചെയ്യുന്നു എന്ന ഒരു അന്വേഷണമാണ് ഈ പംക്തി.

ബെന്യാമിൻ

സുരക്ഷാ നിർദേശങ്ങൾ അക്ഷരംപ്രതി അനുസരിക്കാൻ തയാറാണ് പ്രശസ്ത നോവലിസ്റ്റ് ബെന്യാമിൻ. അതുകൊണ്ട് ഇനിയുള്ള മൂന്നാഴ്ച വീട്ടിൽ സ്വസ്ഥം.

''ഞാൻ അല്ലെങ്കിലും വീട്ടിൽത്തന്നെ ഇരിക്കുന്ന ശീലമുള്ളയാളാണ്. അതുകൊണ്ട് ഇപ്പോഴത്തെ സാഹചര്യത്തിന് പുതുമയൊന്നുമില്ല''.

ചെങ്ങന്നൂരിനും പന്തളത്തിനുമിടയ്ക്ക് കുളനട ജംക്ഷനിൽ നിന്ന് വെണ്മണിയിലൂടെ മാവേലിക്കരയിലേക്കു പോകുമ്പോൾ ഒരു കിലോമീറ്റർ അകലെ ആലേക്കുമണ്ണിൽ എന്നൊരു നാലും കൂടിയ മുക്ക്. അതിന് 500 മീറ്റർ തെക്കു മാറിയാണ് ബെന്യാമിന്റെ മണ്ണിൽ പുത്തൻവീട്.

ബെന്യാമിൻ ഈ ദിവസങ്ങളിൽ പ്രധാനമായും പാചകത്തിന് വേണ്ടി മറ്റിവയ്ക്കുന്നു എന്നതാണ് പ്രത്യേകത.

താല്പര്യമുള്ള ചില വിഭവങ്ങൾ പരീക്ഷിക്കണം എന്നു പറഞ്ഞപ്പോൾ സ്വാഭാവികമായും ഒരു ചോദ്യം ഉയരും, അപ്പോൾ എഴുത്ത് എന്തെങ്കിലും ഉണ്ടാവില്ലേ?

'മുൻപ് ആലോചിച്ചു വച്ച ഒരു കഥയുടെ വർക്കിലാണിപ്പോൾ'.

ആടുജീവിതം മുതൽ എഴുതി വച്ച പ്രവാസ ജീവിതത്തിന്റെ ഒരു തുടർച്ചയായി വരുന്ന കുറേ സംഭവങ്ങളാണ് മനസിലുള്ളതെന്ന് എഴുത്തുകാരൻ പറയുന്നു.

തീർച്ചയായും അതൊരു പുതിയ അനുഭവം വായനക്കാർക്കു നൽകുമെന്നാണ് ബെന്യാമിൻ കരുതുന്നത്.

''ദൈവത്തിന്റെ വലംകൈ'' എന്നാണ് ഹീബ്രു ഭാഷയിൽ ബെന്യാമിൻ എന്ന വാക്കിനർഥം.

ബെന്നി ഡാനിയേൽ എന്നേതിനു പകരം ഈ പേര് സ്വീകരിച്ചപ്പോൾ ആ വലം കൈ പൊന്നായി. ആ കൈയിലേക്ക് ഇന്ത്യയിലെ ഏറ്റവും സമ്പന്നമായ ജെസിബി സാഹിത്യപുരസ്കാരം (25 ലക്ഷം രൂപ) വന്നു.

മലയാള നോവൽ സാഹിത്യത്തെ ജനകീയമാക്കുന്നതിലും വായന ഒരാഘോഷമാക്കുന്നതിലും പ്രധാന പങ്കു വഹിച്ച എഴുത്തുകാരിൽ ഒരാളാണ് ബെന്യാമിൻ. ആടുജീവിതം, അക്കപ്പോരിന്റെ 20 നസ്രാണിവർഷങ്ങൾ, അബീശഗിൻ, അൽ അറേബ്യൻ നോവൽ ഫാക്റ്ററി, മുല്ലപ്പൂനിറമുള്ള പകലുകൾ, മഞ്ഞവെയിൽ മരണങ്ങൾ, പ്രവാചകന്മാരുടെ രണ്ടാം പുസ്തകം, മാന്തളിരിലെ 20 കമ്മ്യൂണിസ്റ്റ് വർഷങ്ങൾ തുടങ്ങിയ നോവലുകളിലൂടെയും ഇഎംഎസും പെൺകുട്ടിയും എന്നതടക്കമുള്ള കഥകളിലൂടെയും അദ്ദേഹം ജനമനസിൽ ഇടംപിടിച്ചു.

ആലേക്കുമണ്ണിൽ എന്ന സ്ഥലപ്പേരിന് ബെന്യാമിന്റെ കുടുംബപ്പേരുമായി ബന്ധമുണ്ട്. പ്ലാവുനിൽക്കുന്ന മണ്ണിൽ, കാഞ്ഞിരമണ്ണിൽ, കിളന്ന മണ്ണിൽ, ആലുനിൽക്കുന്ന മണ്ണിൽ, ചാക്കോള മണ്ണിൽ എന്നിങ്ങനെ അഞ്ച് സഹോദര കുടുംബങ്ങളാണ് ഈ ഭാഗത്തുണ്ടായിരുന്നത്. ആലുനിൽക്കുന്നമണ്ണാണ് ആലേക്കുമണ്ണായി ലോപിച്ചത്. പ്ലാവുനിൽക്കുന്ന മണ്ണിലാണ് ബെന്യാമിന്റെ കുടുംബം.

ചങ്കൻ ഗോബി മസാല

നളപാചകം

ഒരു കോളി ഫ്ലവർ (ഗോബി), കാബേജ്, തക്കാളി, ഇഞ്ചി, പച്ചമുളക് എന്നിവ വേണം. ഇലകൾ കളഞ്ഞു ഗോബി ചെറു കഷണങ്ങൾ ആക്കി അടർത്തി മൈക്രോ ഓവനിൽ വാട്ടുക. തണുത്തതിനു ശേഷം അതിൽ മഞ്ഞൾ പൊടി, മുളകു പൊടി, ഉപ്പ്, അല്പം മൈദ എന്നിവ ചേർത്ത് വെള്ളം തളിച്ച് 10 മിനിട്ടു വയ്ക്കുക. അതിനു ശേഷം ഒരു കടായിയിൽ അല്പം എണ്ണ ഒഴിച്ച് നന്നായി ഫ്രൈ ചെയ്തു മാറ്റിവയ്ക്കണം.

അതേ കടായിയിൽ ഒരു സ്പൂൺ എണ്ണ ഒഴിച്ച് ഇഞ്ചി, വെളുത്തുള്ളി, പച്ചമുളക് എന്നിവ പച്ചപ്പ് മാറുന്നതു വരെ ഫ്രൈ ചെയ്യുക. അതിൽ അരിഞ്ഞു വച്ചിരിയ്ക്കുന്ന ഒരു സവാള, ചെറിയ രണ്ടു തക്കാളി, അഞ്ച് ഇതൾ കാബേജ്, ആവശ്യത്തിന് ഉപ്പ്, കാൽ സ്പൂൺ മഞ്ഞൾ പൊടി, രണ്ടു സ്പൂൺ മുളക് പൊടി, ഒരു സ്പൂൺ മല്ലിപ്പൊടി എന്നിവ ചേർത്ത് വാടിക്കഴിയുമ്പോൾ ഒരു സ്പൂൺ സോയാ സോസ് ചേർത്ത് ഇളക്കി വയ്ക്കുക.

ഇറക്കാറാകുമ്പോൾ മസാലപ്പൊടി, ബിരിയാണി മസാല, ആംചൂർ (പച്ച മാങ്ങ തൊലി കളഞ്ഞ് വെയിലത്ത് ഉണക്കി പൊടിയാക്കി സൂക്ഷിക്കുന്നത്) എന്നിവ ചേർത്ത് ഇളക്കി വാങ്ങി വയ്ക്കുക. ചപ്പാത്തിക്കുള്ള ഗോബി മസാല റെഡി.

എൻ.ആർ. രാജ്കുമാർ,
റിട്ട. ചീഫ് എൻജിനീയർ,
കേരള വാട്ടർ അഥോറിറ്റി,
കോട്ടമുഗൾ, അടൂർ